


ഒൻപതാംപദ്ധതി ജനകീയപദ്ധതി

കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

സമഗ്രവികസനറിപ്പോർട്ട്






കേരളം
കോഴിക്കോട് ജില്ല
കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

ഒൻപതാംപദ്ധതി ജനകീയപദ്ധതി

കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

സമഗ്രവികസനരേഖ

ജനകീയാസൂത്രണ പ്രസ്ഥാനം

വികസന സെമിനാർ

23 - 11-1996



'ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു'

MK Gandhi



എഡിറ്റോറിയൽ ബോർഡ്

പി.ജെ. വക്കച്ചൻ
എൻ.കെ. കുര്യാക്കോസ്
കെ.ജെ. ജോസഫ്
പി.എം. ജോസഫ്
സി.സി. ജേക്കബ്
വി പി . ജോയി
എ.എസ്സ്. ജോർജ്

Type Setting & Layout

Samagra DTP Group, Calicut -4
Regional Computer Center, Kodancherry

'എന്റെ ജീവിതമാണ് എന്റെ സന്ദേശം'


ഗാന്ധിജി

പേജുകൾ മറിക്കുമ്പോൾ


* ആമുഖം 7
* പഞ്ചായത്ത് പൊതുവിവരണം 8
* സാമൂഹ്യ സാംസ്കാരിക ചരിത്രം 10
* ഭൂപ്രകൃതിയും വിഭവങ്ങളും 14
* കൃഷിയും, ജലസേചനവും 17
* മൃഗസംരക്ഷണം, മത്സ്യബന്ധനം 38
* വിദ്യാഭ്യാസം 45
* ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം 57
* വ്യവസായം, ടൂറിസം 69
* റോഡുകൾ, ഊർജ്ജം, മാർക്കറ്റ് 74
* ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം 84
* സംസ്കാരം 97
* വനിതാ ക്ഷേമം 100
* സഹകരണം 104
* പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം. 107
* വിഭവ സമാഹരണം 111
* ഉപസംഹാരം 114




കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതി



പി.ജെ. വക്കച്ചൻ
പ്രസിഡണ്ട്



കെ.ജെ. ജോസഫ്
വൈസ്പ്രസ്ഡണ്ട്



എം. സെയ്തലവി
സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർമാൻ

പി.ജെ. വക്കച്ചൻ,	പ്രസിഡണ്ട്
കെ.ജെ. ജോസഫ്,	വൈസ്പ്രസിഡണ്ട്
എം. സെയ്തലവി,	ചെയർമാൻ, സ്റ്റാന്റ്റിംങ്ങ് കമ്മറ്റി
കൊച്ചന്നം ജോസഫ്	മെമ്പർ
ഏലിയാമ്മ തോമസ്	മെമ്പർ
പി.വി. അബ്ദു.	മെമ്പർ
ലില്ലി ജോയി	മെമ്പർ
പി.എം. ജോസഫ്	മെമ്പർ
കെ.വി. മാത്യു	മെമ്പർ
പി.ഗോപാലൻ	മെമ്പർ
ആനി ജോൺ	മെമ്പർ
എം സി കുര്യൻ	മെമ്പർ
മേരി തോമസ്	മെമ്പർ



ആമുഖം

ഒമ്പതാം പഞ്ചവത്സര പദ്ധതി ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്നതിന്റെ ഭാഗമായി കോടഞ്ചേരി ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിച്ച് ഒന്നാം ഘട്ടത്തിൽ 11 പേർ ജില്ലാതല ട്രെയിനിംഗിൽ പങ്കെടുത്തു. ഈ പഞ്ചായത്തിലെ 13 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേരുന്നതിന്റെ മുന്നോടിയായി സ്വാഗതസംഘങ്ങൾ രൂപീകരിക്കുകയും ഗ്രാമസഭയിൽമുഴുവൻ പേരും പങ്കെടുക്കുന്നതിനും ഈ ജനകീയ പദ്ധതിയുടെ സന്ദേശം മുഴുവൻ ജനങ്ങളിലും എത്തിക്കുന്നതിനുമായി 15ഉം അതിലധികവും സ്കാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുകയും ചെയ്തു. വിശേഷാൽ ഗ്രാമസഭകൾ 29.9.96 ന് ആരംഭിക്കുകയും 6.10.96 ന് പൂർത്തിയാവുകയും ചെയ്തു. പഞ്ചായത്തിലെ ഗ്രാമസഭകളിലെ മൊത്തം പ്രാധിനിത്യം 2383 പേർ ആയിരുന്നു. 1979 പുരുഷന്മാരും 404 സ്ത്രീകളും.

പഞ്ചായത്ത് തല ഒന്നാം ഘട്ട പരിശീലന ക്ലാസ്സ്25.9.96 ന് നടന്നു. 76 പേർ പങ്കെടുത്തു. ജില്ലാതല രണ്ടാം ഘട്ട പരിശീലന ക്ലാസ്സ് 96 ഒക്ടോബർ 21,22,23 എന്നീ തിയ്യതികളിൽ ചാത്തമംഗലത്ത് വെച്ച് നടന്നു. ഈ പഞ്ചായത്തിനെ പ്രതിനിധീകരിച്ച്7 പേരും ഉദ്യോഗസ്ഥപ്രതിനിധികളായി കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, കോടഞ്ചേരി വില്ലേജ് ഓഫീസർ കോടഞ്ചേരി കൃഷിഭവൻ അഗ്രിക്കൾച്ചറൽ ഓഫീസർ എന്നിവരും പങ്കെടുത്തു.

പഞ്ചായത്ത് തല 2ാം ഘട്ട പരിശീലനം 29 10-96 ന് കോടഞ്ചേരിയിൽ വെച്ച് നടന്നു. ക്യാമ്പിൽ വാർഡ് പ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങിയ 76 പേർ പങ്കെടുത്തു.

ജനപങ്കാളിത്തത്തോടുകൂടി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റേയും ജനപങ്കാളിത്തത്തോടുകൂടി പദ്ധതികൾ നടപ്പാക്കുന്നതിന്റേയും ഭാഗമായി കേരളപ്പിറവി ദിനമായ നവം. 1 ന് പുനർപ്പണദിനമായി ആചരിക്കുകയും 1.5 കി.മി. ദൂരം വരുന്നതും അടുത്തകാലത്ത് പഞ്ചായത്തിന് വിട്ടുകിട്ടിയതുമായ കളപ്പുറം-പാലക്കൽ ചാമുണ്ടി റോഡ് 8 മീറ്റർ വീതിയിൽ വീതികൂട്ടി നിർമ്മിക്കുന്ന പ്രവൃത്തി 500 ൽ അധികം പേരുടെ ശ്രമദാനത്തോടെ പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ കോടഞ്ചേരി- നിരന്നപാറ-ഇരൂട്-കരിമ്പാലക്കുന്ന്-ഉമൈക്കാവ് റോഡിനാവശ്യമായ സ്ഥലം പ്രസ്തുത റോഡ്കടന്നുപോകുന്ന പ്രദേശത്തെ എസ്റ്റേറ്റുടമകളും മറ്റുള്ളവരും പഞ്ചായത്തിന് വിട്ടുതന്നതിനെ തുടർന്ന് തദ്ദേശീയരായ ജനങ്ങൾ ഒരുലക്ഷത്തിലധികം രൂപ പണമായും 2ലക്ഷത്തിലധികം രൂപയുടെ മനുഷ്യാധ്വാനവും ഉപയോഗിച്ച് സർക്കാരിന്റേതായ യാതൊരു സഹായവും കൂടാതെ തന്നെ 4.5 കി.മി. ദൂരം വരുന്ന പ്രസ്തുത റോഡ് 8 മീറ്റർ വീതിയിൽ വെട്ടി ഗതാഗതയോഗ്യമാക്കിയിരിക്കുകയാണ്. കോടഞ്ചേരിയിലെ ജനങ്ങളുടെ ചിരകാല സ്വപ്നമാണ് ഈ റോഡ് നിർമ്മാണം വഴി സാക്ഷാത്കരിക്കപ്പെട്ടിട്ടുള്ളത്.

പൂർണ്ണമായും കാർഷിക മേഖലയായ കോടഞ്ചേരി ഗ്രാമപഞ്ചായത്തിനെ ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം ദത്തെടുത്തിരിക്കുകയാണ്. ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ ഗവേഷണഫലങ്ങൾ കർഷകരിൽ എത്തിക്കുക എന്നതാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി ഒക്ടോബർ 14,15 തിയ്യതികളിൽ കോടഞ്ചേരിയിൽ വെച്ച് കോടഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെയും ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെയും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെയും സംയുക്താഭിമുഖ്യത്തിൽ സെമിനാറും, എക്സിബിഷനും, വിളമത്സരവും, കന്നുകാലു പ്രദർശനവും നടത്തുകയുണ്ടായി. വിജ്ഞാന പ്രദമായ ക്ലാസ്സുകളും, പ്രദർശനങ്ങളും ഈ കാർഷിക മേഖലയ്ക്ക് ഉപകാരപ്രദമായിട്ടുണ്ട്.

ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഈ നാടിന്റെ നാളെയുടെ വെല്ലുവിളികൾ ഏറ്റെടുക്കാനുള്ള ശക്തി നമുക്ക് നൽകും എന്ന പ്രത്യാശയോടെ ഈ വികസന രേഖ അവതരിപ്പിക്കുകയാണ്.

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	കോടഞ്ചേരി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	:	കോടഞ്ചേരി, നെല്ലിപ്പൊയിൽ എന്നീ വില്ലേജുകൾ പൂർണമായും കൂടത്തായ് വില്ലേജിലെ പാലോണ ദേശവും
ബ്ലോക്ക് പഞ്ചായത്ത്	:	കുന്ദമംഗലം
ഡിവിഷൻ	:	കോടഞ്ചേരി, നെല്ലിപ്പൊയിൽ
താലൂക്ക്	:	കോഴിക്കോട്
ജില്ല	:	കോഴിക്കോട്
ജില്ലാപഞ്ചായത്ത് ഡിവിഷൻ	:	കോടഞ്ചേരി
അസംബ്ലി മണ്ഡലം	:	28 തിരുവമ്പാടി
ലോകസഭാമണ്ഡലം	:	4 കോഴിക്കോട്
വിസ്തീർണം	:	102.58 ച.കി.മീ.
അതിരുകൾ	:	കിഴക്ക് : ഇരുവഞ്ഞിപ്പുഴ പടിഞ്ഞാറ് : ഇരുതുള്ളിപ്പുഴ വടക്ക് : വയനാടൻമലകൾ തെക്ക് : പച്ചക്കാട് തോട് (കോടഞ്ചേരി വില്ലേജ് അതിർത്തി)
ജനസംഖ്യ	:	32996
പുരുഷൻ	:	16663
സ്ത്രീകൾ	:	16333
ജനസാന്ദ്രത	:	377
പട്ടികജാതി പുരുഷൻ	:	865
പട്ടികജാതി സ്ത്രീ	:	837
പട്ടികവർഗ്ഗം പുരുഷൻ	:	356
പട്ടികവർഗ്ഗം സ്ത്രീ	:	419
വീടുകൾ	:	6679
വാർഡുകൾ	:	13
പ്രസിഡണ്ട്	:	പി.ജെ. വക്കച്ചൻ
വൈസ് പ്രസ്ഡണ്ട്	:	കെ ജെ ജോസഫ്
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	എം. സെയ്തലവി
പഞ്ചായത്ത് സെക്രട്ടറി	:	എൻ.കെ. കുര്യാക്കോസ്

കോടഞ്ചേരി ഗ്രാമപഞ്ചായത്ത് നിലവിൽവന്നത് 1-1-1962ലാണ്. അതിനുശേഷം 1968-ൽ ഭരണപരമായ സൗകര്യം കണക്കിലെടുത്ത് ഈ പഞ്ചായത്തിൽപ്പെട്ട അടിവാരം ഭാഗത്തെ ഒരു ചെറിയ ഭൂപ്രദേശം (സുമാർ 36 ഏക്കർ സ്ഥലം) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുപ്പാടി പഞ്ചായത്തിന് വിട്ടുകൊടുത്തു. ഭരണപരമായ സൗകര്യവും ജനാഭിലാഷവും കണക്കിലെടുത്ത് ഓമശ്ശേരി പഞ്ചായത്തിന്റെ കൈവശമുണ്ടായിരുന്ന കൂടത്തായ് വില്ലേജിൽപ്പെട്ട പാലോണദേശം പൂർണമായും 1976-ൽ കോടഞ്ചേരി പഞ്ചായത്തിനോട് സർക്കാർ കൂട്ടിച്ചേർത്തു.

കോടഞ്ചേരി പഞ്ചായത്തിലെ സ്ഥാപനങ്ങൾ

1. ഗ്രാമപഞ്ചായത്താപ്പീസ്, കോടഞ്ചേരി
2. കൃഷിഭവൻ, കോടഞ്ചേരി
3. വില്ലേജാപ്പീസ്, കോടഞ്ചേരി
4. വില്ലേജാപ്പീസ്, നെല്ലിപ്പൊയിൽ
5. വില്ലേജാപ്പീസ്, കൂടത്തായ്
6. സബ് രജിസ്ട്രാർ ഓഫീസ്, കോടഞ്ചേരി
7. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, കോടഞ്ചേരി
8. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, നെല്ലിപ്പൊയിൽ
9. വെറ്റിനറി ഡിസ്പെൻസറി, കൂടത്തായ്
10. വെറ്റിനറി ഡിസ്പെൻസറി, കോടഞ്ചേരി
11. വെറ്റിനറി സബ്സെന്റർ, നെല്ലിപ്പൊയിൽ
12. ഗവ: ഹോമിയോ ഡിസ്പെൻസറി, വട്ടച്ചിറ
13. ഗവ: ഹോമിയോ ഡിസ്പെൻസറി, നെല്ലിപ്പൊയിൽ
14. ഗവ: ആയുർവേദ ഡിസ്പെൻസറി, കണ്ണോത്ത്
15. ഇലക്ട്രിസിറ്റി ഇൻവെസ്റ്റിഗേഷൻ സെക്ഷൻ ഓഫീസ്, ഉച്ചമ്പുകടവ്
16. സഹകരണ ബാങ്ക്, കോടഞ്ചേരി
18. സൗത്ത് മലബാർ ഗ്രാമീണബാങ്ക്, കണ്ണോത്ത്
19. സഹകരണ ആയുർവേദ ഡിസ്പെൻസറി, കോടഞ്ചേരി
20. കാർഷിക ഭൂപണയബാങ്ക് സബ്ബ് ഓഫീസ്, കോടഞ്ചേരി
21. ക്ഷീരോല്പാദകസഹകരണസംഘം, കോടഞ്ചേരി
22. ക്ഷീരോല്പാദകസഹകരണസംഘം,കണ്ണോത്ത്
23. ക്ഷീരോല്പാദകസഹകരണസംഘം, നെല്ലിപ്പൊയിൽ
24. ക്ഷീരോല്പാദകസഹകരണസംഘം, മൈക്കാവ്
25. ക്ഷീരോല്പാദകസഹകരണസംഘം, പൂളവള്ളി
26. ഗവ: കോളേജ്, കോടഞ്ചേരി
27. ഗവ: യു.പി.സ്കൂൾ, ചെമ്പുകടവ്
28. ഗവ: എൽ.പി. സ്കൂൾ, മുറമ്പാത്തി
29. സെന്റ് ജോസഫ്സ് ഹൈസ്കൂൾ, കോടഞ്ചേരി
30. സെന്റ് ആന്റണീസ് ഹൈസ്കൂൾ, കണ്ണോത്ത്
31. സെന്റ് ജോൺസ് ഹൈസ്കൂൾ, നെല്ലിപ്പൊയിൽ
32. സെന്റ് ജോർജ്സ് ഹൈസ്കൂൾ, വേളംകോട്
33. വിമല യു.പി.സ്കൂൾ, മഞ്ഞുവയൽ
34. സെന്റ് തോമസ് യു.പി. സ്കൂൾ, തെയ്യപ്പാറ
35. സെന്റ് ജോസഫ്സ് എൽ.പി. സകൂൾ, കോടഞ്ചേരി
36. സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ, കൂടത്തായ്
37. സെന്റ് ജോർജ്സ് എൽ.പി. സ്കൂൾ, തെയ്യപ്പാറ
38. എയിഡഡ് മാപ്പിള എൽ.പി. സ്കൂൾ, നൂറാംതോട്
39. സെന്റ് തോമസ് എൽ.പി. സ്കൂൾ, നെല്ലിപ്പൊയിൽ
40. സബ്ബ് പോസ്റ്റോഫീസ്, കോടഞ്ചേരി
41. ടെലിഫോൺ എക്സ്ചേഞ്ച്, കോടഞ്ചേരി
42. റബ്ബർ ബോർഡ് ഫീൽഡ് ഓഫീസ്, കോടഞ്ചേരി
43. ബ്രാഞ്ച് പോസ്റ്റോഫീസ്, മൈക്കാവ്
44. ബ്രാഞ്ച് പോസ്റ്റോഫീസ്, കൂടത്തായ്
45. ബ്രാഞ്ച് പോസ്റ്റോഫീസ്, വേളംകോട്
46. ബ്രാഞ്ച് പോസ്റ്റോഫീസ്, മീമുട്ടി
47. ബ്രാഞ്ച് പോസ്റ്റോഫീസ്, കണ്ണോത്ത്
48. ബ്രാഞ്ച് പോസ്റ്റോഫീസ്, ചെമ്പുകടവ്
49. ബ്രാഞ്ച് പോസ്റ്റോഫീസ്, നൂറാംതോട്
50. ബ്രാഞ്ച് പോസ്റ്റോഫീസ്, തെയ്യപ്പാറ
51. ബ്രാഞ്ച് പോസ്റ്റോഫീസ്, മുണ്ടൂർ
52. ബ്രാഞ്ച് പോസ്റ്റോഫീസ്, ശാന്തിനഗർ
53. പോലീസ് സ്റ്റേഷൻ, കോടഞ്ചേരി



സാമൂഹ്യസാംസ്കാരികചരിത്രം

വളക്കൂറുള്ള കന്നിമണ്ണ് തേടിയെത്തിയ അധ്വാനശീലരായ കർഷകരുടെ ത്യാഗത്തിന്റെയും ചെറുത്തുനിൽപിന്റെയും പോരാട്ടത്തിന്റെയും വിജയഗാഥയാണ് കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ചരിത്രം.

സാമൂതിരി രാജാക്കന്മാരുടെ സാമന്തന്മാരായിരുന്ന മണ്ണിലെടത്ത് കുടുംബങ്ങൾക്ക് അവകാശമായി ലഭിച്ച പശ്ചിമഘട്ടമലനിരകളോട് ചേർന്നുകിടക്കുന്ന ഈ ഭൂപ്രദേശത്തുനിന്നും ഓട, മുള, മരം എന്നിവ മുറിച്ചുമാറ്റുന്നതിനുള്ള അവകാശത്തിനായി ജന്മിമാരിൽനിന്നും ഓടച്ചാർത്ത് അവകാശം ഫറോക്ക് സ്വദേശി ഉണ്ണിച്ചാമി എന്ന കുട്ടായിയും കൊയപ്പത്തൊടി അഹമ്മദ്കുട്ടിഹാജിയും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യനാളിൽത്തന്നെ എഴുതി വാങ്ങുകയും വിലപിടിപ്പുള്ള മരങ്ങളും മുളയും ഇവിടുത്തെ വേനൽക്കാലത്തും സുലഭമായി ജലം നിറഞ്ഞൊഴുകിയിരുന്ന ചാലിപ്പുഴ വഴിയും ഇരുവഞ്ഞിപ്പുഴ വഴിയും മരവ്യവസായ കേന്ദ്രമായ കല്ലായിയിൽ എത്തിച്ച് വില്പന നടത്തിയിരുന്നു. ഈ മലയോര മേഖലയിലെ വിലമതിക്കാനാകാത്ത വനസമ്പത്താണ് കല്ലായിയെ ലോകപ്രശസ്ത മരവ്യവസായകേന്ദ്രമാക്കിയത്.

മരവും മുളയും മുറിച്ചു നീക്കുന്നതിനും അവ വലിച്ച് പുഴകളിൽ എത്തിക്കുന്നതിനുമായി 100-150 ആനകളും അതിലധികം പോത്തുകളും നിരവധി തൊഴിലാളികളും വനാന്തരങ്ങളിൽ പണിയെടുത്തിരുന്നു. ഇവർക്കാവശ്യമായ ഭക്ഷണം തയാറാക്കുന്നതിനും താമസത്തിനുമായി നിരവധി ഊട്ടുപുരകളും ഉണ്ടായിരുന്നു. മിക്ക ഊട്ടുപുരകളും പുഴയുടെ പരിസരത്തായിരുന്നു. അവയുടെ അവശിഷ്ടങ്ങളായി പാറയിൽ നിർമിച്ച അരകല്ല്, ഉരൽ എന്നിവ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. ഈ ഊട്ടുപുരകളോടനുബന്ധിച്ച് പല സ്ഥലനാമങ്ങളും രൂപപ്പെട്ടിട്ടുണ്ട്. ഉദാ: ചോറുവെക്കുന്ന ചെമ്പ് കഴുകി വൃത്തിയാക്കുന്നസമയത്ത് ഒഴുകിപ്പോയതിനുശേഷം കണ്ടുകിടിയ സ്ഥലത്തെ ചെമ്പുകടവ് എന്ന് നാമകരണം യിൽ തുടരുന്നു.

ഓടച്ചാർത്ത് എഴുതി വാങ്ങിയ ഉണിച്ചാമൻ കു
യിയിൽനിന്നും 1942-ൽ മരം വെട്ടി ഒഴിവാക്കിയ 50
ഏക്ര സ്ഥലം ചെമ്പകത്തുങ്കൽ മത്തായി എന്നയ
ഏക്രക്ക് 3.50 രൂപ പ്രകാരം വിലകൊടുക്കുക
അതിൽ 2500 ഏക്ര തന്റെയും പെൺമക്കൾ മാത്രമു
യിരുന്നതിനാൽ മരുമക്കളുടേയും പേരിൽ സി.
മത്തായി & കമ്പനി എന്ന പേരിൽ ഒരു എസ്റ്റേറ്റ്
സ്റ്റർ ചെയ്യുകയും എസ്റ്റേറ്റിനെ പൂളവള്ളി എ
എന്നും അതിൽ ഉണ്ടാക്കിയ വീടിനെ പൂളവ
ബംഗ്ലാവ് എന്നും നാമകരണം ചെയ്യുകയും ചെയ്
എസ്റ്റേറ്റ് നടത്തിപ്പിനായി പുരയിടത്തിൽ തോമസ്, ന
നായിൽ വർക്കി എന്ന എൻ.ജെ. വർക്കി എന്നിവരെ ന
മിച്ചു. ബാക്കിയുണ്ടായിരുന്ന 2500 ഏക്ര സ്ഥലം കേ
ക്കോട് രൂപതക്ക് ഏക്രക്ക് 5 രൂപ പ്രകാരം വില്പന
ത്തുകയും ചെയ്തു. പൂളവള്ളി എസ്റ്റേറ്റ് ഉടമയായ
മത്തായി സ്വദേശത്തേക്ക് മടങ്ങിയെങ്കിലും അവിടെ
ത്തുകയുണ്ടായില്ല. ശ്രീ മത്തായിയുടെ തിരോധാനത്തുടർന്ന് അദ്ദേഹത്തിന്റെ മരുമകൻ ഇല്ലിക്ക
അബ്രഹാം എസ്റ്റേറ്റിന്റെ ചുമതല ഏറ്റെടുക്കുന്നത
മുണ്ടക്കയത്തുനിന്നും പൂളവള്ളി എസ്റ്റേറ്റിൽ എത്തി
ങ്കിലും 300 ഏക്ര സ്ഥലത്തിന്റെ മുക്ക്യാർ ആയിരു
നടത്തിപ്പുകാരൻ എൻ.ജെ. വർക്കിയുമായി അഭിപ്ര
വ്യത്യാസം ഉണ്ടാവുകയും ആയത് നീണ്ട നിയമയു
ത്തിൽ കലാശിക്കുകയുമാണുണ്ടായത്. മേൽ പറ
സ്ഥലം എൻ.ജെ. വർക്കി കുടിയേറ്റക്കാർക്കായി വില്പ
നടത്തുകയും ചെയ്തു.

കോഴിക്കോട് രൂപത വിലക്കെടുത്ത 2500 ഏ
സ്ഥലം അമലാപുരി കോളനി എന്ന് നാമകരണം ചെ
കയും ആയത് വില്ക്കുന്ന സംബന്ധിച്ച പരസ്യം ദീപ
ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

1942 കാലത്ത് ആരംഭിച്ച 2-ാം ലോകമഹാ

ഞെരുക്കവും അനുഭവിച്ചിരുന്ന മധ്യതിരുവിതാംകൂറിലെ ഗ്രാമപ്രദേശങ്ങളിൽ ദീപികയിലെ പരസ്യം ചർച്ച ചെയ്യപ്പെടുകയും സാഹസികരായ മൂന്നിലവുകാരായ 9 കുടുംബങ്ങൾ അതിവിദൂരമായ മലബാറിലെ കോടഞ്ചേരിയിൽ 1944-ൽ (1113 മകരം 13-ന്) കുടിയേറിപ്പാർക്കുകയും ചെയ്തു. വടക്കേൽ കൊച്ചേട്ടൻ, വരിക്കാനിക്കൽ ദേവസ്യ, പേഴത്തുങ്കൽ ദേവസ്യ, തോമസ്, ആന്റണി, മണ്ണാർകുന്നേൽ ചാക്കോ, മുണ്ടത്താനത്ത് കുഞ്ഞുണ്ണി പണിക്കൻ, തൊടുപുഴ താലൂക്കിൽ നിന്നും വാമറ്റത്തിൽ ഫിലിപ്പ്, എബ്രഹാം, പേടിക്കാട്ട് കുന്നേൽ ഐപ്, ഏഴാനിക്കാട്ട് ഐപ്, പുതുശ്ശേരിക്കുന്നേൽ ഔസേഫ്, വിളകുന്നേൽ ജോസഫ് വർക്കി എന്നിവരായിരുന്നു ആദ്യ കുറിയേറ്റക്കാർ. തുടർന്ന് മധ്യതിരുവിതാംകൂറിന്റെ വിവിധഭാഗങ്ങളിൽനിന്നും ധാരാളം കുടുംബക്കാർ എത്തിക്കൊണ്ടിരുന്നു.

കുടിയേറ്റജനത പുതുമണ്ണിൽ കൃഷിയിറക്കുന്നതിനുള്ള പണികൾ ആരംഭിച്ചു. മഴ പെയ്തുതുടങ്ങിയതോടുകൂടി മലമ്പനിയും മറ്റ് രോഗങ്ങളും ആരംഭിച്ചു. ചികിത്സാസൗകര്യങ്ങൾ ഇല്ലാതിരുന്നതിനാൽ രോഗം മൂലം നിരവധി പേർ മരിച്ചു. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടിട്ടും കുടിയേറ്റ ജനത തളരാത്ത മനസ്സിന്റെ ഉടമകളായിരുന്നു. ഭാവിതലമുറകളുടെ ക്ഷേമമായിരുന്നു അവരുടെ ലക്ഷ്യം. കാട്ടുമൃഗങ്ങളുടെ ശല്യവും സാമ്പത്തിക ഞെരുക്കവും കാരണം ദീർഘകാല കൃഷികളിലല്ല കുടിയേറ്റക്കാർ ശ്രദ്ധിച്ചത്. പെട്ടെന്ന് ആദായം ലഭിക്കുന്ന വിളകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും കപ്പ, തെരുവപ്പുല്ല്, നെല്ല് എന്നിവ വ്യാപകമായി കൃഷി ചെയ്തു തുടങ്ങുകയും ചെയ്തു.

പുതിയ കുടിയേറ്റ ജനതയുടെ ക്ഷേമസൗകര്യങ്ങൾ അന്വേഷിക്കുന്നതിനും അവരുടെ മതപരമായ അനുഷ്ഠാനങ്ങൾ നിർവഹിക്കുന്നതിനുമായി കോഴിക്കോട് രൂപതയിൽനിന്നും നിയോഗിച്ച് മൊന്തനാരിയച്ചൻ എന്ന് മിഷനറിയാണ് കുടിയേറ്റക്കാർക്ക് താങ്ങും തണലുമായി നിന്നത്. രണ്ടാഴ്ചയിലൊരിക്കൽ താമരശ്ശേരിയിൽനിന്നും കാൽനടയായി ഇവിടെ വന്ന് വിവിധ കുടിയേറ്റമേഖലകൾ സന്ദർശിക്കുകയും രോഗികളായവർക്ക് മരുന്നും സ്വാന്തനവാക്കുകളും നൽകി ആശ്വസിപ്പിക്കുകയും ചെയ്തിരുന്നു.

നിലനിൽപിനായി മലമ്പനിയോടും കൃഷി നശിപ്പിക്കാനെത്തുന്ന കാട്ടുമൃഗങ്ങളോടും പോരാടുന്നതോടൊപ്പം തങ്ങളുടെ മാതൃദേശത്ത് തങ്ങൾ അനുഭവിച്ചിരുന്ന സാംസ്കാരികസൗകര്യങ്ങൾ തങ്ങളുടെ മക്കൾക്കും ലഭ്യമാക്കുന്നതിനായി സ്കൂളുകൾ ആരാധനാലയങ്ങൾ യാത്രായോഗ്യമായ റോഡുകൾ ഇവ നിർമ്മിക്കുന്നതിനായി മുന്നിട്ടിറങ്ങി.

കോടഞ്ചേരിയിൽ ആദ്യമായി പള്ളി ആരംഭിച്ചത് കണ്ണോത്തിനടുത്ത് അമ്പലകുന്ന് എന്ന സ്ഥലത്തായിരുന്നു. ജനങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് സൗകര്യത്തിനായി അത് അമ്പാട്ടുപടി എന്ന സ്ഥലത്തേക്കും പിന്നീട് ഇപ്പോൾ കോടഞ്ചേരി എൽ.പി. സ്കൂൾ ഇരിക്കുന്ന ടൗണിനടുത്ത സ്ഥലത്തേക്കും മാറ്റി.

കുടിയേറ്റ ജനതയുടെ കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്നതിനായി ഗവ: അംഗീകാരം പ്രതിക്ഷിച്ചകൊണ്ട് 1946 മുതൽ ക്ലാസ്സുകൾ തുടങ്ങിയിരുന്നു. ശ്രീ തോപ്പിൽ തൊമ്മിക്കുഞ്ഞ് സാറായിരുന്നു ആദ്യത്തെ ഏകാദ്ധ്യാപകൻ. ഇതേ കാലത്ത് തന്നെ കണ്ണോം, വേളംകോട് എന്നിവിടങ്ങളിൽ ഗവ: അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയിരുന്നു. ശ്രീ ഒരപ്ലാഴിക്കൽ എബ്രഹാം ആശാൻ കണ്ണോത്തും, ശ്രീ ജെ എബ്രഹാം മാസ്റ്റർ വേളംകോട്ടേയും ഏകാധ്യാപകരായിരുന്നു. മൊന്തനാരി അച്ചന് ശേഷം ഫാദർ സ്വക്കീര, ഫാദർ ഫാബിയൂസ് എന്നിവർ കുടിയേറ്റ ജനതക്കു വേണ്ടി നിസ്തുല സേവനങ്ങൾ അനുഷ്ഠിച്ച വൈദീക ശ്രേഷ്ടരാണ്.

1949 ൽ പഞ്ചായത്തിലെ ആദ്യത്തെ ഗവ: അംഗീകൃതസ്കൂളിനുള്ള ബഹുമതി വേളംകോട് സ്കൂളിന് ലഭിച്ചു. 1 മുതൽ 3 വരെയുള്ള ക്ലസ്സുകൾ നടത്തുന്നതിനായിരുന്നു അനുമതി. അധ്യാപകൻ ജെ അബ്രഹാം മാസ്റ്ററായിരുന്നു. കുട്ടികൾക്ക് 8 അണ ഫീസ്, അധ്യാപകന് ശമ്പളം 15 ക . ശമ്പളം മാനേജ്മെന്റാണ് നൽകിയിരുന്നത്. തുടർന്ന് 1950 ജൂൺ 3ന് കോടഞ്ചേരിയിൽ എൽ പി സ്കൂളിന് അനുമതി ലഭിച്ചു. 1 മുതൽ 5 വരെ ക്ലാസ്സുകൾ നടത്തുന്നതിനായിരുന്നു അനുമതി. സ്കൂളുകൾ ലഭിക്കുന്നതിനുള്ള അനുമതുക്കായി അന്നത്തെ വികാരി ഫാ:ദെസിന്നോവൂസ് കോയമ്പത്തൂർ വിദ്യാഭ്യാസ ഡിവിഷൻ ഓഫീസിൽ പോയാണ് അനുമതി സമ്പാദിച്ചത്. പിന്നീട് കണ്ണോത്തും സ്കൂളിന് അംഗീകാരം ലഭിച്ചു.

ഫാ:ദെസിത്തേവൂസിന്റെ സേവനകാലം കോടഞ്ചേരിയുടെ സുവർണ്ണകാലഘട്ടമായിരുന്നു. അദ്ദേഹത്തിന്റെ സേവനങ്ങൾ കോടഞ്ചേരിയുടെ ചരിത്രത്തിന്റെ ഭാഗമാണ്. അവ ഇവിടുത്തെ മനുഷ്യമനസ്സുകളിൽ സ്വർണ്ണലിപികളിൽ ആലേഖനം ചെയ്യപ്പെട്ടതുമാണ്. കോടഞ്ചേരി-പുലിക്കയം, കോടഞ്ചേരി-വേളംകോട് റോഡുകൾ കോടഞ്ചേരി എൽ പി സ്കൂളിന് കെട്ടിടം, കോടഞ്ചേരി ഹൈസ്കൂൾ കെട്ടിടം എന്നിവയും കോടഞ്ചേരിയുടെ പ്രതാപമായ കോടഞ്ചേരി ഹൈസ്കൂൾ മൈതാനവും അദ്ദേഹത്തിന്റെ കാലത്ത് നിർമ്മിച്ചതാണ്. 1950 ൽ കണ്ണോത്ത് പള്ളിവികാരിയായിരുന്നു ഫാദർ കുര്യക്കോസ് കുടകച്ചിറയുടെ നേതൃത്വത്തിൽ തദ്ദേശീയർ ശ്രമദാനമായ് വെട്ടിയ റോഡാണ് കണ്ണോത്ത്-കൈതപൊയിൽ. ജാതി മത ഭേദമെന്യേ ദേസിത്തേവൂസച്ചന്റെ നേതൃത്വത്തിൽ മേൽപ്പറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്. കോടഞ്ചേരിയിലേയും വേളംകോട് മൈക്കാവ് എന്നീ പള്ളികളിലെ വികാരിമാരുടെ നേതൃത്വത്തിൽ കുടിയേറ്റ ജനത ഒറ്റ ദിവസം കൊണ്ട് വെട്ടിഗതാഗത യോഗ്യമാക്കിയ റോഡാണ് 5 കി.മി. ദൂരം വരുന്ന വോളംകോട്-കൂടത്തായി റോഡ്. കോടഞ്ചേരിയിലേക്കുള്ള ഗതാഗത യോഗ്യമായ ഏക PWD റോഡും ഇപ്പോൾ ഇതു തന്നെയാണ്. കൂടാതെ കോടഞ്ചേരി LPസ്കൂൾ കെട്ടിടനിർമ്മാണത്തിനാവശ്യമായ ഓട്, ചുടുകട്ട, കമ്പി എന്നിവ ലോറി ഗതാഗതം സാദ്ധ്യമായ ഈരൂട് പുഴവരെ മാത്രമേ ലോറിയിൽ എത്തിക്കാൻ കഴിഞ്ഞുള്ളൂ. അവിടെ നിന്നും 4 കി.മി.ദൂരം മുഴുവൻ സാധനസാമഗ്രികളും ജനങ്ങൾ തലച്ചുമടായാണ് കോടഞ്ചേ

രിയിൽ എത്തിച്ചത്. കുടിയേറ്റത്തിന്റെ ആദ്യ നാളുകളിലെ സാമ്പത്തിക ഞെരുക്കത്തിനും കഠിനമായ രോഗങ്ങൾക്കും ഇടയിൽ സേവനസന്നദ്ധരായ ജനതയുടെ സഹകരണമാണ് കോടഞ്ചേരിയുടെ ഉയർച്ചക്ക് കാരണം.

1944 ൽ കുടിയേറ്റം ആരംഭിച്ച കാലത്തുതന്നെ ആധുനിക കോടഞ്ചേരിയുടെ രൂപവും ഭാവവും മുന്നിൽ കണ്ട ആദ്യ കുടിയേറ്റക്കാരനായ വടക്കേൽ കൊച്ചേട്ട നാണ് ആധുനിക കോടഞ്ചേരിയുടെ ശില്പി. അക്കാലത്ത് ഇപ്പോൾ കോടഞ്ചേരി ടൗൺ സ്ഥിതി ചെയ്യുന്ന സ്ഥലം പൂർണ്ണമായും അദ്ദേഹത്തിന്റെ കൈവശത്തിലായിരുന്നു. അദ്ദേഹം സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുകയും കെട്ടിടങ്ങൾനിർമ്മിക്കുന്നതിനായ് മറ്റുള്ളവർക്ക് നാമമാത്ര വിലക്കും സൗജന്യമായും നൽകുകയും കെട്ടിടനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുകയും റോഡിന്റെ വികസനത്തിനാവശ്യമായ സ്ഥലം ഒഴിച്ചിട്ടതിനു ശേഷം മാത്രം കെട്ടിടനിർമ്മാണം നടത്തുന്നതിനുള്ള മാസ്റ്റർപ്ലാൻ രൂപകൽപ്പന നടത്തുകയും ചെയ്തു. മറ്റു കുടിയേറ്റ മേഖലകളിലെ ടൗണുകൾ വളർന്നപ്പോൾ അനുഭവപ്പെട്ട റോഡിന് വീതിയില്ലായ്മ കോടഞ്ചേരിയിൽ അനുഭവപ്പെട്ടില്ല എന്നത് അഭിമാനാർഹമാണ്. കോടഞ്ചേരിയിൽ സ്ഥാപിച്ച ആദ്യത്തെ കച്ചവട സ്ഥാപനം മനയാനിക്കൽ കുട്ടിച്ചേട്ടൻ എന്നയാളുടേതായിരുന്നു. പിന്നീട് പുലയൻപറമ്പിൽ കൊച്ചേട്ടൻ, പാപ്പച്ചൻ ചേട്ടൻ, തൊമ്മൻ ചേട്ടൻ എന്നിവരുടെ കച്ചവടസ്ഥാപനങ്ങൾ കോടഞ്ചേരിയിൽ രൂപം കൊണ്ടു. ഇപ്പോൾ കോഴിക്കോട് ജില്ലയിലെ പ്രമുഖ മലഞ്ചരക്ക് കേന്ദ്രമാണ് കോടഞ്ചേരി.

കോടഞ്ചേരിയിലെ കുടിയേറ്റ ജനതക്ക് പോസ്റ്റാഫീസിന്റെ സേവനം ലഭ്യമായിരുന്നത് ഓമശ്ശേരിയിലായിരുന്നു. 1951 മാർച്ചിൽ കോടഞ്ചേരിയിൽ ബ്രാഞ്ച് പോസ്റ്റാഫീസ് പ്രവർത്തിച്ചു തുടങ്ങി. ശ്രീ വർഗ്ഗീസ് ആയിരം മലയിലായിരുന്നു ആദ്യത്തെ പോസ്റ്റ് മാസ്റ്റർ അന്ന് അഞ്ചലോട്ടക്കാരനായിരുന്നു തപാലുരുപ്പിടികൾ എത്തിച്ചിരുന്നത്. അന്നത്തെ ബ്രാഞ്ച് പോസ്റ്റാഫീസ് 72 ൽ സബ് പോസ്റ്റാഫീസായി ഉയർന്നു. പഞ്ചായത്തിൽ ഇപ്പോൾ 10 ബ്രാഞ്ച് പോസ്റ്റാഫീസുകൾ പ്രവർത്തിച്ചു വരുന്നു.

കുടിയേറ്റ കാലം മുതൽ കുടിയേറ്റ ജനത തങ്ങളുടെ സാംസ്കാരിക പൈതൃകം നിലനിർത്തുന്നതിനായ് സാംസ്കാരിക സംഘടനകൾ രൂപീരിച്ച് പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. കഥാപ്രസംഗം, ബാന്റ് മേളം, നാടകങ്ങൾ എന്നിവ പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ചും അല്ലാതെയും നടത്തിയിരുന്നു. നാടകങ്ങൾ നടത്തുന്നതിനുള്ള കർട്ടനും മറ്റുപകരണങ്ങളും സ്വന്തമായി ഉണ്ടായിരുന്ന ശ്രീ പേടിക്കാട്ടു കുന്നേൽ ജോസഫ്, കഥാപ്രാസംഗികനായ ജെ. അബ്രഹാം, നാടകകൃത്തും നടനും സംവിധായകനുമായ ജോസ് വർഗീസ് ഇവർക്കെല്ലാം നേതൃത്വം നൽകിയ വടക്കേൽ കൊച്ചേട്ടൻ നമ്പുടാകത്ത് വർക്കി തുടങ്ങിയവരും തുടർന്ന് ഈ ദൗത്യം ഏറ്റെടുത്ത ജോസഫ് പൊട്ടയിൽ (വയലിനിസ്റ്റ്) ജോർജ് പൊട്ടയിൽ (മൃദംഗം) തോമസ് വിളക്കുന്നേൽ (ഹാർമോണിയം) ജോസഫ് നെല്ലിക്കുന്നേൽ (നടൻ) തോമസ് വണ്ടനാക്കര (നടനും കാഥികനും) തുടങ്ങി നിരവധി പേർ ഈ പഞ്ചായത്തിന്റെ സാംസ്കാരികനവോത്ഥാനത്തിന് യത്നിച്ച വരാണ്.

കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ പ്രാഥമികവിദ്യാഭ്യാസസൗകര്യം മാത്രമേ ഏർപ്പെടുത്തുന്നതിന് കഴിഞ്ഞുള്ളൂ. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് കുന്ദമംഗലത്തോ കോഴിക്കോട്ടോ പോകേണ്ടിയിരുന്നു. ഇത് വളരെ ചെലവേറിയതുമായിരുന്നു. ഫാദർ ദെസിത്തേവൂസിന്റെ നേതൃത്വത്തിൽ ഒരു ഹൈസ്കൂൾ അനുവദിച്ചുകിട്ടുന്നതിനായി നടത്തിയ ക്ഷമങ്ങളുടെ ഫലമായി 1954-ൽ കോടഞ്ചേരിയിൽ ഒരു ഹൈസ്കൂൾ അനുവദിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തു. കുടിയേറ്റമേഖലിയിൽ ആദ്യം അനുവദിച്ച ഈ ഹൈസ്കൂളിൽ നിന്നും വിദ്യാഭ്യാസം നേടിയ നിരവധി പേർ ഈ സ്ഥാപനത്തിന്റെ പ്രശസ്തി ലോകമാസകലം എത്തിക്കുമാറ് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രശ്സ്തരായി ജോലി ചെയ്തുവരുന്നു.

ഉന്നതവിദ്യാഭ്യാസത്തിന് കോഴിക്കോട് പട്ടണത്തിലെ കോളേജുകളെയാണ് ഈ മലയോരമേഖലയിലെ കുട്ടികൾ ആശ്രയിച്ചിരുന്നത്. 1978 മുതൽ അന്നത്തെ കോടഞ്ചേരി പള്ളി വികാരി ഫാ: അലക്സാണ്ടർ മന്നക്കാട്ടു മറ്റത്തിലിന്റെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ഗവ: ഉടമസ്ഥതയിൽ കോളേജ് അനുവദിക്കാമെന്ന സർക്കാർ നിർദ്ദേശത്തെത്തുടർന്ന് കോളേജിനാവശ്യമായ 18.5 ഏക്കർ സ്ഥലം 2 വർഷത്തേക്ക് താല്കാലികവാടകക്കെട്ടിടസൗകര്യവും പിന്നീട് കോളേജ് പ്രവർത്തിക്കുന്നതിന് താല്കാലിക കെട്ടിടങ്ങളും നിർമിക്കുന്നതിനുള്ള പ്രവർത്തനങ്ങളും തുടങ്ങി. ഫാദർ മണക്കാട്ടുമറ്റത്തിനുശേഷം കോടഞ്ചേരി പള്ളി വികാരിയായെത്തിയ ഫാദർ ഫ്രാൻസിസ് ആറുപറ ദൗത്യം ഏറ്റെടുക്കുകയും ജനപങ്കാളിത്തത്തോടുകൂടി കൃത്യസമയത്ത് സ്ഥലവും കെട്ടിടവും ഏൽപിച്ചതിനെ തുടർന്ന് 1980 ആഗസ്റ്റ് 15-ന് കോടഞ്ചേരിക്കാർക്ക് ഓണക്കാലസമ്മാനമായി ഗവ: കോളേജ് അനുവദിക്കുകയും ചെയ്തു. ഗവ: കോളേജിന് സ്ഥലം വിലയ്ക്കെടുക്കുന്നതിനും താല്കാലിക കെട്ടിടനിർമാണങ്ങൾക്കും മേൽനോട്ടം വഹിക്കുകയും ചെയ്ത ആദ്യകാല കുടിയേറ്റക്കാരൻ കുരുവംപ്ലാക്കൽ കുഞ്ഞേട്ടന്റെ സേവനം അവിസ്മരണീയമാണ്. ഉന്നതവിദ്യാഭ്യാസരംഗത്ത് ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുന്നതിന് ഈ കോളേജിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഈ കോളേജിൽ 892 വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസം നേടിവരുന്നു.

1.1.1962-ൽ തിരുവമ്പാടി പഞ്ചായത്തിന്റെ ഭാഗമായിരുന്ന കോടഞ്ചേരി വില്ലേജ് ഉൾപ്പെടുത്തി കോടഞ്ചേരി പഞ്ചായത്ത് രൂപംകൊണ്ടു. പഞ്ചായത്ത് രൂപീകരിച്ചതിനുശേഷം 1968-ൽ പോന്തുണ്ടി തോടിന് വടക്കുള്ള അടിവാരം ഭാഗം പുതുപ്പാടി പഞ്ചായത്തിനോട് കൂട്ടിച്ചേർക്കുകയും 1976- ൽ ഓമശ്ശേരി പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന കൂടത്തായ് വില്ലേജിലെ പാലോണ ദേശം പഞ്ചായത്തിനോട് കൂട്ടിച്ചേർക്കുകയും ചെയ്തു. പഞ്ചായത്തിന്റെ ആദ്യകാലപ്രസിഡണ്ട് ശ്രീ പോൾ ചാലിയായിരുന്നു. തുടർന്ന് എ.വി. ചാക്കോ അറക്കൽ, കെ.ജെ. തോമസ്, വി.ഡി ജോസഫ് വലിയമറ്റം എന്നിവർ പഞ്ചാ

യത്തിന്റെ തുടർന്നുള്ള കാലങ്ങളിലെ പ്രസിഡന്റുമാരായിരുന്നു. വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കോടഞ്ചേരി പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിന് ശ്രീ. എൻ.സി. ചെറിയാൻ നമ്പുടാകത്ത് 10 സെന്റ് സ്ഥലം സൗജന്യമായി നൽകുകയും 1976 ൽ പഞ്ചായത്ത് പ്രസ്തുതസ്ഥലത്ത് കെട്ടിടം നിർമിച്ച് ഓഫീസ് പ്രവർത്തിച്ചു വരികയുമാണ്.

1976-ൽ അനുവദിച്ച ടെലിഫോൺ എക്സ്ചേഞ്ച് ഈ പഞ്ചായത്തിന്റെ പുരോഗതിയിലെ നാഴികക്കല്ലാണ്. ഇപ്പോൾ 400 ൽ അധികം കണക്ഷനുകൾ ഉണ്ട്.

പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത് 1969-ൽ ആണ്. ഇപ്പോൾ 50% വീടുകളിലും വൈദ്യുതി എത്തിക്കഴിഞ്ഞു.


കോടഞ്ചേരിയിലേക്ക് ആദ്യമായി ബസ്സ് സർവീസ് ആരംഭിച്ചത് 1970-ൽ ആണ്. ഇപ്പോൾ 20-ഓളം ബസ്സുകൾ ഈ പഞ്ചായത്തിൽ സർവീസ് നടത്തുന്നു.

കോടഞ്ചേരി പഞ്ചായത്തിലെ പ്രകൃതിമനോഹരങ്ങളായ മലയോരമേഖല അറിയപ്പെടുന്ന ടൂറിസ്റ്റ് കേന്ദ്രമാണ്. തുഷാരഗിരി ലോകശ്രദ്ധയാകർഷിച്ച ടൂറിസ്റ്റ് കേന്ദ്രമാണ്. 1960-ൽ ആദ്യകിരണങ്ങൾ എന്ന സിനിമ തുടങ്ങി നിരവധി സിനിമകളുടെ ഷൂട്ടിംഗ് ഈ പ്രദേശത്തുവച്ച് നടന്നിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ ഏറ്റവുമധികം കായികാധ്യാപകരേയും ദേശീയതലത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള കായികതാരങ്ങളേയും സൃഷ്ടിച്ചിട്ടുള്ള കോടഞ്ചേരി ഹൈസ്കൂൾ മൈതാനം ഒരു ഫുൾ സ്റ്റേഡിയമായി വികസിപ്പിക്കേണ്ടതുണ്ട്. കോഴിക്കോട് ജില്ലയുടെ മലയോരമേഖലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പര്യാപ്തമായിരുന്നതും ഒന്നാംഘട്ടപ്രവർത്തനങ്ങളുടെ ഭാഗമായി 1 കോടിയിലധികം ചെലവഴിച്ചും ഒഴുകുന്ന ജലത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്നതും യാതൊരു പരിസ്ഥിതിപ്രശ്നങ്ങളും ഉണ്ടാക്കാത്തതുമായ ഒട്ടേറെ സവിശേഷതകളുള്ള ചെമ്പുകടവ് മിനി ജലവൈദ്യുതപദ്ധതി അടിയന്തരമായും പൂർത്തീകരിക്കണം. കൂടാതെ ഈ പദ്ധതിയുടെ വൃഷ്ടിപ്രദേശത്തെ നിത്യഹരിതവനം നശിക്കാതെ സംരക്ഷിക്കുകയും വേണം. ഈ വനമേഖല വെട്ടിനശിപ്പിക്കുന്നതിനുള്ള വനലോബിയുടെ പ്രവർത്തനങ്ങളെ സംഘടിതജനശക്തിയാണ് തടയിട്ടത്.

സംഘടിത ജനശക്തിക്ക് നേടിയെടുക്കാനാകാത്ത കാര്യങ്ങൾ ഇല്ല എന്നതിന് തെളിവാണ് കോടഞ്ചേരി പഞ്ചായത്തിലെ കുടിയേറ്റകാലം മുതൽ ഇതുവരേയുള്ള സംഭവങ്ങൾ. കോടഞ്ചേരിയിലേക്ക് ഏറ്റവും കുറഞ്ഞ ദൂരത്തിൽ എത്താൻ കഴിയുന്ന വിധം മൈക്കാവ്-കരിമ്പാലക്കുന്ന്-ഈരൂർ- കോടഞ്ചേരി റോഡിൽ കൈനടി എസ്റ്റേറ്റ് ഉടമകൾ റോഡിനാവശ്യമായ 8 മീ. വീതിയിൽ സ്ഥലം പഞ്ചായത്തിന് വിട്ടുതരികയും കുടിയേറ്റകാലത്തെ സഹകരണഭാവത്തോടെ ജനങ്ങൾ സ്വന്തമായി റോഡ് നിർമിച്ചിരിക്കുകയുമാണ്. അതുപോലെ കൊയപ്പടി എസ്റ്റേറ്റ് അധികൃതർ പുതുതായി വിട്ടുതന്ന കളപ്പുറം പാലക്കൽ ചാമുണ്ടി റോഡ് 8 മീ. വീതിയിൽ 1996 നവം: 1-ന് തദ്ദേശീയർ വെട്ടി ഗതാഗതയോഗ്യമാക്കിയിരിക്കുന്നു.

ദാരിദ്ര്യവും സാമ്പത്തികഞെരുക്കവുംമൂലം ഈ മലയോരമേഖലയിൽ കുടിയേറി കർഷകജനതയുടെ ലക്ഷ്യം തങ്ങളുടേയും വരുംതലമുറയുടേയും ക്ഷേമമായിരുന്നു. ഉദ്ദേശ്യലക്ഷ്യം പൂർണമായി പരിഹരിച്ചിട്ടില്ലെങ്കിലും ഈ ഒമ്പതാംപദ്ധതിയുടെ നടത്തിപ്പോടുകൂടി കുടിയേറ്റജനതയുടെ ആശയാഭിലാഷങ്ങൾ സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.





ഭൂപ്രകൃതിയും വിഭവങ്ങളും

പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറൻ ചെരുവുകളിൽ സമുദ്രനിരപ്പിൽ നിന്നും 900 അടി മുതൽ 185 അടി വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന മലയോര മേഘലയാണ് കോടഞ്ചേരി ഗ്രാമപഞ്ചായത്ത്.

ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് കൂടി ചാലിപ്പുഴയും കിഴക്ക് ഭാഗത്ത് കൂടി ഇരുവഞ്ഞിപ്പുഴയും ഒഴുകുന്നു. ഇതു കൂടാതെ വയനാടൻ മലകളിൽ നിന്നും പശ്ചിമഘട്ട സാനുക്കളിൽ നിന്നും ഉൽഭവിക്കുന്ന ചെറുതും വലുതുമായ നിരവധി തോടുകൾ ഈ പഞ്ചായത്തിലൂടെ ഒഴുകി ഇരുവഞ്ഞിപുഴയിലും ചാലിപുഴയിലും ചെന്നുചേരുന്നു.

ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തിനെ 6 ആയി തരം തിരിക്കാം.

1. സമതലങ്ങൾ
2. ചെറിയകുന്നുകൾ
3. ഇടത്തരം ചരിവുകൾ
4. മലമ്പ്രദേശങ്ങൾ
5. കുത്തനെയുള്ള ചരിവുകൾ
6. വനം

മണ്ണിന്റെ ഘടന

1. ചെമ്മണ്ണ്. 2. കറുത്ത മണ്ണ് 3. കല്ല് ചേർന്ന കറുത്ത മണ്ണ് 4. സമ്മിശ്ര മൺവിഭാഗങ്ങൾ പാറകൾ

പഞ്ചായത്തിലേറ്റവും കൂടുതലായി കാണുന്നത് ചെമ്മണ്ണാണ്. 38%.

സമതലങ്ങളിലും വയൽപ്രദേശങ്ങളിലും കറുത്തമണ്ണ് കാണപ്പെടുന്നു. 32%.

മലമ്പ്രദേശങ്ങളിൽ കല്ല് കലർന്ന കറുത്ത മണ്ണ് 24% കാണപ്പെടുന്നതോടൊപ്പം പഞ്ചായത്തിന്റെ വിവിധ മേഘലകളിലായി സമ്മിശ്ര മൺവിഭാഗങ്ങളും പാറകളും 6% കാണപ്പെടുന്നു.

പ്രധാന കൃഷികൾ

സമതലങ്ങളിൽ നെല്ല്, തെങ്ങ്, കമുങ്ങ്, ഇഞ്ചി, മഞ്ഞൾ, കപ്പ, വാഴ, കൊക്കോ, കാപ്പി എന്നിവ കൃഷിചെയ്യുന്നു. കുന്നുകൾ മലമ്പ്രദേശങ്ങൾ എന്നിവിടങ്ങളിൽ തെങ്ങ്, കവുങ്ങ്, റബ്ബർ, കുരുമുളക്, വാഴ, ഇഞ്ചി എന്നിവയും കൃഷിചെയ്തു വരുന്നു.

കാലാവസ്ഥയിലുണ്ടായി കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് കൃഷികളിൽ വ്യത്യാസം വന്നുകൊണ്ടിരിക്കുകയാണ്. നെൽവയലുകളിലെ ജലസ്രോതസ്സുകളിൽ ഗണ്യമായ കുറവ് വരുകയും കൃഷിക്കാവശ്യമായി ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്ത സാഹചര്യത്തിലും വർദ്ദിച്ചുവരുന്ന കൃഷിച്ചിലവുകൾ കൃഷിയെ നഷ്ടത്തിലാക്കുകയും ചെയ്ത സാഹചര്യത്തിൽ കർഷകർ വയലുകളിൽ തെങ്ങ്, കമുക് എന്നിവ കൃഷി ചെയ്തു തുടങ്ങിയിരിക്കുകയാണ്.

ജനസാന്ദ്രത

1991 ലെ സെൻസ്സ് റിപ്പോർട്ട് പ്രകാരം ഈ പഞ്ചായത്തിലെ ജനസാന്ദ്രത ച.കി.മി. 347 ആണ്. 96 ൽ ആയ്ത് 377 ആയി വർദ്ദിച്ചിരിക്കുന്നു.

കാലാവസ്ഥ

ഒരു വർഷത്തിൽ ശരാശരി 703.3 സെ.മി. വരെ മഴ ലഭിക്കുന് പ്രദേശമാണ് ഈ പഞ്ചായത്ത്.

ഇരുതുള്ളി പുഴ, ചാലിപ്പുഴ, ഇരവഞ്ഞിപ്പുഴ, എന്നീ പുഴകളിലെയും നിരവധി തോടുകളിലേയും സമൃദ്ധമായ വെള്ളം കൊണ്ട് സമ്പന്നമായിരുന്നു കോടഞ്ചേരി പഞ്ചായത്ത്. പുഴകളിലേയും തോടുകളിലേയും ജലസമൃദ്ധി ഈ പഞ്ചായത്തിലെ കിണറുകളിലേയും കുളങ്ങളിലേയും സമൃദ്ധമായ ജല സമ്പത്തിന് കാരണമായിരുന്നു. എന്നാൽ 1981 ൽ അവശജന്മിമാർക്ക് കൃഷിചെയ്യുന്നതിന് എന്ന പേരിൽ ഈ പഞ്ചായത്തിലെ ചാലിപ്പുഴയുടെ വൃഷ്ടിപ്രദേശത്തുള്ള 540 ഏക്ര നിത്യഹരിതവനം വിട്ടുകൊടുക്കുകയും ജന്മിമാരുടെ ഇടനിലക്കാർ ഈ വനമേഖലയിലെ 270 ഏക്ര സ്ഥലത്തെ മരങ്ങൾ പൂർണ്ണമായും വെട്ടിമാറ്റി പണമാക്കുകയും ചെയ്തു. ഇതിനു ശേഷം ഈ പഞ്ചായത്തിലെ മലയോരമേഖലയിൽ ഉരുൾ പോട്ടലും മലയിടിച്ചിലും വ്യപകമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ അവശേഷിക്കുന്നു വളരെ കുറഞ്ഞ അളവിൽ മാത്രമുള്ള ഉഷ്ണമേഖലയിലെ ഈ നിത്യഹരിത വനം നശിച്ചതിനുശേഷം ജലസമ്പന്നമായിരുന്ന ചാലിപ്പുഴ നവംബർ ഡിസംബർ മാസങ്ങളിൽത്തന്നെ വറ്റി വരളാൻ തുടങ്ങി. പുഴയിലെ ജലനിരപ്പ് താഴ്ന്നപ്പോൾ ഈ പഞ്ചായത്തിലെ 50% കിണറുകളിലേയും കുളങ്ങളിലേയും ജലലഭ്യത കുറക്കുകയും കിണറുകളും കുളങ്ങളും വേനൽക്കാലത്ത് വറ്റിവരളാനും തുടങ്ങി. 1982-ൽ ആരംഭിച്ച ഈ സാഹചര്യം ഓരോ വർഷം കഴിയുന്തോറും രൂക്ഷമായി വരികയാണ്.

കുടിവെള്ളക്ഷാമം അനുഭവിച്ചിട്ടില്ലാത്ത ഈ പഞ്ചായത്തിലെ ജനങ്ങൾ കഴിഞ്ഞ 13 വർഷക്കാലമായി രൂക്ഷമായ വരൾച്ചയേയും കുടിവെള്ള ക്ഷാമത്തേയും നേരിടുകയാണ്. പരിസ്ഥിതിയിൽ സാരമായ മാറ്റം വരുത്തിയ വനനശീകരണത്തിന്റെ ദോഷഫലങ്ങൾ ഈ പഞ്ചായത്തിലേയും സമീപ സ്ഥലപ്രദേശങ്ങളിലേയും ജനങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുമ്പോഴും അവശേഷിക്കുന്ന നിത്യ ഹരിതവനമേഖലയിൽനിന്നും 270 ഏക്ര വനം കൂടി വെട്ടി പണമാക്കുന്നതിന് വനം ലോബി 1991 കാലം മുതൽ അണിയറയിൽ ധൃതഗതിയിൽ നടപടികൾ നടത്തിവരികയായിരുന്നു. ഇതിനെതിരെ ഈ പഞ്ചായത്തിലെയും സമീപസ്ഥലപ്രദേശങ്ങളിലെയും ജനങ്ങൾ സന്ദർഭത്തിനൊത്ത് ഉയർന്ന് സംഘടിക്കുകയും കേരളത്തിലെ പ്രമുഖസാംസ്കാരികനായകന്മാരെ വരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രതിഷേധപ്രകടനങ്ങളും റാലികളും നടത്തുകയും പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ ബോധ്യപ്പെട്ട കോഴിക്കോട് ജില്ലയിലെ 26 മലയോരപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന മലയോരമേഖലയിലെ ജനങ്ങൾ ആരുടേയും പ്രേരണയും സമ്മർദ്ദവും കൂടാതെ ആ സാമൂഹ്യപ്രശ്നം പരിഹരിക്കുന്നതിനായി 1992 ജൂൺ 9-ന് മലയോര ബന്ദ് നടത്തുകയും ചെയ്തു.


കേരളത്തിലാദ്യമായി ഒരു സാമൂഹ്യപ്രശ്ന പരിഹാരത്തിനായി 1993 മാർച്ച് 10-ന് 10,000-ത്തിൽ അധികം ജനങ്ങൾ മനുഷ്യപ്രതിരോധനിര സൃഷ്ടിച്ച് ഇനിയൊരു മരംപോലും വെട്ടിനശിപ്പിക്കാൻ അനുവദിക്കില്ലെന്നും വനം ജനങ്ങളുടെ ജന്മാവകാശമാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി.

നിരന്തരമായ പ്രക്ഷോഭങ്ങളും അനുബന്ധമായ നിയമയുദ്ധങ്ങളുടേയും ഫലമായി അവശേഷിക്കുന്ന നിത്യഹരിതമേഖലയിൽ കോടാലി പതിച്ചിട്ടില്ല എങ്കിലും വനം ലോബി ഇപ്പോഴും സജീവമായി രംഗത്തുണ്ട്. ഒരു ഭൂവിഭാഗത്തിന്റെ കിലോവസ്ഥയെ തകിടം മറിച്ച വനനശീകരണം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ഇന്ത്യയിൽ അപൂർവമായി അവശേഷിക്കുന്ന ഉഷ്ണമേഖലയിലെ ഈ നിത്യഹരിതവനഭൂമിയിൽനിന്നും ഇനിയും ഒരിഞ്ചു പോലും നഷ്ടപ്പെടില്ലെന്ന് ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്.


പഞ്ചായത്തിന്റെ അതിരുകൾ.


കിഴക്ക് - ഇരുഞ്ഞിപ്പുഴ, പടിഞ്ഞാറ് - ഇരുതുള്ളിപ്പുഴ, വടക്ക്- വയനാട് മലകൾ, തെക്ക്- പച്ചക്കാട് തോട് (കോടഞ്ചേരി വില്ലേജ് ബൗണ്ടറി)

പട്ടിക 1



പട്ടിക 2 മഴ





കൃഷി ജലസേചനം

കോഴിക്കോട് പട്ടണത്തിൽ നിന്നും 40 കി.മീ. ദൂരത്തിൽ കിഴക്കു വടക്കുമാറി സ്ഥിതി ചെയ്യുന്ന, 102.58 ച.കി.മീ. വിസ്തീർണ്ണമുള്ള, ജില്ലയിലെ ഏറ്റവും വലിയ ഗ്രാമപഞ്ചായത്താണ് കോടഞ്ചേരി. നല്ലൊരു ഭാഗം പശ്ചിമഘട്ടത്തിൽ ഉൾപ്പെട്ടതും ഉയർന്ന മലനിരകളും കീഴ്ക്കാം തൂക്കായ കുന്നിൻ ചരിവുകളും മൊട്ടകുന്നുകളും താഴ്വാരങ്ങളും ചുരുങ്ങിയ വയൽ പ്രദേശങ്ങളും നാമമാത്രമായ സമതലങ്ങളും ഉൾപ്പെട്ടതും ആണ് ഈ പ്രദേശം. വയനാടൻ മലമടക്കുകളോട് ചേർന്ന കിടക്കുന്ന പശ്ചിമഘട്ടത്തിലെ നിക്ഷിപ്ത വനഭൂമിയിൽ നിന്ന് ഉൽഭവിച്ച് പഞ്ചായത്തിന്റെ ഏതാണ് മദ്ധ്യഭാഗത്തിൽ കൂടി തെക്കുപടിഞ്ഞാറായി ഒഴുകുന്ന ചാലിപുഴയും പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിൽ കൂടി ഒഴുകുന്ന ഇരുവഞ്ഞി പുഴയും പടിഞ്ഞാറ് അതിർത്തിയിൽ കൂടി ഒഴുകുന്ന ഇരുതുള്ളി പുഴയും ജലസമൃദ്ധികൊണ്ട് പഞ്ചായത്തിനെ ഹരിതാഭമണിയിക്കാൻ പര്യാപ്തമാണ്.

50 ൽ ഏറെ വർഷങ്ങൾക്കുമുൻപ് തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഉപജീവനത്തിനുവേണ്ടി കുടിയേറി പാർത്ത അദ്ധ്വാനശീലരായ കർഷകർ ഏത് വിധകൃഷിരീതികളും പ്രാവർത്തികമാക്കാൻ അതീവ തല്പരരാണ്. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമുള്ള ദാരിദ്ര്യത്തിൽ നിന്നും പട്ടിണി പരിവട്ടത്തിൽ നിന്നും കരകയറുന്നതിനും പെട്ടന്ന് പ്രതിഫലം കിട്ടത്തക്കരീതിയിൽ ഇഞ്ചിപ്പുൽ കൃഷികളും കപ്പ കൃഷികളുമാണ് അക്കാലത്ത് ചെയ്തിരുന്നത്. സാമ്പത്തിക ഉയർച്ച ലഭിക്കുന്നതിനുള്ള സ്ഥിര വിളകളെ പറ്റിയുള്ള അറിവോ ചിന്തയോ ഭൂരിഭാഗം പേർക്കും അന്നുണ്ടായിരുന്നില്ല, തന്നെയുമല്ല പ്രതികൂല കാലാവസ്ഥയും വന്യജീവികളുടെ ആക്രമണത്വവും മാരകരോഗങ്ങളും അവരുടെ ജീവിത ലക്ഷ്യങ്ങൾക്ക് പ്രതിസന്ധികളായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഗതാഗത സൗകര്യങ്ങളോ പ്രാഥമിക ആരോഗ്യ സൗകര്യങ്ങളോ അക്കാലത്ത് ലഭ്യമല്ലായിരുന്നു. കുടിയൊഴിപ്പിക്കലും വമ്പിച്ച പാട്ടവ്യവസ്ഥയും കൃഷിക്കാരുടെ നട്ടെല്ലൊടിച്ചിരുന്നു. മണ്ണിലേടത്ത്, കല്പകശ്ശേരി, കൊയ്പ്പത്തൊടി മുതലായവർ ജന്മിമാരിൽ പ്രമുഖരായിരുന്നു. പിൻകാലത്ത് ജന്മിത്വം അവസാനിച്ചതോടെ കർഷകർ സ്വന്തം ഭൂമിയുടെ ഉടമസ്ഥരാവുകയും മണ്ണിനോടും കൃഷിയോടും താത്പര്യം വർദ്ധിക്കുകയും, ദീർഘകാല വിളകൾ വർദ്ധിച്ച തോതിൽ സമഗ്രമായി കൃഷിചെയ്യുകയും ചെയ്തു. പലർക്കും ഭൂമിയുടെ ഉടമസ്ഥാവകാശം സംബദ്ധിച്ചിട്ടുള്ള പട്ടയം മുതലായവ ലഭിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ഭൂമിയുടെ യഥാർത്ഥ അവകാശികൾക്കെല്ലാം പട്ടയം ലഭിച്ചിട്ടില്ല. സമുദ്രനിരപ്പിൽ നിന്നും 150 മീ. മുതൽ 825 മീ.വരെ ഉയർന്ന കുന്നിൻപ്രദേശങ്ങളാണ് ഈ പഞ്ചായത്തിൽ ഭൂരിഭാഗവും. കൊല്ലത്തിൽ 7 മാസവും യഥാസമയം ലഭ്യമാകുന്ന മഴയെ മാത്രം ആശ്രയിച്ചാണ് ഭൂരിഭാഗം കൃഷികളും ചെയ്തു വരുന്നത്. ബാക്കി 5 മാസക്കാലം യഥാമയം മഞ്ഞുകാലവും വേനൽക്കാലവുമാണ് ലഭിക്കുന്നത്. ജലസേചന പദ്ധതികൾ ഇല്ലാത്തതിനാൽ കടുത്ത വേനൽക്കാലകെടുതികളിൽ നിന്നും കൃഷി വിളകൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള അവസ്ഥ അപര്യാപ്തമായതിനാൽ വിളനാശവും ഉല്പാദന കുറവും അനുഭവപ്പെടാറുണ്ട്. മണ്ണ് ഭൂരിഭാഗവും

ചെങ്കൽ മണ്ണാണ്.

കൃഷികൾ: ഈ പഞ്ചാത്തിലെ മുഖ്യകൃഷിയിനങ്ങൾ തെങ്ങ്, റബ്ബർ, കവുങ്ങ് എന്നിവയാണ്. റബ്ബറൊഴികെ മിക്ക കൃഷികൾക്കും മിശ്രവിള രീതിയാണ് അതിക കർഷകരും അവലംബിച്ചിട്ടുള്ളത്.

ഇടവിളകളായി കുരുമുളക്, കൊക്കൊ, ഇഞ്ചി, മഞ്ഞൾ, കച്ചോലം, ജാതി, ഗ്രാമ്പു തുടങ്ങിയ സുഗന്ധവിളകളും തന്നാണ്ടു കൃഷികളായി വാഴ പച്ചക്കറി ഇനങ്ങൾ എന്നിവയും കപ്പ, ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, കൂർക്കൽ, മധുരകിഴങ്ങ് തുടങ്ങിയ കിഴങ്ങു വർഗങ്ങളും പൈനാപ്പിൾ ഇനങ്ങളും കൃഷിചെയ്തുവരുന്നു. അങ്ങിങ്ങായി സ്വന്തമാവശ്യത്തിനായി കാപ്പികൃഷിയും ചെയ്യുന്നുണ്ട്. ക്ഷീരകർഷകർ തീറ്റപ്പുൽകൃഷി ചെയ്തുവരുന്നതും ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. ഇരുനൂറ് ഹെക്ടറോളം നെൽകൃഷി ചെയ്തുവന്നിരുന്ന കാലാന്തരത്തിൽ നെൽകൃഷി ലാഭമല്ലാത്തിനാലും, കർഷകതൊഴിലാളികളെ യഥേഷ്ടം ലഭിക്കാത്തതും നെൽകൃഷിയുടെ വിസ്തീർണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. വിവിധയിനം പയറിനങ്ങൾ ഇടവിളകളായും പ്രത്യേകം നട്ടും നനച്ചും ഇവിടെകൃഷിചെയ്യുന്നുണ്ട്. മുമ്പത്തെ പോലെ കൂടുതലായിട്ടില്ലെങ്കിലും അവിടവിടെയായി എള്ളുകൃഷികളും ചെയ്യുന്നുണ്ട്. കൂടാതെ പപ്പായ, പേര, സപ്പോട്ട, ആത്തച്ചക്ക, ശീമപ്ലാവ് എന്നിവയും മിക്ക പുരയിടങ്ങളിലും ഉണ്ടെങ്കിലും വിൽപ്പനയ്ക്കുള്ള കൃഷിയിനങ്ങളായി വർദ്ധിച്ച തോതിലില്ല. കൂടാതെ പ്ലാവ്, മാവ് മുതലായവ മിക്കവാറും പുരയിടങ്ങളിലും കൃഷിയുള്ളതും വിളവിന്റെ തോതിന്റെ അടിസ്ഥാനത്തിൽ വിൽപ്പനയുള്ളതുമായ ഇനങ്ങളാണ്. മത്തങ്ങ, കുമ്പളങ്ങ, പാവൽ, പടവലം, കോവൽ, വെള്ളരി, പച്ചമുളക്, തുടങ്ങിയ പലയിനം പച്ചക്കറി വർഗങ്ങളും കൃഷിചെയ്തുവരുന്നുണ്ട്. ഇവയ്ക്കെല്ലാം പുറമെ പലപുരയിടങ്ങളിലും ഔഷധ ചെടികളും പുഷ്പ ഫല സസ്യങ്ങളും നട്ടുവളർത്താറുണ്ടെങ്കിലും വിൽപ്പനാടിസ്ഥാനത്തിൽ മികച്ച കൃഷിയിനങ്ങളായി അവ മാറിയിട്ടില്ല. ഈ പഞ്ചായത്തിൽ 6956 കർഷക കുടുംബങ്ങൾ ഉള്ളതിൽ ഭൂരിഭാഗം കർഷകരും ഒരു ഹെക്ടറിൽ താഴെ ഭൂമി കൈവശമുള്ളവരാണ്. തിരുവമ്പാടി റബ്ബർ കമ്പനി, കൊയപ്പതൊടി ഗ്രൂപ്പ് ഓഫ് എസ്റ്റേറ്റ്, കൈനടി ഗ്രൂപ്പ് ഓഫ് എസ്റ്റേറ്റ്, പുതുമന എസ്റ്റേറ്റ് തുടങ്ങിയ തോട്ടം ഉടമകളുമുണ്ട്.

ഈ പഞ്ചായത്തിലെ കൃഷിഭൂമിയുടെ സ്ഥിതിയും കൃഷിയും സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം
1	1 ഹെക്ടറിൽതാഴെ	4286
2	1ഹെക്ടറിനും രണ്ട് ഹെക്ടറിനുമിടയിൽ	2278
3	2 ഹെക്ടറിനുമുകളിൽ	392

കൃഷി വിവരണം പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും.

1. നെല്ല്

പ്രശ്നങ്ങൾ

മികച്ച നെല്ലുൽപ്പാദനത്തെ ലക്ഷ്യമാക്കി വേളങ്കോട് പാടശേഖര സമിതി ആനിക്കോട് പാടശേഖര സമിതി, കോടഞ്ചേരി പാടശേഖര സമിതി എന്നിങ്ങനെ 3 പാഠശേഖര സമിതികൾ ചാരിറ്റബൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസറ്റർ ചെയ്ത്, ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. കൂടാതെ ഒറ്റപ്പെട്ട മറ്റുവയൽ ശേഖരങ്ങളും ഈ പഞ്ചായത്തിലുണ്ട്. അതിൽ കോടഞ്ചേരി പാടശേഖരം ഏതാണ്ട് പൂർണമായും കവുങ്ങിൻ തോട്ടങ്ങളായി മാറ്റപ്പെട്ടിട്ടുണ്ട്. മറ്റു പല സ്ഥലങ്ങളിലും ഭാഗികമായി മാറ്റപ്പെട്ടിരുന്നു. ഈ പഞ്ചായത്തിലെ പാടശേഖരങ്ങൾ മലമടക്കുകൾക്കുള്ളിൽ ഇടുങ്ങിയ പ്രദേശങ്ങളിലായതിനാൽ വിസ്തൃതമായ നെൽവയലുകളെ അപേക്ഷിച്ച് നെൽകൃഷിക്കാവശ്യമായ സൂര്യപ്രകാശം എല്ലാ കാലത്തും ഒരുപോലെ ലഭ്യമല്ല. അത്യുൽപ്പാദ ശേഷിയുള്ള വിത്തിനങ്ങളും ശാസ്ത്രീയമായ കൃഷിരീതികളും വളപ്രയോഗങ്ങളും അവലംബിക്കുന്നുണ്ടെങ്കിലും മറ്റ് പടശേഖരങ്ങളിലെ പോലെ കൃഷി ആദായകരമല്ല. തന്നെയുമല്ല നാണ്യവിളയായ കവുങ്ങ് കൃഷിയിലുള്ള വരുമാനത്തെ നെൽകൃഷിയിലുള്ള വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കൃഷിയിൽ താത്പര്യം കുറഞ്ഞു വരുന്നുണ്ട്. വെള്ളപ്പൊക്കം മൂലവും വരൾച്ചമൂലവും ചില കാലങ്ങളിൽ വലിയ കൃഷിനാശവും ഉണ്ടാകാറുണ്ട്. വർദ്ധിച്ചു വരുന്ന കൂലിനിരക്കും തൊഴിലാളികളുടെ ദൗർലഭ്യവും ഈ കൃഷി നിലനിർത്തി പോരുന്നതിന് ഭീഷണിയാണ്.

മുൻകാലങ്ങളിൽ നാടൻ ഇനങ്ങളായ ഇട്ടിക്കണ്ടപ്പൻ, കരിമുണ്ടോൻ ആര്യൻകാളി കൂട്ടുമുണ്ടോൻ ചെമ്പാവ് തുടങ്ങിയ നെൽവിത്തിനങ്ങൾ കൃഷി ചെയ്തിരുന്നുവെങ്കിലും പിൻകാലത്ത് പുതിയ തരം അത്യുൽപാദ ശേഷിയുള്ള കൃഷിയിനങ്ങളാണ് കൃഷിചെയ്ത് വരുന്നത്. എച്ച്. 4, ഐ.ആർ.8, ഐ.ആർ.20 ബ്ലോക്ക് ചെമ്പാവ്, ജയ, അശ്വതി, രോഹിണി, ജ്യോതി തുടങ്ങിയ മൂപ്പു കുറഞ്ഞതും കൂടിയതും, നീളം കൂടിയ കറ്റകളും കുറഞ്ഞ കറ്റകളും ലഭ്യമാകുന്നതുമായ നെൽവി

ത്തിനങ്ങൾ വിളവിന്റെ കാര്യത്തിൽ വർദ്ധിച്ച തോതിലായതിനാൽ ഇപ്പോഴും തുടർച്ചയായി കൃഷിചെയ്തു വരുന്നു. രോഗങ്ങളും കീടങ്ങളും നെൽകൃഷിക്കെന്നും ഭീഷണിയാണ്. കളശല്യവും നെല്ലിന്റെ വളർച്ചയെ സാരമായി ബാധിക്കുന്നുണ്ട്. രാസവളങ്ങളുടെ വിലവർദ്ധനയും ഗുണമേന്മയുള്ള ജൈവവളങ്ങളുടെ ദൗർലഭ്യവും നെൽകൃഷിക്കാർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത്തരം വിഷമാവസ്ഥകളൊക്കെ പരിഹരിച്ച്, ഒരു ഭക്ഷ്യവിള എന്നനിലയിൽ നെൽകൃഷിയെ സംരക്ഷിക്കേണ്ടത് ഒരു ദേശീയ ആവശ്യമാണ്. നെൽകൃഷി ആദായകരമാക്കാൻ മേൽവിവരിച്ച കാര്യങ്ങൾക്ക് പരിഹാരമാർഗം കണ്ടെത്തണം. നിലവിൽ പഞ്ചായത്തിൽ 60 ഓളം ഹെക്ടർ നെൽകൃഷി ചെയ്തുവരുന്നുണ്ട്.

പരിഹാര മാർഗങ്ങൾ

പ്രാചീനമായി നിലനിൽക്കുന്ന ഈ പാരമ്പര്യകൃഷി നിലനിർത്താൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്.

1. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ, വളങ്ങൾ, കീടനാശിനികൾ, യന്ത്രോപകരണങ്ങൾ, സസ്യസംരക്ഷണ ഉപകരണങ്ങൾ, പാകൃജനകാംശങ്ങളെ വർദ്ധിപ്പിക്കുന്ന പയർവിത്തിനങ്ങൾ എന്നിവ യഥാർത്ഥ കർഷകന് കൃഷിഭവൻ മുഖേന 50 ശതമാനം സബ്സിഡി നിരക്കിൽ യഥാസമയം തന്നെ വിതരണം ചെയ്യുക.

2. പ്രയോഗിക ബുദ്ധിമുട്ടുകൾ ഇല്ലാത്ത രീതിയിൽ ഇവ ലഭ്യമാക്കാനുള്ള സത്വര നടപടികൾ സമയോചിതമായി സ്വീകരിക്കണം.

3. ജല നിയന്ത്രണത്തിന് തോടുകളുടെ ഓരങ്ങളും വരമ്പുകളും കരിങ്കൽ കെട്ടി സംരക്ഷിക്കാൻ അൻപതു ശതമാനം സബ്സിഡി നൽകുക.

4. ഇരുപ്പുകൃഷിക്ക് ജലദൗർലഭ്യമുള്ള ഇടങ്ങളിൽ നിലവിലുള്ള കുളങ്ങൾ സംരക്ഷിക്കാനും പുതിയ കുളങ്ങൾ നിർമ്മിക്കാനും പമ്പ്സെറ്റ് വാങ്ങാനും പൂർണ്ണമായ സബ്സിഡിയും സൗജന്യമായി ഇലക്ട്രിക്സിറ്റി കണക്ഷനും അനുവദിക്കുക.

5 പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സൗജന്യ ഇൻഷൂറൻസ് പ്രകാരം കൃഷിക്കാരന് സംരക്ഷണം നൽകുക.

6 മണ്ണ് പരിശോധന, കീടരോഗ പ്രതിരോധ നടപടികൾ, കീടരോഗ നിയന്ത്രണ നടപടികൾ ജല സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള സാങ്കേതിക ഉപദേശങ്ങൾ കൃഷിക്കാരന് പാടശേഖരങ്ങളിൽ ലഭ്യമാക്കാനുള്ള നിലവിലുള്ള സംവിധാനം ഊർജ്ജിതപ്പെടുത്തണം. പഞ്ചായത്തടിസ്ഥാനത്തിൽ ഇതിനാവശ്യമായ ഗവേഷണകേന്ദ്രങ്ങളും എക്സ്റ്റെൻഷൻ സെന്ററുകളും സ്ഥാപിക്കണം.

7 പച്ചില വളച്ചെടികളെ കുറിച്ചും കമ്പോസ്റ്റ് ജൈവവളങ്ങളുടെ സംഭരണത്തെക്കുറിച്ചും ബോധവൽക്കരണവും അതിനാവശ്യമായ സാങ്കേതിക ഉപദേശങ്ങളും സാമ്പത്തിക സഹായങ്ങളും കൃഷിക്കാരന് നൽകി മണ്ണിന്റെ ജൈവാംശം നിലനിർത്തണം.

8 വൈക്കോൽ ഉപയോഗിച്ചുള്ള കരകൗശ വലവസ്തുക്കളുടെ നിർമ്മാണത്തിൽ പരിശീലനം നൽകണം. കൂടാതെ വൈക്കോലുപയോഗിച്ചുള്ള കുൺകൃഷി ചെയ്യുന്ന രീതിയും അതിനുവേണ്ടുന്ന സാമ്പത്തിക സഹായങ്ങളും വിപണനം സംബന്ധിച്ച ഉപദേശങ്ങളും നൽകുക.

ഇത്തരം ആനുകൂല്യങ്ങൾ നടപ്പിൽ വരുത്തി നെൽകൃഷിക്കാരെ ബോധവൽക്കരിച്ച് നെൽകൃഷി ലാഭകരമാക്കി നിലവിലുള്ള വയലുകൾ നിലനിർത്തുവാൻ കഴിയുന്നതാണ്.

2. തെങ്ങ്

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ സുമാർ 30% വിസ്തീർണ്ണം വരുന്ന 3400 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ചെയ്തു വരുന്നു. ശരാശരി ഉൽപാദനം കോടഞ്ചേരി പഞ്ചായത്തിൽ ആണ്ടിൽ തെങ്ങൊന്നിന് ഏകദേശം 50 ആണ്. ഈ പഞ്ചായത്തിൽ ഭൂരിഭാഗം കർഷകരും തെങ്ങ് കൃഷിക്കാരാണ്. ഇതിന്റെ ആദായത്തെ ആശ്രയിച്ചാണ് അവരുടെ നിലനിൽപ്പ്. ശാസ്ത്രീയമായ കൃഷി രീതികളൊ മികച്ച വിത്തുകളോ ഉപയോഗിച്ചുള്ള കൃഷി രീതികളല്ല സാധാരണക്കാരായ കൃഷിക്കാർ അവലംബിച്ചിട്ടുള്ളത്. കൃഷിവകുപ്പു മുഖേന മികച്ച സാങ്കേതിക ഉപദേശങ്ങൾ നൽകുകയും, ചിട്ടയായി കൃത്യമായ അകലത്തിൽ തൈകൾ നട്ടുവളർത്തുകയും, തദ്വാരാ, മികച്ച തെങ്ങും തോട്ടങ്ങൾ ഉണ്ടാക്കുകയും ഉൽപ്പാദനം വർദ്ധിക്കുകയും ചെയ്യാവുന്നതാണ്.

2. വർദ്ധിച്ച കൃഷിച്ചെലവും ഉല്പാദക്കുറവും വിലക്കുറവും നാളികേര കർഷകനെ അലട്ടുന്ന പ്രശ്നങ്ങളാണ്.

3. ഈ പഞ്ചായത്തിലെ നാളികേരകൃഷിയുടെ സിംഹഭാഗവും മലമടക്കുകളിലും ഉയർന്ന കുന്നിൻപ്രദേശങ്ങളിലുമാണുള്ളത് എന്നകാര്യം മറ്റ് തെങ്ങുകൃഷിപ്രദേശങ്ങളുമായി താരതമ്യപഠനം ചെയ്യുമ്പോൾ ഉള്ള വിശേഷത ആണ്. അതിനാൽ ഇവിടെ ഫലപ്രദമായ രീതിയിൽ തെങ്ങുകൾ കായ്പ്പിക്കുന്നതിന് ഗുണമേന്മയുള്ള മണ്ണ് സ്ഥിരമായി നിലനിർത്തണം. മിയ്ക്കപ്പോഴും മഴക്കാലങ്ങ

ളിൽ വളക്കൂറുള്ള മേൽമണ്ണ് ഈ ചരിവുപ്രദേശങ്ങളിൽ നിന്നും ഒലിച്ചു മണ്ണിന്റെ ഫലപുഷ്ടി വളരെ കുറഞ്ഞു പോകുന്നു. മണ്ണൊലിപ്പിൽ നിന്നും ഈ കൃഷിയെ രക്ഷിക്കാൻ അടിയന്തിര നടപടികൾ അത്യന്താപേക്ഷിതമാണ്.

4. വേനൽക്കാലങ്ങളിൽ വർദ്ധിച്ച ചൂട് നിമിത്തം തെങ്ങിൻ തോട്ടങ്ങളിൽ നിന്നും ജലാംശം നഷ്ടപ്പെട്ട് മണ്ണ് വരണ്ട് ഉണങ്ങിപ്പോകുന്നു. ഇത് തെങ്ങിന്റെ വളർച്ചയെ സാരമായി ബാധിക്കുന്നു. തന്മൂലം വേനൽക്കാല കെടുതികളിൽ നിന്നും തെങ്ങുകളെ രക്ഷിയ്ക്കാൻ ജലസേചനം വിപുലമായരീതിയിൽ തന്നെ നടത്തേണ്ടതുണ്ട്. ജലസേചനത്തിന്റെ അഭാവം ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

5. മണ്ണിൽ പാകൃജനക വളങ്ങളുടെ വർദ്ധനവിന് സഹായകമാകുന്ന വള പയർ കൃഷിസാർവത്രികമായി ചെയ്തു വരാത്തതിനാൽ മണ്ണിന്റെ ഇളക്കത്തേയും തെങ്ങിന്റെ വളർച്ചയേയും ഇത് ബാധിച്ചിട്ടുണ്ട്. പലപ്പോഴും ഉഴുതുമറിയ്ക്കാൻ പറ്റിയ നിരന്ന തട്ടുകളായിട്ടുള്ള തെങ്ങിൻതോപ്പുകളിൽ മണ്ണിന്റെ ഇളക്കവും ജലാംശവും നിലനിർത്തുന്നതുപോലെ കുന്നിൻ പ്രദേശങ്ങളിൽ കഴിയുന്നില്ല. ഇതിന് പച്ചിലവളച്ചെടികളും, വളപ്പയറുകളും തെങ്ങിൻ തോപ്പുകളിൽ നട്ടുവളർത്തുന്നതിനുള്ള നടപടിക്രമങ്ങൾ പഞ്ചായത്തതലത്തിൽ ത്വരിതപ്പെടുത്തണം.

6 മണ്ണ് പരിശോധിച്ച് മണ്ണിന്റെ ഘടനയനുസരിച്ചുള്ള രാസ-ജൈവ- വളപ്രയോഗങ്ങൾ ശാസ്ത്രീയമായി നടത്തുവാൻ വേണ്ട പരിശീലനം കൃഷിക്കാർക്കില്ല. ഇത് പരിഹരിക്കാൻ ഓരോ ഫീൽഡിലും പ്രത്യേകം പ്രത്യേകം പരിശോധനകൾ നടത്താനും നിർദ്ദേശങ്ങൾ നൽകാനും കഴിയണം. ജൈവവസ്തുക്കളുടെ സമാഹരണക്കുറവും രാസവസ്തുക്കളുടെ അമിത പ്രയോഗവും മണ്ണിന്റെ ഘടനയ്ക്ക് വ്യത്യസം വരുത്തുന്നു. മണ്ണ് വളക്കൂറില്ലാത്തമണ്ണായി മാറിക്കൊണ്ടിരിക്കുന്നത് ഗവേഷണ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരിഹരിക്കണം.

7 കുമ്പ്ചീയൽ, ചെന്നീരൊലിപ്പ് മുതലായ രോഗങ്ങൾ പഞ്ചായത്തിൽ കണ്ടുവരുന്ന തെങ്ങുകൃഷിയെ ബാധിക്കുന്ന രോഗങ്ങളാണ്. തെങ്ങുകൃഷിയിൽ നിന്നും കർഷകർ പിന്തിരിയുന്നതിനും രോഗങ്ങൾ ഒരു കാരണമായിട്ടുണ്ട്.

8 നാളികേരത്തിന് കൃഷിക്കാർക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന വില തീരെ അപര്യാപ്തമാണ്. തന്നെയുമല്ല മുഖ്യ വിളവെടുപ്പ് സമയത്ത് കർഷകന് തീരെ വില കിട്ടാത്ത ദുരാവസ്ഥ വർഷങ്ങളായി കണ്ടുവരുന്നു. മുഖ്യവിളവെടുപ്പു സമയത്ത് മിക്ക കർഷകരും തേങ്ങ വിൽക്കുന്നതിനാൽ ആ സമയത്താണ് കർഷകന് വില കൂടുതൽ കിട്ടേണ്ടത്. എന്നാൽ വില ഏറ്റവും കുറവാണ് അങ്ങനെയുള്ള സീസണിൽ.

9 ഗുണമേന്മയുള്ള കൊപ്രയുണ്ടാക്കുവാനും കൊപ്ര തയ്യാറാക്കാനുമുള്ള അട്ടിയും പുകപ്പുരയും ശാസ്ത്രീയമായി നിർമ്മിക്കാനോ, ഉണ്ടകൊപ്രകൾ പ്രത്യേകം തയ്യാറാക്കാനോ കേടുകൂടാതെ സൂക്ഷിക്കാനോ, കൂടിയ വിലയ്ക്ക് കൊപ്ര മാർക്കറ്റിൽ വിൽക്കാനോ കൃഷിക്കാരനെ സഹായിക്കുന്നയാതൊരു വിധ പദ്ധതിയും ഈ പഞ്ചായത്തിലില്ല. അതിനുള്ള ഏജൻസികൾ നിലവിൽ വരിക എന്നത് വളരെ ആശ്വാസകരമായ നടപടിയാണ്. ഉൽപാദനം പോലെ തന്നെ വിറ്റഴിക്കാനും കഴിയണമെന്നത് ഏതൊരു കർഷകന്റെയും ആഗ്രഹമാണ്. ആയതിനാൽ സംഭരണ സംസ്ക്കരണ കാര്യങ്ങളിൽ സഹകരണ സ്ഥാപനം സ്ഥാപിച്ച് പരിഹാരം തേടേണ്ടതാണ്.

10. നാളികേരത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പല വ്യവസായങ്ങളും മറ്റ് സ്ഥലങ്ങളിലുണ്ടെങ്കിലും ഏറ്റവും പ്രധാന ഇനമായി തെങ്ങ് കൃഷി ചെയ്യുന്ന ഈ പഞ്ചായത്തിൽ യാതൊരുവിധ വ്യവസായങ്ങളും അനുബന്ധമായിട്ടില്ല.

11. തെങ്ങുകൃഷിക്ക് ഇപ്പോൾ കിട്ടികൊണ്ടിരിക്കുന്ന ലോണുകളും സബ്സിഡികളും തീരെ കുറവാണ്. വർദ്ധിച്ച കൃഷിചെലവുകളുള്ള ഇപ്പോഴത്തെയവസ്ഥയിൽ ദീർഘകാല വായ്പകൾ ഉദാരമായി കൂടിയ തോതിൽ നൽകണം. ബാങ്ക് വായ്പകൾ കുറഞ്ഞ പലിശനിരക്കിൽ കൂടിയ തുക ദീർഘകാലാടിസ്ഥാനത്തിൽ നൽകിയാൽ ഈ കൃഷി അടിസ്ഥാനപരമായി വളരെ നന്നായി ചെയ്യുവാൻ കഴിയും. കച്ചാല കെട്ടാനും കുളം കുഴിക്കാനും ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കുവാനും പലപ്പോഴും കൃഷിക്കാരന് സാമ്പത്തിക പ്രയാസവും സാങ്കേതിക പ്രശ്നങ്ങളും നേരിടുന്നു.

പരിഹാര മാർഗ്ഗങ്ങൾ

1. നല്ലയിനം വിത്തും വളങ്ങളും കീടനാശിനികളും സബ്സിഡി നിരക്കിൽ നല്കുക. പഞ്ചായത്തടിസ്ഥാനത്തിൽ നല്ല നേഴ്സറികൾ തുടങ്ങുക.

2.ഭൂപ്രകൃതിയനുസരിച്ചുള്ള ഈ പ്രദേശത്തിന്റെ കിടപ്പിന് പരിഗണന പ്രത്യാകമായി നൽകി തെങ്ങ്കൃഷിയെ സംരക്ഷിക്കാൻ സൗജന്യമായോ പരമാവധി സബ്സിഡി നൽകിയൊ കയ്യാല കെട്ടാനും മണ്ണ്സംരക്ഷിക്കുന്നതിനുള്ള ട്രെഞ്ചുകൾ കെട്ടാനും ജൈവവേലികൾ കെട്ടാനും സമഗ്രമായ

പദ്ധതികൾ കൃഷിവകുപ്പും സോയൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റും ഗ്രാമപഞ്ചായത്തും ചേർന്ന് ആവിഷ്കരിക്കണം. കൂടാതെ ഇടവിളകൾ കൃഷി ചെയ്യാനും പച്ചിലവള ചെടികൾ കൃഷിചെയ്യാനും വിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്യണം.

3. ജലസേചനത്തിനാവശ്യമായ കുളം, കിണർ, പമ്പ്സെറ്റ്,ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിഗ്ളർ ഇറിഗേഷൻ മുതലായ ആധുനിക ജലസേചന സൗകര്യങ്ങൾ സബ്സിഡി നിരക്കിൽ അനുവദിക്കുക. ഇതിനാവശ്യമായ വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകുക.

4 പ്രകൃതിദത്തമായ 3 പുഴകൾകൊണ്ട് പുളകമണിഞ്ഞിട്ടുള്ള ഈ പഞ്ചായത്തിൽ വലിയ അണക്കെട്ടുപദ്ധതികളും കനാൽ പദ്ധതികളും നടപ്പിലാക്കാൻ കൃഷിവകുപ്പും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് അടിയന്തിരമായി നടപ്പിലാക്കിയാൽ ഇന്നുള്ളതിന്റെ ഇരട്ടി നാളികേരം ഉൽപ്പാദിപ്പിക്കാൻ കഴിയും.

5. വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ സോളാർ പമ്പുസെറ്റുകൾ, ഡീസൽ മണ്ണെണ്ണ മോട്ടോറുകൾ സൗജന്യമായി നൽകുക

6 തെങ്ങുകൃഷി ഗവേഷണകേന്ദ്രങ്ങളുടെ സത്വര ശ്രദ്ധ ഈ പഞ്ചായത്തിൽ ഫലപ്രദമാക്കണം. പുതിയ ഉൽപ്പാദപരമായ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഈ ഉദ്യമത്തിന് സാധിക്കും.

7. കൃഷി സംരക്ഷണത്തിനാവശ്യമായ റോക്കർ സ്പെയർ, തെങ്ങുകയറ്റുയന്ത്രം തേങ്ങ പൊതിക്കുന്ന യന്ത്രം, കൊപ്രഉണക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ ആവശ്യമുള്ള മുഴുവൻ കർഷകർക്കും അനുവദിയ്ക്കുക.

8. പുതുകൃഷിയ്ക്കും ആവർത്തനകൃഷിയ്ക്കും അണ്ടർ പ്ലാന്റിങ്ങിനും ആവശ്യമായ സബ്സിഡിയും മിതമായ പലിശനിരക്കിൽ ബാങ്ക്ലോണും അനുവദിയ്ക്കുക.

9. തേങ്ങാ സംസ്കരണ സംഭരണ വിതരണശാല ഈ പഞ്ചായത്തിൽ തുടങ്ങുക.

10 തേങ്ങായുടെയും ഇളനീരിന്റെയും കൂടിയ ലഭ്യതയുള്ള സാഹചര്യത്തിൽ ഈ പഞ്ചായത്തിൽ അനുബന്ധ വ്യവസായങ്ങൾ തുടങ്ങുക. ഇളനീർ പാർലർ, ക്രീമുകൾ, പൗഡറുകൾ, വെളിച്ചെണ്ണ, കയർഫാക്ടറികൾ, ചകിരിച്ചോറിൽ നിന്നും ജൈവവളം ഉണ്ടാക്കാൻ, ഫോം ബൈഡ് നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവ അനുബന്ധ വ്യവസായഘടകങ്ങളാണ്.

തേനീച്ച വളർത്തലിന് ഓരോ കുടുംബത്തിന ചുരുങ്ങിയത് 5 പെട്ടിവീതം സൗജന്യമാ നൽകുക. ഈ കാര്യങ്ങളിലും മറ്റും വേണ്ട നിർ ശങ്ങൾ യഥാസമയം നൽകുന്നതിന് ഖാ ബോർഡിന്റെ ഒരു സബ് സെന്റർ ഈ പഞ്ചാ ത്തിൽ അടിയന്തിരമായി തുടങ്ങുക.

12. വനത്തോടു ചേർന്നുകിടക്കുന്ന പ്രദേ ങ്ങളിൽ കാട്ടാന ശല്യം നിയന്ത്രിക്കാൻ ഇലക്ട്രി ഫെൻസിങ്ങ് അനുവദിക്കുക.

13. എലി നശീകരണത്തിനാവശ്യമായ എ നശീകരണ ഉപകരണങ്ങൾ, രാസവസ്തുക്കൾ മു ലായവ സൗജന്യമായി നൽകുക.

14. രോഗം വരുന്ന തെങ്ങുകൾക്കും പ്രകതിക്ഷോഭം മൂലം നശിക്കുന്ന തെങ്ങുകൾക്ക മിനിമം 10 വർഷം വരുമാനം കണക്കാക്കിയുള നഷ്ടപരിഹാരം അനുവദിക്കുക.

15. തെങ്ങുകയറ്റ തൊഴിലാളികൾക തൊഴിൽ അപായത്തിന് സാമ്പത്തിക ആനുകൂല സർക്കാർ തലത്തിലോ ഗ്രാമപഞ്ചായത്തു മുഖേനയോ നടപ്പിലാക്കുക.

16. നൂതനമായ രീതിയിൽ മണ്ണിര കമ്പോസ്റ്റ് തയ്യാറാക്കാൻ സബ്സിഡിയും ബോധവൽക്കരണവും നൽകുക.

17. റബ്ബർ ബോർഡ് പോലെ പ്രവർത്തിക്കുന്ന നാളികേര ബോർഡുകളുടെ ഓഫീസുകളു പ്രവർത്തനങ്ങളും പഞ്ചായത്തുതലത്തിൽ തുടങ ഈ കൃഷിയ്ക്കാവശ്യമായ എല്ലാവിധ സാമ്പത്തി കാനുകൂല്യങ്ങളും കൃഷി നിലനിർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും നൽകുക.

18. നാളികേരത്തിന്റെ മിനിമം വില നിശ യിക്കാൻ തുടങ്ങിയ കാര്യങ്ങളിൽ ബന്ധപ്പെ ഡിപ്പാർട്ടുമെന്റ് പോലെതന്നെ കാർഷിപ്രതിനിധി കളുടെയും മറ്റും അഭിപ്രായങ്ങൾക്കും ഉയർന്ന പ ഗണന നൽകാൻ കാർഷിക പ്രതിനിധികളെ അത്തരം ആലോചനാ യോഗങ്ങളിൽ ഉൾപ്പെടുത്തുക.

19. കുഴൽകിണറുകൾക്ക് സാധ്യതയുള എല്ലാ സ്ഥലത്തും കുഴൽകിണർ സൗജന്യമാ കുഴിക്കുക. കുഴൽകിണറുകൾ കുഴിച്ച് വെള്ളമെക്കുന്നതിനുള്ള ഏജൻസികളുടെ സേവനം വിലപ്പെടുത്തുക.

20. കേരകർഷക സമിതികൾ പഞ്ചായത്തതലത്തിൽ ഊർജ്ജിതമായി പ്രവർത്തിക്കാൻ സമിതികളുടെയും തദ്വാരാ കൃഷിക്കാരുടെ സഹകരത്തോടെ സംയോചിതമായി കാർഷിക സെമിനാറുകളും പ്രദർശനങ്ങളും നടത്തുക. ഈ പഞ്ചാ

പഞ്ചായത്തുതല കേരകർഷക സമിതിയും പ്രായോഗികമായും കാര്യക്ഷമമായും യോജിച്ചു പ്രവർത്തിക്കാൻ ആവശ്യമായ പരിഷ്കരണങ്ങൾ നിർദ്ദേശിച്ച് നടപ്പിലാക്കുക.

21. മാതൃകാ കൃഷിത്തോട്ടങ്ങൾ നിശ്ചയിച്ച് ആധുനിക അറിവ് കൃഷിക്കാർക്ക് പകർന്നുകൊടുക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുക.

22. അനുബന്ധ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള തൊഴിൽപരിശീലനം താത്പര്യമുള്ളവർക്ക് സൗജന്യമായി നൽകുക.

23. TxD, DxT, വെസ്റ്റ് കോസ്റ്റ് ഇനങ്ങൾ എന്നീ അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ ചിട്ടയായി കൃഷിചെയ്യുന്നതിന് വേണ്ടി ആകർഷകമായ ലോൺ സ്കീമുകൾ ഉദാരമായി നടപ്പിലാക്കാൻ ഈ പഞ്ചായത്തിൽ ഒരു കാർഷിക വികസന ബാങ്ക് തുടങ്ങാൻ എല്ലാ കൃഷിഘടകങ്ങളും ഒരു പോലെ ശക്തമായി ആവശ്യപ്പെട്ട് നടപ്പിൽ വരുത്തുക. ഗ്രാമപഞ്ചയത്ത് ഈ ഉദ്യമം സാധ്യമാക്കാൻ വേണ്ട നടപടികൾ ശീഘ്ര ഗതിയിലാക്കണം.

24 പൊതുവെ അമ്ല അംശം കൂടുതലുള്ള മണ്ണ് ആയതിനാൽ അമ്ലാംശം കുറച്ച് മണ്ണിന്റെ ഗുണമേന്മ നിലനിർത്താൻ നല്ലയിനം കുമ്മായ വസ്തുക്കൾ, സോളോമൈറ്റ് ഇവ വിസ്തീർണാടിസ്ഥാനത്തിൽ സൗജന്യവിതരണം നടത്തുക.

25 പുഴകളിൽ നിന്നും നീർചാലുകൾ കീറി അത്തരം ചാലുകൾ തോടുകളുമായി ബന്ധപ്പെടുത്തി തോടുകളുടെ വരണ്ട അവസ്ഥ പരിഹരിച്ചാൽ കുളങ്ങളിലും സമീപപ്രദേശങ്ങളിലും ജലാംശം കൂടുതലായി നിലനിർത്താം. കൂടാതെ ചെക്കുഡാമുകൾ കെട്ടുന്നതിനും നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക.

26 നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിയ്ക്കണമെന്നുള്ള കർഷകന്റെ താല്പര്യം യാഥാർത്ഥ്യമാക്കാൻ ഗ്രാമപഞ്ചായത്ത് ഏറ്റവും താലപര്യമെടുത്ത് പ്രവർത്തിക്കണം: സർക്കാർ തലത്തിൽ ഈ ലക്ഷ്യത്തിന് തീവ്രശ്രമം നടത്തണം.

27. പുഴകളിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ സമ്പ്രദായങ്ങൾ സ്വീകരിച്ച് പഞ്ചായത്തിന്റെ വരൾച്ച മൂലം കൃഷി നശിക്കുന്ന ഭാഗങ്ങൾ ജല സേചനം നടത്തി സംരക്ഷിക്കണം. ഈ പഞ്ചായത്തിന്റെ ജലസമ്പത്ത് വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ ആവിഷ്കരിക്കുന്ന, മുഴുവൻ പദ്ധതികളും കൃഷിക്കാർക്ക് സൗജന്യമായി ചെയ്തുകൊടുക്കണം.

റബ്ബർ

ഈ പഞ്ചായത്തിൽ ഏകദേശം 4250 ഹെക്ടർ സ്ഥലത്തോളം റബ്ബർകൃഷി യുണ്ട്. മുൻകാലങ്ങളിൽ ഒരു എസ്റ്റേറ്റ് അടിസ്ഥാനത്തിൽ വൻതോതിൽ മാത്രം കൃഷി ചെയ്തിരുന്നതും ഇപ്പോൾ പരക്കെ നാമമാത്രകർഷകർ - ചുരുങ്ങിയത് 25 മരമെങ്കിലും കൃഷിചെയ്യാൻ പാകിയസ്ഥലമുള്ളവർ- പോലും ഏർപ്പെട്ടിരിയ്ക്കുന്ന ഒരു നാണ്യവിളയാണിത്.

മുവ്വായിരത്തോളം കർഷക കുടുംബങ്ങളും രണ്ടായിരത്തിലധികം കർഷകതൊഴിലാളികളും പ്രധാനമായും റബ്ബർ കൃഷിയെ ആശ്രയിച്ചു ജീവിയ്ക്കുന്നവരാണ്. പ്രധാനമായും RR.1. 105, 600, GT! എന്നീ ഇനങ്ങളാണ് കൃഷിചെയ്തു വരുന്നത്. നാടൻ ഇനങ്ങളും ദുർലഭമായി കൃഷിചെയ്തു വരുന്നുണ്ട്. മേൽക്കാരണങ്ങളാൽ ഈ കൃഷിയ്ക്ക് കാർഷികത ആസൂത്രണ വികസന പ്രവർത്തനങ്ങളിൽ പരമാവധി പ്രധാന്യം കൊടുക്കേണ്ടതാത്യാവശ്യമാണ്.

പ്രശ്നങ്ങൾ

ഉല്പാദനക്ഷമതയുള്ള നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമല്ലാത്തതിനാൽ, പാലുല്പാദനക്ഷമതയില്ലാത്ത ഇനങ്ങൾ കൃഷിചെയ്തയഷറപധാരാളം നിലവിലുണ്ട്. മണ്ണു സംരക്ഷണം, ശാസ്ത്രീയമായ കൃഷിസമ്പ്രദായം, മുതലായവയുടെ അഭാവത്തിൽ വേണ്ടത്ര ഉൽപ്പാദനക്ഷമത ഇന്നില്ല. രോഗങ്ങളും കീടങ്ങളും കൃഷിയ്ക്കും ഉല്പാദനത്തിനും നാശനഷ്ടം വരുത്തുന്നുണ്ട്. മാർക്കറ്റിംഗ് സംവിധാനത്തിന്റെ പോരായ്മയും ഈ പ്രദേശത്തുണ്ട്. ശാസ്ത്രീയമായ രീതിയിൽ, റബ്ബർക്കറ സംസ്ക്കരണം നടത്താൻ കൃഷിക്കാർക്ക് സാധിക്കുന്നില്ല. റബ്ബർ ടാപ്പിംഗ് ശാസ്ത്രീയമായ രീതിയിൽ നടത്താനുള്ള പരിശീലന സൗകര്യങ്ങളൊ മറ്റ് ഘടകങ്ങളൊ നലവിലില്ല. ഇന്നത്തെ മൂല്യശോഷണത്തിനതുസൃതമായ മറ്റ് സാമ്പത്തിക സഹായങ്ങൾ ഈ കൃഷിയ്ക്ക് ലഭിക്കുന്നില്ല. ഒരു വ്യവസായ അസംസ്കൃത വസ്തു എന്ന നിലയിൽ കൃഷിക്കാരന് ന്യായമായ വില നിരന്തരം കിട്ടുന്ന സംവിധാനം ഇന്നില്ല. പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു നാണ്യവിളയെന്ന നിലയിൽ ഈ കൃഷിയ്ക്ക് ദീർഘകാലാടിസ്ഥാനത്തിലുള്ള പുരോഗതി മുന്നിൽ കണ്ടുകൊണ്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ താല്പര്യപ്പെടുന്നു.

പരിഹാരമാർഗങ്ങൾ

1. ഈ പ്രദേശത്തിന് അനുയോജ്യമായതും, ഉൽപ്പാദനശേഷിയും ഗുണമേന്മയുള്ളതുമായ അനുയോജ്യമായ വിത്തിനങ്ങൾ ആവശ്യാനുസരണം

പഞ്ചായത്തടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ സംവിധാനമുണ്ടാക്കണം. കൃഷിക്കാരന്റെ ആത്മവിശ്വാസവും സംതൃപ്തിയും ഇക്കാര്യത്തിൽ ഉറപ്പാക്കാനായി കൃഷിവിദഗ്ദ്ധന്മാരുടെ സേവനവും, ഗുണമേന്മ സംബന്ധിച്ച ശുപാർശയും ഉറപ്പാക്കണം.

2. മണ്ണ് -ഇല- പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളപ്രയോഗങ്ങൾ നടത്താൻ നിലവിലുള്ള സംവിധാനം ഊർജ്ജിതപ്പെടുത്തണം.

3. റബ്ബറിനെ ബാധിക്കുന്ന പട്ടമരപ്പ് പിങ്ക്ഡിസീസ് (ചീക്ക്), അകാല ഇലപൊഴിച്ചിൽ എന്നീ രോഗങ്ങൽ തടയുന്നതിന് ആവശ്യമായ കുമിൾ-കീടനാശിനികളും സ്പ്രെയിങ്ങിനാവശ്യമായ മൈക്രോൺ, റോക്കർ സ്പ്രെയർ തുടങ്ങിയ യന്ത്രോപകരണങ്ങളും സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് സാർവത്രികമായി ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാകണം.

4 റബ്ബർവിള ഇൻഷ്വറൻസിനുള്ള പ്രീമിയം സർക്കാർ തലത്തിൽ അടച്ച മുഴുവൻ റബ്ബർ വിളകളും ഇൻഷൂർ ചെയ്യാനുള്ള സംവിധാനം നിർബന്ധമാക്കുക. അല്ലാത്ത പക്ഷം പ്രകൃതിക്ഷോഭങ്ങളാലും രോഗങ്ങളാലും നശിക്കുന്ന മരത്തിന് ശരാശരി 10 കൊല്ലത്തെ വരുമാനം കണക്കാക്കി നഷ്ട പരിഹാരത്തുക നൽകേണ്ടതാണ്.

5. റബ്ബർ തോട്ടങ്ങളിൽ ആവരണവിളകൃഷിയ്ക്കാവശ്യമായ വിത്ത് സൗജന്യമായി വിതരണം ചെയ്യുക.

6. മണ്ണൊലിപ്പു തടയാനും, ജലസംഗ്രഹമത്തിനും തോട്ടങ്ങളിൽ ട്രഞ്ചുകൾ നിർമ്മിക്കുന്നതിന് പ്രോൽസാഹനവും സബ്സിഡിയും നൽകുക.

7. റബ്ബർ കൃഷിക്ക് നിലവിലുള്ള സബ്സിഡി ഇരട്ടിയാക്കണം. കൂടാതെ ബാങ്ക് വായ്പകളുടെ റേറ്റ് കൂട്ടുകയും ഉദാരവൽക്കരണം നടത്തുകയും ചെയ്യണം.

8. റബ്ബർതോട്ടങ്ങൾ ജലസേചനം നടത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സൗജന്യ ധനസഹായങ്ങൾ ഉറപ്പുവരുത്തണം.

9. റബ്ബർ ടാപ്പിംഗ് പരിശീലനത്തിന് ഓരോ വാർഡിലും പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

10. റബ്ബർ ബോർഡ് ഫീൽഡ് ഓഫീസർമാരുടെ ഫീൽഡു സന്ദർശനവും നിർദ്ദേശങ്ങളും ഊർജ്ജിതപ്പെടുത്തി ടാപ്പിംഗ് നിലവാരമുയർത്തി ഉൽപ്പാദനം വർദ്ധിപ്പിക്കാം.

11. ഗ്രേഡ് റബ്ബറിന് ഗണ്യമായ വിലവ്യത്യാസമുള്ളതുകൊണ്ട് ഗ്രേഡ് റബ്ബർ ഉണ്ടാക്കാനുള്ള പുകപുരയുടെ പ്രസക്തി ഏറിയിരിക്കുന്നു. വ്യാപകമായി പുകപ്പുരകളുണ്ടാക്കുന്നതിന് പ്രോൽസാഹനവും, ഇന്നുള്ളതിന്റെ ഇരട്ടി ധനസഹായവും ചെയ്യണം.

12. റബ്ബർ സംസ്കരണത്തിന് ആവശ്യമായ റബ്ബർ റോളർ, ഡിഷുകൾ, അരിപ്പ മുതലായ ഉപകരണങ്ങൾക്കും ചോർക്കേണ്ടതായ രാസവസ്തുക്കൾക്കും മിനിമം 50% സബ്സിഡി അനുവദിക്കുവാൻ നടപടി എടുക്കണം.

13. റബ്ബറിന് എല്ലാക്കാലത്തും ന്യായമായ വിലലഭിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ നിലവിലുള്ള മാർക്കറ്റിങ്ങ് സംവിധാനം ഊർജ്ജിതപ്പെടുത്തണം.

14. റബ്ബറധിഷ്ടിത വ്യവസായ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ സ്ഥാപിച്ച്, കൃഷിക്കാർക്ക് മെച്ചപ്പെട്ട വിലകിട്ടാനും, തൊഴിലവസരങ്ങൾ വർദ്ദിപ്പിക്കാനും വേണ്ട നടപടികൾ സ്വീകരിക്കണം.

15. റബ്ബർ ഉല്പാദകസംഘങ്ങൾ വഴി വിതരണം ചെയ്യുന്ന രാസവസ്തുക്കളും കീടനാശിനികളും ഗുണനിലവാരം കുറഞ്ഞവയാണെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇതിനുള്ള പരിഹാരമുണ്ടാകണം. ബോർഡിൽ നിന്നും വിതരണവസ്തുക്കൾ യഥാസമയം ഉല്പാദകസംഘങ്ങൾക്ക് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

16. മുഴുവൻ റബ്ബർ കർഷകത്തൊഴിലാളിക്കള്ള ക്ഷേമനിധിയും ആനുകൂല്യങ്ങളും പൂർണ്ണമായും റബ്ബർ ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കുക.

17. റബ്ബറിന് ബന്ധപ്പട്ട കർഷക പ്രതിനിധികളും ജനപ്രതിനിധികളുമടങ്ങുന്ന കമ്മറ്റിയുമായി ആലോചിച്ച് കാലോചിതമായ മെച്ചപ്പെട്ടവില എല്ലാവർഷവും പുതുക്കി നിശ്ചയിക്കാനുള്ള സംവിധാനം നിർബന്ധമാക്കി വ്യവസായികളുടെ ചൂഷണത്തിൽ നിന്നും റബ്ബർ കർഷകരെ സംരക്ഷിക്കണം.

കമുക്

കോടഞ്ചേരി പഞ്ചായത്തിൽ 2200 ഹെക്ടർ സ്ഥലത്ത് കമുക് മുഖ്യ വിളയായും ഇടവിളയായും കൃഷി ചെയ്തു വരുന്നു. ആദ്യ കാലത്ത് നാടൻ ഇനങ്ങളാണ് അധികവും കൃഷി ചെയ്തിരുന്നത്. തുടർന്ന അത്യുല്പാദനശേഷിയുള്ള കാസർകോടൻ, മംഗള, സുമംഗള, ശ്രീമംഗള, മോനിത് നഗർ എന്നീ ഇനങ്ങളും കൃഷി ചെയിതുവരുന്നു. കോഴിക്കോട് ജില്ലയിൽ അടക്ക ഉല്പാദനത്തിലും കമുക് കൃഷിയിലും ഈ പഞ്ചായത്ത് മുൻപന്തിയിലാണ്. ഈ കൃഷിയുമായി ബന്ധപ്പെട്ട് ഏതാണ്ട് മൂവായിരത്തോളം കർഷകകുടുംബങ്ങളും രണ്ടായിരത്തിലധികം കർഷതത്തൊഴിലാളികളും ജീവിച്ചുവരുന്നു.

പ്രശ്നങ്ങൾ

1. കമുക് കൃഷിക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന വിലനന്യായമാണെങ്കിലും ഉല്പാദനക്കുറവും വർദ്ധിച്ച മാരകരോഗങ്ങലും ഭീഷണിയായി നില കൊള്ളുന്നു. കമുകിനെ രൂക്ഷമായും വ്യാപകമായും ബാധിച്ചിരിക്കുന്ന 'മഞ്ഞളിപ്പു രോഗം' ഉൽപ്പാദന രംത്തെ സാരമായി ബാധിച്ചിരിക്കുന്നു. ഈ പ്രതി സന്ധി കമുക് കൃഷിക്കാരെ നിരാശരാക്കുകയും കമുക് കൃഷിരംഗത്തുനിന്ന് പിൻമാറാൻ ഇടവരു ത്തുകയും ചെയ്യുന്നു. ഗണ്യമായ ഈ രംഗത്തുള്ള വരുമാനം നിലച്ചുപോയാൽ വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടാവുകയും ചെയ്യും. കമുക് കൃഷി ക്കാരിൽ ബഹുഭൂരിപക്ഷവും ഒരു ഹെക്ടറിൽ താഴെയുള്ള സാമ്പത്തിക പരാധീനതയുള്ള കൃഷി ക്കാരാണ്.

2. ജലസേചനം ഈ കൃഷിക്ക് അത്യന്താപേ ക്ഷിതമാണ്.

3. എല്ലാ കൊല്ലവും കമുകിനെ ബാധിക്കുന്ന 'മഹാളി' രോഗത്തെ നിയന്ത്രിക്കാൻ കൃഷിക്കാരന് സ്ധ്യമാവുന്നില്ല. ഈ ദുരവസ്ഥ പരിഹരിക്കാനുള്ള പരിഹാരമാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

പരിഹാരമാർഗ്ഗങ്ങൾ .

1. മഞ്ഞളിപ്പു രോഗത്തിന് ഫലപ്രഥമായ പ്രതിരോധവിധികൾ കണ്ടെത്തുന്നതിന് വിദ ഗ്ധൻമാരെ ഉൾപ്പെടുത്തിയുള്ള തീവ്രമായ ഒരു യജ്ഞം നടപ്പിലാക്കണം. ഈ പഞ്ചായത്തിന്റെ ഉന്നമനത്തിനും ഇവിടുത്തെ കൃഷിക്കാരുടെ നില നിൽപ്പിനും ഊന്നൽ നൽകി, യുദ്ധകാലാടിസ്ഥന ത്തിൽ ഈ മാരകരോഗത്തെ ചെറുക്കാനുള്ള നട പടികൾ ഊർജ്ജിതപ്പെടുത്തണം.

2. രോഗപ്രതിരോധ ശേഷിയുള്ള ഇനങ്ങൾ കമ്ടുപിടിച്ച് കൃഷിപോഷിപ്പിക്കുന്നതിന് നടപടിയെ ടുക്കുക

3. കമുക് നശിക്കുന്നതിന്റെ ഫലമായുണ്ടാ കുന്ന സാമ്പത്തിക നഷ്ടത്തിന് കമുകൊന്നിന് 10 കൊല്ലത്തെ ആദായം കമക്കാക്കി 1000/-രൂപയെ ങ്കിലും നഷ്ടപരിഹാരം നൽകണം. മഹാളി രോഗത്തെ നിയന്ത്രിക്കാൻ, ഒരു ഹെക്ടറിൽ താഴെ യുള്ള കമുക്ക്കൃഷിക്കാർക്ക് വരുന്ന മുഴുവൻ ചെലവും സബ്സിഡിയായി നൽകണം.

4. ഉൽപ്പാദനം വർദ്ധിപ്പിക്കാനായി കുളം, കിണർ, പമ്പുസെറ്റ്, ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം, സ്പ്രിംഗ്ളർ ഇറിഗേഷൻ എന്നിവ സ്ഥാപിക്കുന്ന തിന് സബ്സിഡിയും യഥേഷ്ടം വായ്പയും അനു വദിക്കണം.

5. മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും കൃഷിക്കാരെ രക്ഷിക്കുന്നതിന് സഹകരണാ ടിസ്ഥാനത്തിൽ മാർക്കറ്റിങ്ങ്സെന്ററുകൾ ഗ്രാമപ ഞ്ചായത്തു മുഖേന നടപ്പിലാക്കണം. Compco. യുടെ യൂണിറ്റ് നിർബന്ധമായും ഈ പഞ്ചായ ത്തിൽ അരംഭിക്കണം.

6. മഞ്ഞളിപ്പ് രോഗം ബാധിച്ച സ്ഥലങ്ങളിൽ മറ്റ് കൃഷികൾ ചെയ്യുന്നതിന് ഉദാരമായ സാമ്പത്തി കസഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകണം. ആവശ്യമായ ലോണുകൾ എളുപ്പത്തിൽ ലഭ്യമാക്കാ നുള്ള നടപടികൾ സ്വീകരിക്കണം.

7. അടക്ക ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ഈ ഗ്രാമപഞ്ചാത്തിൽ ആരംഭിക്കാൻ നടപടികൾ സ്വീകരക്കണം. സുപാരി വ്.വസായം തുടങ്ങിയവ ആരംഭിക്കാനുള്ള സാങ്കേദിക വിജ്ഞാനവും യൂണി റ്റുകൾ സ്ഥാപിക്കാനുള്ള സാമ്പത്തിക സഹായവും കണ്ടെത്തി നട്പിലാക്കണം.

8. ചതുപ്പ് നിലങ്ങളിലെ കമുക് കൃഷിക്ക് ഭീഷണിയായവെള്ളം നിയന്ത്രിക്കാൻ ജലനിർഗമന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനു വേണ്ട സാമ്പത്തി കസഹായം കൃഷിക്കാർക്ക് സ്വതന്ത്രമായോ ഗ്രൂപ്പായോ അനുവദിച്ചുനട്പ്പാക്കുക.

9. കമുക് തോട്ട്ങ്ങളിലെ വർദ്ധിച്ച അമ്ലനില വാരം നിയന്ത്രിക്കുന്നതിന് സൗജന്യനിരക്കിൽ വ്യാപകമായി കുമ്മായ വിതരണം നടത്തുക

10. ക്രമുകിൻ തോട്ടങ്ങളിൽ ഇടവിളകൃഷിക്ക് സാമ്പത്തികസഹായം അനുവദിക്കുക.

11. അനുയോജ്യമായ സ്ഥലങ്ങളിൽ വാനില കൃഷി, വെറ്റില കൃഷി മുതലായവ കമുകിൻ തോട്ട ങ്ങളിലെ അനുബന്ധകൃഷികളെന്ന നിലയിൽ നിർദ്ദേശങ്ങളും വിദഗ്ദ ഉപദേശങ്ങളും സാമ്പത്തീ കാനുകൂല്യങ്ങളും നൽകി പോഷിപ്പിക്കുകയും അത്തരം കൃഷികൾ വികസിപ്പിച്ചെടുക്കുകയും വേണം.

12. മഞ്ഞളിപ്പ് രോഗം ബാധിച്ച കവുങ്ങുകൾ രോഗ വിമുക്തമാക്കാൻ കഴിയില്ലായെന്ന വിദഗ്ധ ന്മാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവ അടിയന്തിരമായി മുറിച്ചു നീക്കുന്നതിന് കൃഷി ക്കാരെ പ്രേരിപ്പിക്കുകയും അവർക്ക് അർഹമായ നഷ്ടപരിഹാരം നല്കണം

കുരുമുളക്

കോടഞ്ചേരി പഞ്ചായത്തിൽ വ്യാപകമായ തോതിൽ കൃഷിചെയ്ത് വന്നിരുന്ന് പ്രധാന ധനാ ഗമ മാർഗ്ഗമായ കുരുമുളക് കൃഷി ദ്രുതവാട്ടത്തിൽ പെട്ട് നാമവാശേഷമായിരുക്കുകയാണ്. എങ്കിലും ലഭ്യമായ കണക്കനുസരിച്ച് 325 ഹെക്ടർ സ്ഥലത്ത്

ആ കൃഷി ഇന്ന് നിലവിലുണ്ട്. ധ്രുതവാട്ട രോഗത്തെ കാര്യക്ഷമമായി നിയന്ത്രിക്കാൻ കഴിഞ്ഞാൽ വിദേശനാണ്യം നേടിത്തരുന്ന 'കറുത്ത പൊന്നിന്റെ' കൃഷി പുനർജീവിപ്പിക്കാൻ കഴിയും. സാർവ്വത്രികമായി ഉപയോഗിച്ചുവരുന്ന കുരുമുളകിന്റെ കഷി നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

പ്രശ്നങ്ങൾ

1. കുരുമുളകിനെ ബ്ധിക്കുന്ന ധ്രുതവാട്ട രോഗം, കൊച്ചില രോഗം, പൊള്ളുരോഗം എന്നിവ മൂലം ഉല്പാദനം ഗണ്യമായി കുറയുന്നുണ്ട്. കൃഷിനാശവും വൻതോതിൽ സംഭവിക്കുന്നുണ്ട്.

2. അമിതമായ രാസവളപ്രയോഗം, അശാസ്ത്രീയമായ പരിചരണരീതി ഇവ കൃഷിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

3. കൃഷിയിടത്തിലെ ജലനിർഗമന പ്രവർത്തനങ്ങളുടെ പോരായ്മ മൂലവും കൃഷി നശിക്കുന്നുണ്ട്.

4. കുരുമുളകിന് കലോചിതമായ വിലനിലവാരം നിലവില്ലാത്തതിനാൽ കൃഷിയിൽ താല്പര്യം കുറഞ്ഞുവരുന്നു.

പരിഹാര മാർഗ്ഗങ്ങൾ

1. ധ്രുതവാട്ടം മുതലായ മാരകരോഗങ്ങൾ തടയുന്നതിന് ഫലപ്രഥമായ പ്രതിവിധികൾ കണ്ടെത്തി നടപ്പാക്കുക.

2. ശാസ്ത്രീയമായ രീതിയിൽ കൃഷിപരിപാലനം നടത്തുന്നതിന് ബോധവൽക്കരണം നടത്തണം.

3. ജലനിർഗമന മാർഗ്ഗങ്ങൾ സുഗമമായി നടത്തുന്നതിനാവശ്യമായ സാങ്കേതിക ഉപദേശങ്ങളും സാമ്പത്തിക സഹായവും അനുവദിക്കുക.

4. കുരുമുളക് സംരക്ഷമത്തിനും കീടനശീകരണത്തിനും ആവശ്യമായ മരുന്നുകളും രാസവസ്തുക്കളും വളവും സബ്സിഡി നിരക്കിൽ വിതരണംചെയ്യുക

5. നാശോന്മുഖമായ കുമുളകു കൃഷി പഞ്ചായത്തിൽ നിലനിർത്തുന്നതിന് വിള ഇൻഷ്വറൻസ് ഗവൺമെന്റ് ചിലവിൽ നടപ്പിലാക്കണം.

6. കുരുമുളകിന്റെ ശാസ്ത്രീയമായ സംസ്കരണത്തിനും സംഭരണത്തിനും ആവശ്യമായ ബോധവൽക്കരണവും വേണ്ട ഉപകരണങ്ങളും ഉദാരമായി നൽകണം. സ്പൈസസ് ബോർഡിന്റെ പ്രത്യേക ശ്രദ്ധയും കൃഷിവികസന പദ്ധതികളും ഈ പഞ്ചായത്തിൽ ധ്രുതഗതിയിൽ നടപ്പിലാക്കണം.

7. രോഗം ബാധിച്ച കുരുമുളകു തോട്ടത്തിൽ ആവർത്തനകൃഷി നടത്താൻ വേണ്ടിയും പുതുകൃഷി ന്ടത്തേണ്ട സ്ഥലങ്ങളിൽ പുതുകൃഷി നടത്താൻ വേണ്ടിയും നിലവിലുള്ള സ്കീം ഈ പഞ്ചായത്തില്ഡ ഊർജ്ജിതമായി നടപ്പിലാക്കണം.

കൊക്കോ

ഈ പഞ്ചായത്തിൽ ഏതാണ്ട് 180 ഹെക്ടറോളം സ്ഥലത്ത് ഇടവിളയായി കഴിഞ്ഞ 20 വർഷമായി ചെയ്തുവരുന്ന ഒരു കൃഷിയാണിത്. കേരളത്തിൽ ഏറ്റവും അനുയോജ്യമായ കാലാവസ്ഥയാണ് കൊക്കോകൃഷിക്ക് ഈ പ്രദേശത്തിനുള്ളത്. തെങ്ങ് കമുക് എന്നീകൃഷികൾക്കിടയിൽ ഇടവിളയായി കൃഷിചെയിത് ഈ കൃയി വികസിപ്പിക്കാൻ സാധ്യത ഈ പ്രദേശത്തിനുണ്ട്. ക്രയാലോ, ഫോസ്കീറോ എന്നീ ഇനങ്ങൾ ഉണ്ടെങ്കിലും ഫോസ്കീറോ ഇനമാണ് പ്രധാനമായും ഈ പഞ്ചായത്തിലുള്ളത്.

പ്രശ്നങ്ങൾ

1 കർഷകർക്ക് ന്യായമായ വില കൊക്കോയ്ക്ക് ലഭ്യമാകുന്നില്ല.

2. അണ്ണാൻ, എലി എന്നിവയുടെ ശല്യം വളരെ കൂടുതലാണ്. അവ കൊക്കോകായ്കളെ തിന്നു നശിപ്പിക്കുന്നു.

3. കായ്ചീയൽ രോഗം ഈ കൃഷയെ സാരമായി ബാധിച്ചിട്ടുണ്ട്.

4. കൃഷിസ്ഥലങ്ങളിൽ ജലസേചനം നിലവിലില്ലാത്തത് ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

5. വിപണനരംഗത്ത് ആരോഗ്യകരമായ മത്സരം നിലവിലില്ലാത്തത് ഉൽപ്പാദനത്തെ സാരമായി ബാധിക്കുന്നു.

6. സർക്കാർ തലത്തിൽ സംഭരണ ഡിപ്പോകളോ സംസ്കരണശാലകളോ അനുബന്ധവ്യവസായങ്ങളേ ഈ പ്രദേശത്തില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. രോഗകീട നിയന്ത്രണങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉപാധികളും സൗജന്യമായി കൃഷിക്കാരന് ലഭ്യമാക്കുക.

2. ജലസേചനത്തിന് പമ്പുസെറ്റ്, കുളം, കിണർ, ഇലക്ട്രിസിറ്റി കണക്ഷൻ എന്നിവ സൗജന്യമായി നൽകുക.

3. മാർക്കറ്റിങ്ങ് സംവിധാനം മെച്ചപ്പെടുത്തുക

4. കൊക്കോക്കുരു വാങ്ങുന്നതിനും അനു

ബന്ധ വ്യവസായങ്ങൾ തുടങ്ങുതിനും ഗവൺമെന്റ് തലത്തിൽ സംവിധാനമുണ്ടാക്കി വിപണനരംഗത്തെ കുത്തക അവസാനിപ്പിച്ച് കൃഷിക്കാരന് ന്യായവില ലഭ്യമാക്കുക. കൊക്കോത്തോട്, പാള എന്നിവ ഉപയോഗിച്ചുള്ള കാലിത്തീറ്റനിർമ്മാണയൂണിറ്റുകൾ സ്ഥാപിച്ചും തൊഴിലവസരങ്ങൾ സഷ്ടിക്കാവുന്നതാണ്.

കശുമാവ്

ഈ പഞ്ചായത്തിൽ മുൻകാലങ്ങളിൽ വളരെക്കൂടുതലായും, കാലപ്പഴക്കത്തിൽ കുറഞ്ഞുപോയതുമായ കൃഷിയാണ് കശുമാവ്. ഇവിടുത്തെ മലനിരകളിലും പാറക്കെട്ടുകളും മണ്ണും ഇടകലർന്ന ഭാഗങ്ങളിലും മെച്ചപ്പെട്ട ഫലപുഷ്ടി ഇല്ലാത്ത മറ്റ് ഭാഗങ്ങളിലും ഇപ്പോൾ ഈ കൃഷി നിലവിലുണ്ട്. വൻതോതിൽ തോട്ടമായിട്ടുള്ള കൃഷി ഈ പഞ്ചായത്തിൽ ഇല്ലെങ്കിലും ഒരു ഹെക്ടറിൽ താഴെയുള്ള കർഷകർ പലരും വിവിധ ഭാഗങ്ങളിലായി ഈ കൃഷിയിൽ വ്യാപൃതരായിട്ടുണ്ട്. കൂടാതെ പല കർഷകരും സ്വന്തം പുരയിടങ്ങളിൽ അവിടവിടെയായും ഈ കൃഷി ചെയ്തു വരുന്നുണ്ട്.

പ്രശ്നങ്ങൾ

1. നല്ലയിനം കായ്ഫലമുള്ളതും വലിയ കശുവണ്ടി ലഭിക്കുന്നതുമായ ഇനങ്ങളുടെ ലഭ്യത കുറവ്.

2. പൂകരിച്ചിൽ മൂലമുണ്ടാകുന്ന ഉൽപാദന കുറവ്.

3. വില്പന സമയത്തുള്ള വിലക്കുറവ്.

4. കശുവണ്ടി ഉപയോഗിച്ചുള്ള വ്യവസായങ്ങളുടെ അഭാവം.

പരിഹാര മാർഗങ്ങൾ

1.ഏറ്റവും മികച്ച അത്യുല്പാദന ശേഷിയുള്ള കശുവണ്ടിയും തൈകളും കൃഷിവകുപ്പ് മുഖേന വിതരണം നടത്തണം.

2. പൂകരിച്ചിൽ മൂലം കശുവണ്ടിയുടെ ഉൽപാദനം കുറയാതിരിക്കാൻ വേണ്ടി കശുമാവിന് തളിക്കാനുള്ള മരുന്നുകളും കീടനാശിനികളും സൗജന്യമായി യഥാസമയം വിതരണം നടത്തണം. രാസവളങ്ങളും സബ്സിഡി നിരക്കിൽ അനുവദിക്കണം.

3. വിളവ് ലഭ്യമാകുന്ന സമയത്ത് കശുവണ്ടിക്ക് സർക്കാർ തലത്തിൽ സമയബന്ധിതമായി ഏറ്റവും ഉയർന്ന വില നിശ്ചയിച്ചാൽ ഈ രംഗത്തുള്ള കർഷകർക്ക് അത് ആശ്വാസകരമാണ്.

4. കശുവണ്ടി ഉപയോഗിച്ചുള്ള വ്യവസായ സംരംഭങ്ങൾ പഞ്ചായത്തലത്തിൽ ആരംഭിക്കുന്നത് കൃഷി വ്യാപിപ്പിക്കുവാനും കർഷകർക്ക് മെച്ചപ്പെട്ട വില കിട്ടാനും സഹായകമാവും.

5. കശുവണ്ടിയുടെ കള്ളകടത്ത് നിർബന്ധമായും തടയണം.

വാഴ

കോടഞ്ചേരി പഞ്ചായത്തിൽ ഏതാണ്ട് എല്ലാ വീട്ടുവളപ്പിലും സമൃദ്ധിയായി കൃഷി ചെയ്യുന്ന ഒരു ഫലകൃഷിയാണ് വാഴ. പല ഇനങ്ങളിലായി ഏതാണ്ട് 325 ഹെക്ടർ സ്ഥലത്ത് ഈ കൃഷി നിലവിലുണ്ട്. ഏത്തവാഴ, പൂവൻവാഴ, റോബസ്റ്റ് എന്നീയിനങ്ങൾ തോട്ടകൃഷി രീതിയിലും മൈസൂർ പൂവൻ, കണ്ണൻ, കദളി, കാളി, ചുണ്ടില്ലാ കണ്ണൻ,ഞാലിപ്പൂവൻ, ചെങ്കദളി മുതലായ പാരമ്പര്യമായി ചെയ്തുവരുന്ന നാടൻ ഇനങ്ങൾ കുറേ കൂശ്ശയായും കൃഷി ചെയ്തു വരുന്നു. ഈ കൃഷി വളരെയധികം വ്യാപിപ്പിക്കാനുള്ള സാദ്ധ്യതകൾ ഈ പ്രദേശത്തുണ്ട്. പറ്റിയ കാലാവസ്ഥയും അനുയോജ്യമായ ഭൂപ്രകൃതിയുമാണ്. സ്വന്തം ആവശ്യത്തിനും വിപണനം ലക്ഷ്യമാക്കിയും ഈ ഇനങ്ങൾ കൃഷിചെയ്തു വരുന്നു.

പ്രശ്നങ്ങൾ

1. ഓരോ ഇനത്തിലും നല്ല ഇനം നടീൽ വസ്തുക്കൾ ലഭ്യമല്ലാത്തതിനാൽ കൃഷിയിൽ ഉൽപാദനകുറവും, വികസന മുരടിപ്പും അനുഭവപ്പെടുന്നു.

2. മുഖ്യമായും മഴയെമാത്രം ആശ്രയിച്ച് ചെയ്യുന്ന കൃഷിയായതിനാൽ വേനൽക്കാലത്ത് വിള സംരക്ഷണം സാധിക്കുന്നില്ല.

3. പൂവൻ, നേന്ത്രപ്പഴ, മൈസൂർ പൂവൻ എന്നിവക്ക് മാരകമായി ബാധിക്കുന്ന മണ്ടയടപ്പും കരിക്കിൻ രോഗവും കൃഷിക്ക് വൻഭീഷണിയാണ്.

4. പ്രകൃതി ക്ഷോഭങ്ങളിൽപ്പെട്ട് എല്ലാ വർഷവും കനത്ത തോതിൽ കൃഷിക്കാർക്ക് നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് കൃഷിക്കാരന് താങ്ങാനാവുന്നില്ല.

5. പ്രധാന വിളവെടുപ്പ് സമയത്ത് കൃഷിക്കാരന് ന്യായമായ വില കിട്ടാറില്ല.

പരിഹാര മാർഗങ്ങൾ

1. നല്ല ഇനം നടീൽ വസ്തുക്കൾ കൃഷിക്കാരനു വിതരണം നടത്താൻ പഞ്ചായത്തലത്തിൽ സംവിധാനമുണ്ടാക്കണം.

2. കൃഷി ഗവേഷണ കേന്ദ്രങ്ങളിൽ വികസിപ്പിച്ചെടുത്ത രോഗപ്രതിരോധ ശക്തിയുള്ള വിത്തിനങ്ങൾ വിതരണം ചെയ്യുക വഴിയും ഫലപ്രദമായ കീടരോഗ നിയന്ത്രണങ്ങൾ വഴിയും മാരകരോഗങ്ങളായ കുമ്പടപ്പും കരിക്കിൻ കീടബാധയും നിയ

ന്ത്രിക്കുന്നതിന് ഗ്രാമപഞ്ചായത്തു മുഖേന സംവിധാനമുണ്ടാക്കണം.

3. വിത്തും വളവും കീടനാശിനിയും സൗജന്യനിരക്കിൽ നല്കണം.

4. സ്വകാര്യവ്യക്തികൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നിയന്ത്രണമില്ലാതെ ഇറക്കുമതി ചെയ്യുന്ന രോഗം ബാധിച്ച വിത്തിനങ്ങളുടെ വിതരണം തടയണം.

5. കാറ്റ്, പ്രകൃതി ക്ഷോഭം മുതലായവ വഴി വാഴകൃഷിക്ക് വരുന്ന നഷ്ടത്തിന് പരിഹാരം കൃഷിക്കാരന് ഗ്രാമപഞ്ചായത്ത് മുഖേന നൽകണം.

6. സൗജന്യ ഇൻഷുറൻസ് പദ്ധതി വാഴ കൃഷിക്കും ബാധകമാക്കണം.

7. കൃഷിക്കാരന് ന്യായവില ലഭ്യമാക്കുന്നതിന്, ഹോർട്ടികൾച്ചറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പോലെയുള്ള സ്ഥാപനങ്ങൾ മുഖേന സംഭരണ വിതരണം നടത്തുന്നതിന് യൂണിറ്റ് ഈ പഞ്ചായത്തിൽ സ്ഥാപിക്കുക.

8. ചിപ്സ് യൂണിറ്റ്, പഴസംസ്ക്കരണ കേന്ദ്രം എന്നിവ തുടങ്ങി കൃഷിക്കാരന് കൃഷി ലാഭകരമാക്കാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും പദ്ധതികളാവിഷ്ക്കരിക്കണം.

ഇഞ്ചി, മഞ്ഞൾ, കച്ചോലം

വിദേശ നാണ്യം നേടി തരുന്നതും ആഭ്യന്തര ഉപയോഗമുള്ളതുമായ ഈ കൃഷിയിനങ്ങൾ വ്യാപകമായി ഈ പഞ്ചായത്തിലുണ്ടായിരുന്നു. മൂടുചീയൽ മുതലായ മാരക രോഗങ്ങളും സ്ഥിരമായ ന്യായവില ലഭിക്കായ്കയും മൂലം ഇഞ്ചികൃഷിയിൽ നിന്നും മറ്റും കൃഷിക്കാർ പിൻവാങ്ങികൊണ്ടെയിരിക്കുന്നു.എങ്കിലും ഏതാണ്ട് 100 ഹെക്ടറോളം സ്ഥലത്ത് ഈ കൃഷി ഇപ്പോഴും ചെയ്തു വരുന്നുണ്ട്. ഇടവിളയായും തനി വിളയായും മേൽവിവരിച്ച ഇനങ്ങൾ കൃഷിചെയ്തു വരുന്നു.

പ്രശ്നങ്ങൾ

ഇഞ്ചിയെയലട്ടുന്ന പ്രധാന രോഗമാണ് മൂടുചീയൽ. ഇതിന് ഫലപ്രദമായ പ്രതിവിധി ലഭ്യമല്ല. വൻതോതിൽ മുതൽമുടക്കി കൃഷിയിറക്കി മിക്കവാറും പണികൾ പൂർത്തിയാക്കി ഇഞ്ചി വൾച്ചയുടെ ഘട്ടത്തിൽ എത്തുമ്പോഴാണ് കൃഷി പൂർണ്ണമായും രോഗം ബാധിച്ച് നശിക്കുന്നത്. അതുകൊണ്ട് കൃഷിക്കാരന് നികത്താനാവാത്ത സാമ്പത്തിക നഷ്ടമുണ്ടാവുന്നു. ഇതിനു യാതൊരു വിധ ആനുകൂല്യങ്ങളും നൽകാനുള്ള സംവിധാനം ഇന്ന് നിലവിലില്ല. ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കൃഷി നടത്തുന്ന നിർധന കർഷകർക്ക് കൃഷി നഷ്ടം കൊണ്ട് കടക്കെണിയിൽപ്പെടുന്നു. കൂടാതെ കച്ചോലത്തെയും മഞ്ഞളിനെയും ഇഞ്ചിയെയും ബാധിക്കുന്ന ഇലപ്പുള്ളി രോഗങ്ങളും വേരു ചീയൽ രോഗങ്ങളും നിലവിലുണ്ട്. ഫലപ്രദമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുന്നതിൽ കൃഷിക്കാരത്ജ്ഞരാണ്. ഈ കൃഷികളെ ബാധിക്കുന്ന കീടങ്ങളും നാശനഷ്ടം വരുത്തുന്നുണ്ട്. തണ്ടുതുരപ്പൻപുഴു ഇത്തരത്തിലുള്ള ഒരു പ്രധാന കീടമാണ്.

2. ഉൽപാദനശേഷിയുള്ളതും രോഗപ്രതിരോധ ശക്തിയുള്ളതുമായ വിത്തിനങ്ങൾ കൃഷിക്കാരുടെ ഇടയിൽ ലഭ്യമല്ല

3. ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ കൃഷിക്കാർ അവലംബിച്ച് കാണുന്നില്ല.

പരിഹാര മാർഗങ്ങൾ

1. രോഗപ്രതിരോധ ശക്തിയുള്ള നടീൽ വസ്തുക്കൾ ന്യായവിലക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കണം.

2. രോഗ- കീട നിയന്ത്രണത്തിനാവശ്യമായ രാസവസ്തുക്കൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

3. കൃഷിനാശം സംഭവിച്ച കർഷകർക്ക് ബാങ്ക്ലോൺ തവണകളായി അടക്കാനുള്ള ഉദാര സമീപനം സ്വീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

4. വിള ഇൻഷുറൻസ് ഈ കൃഷിക്ക് മെച്ചപ്പെട്ട നിലയിൽ ബാധകമാക്കണം. രോഗം കൊണ്ടും പ്രകൃതിക്ഷോഭം കൊണ്ടും മറ്റും നാശം വരുന്ന ഈ ഇനം കൃഷികൾക്ക് മുഴുവനും ഇത് ബാധകമാക്കണം.

5. ചുക്ക്, മഞ്ഞൾ, കച്ചോലം എന്നിവയുടെ വിപണനകേന്ദ്രം ഗ്രാമപഞ്ചായത്തു മുഖേന സഹകരണാടിസ്ഥാനത്തിൽ അനുവദിയ്ക്കണം.

പച്ചക്കറികൾ

ഈ പഞ്ചായത്തിൽ വളരെക്കാലം മുമ്പുമുത് പാവൽ, പടവലം, വെണ്ട, വഴുതിനങ്ങ, പച്ചമുളക്, ചീര, വെള്ളരി, മത്തൻ, കുമ്പളം, പീച്ചിങ്ങ, പയർവർഗങ്ങൾ മുതലായവ ധാരാളമായി കൃഷി ചെയ്ത് സ്വയം പര്യാപ്തത നേടിയിരുന്നു. എന്നാൽ തോട്ടവിളകളിലേക്ക് കർഷകരുടെ ശ്രദ്ധ തിരിഞ്ഞപ്പോൾ പച്ചക്കറികൃഷികൾ നാമമാത്രമായി. ഇപ്പോൾ പച്ചക്കറിയ്ക്ക് മാർക്കറ്റിനെ പൂർണ്ണമായും ആശ്രയിക്കേണ്ട ഒരവസ്ഥയാണുള്ളത്. എന്നാൽ ഈ കൃഷി ചുരുക്കമായി വിപണനാടിസ്ഥാനത്തിൽ ഇപ്പോഴും കൃഷിചെയ്യുന്നവർ ഈ പഞ്ചായത്തിലുണ്ട്. കൃഷി വികസിപ്പിച്ച് പഞ്ചായത്തിന്റെ പച്ച

ക്കറി ആവശ്യങ്ങൾ പൂർണ്ണമായും നിറവേകാവുന്ന അവസ്ഥ പുനഃസ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. അതിന് അനുകൂലമായ കാലാവസ്ഥയും തല്പരരായ കൃഷിക്കാരും ഇന്ന് ധാരാളം നിലവിലുണ്ട്.

പ്രശ്നങ്ങൾ

1. നല്ല ഇനം നടീൽ വസ്തുക്കളുടെ അഭാവം മുഖ്യപ്രശ്നമാണ്.

2. കീടങ്ങളുടെ ഉപദ്രവങ്ങളും രോഗങ്ങളും നിയന്ത്രണാധീനമല്ല. വളരെ വ്യാപകമാണ്.

3. ജലസേചനത്തിന്റെ അഭാവവും, മെച്ചപ്പെട്ട കൃഷിയെ ബാധിയ്ക്കുന്നു.

4. കൃഷിക്കാരന് ആധുനികകൃഷിരീതികളെപ്പറ്റിയുള്ള വേണ്ടത്ര പരിജ്ഞാനക്കുറവ് ഉല്പാദനത്തെ സാരമായി ബാധിയ്ക്കുന്നു.

പരിഹാരമാർഗങ്ങൾ

1. അത്യുല്പാദന ശേഷിയുള്ള എല്ലതരം നടീൽ വസ്തുക്കളും ന്യായ വിലയ്ക്ക് കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ നിന്ന് നേരിട്ടു വരുത്തി വിതരണം ചെയ്യാനുള്ള സംവിധാനം പഞ്ചായത്തിലുണ്ടാകണം.

2. കൃഷിയ്ക്കും സസ്യസംരക്ഷണത്തിനും ഡിപ്പാർട്ടുമെന്റിൽ നിന്നും വിദഗ്ദ്ധ ഉപദേശവും മറ്റും ലഭ്യമാക്കണം.

3. ജൈവകീടനാശിനികളും മിതമായ തോതിൽ രാസവസ്തുക്കളും പ്രയോഗിയ്ക്കാനുള്ള ശാസ്ത്രീയ ബോധവൽക്കരണവും നടപ്പിലാക്കണം.

4. ജലസേചനത്തിനും, രാസവളത്തിനും കൃഷിക്കാരന് സമ്പത്തിനും സഹായം ലഭ്യമാക്കണം.

5. വർദ്ധിച്ച തോതിൽ ഉല്പാദനമുണ്ടാക്കുമ്പോൾ കർഷകന് ന്യായമായ വില ലഭിയ്ക്കാനുള്ള മാർക്കറ്റിംഗ് സൗകര്യവും ഏർപ്പെടുത്തണം.

കിഴങ്ങുവർഗങ്ങൾ

ഈ പഞ്ചായത്തിൽ മുഴുവൻ കൃഷിക്കാരും പാരമ്പര്യമായി കൃഷി ചെയ്തു വരുന്ന ഒരു പ്രധാന കിഴങ്ങു വർഗമാണ് മരച്ചീനി (കപ്പ) കൂടാതെ ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, നനകിഴങ്ങ്, മധുരക്കിഴങ്ങ്, കൂർക്കാൻ മുതലായവയും മിക്ക കൃഷിക്കാരും ധാരാളമായി ചെയ്തുവരുന്നുണ്ട്. ഈ കൃഷിയിനങ്ങൾക്ക് താരതമ്യേന കീട-രോഗബാധ കുറവായിട്ടേ കാണുന്നുള്ളൂ. കീടനാശിനി പ്രയോഗവും രാസവളപ്രയോഗവും കുറഞ്ഞ ഈ കൃഷിയിനങ്ങൾ ആരോഗ്യത്തിന് ഒരു മുതൽക്കൂട്ടാണ്. അതിനാൽ തന്നെ ഈ കൃഷി കൂടുതൽ പ്രോത്സാഹിപ്പിയ്ക്കണം.

പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും

CPCRI, പുന മുതലായ ഗവേഷണകേന്ദ്രങ്ങളിൽ അത്യുല്പാദ ശേഷിയുള്ള കിഴങ്ങുവർഗങ്ങൾ ധാരാളം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവ ഇവിടുത്തെ കർഷകർക്കും ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തും ബന്ധപ്പെട്ട സ്ഥാപനങ്ങളും ശക്തമായ നടപടികൾ സ്വീകരിയ്ക്കണം.

തനതായി കൃഷിചെയ്യാൻ സ്ഥലപരിമിതിയുള്ളതിനാൽ ഇടവിളയായി കൃഷി ചെയ്യുന്നതിന് വേണ്ട പ്രോത്സാഹനവും സാമ്പത്തിക സഹായവും ലഭ്യമാക്കണം.

ഫലവർഗങ്ങൾ

പ്ലാവ്, മാവ്, ആത്തച്ചക്ക, ശീമപ്ലാവ്, സപ്പോട്ട, പേര, മുരിങ്ങ, വെണ്ണപ്പഴം, മുട്ടപ്പഴം, പപ്പായ, നാരകം, എന്നിവ മിയ്ക്കവാറും എല്ലാ പുരയിടങ്ങളിലും കൃഷിചെയ്തുവരുന്നു. തോട്ടവിളകൾ വ്യാപകമായപ്പോൾ ഫലവൃക്ഷങ്ങളുടെ കൃഷി ചുരുങ്ങി വരുന്നുണ്ട്.

വിളവെടുപ്പുകാലത്ത് ചക്കയും മാങ്ങയും മറ്റേതിനെക്കാളും ആവശ്യത്തിൽ കവിഞ്ഞ് ഉൽപ്പാദനമുള്ള ഇനങ്ങളാണ്. എങ്കിലും നിസാര വിലമാത്രമേ മറ്റ് സംസ്ഥാനങ്ങിലേക്ക് കയറ്റുമതി ചെയ്യുന്നതിൽ നിന്നും ലഭിയ്ക്കുന്നുള്ളൂ. ഈ പഴങ്ങളുപയോഗിച്ച് പഴസംസ്ക്കരണ കേന്ദ്രങ്ങൾ സ്ഥാപിയ്ക്കുവാനുള്ള വമ്പിച്ച സാദ്ധ്യതകൾ ഈ പഞ്ചായത്തിലുണ്ട്. അതിനാൽ നിർബന്ധമായും പഴവർഗങ്ങളുടെ ഒരു സംസ്ക്കരണ വിപണനകേന്ദ്രം ഈ പഞ്ചായത്തിൽ സ്ഥാപിയ്ക്കേണ്ടതാണ്.

കൂടാതെ ഈ ഫലവർഗങ്ങളുടെ നല്ലയിനം ജനുസ്സുകൾ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും, പഞ്ചായത്തടിസ്ഥാനത്തിൽ വരുത്തി കൃഷിക്കാർക്ക് വിതരണം ചെയ്യുവാൻ സംവിധാനമുണ്ടാക്കണം.

പൈനാപ്പിൾ

പൈനാപ്പിൾ കൃഷി ഈ പഞ്ചായത്തിൽ പരിമിതമായ രീതിയിൽ ഇന്ന കൃഷിചെയ്തുവരുന്നുണ്ട്. ഈ കൃഷിയ്ക്ക് വളരെ അനുയോജ്യമായ കാലാവസ്ഥയും ഭൂപ്രകൃതിയുമാണ് ഈ പഞ്ചായത്തിനുള്ളത്. റബ്ബർ തോട്ടങ്ങൾ, തെങ്ങിൻതോട്ടങ്ങൾ കവുങ്ങിൻ തോട്ടങ്ങൾ എന്നിവയിൽ ഇടവിളയായി ഈ കൃഷി വികസിപ്പിക്കാൻ പരമാവധി സാദ്ധ്യതകളുണ്ട്.

നല്ലയിനം നടീൽ വസ്തുക്കൾ, രാസവസ്തുക്കൾ, വളങ്ങൾ, ഹോർമോൺ തുടങ്ങിയവ കൃഷിക്കാരന് ലഭ്യമാക്കണം. കൂടാതെ ഈ കൃഷിയ്ക്ക്

സാമ്പത്തികമായ സഹായങ്ങളും നൽകണം. പഞ്ചായത്തിൽ ഒരു പഴവർഗ സംസ്കരണകേന്ദ്രം വരുന്നത് ഈ കൃഷിയ്ക്ക് വലിയ പ്രയോജനമാണ്.

സുഗന്ധവിളകൾ

ജാതി, ഗ്രാമ്പു, വാനില, കറുവപ്പട്ട, സർവ്വ സുഗന്ധി ഇവകൾക്ക് മെച്ചപ്പെട്ട കൃഷി സാദ്ധ്യത യുള്ള ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. കാലാ വസ്ഥ ഈ കൃഷികൾക്ക അനുയോജ്യമാണ്. ചെറിയ തോതിൽ പല കൃഷിത്തോട്ടങ്ങളിലും ഇവ കൃഷിചെയ്തുവരുന്നു.

ഈ കൃഷികൾ വ്യാപിപ്പിക്കാൻ നല്ല ഇനം തൈകൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽ നിന്നും കൃഷിക്കാർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരി യ്ക്കണം. കൂടാതെ വളങ്ങൾ, കീടനാശിനികൾ, രോഗനിവാരണ ഉപാധികൾ എന്നിവ സൗജന്യ നിര ക്കിൽ വിതരണം ചെയ്യുകയും, മെച്ചപ്പെട്ടതും ഗുണ മേന്മയുള്ളതും തദ്ദാര കയറ്റുമതിയ്ക്കു മതിയായ തുമായ ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിന്, വിദ ഗ്ധൻമാരുടെ ഉപദേശങ്ങളുണ്ടാവുകയും വേണം. സ്പൈസസ് ബോർഡിന്റെയും മറ്റും സത്വര ശ്രദ്ധ ഈ രംഗത്തുണ്ടാകണം.

എള്ള്, ധാന്യവർഗങ്ങളായ പയർ, മുതിര മുതലായവ

ഈ ഇനങ്ങൾ മുമ്പ് ധാരാളമായി കൃഷിചെ യ്തിരുന്നുവെങ്കിലും ക്രമേണ കറഞ്ഞുകുറഞ്ഞ് ഇപ്പോൾ നാമമാത്രമായി അവശേഷിച്ചിരിക്കുക യാണ്. പെട്ടെന്ന് ആദായം തരുന്ന ഇത്തരം ഹ്രസ്വ കാല കൃഷികൾക്ക് അനകൂലമായ കാലാവസ്ഥ യാണ് ഈ പ്രദേശത്തിനുള്ളത്. പ്രോത്സാഹനം കൊടുത്ത് വംശനാശത്തിൽ നിന്നും ഈ കൃഷിയെ രക്ഷിയ്ക്കേണ്ടത് ആവശ്യമാണ്. നല്ല ഇനം നടീൽ വസ്തുക്കളും വിത്തുകളും ഈ ഇനത്തിലും ലഭ്യ മാകണം.

ഔഷധസസ്യങ്ങളും പുഷ്പങ്ങളും

അടലോടകം, തുളസി, കൊടുവേലി, കുറു ന്തോട്ടി, അമൃത്, ആര്യവേപ്പ്, പനിക്കൂർക്ക, ചെത്തി, കയ്യൂണ്യം, ബ്രഹ്മി, താഴുതാമ, ശവം നാറി, കീഴാർനെല്ലി, തുടങ്ങിയ ഔഷധച്ചെടികൾ ഈ പഞ്ചാ യത്തിൽ അങ്ങിങ്ങായി വളരുന്നുണ്ട്. പ്രോത്സാഹനം കൊടുത്ത് ഈ ഇനങ്ങളെ കൃഷി അടിസ്ഥാനത്തിൽ നിലനിർത്തേണ്ടത് ആയുർവ്വേദ ഔഷധരംഗത്തെ ഒഴിച്ചുകൂടാൻ പറ്റാത്ത ആവശ്യ മാണ്. ശാസ്ത്രീയമായി വേണ്ട പ്രോത്സാഹനം കൊടുത്ത് ഈ ഇനങ്ങളെ നിലനിർത്താൻ പര്യാ പ്തമായ സ്കീമുകൾ ആവിഷ്കരിച്ച് നടപ്പിലാ ക്കാണം.

ആയുർവേദ ഔഷധ നിർമ്മാണങ്ങൾക്കാവ ശ്യമായ ഇത്തരം പച്ചമരുന്നുകളുടെയും മറ്റ് ഔഷധ നിർമ്മാണ ഇനങ്ങളുടെയും ശേഖരണത്തിനായി ആയുർവ്വേദ വകുപ്പിന്റെ സഹകരണത്തോടെ ഒരു സംഭരണശാല ഈ പഞ്ചായത്തിൽ തുറന്നാൽ മല യോര മേഖലയിലെ പച്ചമരുന്നു ചെടികളുള്ള ഒന്നാംതരം കേന്ദ്രമായി ഈ പഞ്ചായത്തിനെ മാറ്റി യെടുക്കാം.

കുറ്റിമുല്ല, മുല്ല, റോസ്, ചെമ്പരത്തി, ജമന്തി, ഓർക്കിഡുകൾ, ആന്തൂറിയങ്ങൾ എന്നിവ ഈ പഞ്ചാ യത്തിൽ പല സ്ഥലത്തും ചുരുങ്ങിയ തോതിൽ വളർത്തി വരുന്നുണ്ടെങ്കിലും ചിട്ടയായ രീതിയിൽ വാണിജ്യാടിസ്ഥാനത്തിൽ ഈ കൃഷിയെ വളർത്തിയെടുത്തിട്ടില്ല. ആധുനിക ജീവി തത്തിൽ വളരെയധികം ശ്രദ്ധ പിടിച്ചു പറ്റിയ ഒരു സംരംഭമാണിത്. ചുരുങ്ങിയ സ്ഥലത്ത് വൈദഗ്ദ്ധ്യ ത്തോടുകൂടി വളരെ ലാഭകരമായി നടത്താവുന്ന ഒരു സംരഭമാണിത്. ഈ കൃഷിയെ എല്ലാതര ത്തിലും പ്രോത്സാഹിപ്പിയ്ക്കണം.

പലവക

മുകളിൽ വിവരിച്ച കൃഷിയിനങ്ങൾക്കു പുറമേ, വാളം, പുളിമരം, കൊടംപുളിമരം, നെല്ലിമരം എന്നിവ ഭക്ഷ്യാവശ്യത്തിനായി വളർത്തുന്ന അനേകം കർഷകർ ഇവിടെയുണ്ട്. കൃഷിയക്ക് ചവ റുകൾ (പച്ചിലവളം) ചേർക്കുന്നതിനായി, ശീമ ക്കൊന്ന, മരുത്, വട്ട എന്നിവയും ചേലമര ങ്ങൾക്കായി കാറ്റാടിമരം മുതലായവയും കുരുമുള കിന്റെ കാലുകൾക്കായി മുരിക്ക് മറ്റ് പടുമരങ്ങൾ എന്നിവയും ധാരാളമായിട്ടുണ്ട്. കൂടാതെ ആഞ്ഞിലി, പ്ലാവ്, ഈട്ടി, തേക്ക്, മഹാഗണി, ഇരുൾ, മാഞ്ചിയം എന്നിവ വീടുപണിയാനും ഫർണ്ണീച്ചറു കളുണ്ടാക്കാനും പറ്റിയ നല്ലയിനം തടികൾ ലഭി യ്ക്കുന്ന ഇനങ്ങൾ എന്നനിലയിൽ അവയ്ക്ക് അതി പ്രാധാന്യം നൽകി പ്രത്യേകം നട്ടും നനച്ചും ശ്രദ്ധിച്ചും വളർത്തുന്നുണ്ട്.

കൂടാതെ, ഇല്ലി(മുള), ഈറ്റ, ചൂരൽ, ഓല യ്ക്കുവേണ്ടിയുള്ള കൊടംപന, പായനെയ്തിനുപ കരിക്കുന്ന കൈത എന്നിവയും പല സ്ഥലങ്ങളിലും സംരക്ഷിച്ചു വളർത്തുന്നുണ്ട്. ഇവയെ അടിസ്ഥാ നപ്പെടുത്തിയുള്ള തൊഴിൽശാലകൾ പഞ്ചായ ത്തിൽ സ്ഥാപിച്ചു പ്രവർത്തിയ്ക്കണം.

കർഷകരും പൊതു പ്രശ്നങ്ങളും നിർദ്ദേശങ്ങളും

13 വാർഡുകളുള്ള ഈ പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന ഓമശ്ശേരി ഈങ്ങാപ്പുഴ

റോഡിന്റെ ഏതാണ്ട് 12 കി.മീ റോഡല്ലാതെ ടാറിട്ടു പൂർണ്ണമായും ഗതാഗത യോഗ്യമായ നല്ല റോഡുകൾ ഇല്ലാത്തതിനാൽ കർഷകർക്ക് അവരുടെ സാധനങ്ങൾ (ഉല്പന്നങ്ങൾ) തക്കസമയത്ത് വേണ്ട വിധത്തിൽ ലക്ഷ്യസ്ഥാനത്തിലെത്തിയ്ക്കാനും, ദൈനദിന ആവശ്യങ്ങൾക്ക് യാത്ര ചെയ്യാനും വളരെ പ്രയാസമാണ്. റോഡുകളുടെ സ്ഥിതി വളരെ പരിതാപകരമാണ്. വാഹനങ്ങൾ കുണ്ടിലും കുഴിയിലും ചാടിച്ച് വലിയ അപകടസ്ഥിതി തരണം ചെയ്തു വേണം രോഗികളെപ്പോലും ആശുപത്രിയിൽ എത്തിയ്ക്കാൻ. റോഡിന്റെ കാര്യത്തിൽ ഈ ശോചനീയാവസ്ഥയുള്ള മറ്റ് പഞ്ചായത്തുകൾ വിരളമായിരിയ്ക്കും. നല്ല ഗതാഗതയോഗ്യമായ റോഡ് ഇവിടുത്തെ ഭൂരിപക്ഷം വരുന്ന കർഷക കുടുംബങ്ങൾക്ക് ഏറ്റവും ആശ്വാസകരമായതിനാൽ യുദ്ധ കാലടിസ്ഥാനത്തിൽ അവയുടെ നിർമ്മാണം ത്വരിതപ്പെടുത്തണം.

പച്ചക്കറികൾക്കും മറ്റ് പ്രത്യേക ഇനങ്ങൾക്കുമായി ഒരു പൊതുമാർക്കറ്റ്- അഥവാ ചന്ത സമ്പ്രദായം ഈ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

കർഷകന് സ്വന്തം കൃഷിഭൂമിയിൽ നിന്ന് നട്ടും നനച്ചും വളർത്തിയ മരങ്ങൾ സ്വന്താവശ്യത്തിനും മറ്റും മുറിച്ചെടുക്കുന്നതിന് ഇപ്പോഴുള്ള ബുദ്ധിമുട്ടുകൾ ഏറെയാണ്. തേക്ക്, ഈട്ടി, ഇരുൾ, തുടഹ്ങി മുറികയ്ക്കുന്നതിന് നിയന്ത്രണങ്ങളുള്ള മരങ്ങളും അല്ലാത്ത മറ്റ് മരങ്ങളും സ്വന്തം കൃഷിഭൂമിയിൽ നിന്ന് മുറിയ്ക്കണമെങ്കിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ പ്രത്യേക അനുമതി വാങ്ങണം. ഇതിന് വില്ലേജാഫീസിൽ നിന്നും റെയിഞ്ചർ ഓഫീസിൽ നിന്നും DFO ഓഫീസിൽ നിന്നും മറ്റും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ വാങ്ങണം. ഇതിന് പാവപ്പെട്ട കർഷകർ അനേക ദിവസങ്ങൾ ബുദ്ധിമുട്ടേണ്ടിവരുന്നു. ഇപ്പോൾ മരം മുറിയ്ക്കാൻ ജില്ലാ കലക്ടർമാരുടെ മുൻകൂർ അനുവാദം കൂടി വാങ്ങണമെന്ന നിയമം കർഷകരെ "കൂനിന്മേൽ കുരുപോല" അലട്ടുന്നു. രേഖകളുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തിയ ശേഷം വില്ലേജാഫീസിൽ നിന്നും നൽകുന്ന് കൈവശ രേഖകളും സർട്ടിഫക്കറ്റുകളും വാങ്ങി ആവശ്യമെങ്കിൽ ആ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തു പ്രസിഡണ്ടിന്റെ അറിവോടെടോ ശുപാർശയോയെയോ, വളർച്ച മുരടിച്ചതും കൃഷിക്ക് ഹാനികരമായതും, നാശം തുടങ്ങിയതുമായ ഏതിനം മരങ്ങളും ജീവനും വീടിനും ഭീഷണിയായി വളരുന്ന മരങ്ങളും മുറിച്ചുപയോഗിക്കാനും, ഫർണ്ണീച്ചറുകൾ, മര ഉരുപ്പടികൾ എന്നിവയാക്കാനും അവ യഥേഷ്ടം നിർദ്ദിഷ്ട സ്ഥാനങ്ങളിലേക്ക് കൊണ്ടുപോകാനും ഉടനടി പരിഹാരമുണ്ടാക്കണമെന്നുള്ള ഇവിടുത്തെ കർഷകരുടെ താല്പര്യം സംരക്ഷിക്കാൻ നടപടികളുണ്ടാകണം. ഫോറസ്റ്റ് സംരക്ഷണത്തിന്റെ പേരിൽ കർഷകൻ ചൂഷണം ചെയ്യപ്പെടരുത് - വനനശീകരണത്തിനെതിരേ - ആരായാലും- നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് കർഷകർ താല്പര്യക്കാരാണ്. വനസംരക്ഷണത്തിൽ വകുപ്പുദ്യോഗസ്ഥന്മാരുടെ ശ്രദ്ധ കൂടുതൽ പതിയണം.

കോടഞ്ചേരി വില്ലേജ് പൂർണ്ണമായും കൂടത്തായി വില്ലേജിന്റെ ഏതാനും ഭാഗങ്ങളും നെല്ലിപ്പൊയിൽ വില്ലേജ് പൂർണ്ണമായും ഉൾപ്പെട്ടതാണ് കോടഞ്ചേരി പഞ്ചായത്ത്. ഈ പഞ്ചായത്തിന്റെ പുറമ്പോക്കുഭൂമികളിൽ വൃക്ഷത്തൈകൾ വെച്ചുപിടിപ്പിയ്ക്കാവുന്ന മുഴുവൻ സ്ഥങ്ങളിലും പ്ലാവ്, മാവ് മുതലായ ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചാൽ കാലക്രമേണ ഫലവർഗങ്ങളുടെയും, നല്ല തടികളുടെയും ലഭ്യതയും പഞ്ചായത്തു തല്വരുമാനവും വർദ്ധിയ്ക്കുന്നു. റോഡിന്റെ ഇരുവശങ്ങളിലും സൗകര്യമുള്ളിടത്തൊക്കെ ഇത്തരം മരങ്ങൾ വെച്ചുപിടിപ്പിയ്ക്കുന്നത് മഴമരത്തേക്കാളും അക്കേഷ്യയെക്കാളും കാറ്റാടി മരത്തെക്കാളുമൊക്കെ കൂടുതൽ പ്രയോജനം ലഭിയ്ക്കുന്നു. വഴിയോരങ്ങളിൽ തണൽ ലഭ്യതയക്കും ഉപരിക്കുന്നു. കർഷകഗ്രാമത്തിന്റെ തനിമയ്ക്ക് മാറ്റുകൂട്ടാനും ഇത് പര്യാപ്തമാണ്. പ്ലാവില നല്ല കന്നുകാലി അഹാരവുമാണ്.

ഈ പഞ്ചായത്തിലെ കർഷകരിൽ അർഹിയ്ക്കുന്നവർക്ക് അംഗീകരം നൽകി ആദരിയ്ക്കുന്ന നടപടി പഞ്ചായത്തുതലത്തിൽ നടപ്പാക്കണം. മികച്ച കൃഷികൾ മാതൃകാപരമായി ചെയ്യുന്ന കർഷകരെ അവാർഡ് നൽകി പ്രോത്സാഹിപ്പിയ്ക്കുന്ന നടപടി കാർഷിരംഗത്ത് പുതിയ ഉണർവ് സൃഷ്ടിയ്ക്കാനുതകും.

വികസനത്തിന്റെ മുഖ്യപാത - ആസൂത്രണവും സ്ഥിരോത്സാഹവും ലക്ഷ്യബോധവും തന്നെ.

കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രം, സ്പൈസസ് ബോർഡ്, കൃഷിവകുപ്പ്, റബ്ബർ ബോർഡ്, നാളികേരബോർഡ്, ജലസേചനവകുപ്പ്, സോയൽകൺസർവേഷൻ വകുപ്പ്, ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ബാങ്കുകൾ, എന്നീ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും സഹകരണത്തോടെ കൂട്ടായ ശ്രമം നടത്തിയാൽ കൃഷിയിൽ ഈ മലയോര ഗ്രാമം അവർണ്ണനീയമാംവിധം മാറ്റപ്പെടും. കാർഷികരംഗത്ത് വിപ്ലവാത്മകമായ ചലനം സൃഷ്ടിയ്ക്കാനും ഈ നീക്കത്തിന് കഴിയും.

ജൈവവള വികസനം

നിരന്തരമായ രാസവളപ്രയോഗത്തിലൂടെ മണ്ണിന്റെ ജൈവിക സ്വഭാവം നഷ്ടമായിരിക്കുന്നു. ഈ സാഹചര്യത്തിൽ ജൈവവളസങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി പച്ചില വളച്ചെടികളുടെ കൃഷികൾ വികസിപ്പിക്കണം. കൂടാതെ മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കുന്നതിനും, കമ്പോസ്റ്റ് കുഴികൾ നിർമ്മക്കുന്നതിനും ആവശ്യമായതുക കർഷകർക്ക് സബ്സിഡിയായി നൽകുകയും ആവശ്യമായ ശാസ്ത്രസാങ്കേതിക വിദ്യകൾ എത്തിച്ചുകൊടുക്കുകയും ചെയ്യുക.

നീർമറി വികസനം

ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടി ഒഴുകുന്ന പുഴകളുടെ കാച്ചമെന്റ് എരിയ ഉൾപ്പെടുത്തി സമഗ്രമായ നീർമറി വികസനപദ്ധതികൾക്ക് രൂപം നൽകി പഞ്ചായത്തിലെ മുഴുവൻ കൃഷിസ്ഥലവും ഈ നീർമറി വികസന പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരണം.

കാർഷിക ശാസ്ത്ര സങ്കേതങ്ങൾ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കൽ

കാർഷിക രംഗത്ത് ഉണ്ടാകുന്ന ശാസ്ത്ര സാങ്കേതി അറിവുകൾ കർഷകരുടെ ഇടയിൽ എത്തിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും രണ്ടുവർഡുകൾക്ക് ഒരു കൃഷി അസിസ്റ്റന്റിന്റെ സേവനം ലഭ്യമാക്കണം. കർഷകർക്ക് ഗവേഷണ ശാലകളും ഗവേഷണ തോട്ടങ്ങളും കണ്ടുപഠിയ്ക്കുന്നതിന് അവസരങ്ങൾ ലഭ്യമാക്കണം.

വളരെ വിസ്തൃതമായ കോടഞ്ചരി ഗ്രാമപഞ്ചായത്തിലെ ഏഴായിരത്തോളം വരുന്ന കർഷകർക്ക് കോടഞ്ചേരിയിൽ പ്രവർത്തിച്ചു വരുന്ന കൃഷി ഭവനുമായി ബന്ധപ്പെടുന്നതിന് കടുത്ത അസൗകര്യങ്ങൾ ഉള്ളതിനാൽ കോടഞ്ചേരി കൃഷിഭവൻ വിഭജിച്ച് നെല്ലിപ്പൊയിൽ ആസ്ഥാനമായി പുതിയ കൃഷിഭവൻ ആരംഭിക്കണം.

പദ്ധതികളുടെ നടത്തിപ്പും മേൽനോട്ടവും

കാർഷികമേഖലയുടെ സമഗ്ര പുരോഗതിക്കായി നിർദ്ദേശിച്ച പദ്ധതികൾ നടപ്പാക്കുന്നതിന് കോടേഞ്ചേരി ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും മേൽനോട്ടമുണ്ടാകുകയും പരമാവധി ജനപിന്തുണ പദ്ധതികൾക്ക് ലഭ്യമാക്കുകയും വേണം.

പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ മൂലധനം ലഭ്യമാക്കുന്നതിന് നമ്മുടെ പഞ്ചായത്തിലെ ഭാരതീയ സ്റ്റേറ്റ് ബാങ്ക്, സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, സർവ്വീസ് സഹകരണ ബാങ്ക്, കാർഷിക വികസനബാങ്ക് എന്നിവയുടെ കാർഷികമേഖലയിലെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. കർഷകർക്ക് ലഭ്യമാകുന്ന കാർഷിക വായ്പകളിൽ 50 % സബ്സിഡിയും 40% തിരിച്ചടക്കേണ്ട വായ്പയായും 10% കർഷകരുടെ വിഹതമായും മുതൽമുടക്കേണ്ടതാണ്. കർഷതൊഴിലാളികൾക്ക് സൗജന്യ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കണം.

മേൽ നിർദ്ദേശപ്രകാരം പദ്ധതികൾ ആവഷ്കരിച്ച് നടപ്പിലാക്കുമ്പോൾ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ കാർഷികമേഖലയിൽ വികസനത്തിന്റെ ഉജ്ജ്വല നേട്ടം കൈവരിക്കാനും അതുവഴി കാർഷിക വ്യവസായിക വിപണന മേഖലകളിൽ അനേകം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും ഈ പദ്ധതികൾക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ജലസേചനം

ദീർഘകാല വിളകളായ നാണ്യവിളകൾക്ക് ജലസേചനത്തിന്റെ അഭാവത്തിൽ വളരെയേറെ ഉൽപ്പാദനം കുറയുന്നുണ്ട്. ഈ പഞ്ചായത്തിലൂടെ ഒഴുകന്ന പുഴകളിൽ ചെറു ഡാമുകൾ നർമ്മിച്ച് ജലസേചനം നടത്താവുന്നതാണ്.

RCB കളിൽ നിന്ന് ജലസേചനം നടത്തുന്നതിന് കനാലുകൾ നിർമ്മിക്കണം.

ജലസേചനത്തിന് ആധുനിക സാങ്കേതിക വിദ്യകളായ സ്പ്രിംങ്ക്ളർ, ഡ്രിപ്പ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കണം. ആവശ്യമായ വായ്പകൾ സബ്സിഡിയോടുകൂടി നൽകണം. പനങ്കയം മിനി ജല പദ്ധതി പൂർത്തീകരിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുക. ചെമ്പുകടവ് മിനി ജലവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉദ്ദേശം 1000 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനുള്ള പദ്ധതികൾ ഉണ്ടായിരുന്നു. മേൽ പറഞ്ഞ പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കണം.

കൂടതെ ജലസേചന ആവശ്യത്തിനായി കുളങ്ങൾ, കുഴൽകിണറുകൾ എന്നിവ കുഴിക്കുന്നതിന് കർഷകർക്ക് 50% സബ്സിഡിയോടുകൂടി വായ്പകൾ അനുവദിയ്ക്കുക.

കാർഷികാവശ്യത്തിന് വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനും നിലവിലുള്ള സിങ്കിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനുകൾ ആക്കുന്നതിനും മുൻഗണന നൽകുക.

നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങൾ, കിണറുകൾ എന്നിവ പുനരുദ്ധരിച്ച് എന്നിവ ജലസേചനത്തിന് ഉപയുക്തമാക്കുന്നതിന്. കർഷകർക്ക് പൂർണസബ്സിഡിയോടു കൂടിയ വായ്പകൾ അനുവദിക്കുക.

ജലസേചനം

പട്ടിക 1

ക്രമനമ്പർ	പുഴയുടെ പേര്	ചെക്ക് ഡാമുകൾ നിർമ്മിക്കാവുന്ന സ്ഥലങ്ങൾ
1	ഇരുവഞ്ഞിപ്പുഴ	ചക്കനാരി
2	do	പുല്ലൂരാംപാറ
3	do	ഇലത്തുകടവ്
4	do	മാവാതുക്കൽ
5	do	നാരങ്ങാത്തോട്
6	do	കണ്ടപ്പൻചാൽ
7	do	കണ്ടപ്പൻ തോട്
8	ചാലിപ്പുഴ	മുറമ്പാത്തി
9	do	കാഞ്ഞിരപ്പാറ
10	do	തോണിപ്പാറ
11	do	പുലിക്കയം
12	do	പാപ്പറ്റ
13	do	ജീരകപ്പാറ
14	do	ചക്കിപ്പാറ
15	ഇരുളിപ്പുഴ	കൈതപ്പൊയിൽ
16	do	തെയ്യപ്പാറ

നിലവിലുള്ള വി സി ബി കൾ സംബന്ധിച്ച വിവരം

പട്ടിക 2

1	കോടഞ്ചേരിവയൽ തോടിന്	അമ്പാട്ടുതാഴെ
2	വേളംകോട് വയൽ തോടിന്	കോറാട്ടുകുഴി താഴെ
3	കളപ്പുറം തോടിന്	ഏച്ചിക്കുന്ന്
4	പൂതവള്ളി തോടിന്	പൂതവള്ളിയിൽ
5	തെയ്യപ്പാറ തോടിന്	തോയ്യപ്പാറ
6	പൂതവള്ളി തോടിന്	പനച്ചിക്കൽ താഴെ
7	വരിക്കോട്ടൂർ	കുറുമണ്ണവയൽ

നിലവിലുള്ള ആർ സി ബി കൾ സംബന്ധിച്ച വിവരം

പട്ടിക 3

നമ്പർ	തോട്/പുഴ	ആർ.സി.ബി സ്ഥിതി ചെയ്യുന്ന സ്ഥലം
1	ചാലിപ്പുഴയിൽ	ചെമ്പുകടവിൽ
2	അന്താളം തോടിൽ	പ്ലാക്കൻ താഴെ
3	കൂരോട് പാറ തോടിന്	കൂരോട് പാറ
4	ജീരകപ്പാറ തോടിന്	ജീരകപ്പാറയിൽ
5	അന്താളം തോടിന്	പുവത്തും ചോട്ടിൽ
6	മുണ്ടൂർ തോടിന്	മുണ്ടൂരിൽ
7	കണ്ടപ്പൻ ചാൽ തോടിന്	കണ്ടപ്പൻ ചാൽ
8	കാട്ടിപ്പൊൻ തോടിന്	കാട്ടിപ്പൊയിലിൽ
9	ചിപ്പിലിത്തോട് തോടിന്	ചിപ്പിലിത്തോട്

കൃഷിയും ജലസേചനവും

ഭൂമി സംബന്ധിച്ച വിവരങ്ങൾ

പട്ടിക 1

ഇനം	വിസ്തീർണ്ണം
നിലം	40 ഹെക്ടർ
പുരയിടം	8750 ഹെക്ടർ
പുറമ്പോക്ക്, പുഴതീരം,പനം	1310 ഹെക്ടർ
കൃഷിയോഗ്യ തരിശ്	158 ഹെക്ടർ
കൃഷിയോഗ്യമല്ലത്ത തരിശ്	ഇല്ല
ആകെ	10258.00 ഹെക്ടർ

വിള വിസ്തീർണ്ണവും ഉല്പാദനവും

പട്ടിക 2

വിള	വിസ്തീർണ്ണം ഹെക്ടർ	ഉല്പാദനം മെ. ടൺ
നെല്ല് (ഒന്നാം വിള)	40	168
നെല്ല് (രണ്ടാം വിള)	40	120
നെല്ല് (മൂന്നാം വിള)	ഇല്ല	-
പയർ	15	3 ഡ്രെ
എള്ള്	5	1.5
പച്ചക്കറികൾ	110	110
തെങ്ങ്	3400	2.04
വാഴ	325	2437
മരച്ചീനി	60	1920
കുരുമുളക്	325	97.5
പ്ലാവ്	90	2280
കശുമാവ്	35	21
മാവ്	10	10
റബ്ബർ	4250	450
കവുങ്ങ്	2200	3300
ഇഞ്ചി	30	360
കൊക്കൊ	180	792

രാസവള കീടനാശിനി വിപണനം
പട്ടിക 3

		1993–94			1994–95			1995–96		
ക്രമ	സ്ഥാപനത്തിന്റെ പേർ	രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
നമ്പർ		കി.ഗ്രാം	ദ്രവം	ഖരം	കി.ഗ്രാം	ദ്രവം	ഖരം	കി.ഗ്രാം	ദ്രവം	ഖരം
1	സഹകരണം	90 MT	30 L	300 Kg	96 MT	3244	420 Kg	102 MT	28L	365 Kg
2	സ്വകാര്യം	400 MT	124 L	3 MT	520 MT	165 L	1200 Kg	586 MT	60L	620 Kg
	Total	490 MT	154 L	303 Kg	616 MT	489 L	1620 Kg	688 MT	88 L	985 Kg

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ
പട്ടിക 4

വാർഡ്	തെങ്ങ്	തെങ്ങ് എണ്ണം			രോഗം ബാധിച്ച തെങ്ങ്					ആകെ
നമ്പർ	കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് പിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിങ്	മറ്റുള്ളവ	
1	340	23800	34000	57800	Nil	Nil	60	Nil	Nil	60
2	326	22820	32600	55420	Nil	Nil	80	Nil	Nil	80
3	402	28140	40200	68340	Nil	Nil	120	Nil	Nil	120
4	316	22120	31600	53720	Nil	Nil	15	Nil	Nil	15
5	326	22820	32600	55420	Nil	Nil	8	Nil	Nil	8
6	342	23940	34200	58140	Nil	Nil	26	Nil	Nil	26
7	285	19950	28500	48450	Nil	Nil	35	Nil	Nil	35
8	407	28490	40700	69190	Nil	Nil	45	Nil	Nil	45
9	298	20860	29800	50660	Nil	Nil	25	Nil	Nil	25
10	362	25340	36200	61540	Nil	Nil	55	Nil	Nil	55
11	203	14210	20300	34510	Nil	Nil	90	Nil	Nil	90
12	439	30730	43900	74630	Nil	Nil	75	Nil	Nil	75
13	354	24780	35400	60180	Nil	Nil	12	Nil	Nil	12

കാർഷികോപകരണങ്ങൾ

പട്ടിക 5

	ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ					
വാർഡ്	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക്	നാപ്പ് സ്റ്റാക്ക് സ്പെയർ	മറ്റുള്ളവ സ്പ്രെയർ	മെതി യന്ത്രം	തെങ്ങു കയറ്റു യന്ത്രം	പോർട്ടബിൾ പമ്പ്സെറ്റ്
1	Nil	Nil	Nil	8	2	Nil	Nil	3	9
2	Nil	Nil	Nil	9	1	Nil	Nil	2	6
3	Nil	Nil	Nil	8	2	Nil	Nil	Nil	2
4	Nil	Nil	Nil	5	1	Nil	Nil	1	1
5	Nil	Nil	Nil	4	2	Nil	Nil	1	1
6	Nil	Nil	6	15	2	Nil	Nil	Nil	Nil
7	Nil	Nil	Nil	16	4	Nil	Nil	Nil	Nil
8	Nil	Nil	Nil	4	2	Nil	Nil	1	4
9	Nil	Nil	Nil	10	4	Nil	Nil	1	3
10	Nil	Nil	12	8	1	Nil	Nil	1	4
11	Nil	Nil	Nil	6	2	Nil	Nil	2	5
12	Nil	Nil	12	8	-	Nil	Nil	1	8
13	Nil	Nil	9	7	3	Nil	Nil	2	6
14	Nil	Nil	39	108	26	Nil	Nil	15	49

ദുരിതാശ്വാസ വിതരണം

പട്ടിക 8

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ളപൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപൊട്ടൽ		
93-94	-	-	167	-	-	-
94-95	-	-	242	-	546	223122.00
95-96	-	-	22	-	16	23381.00

കൈവശഭൂമി വിസ്തീർണ്ണം

പട്ടിക 6

വാർഡ് നമ്പർ	നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2 ഹെക്ടർ)	വൻകിട കർഷകർ (2 ഹെക്ടറിന് മുകളിൽ)
1	415	180	25
2	365	205	40
3	390	190	20
4	260	180	25
5	280	165	30
6	300	140	35
7	316	144	21
8	228	182	16
9	306	164	22
10	340	160	40
11	370	180	35
12	390	203	40
13	326	185	38
ആകെ	4286	2278	392

നടീൽ വസ്തു വിതരണം

പട്ടിക 7

		എണ്ണം	
ഇനം	93-94	94-95	95-96
തെങ്ങ്	600	550	400
കശുമാവ്	200	-	-
കുരുമുളക്	5000	12000	8000
കവുങ്ങ്	100	100	100
നെല്ല് (Kg)	250	250	250
മാവ്	46	30	46
ജാതി	50	50	50
ചാമ്പ	50	50	50



മൃഗസംരക്ഷണം, മത്സ്യബന്ധനം

കൃഷി ഉപജീവനമാർഗമായി സ്വീകരിച്ച കോടഞ്ചേരിയിലെ ചെറുകിട കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ഉപതൊഴിലാണ് കന്നുകാലി വളർത്തൽ. കന്നുകാലി വളർത്തൽ ഉപജീവനമാർഗമായി സ്വീകരിച്ചവരും ഉണ്ട്. കോടഞ്ചേരി പഞ്ചായത്തിൽ ഇപ്പോൾ 5 ക്ഷീരോല്പാദക സഹകരണസംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ഐക്യകേരളപ്പിറവിക്കു ശേഷം കോടഞ്ചേരി പഞ്ചായത്തിന്റെ കിഴക്കൻ മലയോര മേഖലകളിൽ കുടിയേറ്റം ശക്തിപ്പെടുകയും കുടിയേറ്റ ജനത ഉപജീവനത്തിനായി കാലിവളർത്തൽ മുഖ്യ തൊഴിലായി സ്വീകരിക്കുകയും 1960 കാലത്ത് കർഷകൻ ഉൽപാദിപ്പിക്കുന്ന പാലിന് പ്രാദേശിക വിപണി പോരാതെ വന്നതിനാൽ കോടഞ്ചേരി ആസ്ഥാനമായി മൈക്കാവ് ആസ്ഥാനമായും രണ്ട് പാൽ വിതരണ സംഘങ്ങൾ രൂപപ്പെടുകയും സംഘങ്ങൾ ഉല്പാദകരിൽ നിന്നും പാൽ സ്വീകരിച്ച് കോഴിക്കോട്ട് പട്ടണത്തിലെത്തിച്ച് വില്പന നടത്തുകയും ചെയ്തിരുന്നു. കോഴിക്കോട് ജില്ലയിൽ നിന്നും ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന സംഘത്തിലുള്ള ബഹുമതി 10 വർഷം കോടഞ്ചേരിയുടെ കുത്തക ആയിരുന്നു. കന്നുകാലികൾക്കുള്ള തീറ്റപ്പുല്ല് സുലഭമായിരുന്നതിനാൽ എല്ലാവീടുകളിലും പശുക്കളും എരുമകളും സുലഭമായിരുന്നു. കൃഷിസ്ഥലങ്ങൾ വർദ്ധിച്ചു. തോട്ടവിൾ കൃഷിചെയ്തു തുടങ്ങിയതോടുകൂടി കന്നുകാലികൾക്കുള്ള പച്ചപ്പുൽകാടുകൾ നഷ്ടമായി തീറ്റപ്പുല്ലിന്റെ ക്ഷാമം അനുഭവപ്പെട്ടു തുടങ്ങിയപ്പോൾ കന്നുകാലി വളർത്തലിൽ കുറവ് അനുഭവപ്പെട്ടു തുടങ്ങി. നാടൻ പശുക്കളെയും നാടൻ എരുമകളെയും വളർത്തിയിരുന്ന കർഷകർ സങ്കരയിനം പശുക്കളെയും എരുമകളെയും വളർത്തുവാൻ ആരംഭിച്ചു. ഇപ്പോഴും കോഴിക്കോട് പട്ടണത്തിലെ ആവശ്യത്തിനുള്ള പാലിന്റെ പകുതി നൽകുന്നത് ഈ പഞ്ചായത്തിലെ 5 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളാണ്. വിശദവിവരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

നമ്പർ	ക്ഷീരരോല്പാദക സംഘത്തിന്റെ പേര്
1	ക്ഷീരോൽപ്പാദക സഹകരണസംഘം, കോടഞ്ചേരി
2	ക്ഷീരോൽപ്പാദക സഹകരണസംഘം, കൂടത്തായ്
3	ക്ഷീരോൽപ്പാദക സഹകരണസംഘം, കണ്ണോത്
4	ക്ഷീരോൽപ്പാദക സഹകരണസംഘം, പൂതവള്ളി
5	ക്ഷീരോൽപ്പാദക സഹകരണസംഘം, നെല്ലിപ്പൊയിൽ

പശു, എരുമ, ആട്, പന്നി, പട്ടി, മുയൽ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. ചെറിയ തോതിൽ താറാവ്, ലൗ ബേർഡ്, പ്രാവ് എന്നിവയെ വളർത്തുന്നു. 1987 ലെ കന്നുകാലി കാനേഷുമാരി പ്രകാരം പഞ്ചായത്തിലെ പ്രജനനശേഷിയുള്ള വളർത്തുമൃഗങ്ങളുടെയും വളർത്തു പക്ഷികളുടെയും കണക്കുകൾ പട്ടിക 2ൽ

കൃത്രിമ ബീജദാനമെന്ന സാങ്കേതിക സഹായത്തോടെ നമ്മുടെ പഞ്ചായത്തിൽ 70% പശുക്കളും സങ്കരയിനമാണ്. അങ്ങനെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സാധാരണ കർഷകന് ലഭ്യമായിട്ടുള്ള സാഹചര്യങ്ങൾ മൂലം ഉല്പാദന നിലവാരം പരീക്ഷണശാല നിലവാരത്തിനടുത്തൊന്നും എത്തുന്നില്ല. ഉയർന്ന ജനിതക ഗുണമുള്ള സങ്കരയിനം കന്നുകാലികൾക്ക് ശാസ്ത്രീയമായ പരിരക്ഷയും പോഷകസമൃദ്ധമായ കാലിത്തീറ്റയും ആവശ്യമാണ്. കാലിത്തീറ്റ

ചിലവേറിയതാണ്. തീറ്റപ്പുൽ കൃഷി വർദ്ധിപ്പിക്കുക. കാലിതീറ്റയ്ക്ക് സബ്സിഡി നൽകുക. ചെറുകിട കാലിതീറ്റ യൂണിറ്റുകൾ പ്രാദേശികമായി സ്ഥാപിക്കുക. എന്നിവയാണ് ഇതിന് പരിഹാരം.

കോഴിയിറച്ചിയുടെയും, കോഴിമുട്ടയുടെയും ആഭ്യന്തര ഉപഭോഗം വർദ്ധിച്ചു വരികയാണ്. ആഭ്യന്തര ഉല്പാദനം വർദ്ധിച്ചിട്ടില്ല. കോടഞ്ചേരി പഞ്ചായത്തിലെ കോഴിമുട്ടയുടെ ഉല്പാദനത്തിന്റെയും ഉപയോഗത്തിന്റെയും കാര്യം പരിശോധിച്ചാൽ ആഴ്ചയിൽ 25000 ത്തോളം മുട്ട ഈ പഞ്ചായത്തൽ ഉപയോഗിക്കുന്നുണ്ട്. ഇതിൽ 5,000ത്തോളം മുട്ട മാത്രമേ ആഭ്യന്തര ഉല്പാദനം നടത്തുനുള്ളൂ.

(20,000 x 52 x 1.6= 1664000.00)

ഇറക്കുമതി ചെയ്യുന്ന മുട്ടയുടെ വിലായായി ഒരു വർഷം 16,64,000 ക അന്യസംസ്ഥാനത്തേക്ക് നമ്മുടെ പഞ്ചായത്തിൽ നിന്നും പോകുന്നുണ്ട്.

വീടുകളിൽ കോഴി വളർത്തൽ വ്യാപകമാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ 13 വാർഡുകളിലെ 500 വീട്ടമ്മമാർക്ക് 6-8 ആഴ്ച പ്രായമായ 10 കോഴികളെ വീതം വിതരണം ചെയ്ത് ഈ കോഴികളിൽ നിന്നുള്ള മുട്ട ശേഖരിച്ചാൽ ഈ പഞ്ചായത്തില മുട്ടക്ഷാമം പരിഹരിക്കാവുന്നതാണ്. കോഴികുഞ്ഞുങ്ങളെ ലഭിക്കുന്നതിന് സർക്കാർ ഫാമുകളെയും എഗ്ഗർ നഴ്സറികളെയും സമീപിക്കാവുന്നതാണ്. മുട്ടക്കോഴിവളർത്തൽ വ്യക്തിഗതമായും സഹകരണാടിസ്ഥാനത്തിലും തുടങ്ങാവുന്നതാണ്. കോഴിത്തീറ്റകകൾ കുറഞ്ഞ ചിലവിൽ പ്രാദേശികമായി ലഭ്യമാകത്തക്ക വിധം കോഴിത്തീറ്റ നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കണം.

ബ്രോയിലർ കോഴികളുടെ കാര്യത്തൽ ഒരാഴ്ചയിൽ 500 കോഴികളെ ഇവിടേക്ക് ഇറക്കുമതി ചെയ്യുന്നു.

(500 x 52 x 1.6 x 41 = 1599000 രൂപ)

അതായത് 1599000 രൂപ ഈ ആവശ്യത്തിനായി പഞ്ചായത്തിനു പുറത്തേക്ക് പോകുന്നു. വൈക്കാവ് ശാന്തിനഗർ, നിരന്നപാറ എന്നിവിടങ്ങളിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഫാമുകളുടെ സേവനം സുത്യർഹമാണ്.

നമ്മുടെ പഞ്ചായത്തിൽ മാംസത്തിന്റെ ഉപയോഗം അനുദിനം വർദ്ധിച്ചു വരികയാണ്. മാംസോല്പാദന, സംസ്കൃത മേഖലയാവട്ടെ തികച്ചും അസംഘടിതവുമാണ്. വൃത്തിഹീനമായ കശാപ്പുശാലകൾ, രോഗം പിടിപപെട്ട മൃഗങ്ങൾ എന്നിവ പൂർണ്ണമായും ഒഴിവാക്കുക. ഈ പഞ്ചായത്തിൽ മാംസത്തിനായി ആഴ്ചയിൽ 40 പോത്ത്/മൂരികളെയും 4 പന്നികളെയും ശരാശരി ഉപയോഗിക്കുന്നു.

പോത്ത്/മൂരി 4 x 200 x 40/100 x 52 x 40 = 6656000
പന്നി 4 x 100 x 60/100 x 52 x 50 = 6224000
= 7280,000

72,80,000 രൂപ മാംസത്തിനായി കോടഞ്ചേരി പഞ്ചായത്തിലെ ജനങ്ങൾ ചിലവഴിക്കുന്നു. അറവിനുവിധേയമാകുന്ന മൃഗങ്ങളിൽ ഏറിയ പങ്കും അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നവയാണ്. മാംസത്തിനായി നാം ചിലവഴിക്കുന്ന സംഖ്യയുടെ സിംഹഭാഗവും അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു.

അറവിനു വിധേയമായ മൃഗത്തിന്റെ നിലവിളി മാത്രമേ പാഴായിപോകുന്നുള്ളൂ എന്നൊരു പഴമൊഴിയുണ്ട്. ഇതിനു കാരണം. അറിവിനുവിധേയമായ മൃഗത്തിന്റെ എല്ലാ ശരീരഭാഗങ്ങളും ഉപയോഗയോഗ്യമാണ്. മാംസം ഭക്ഷണത്തിനും, തൊലി, എല്ല് കുളമ്പ്, കൊമ്പ്, കൊഴുമ്പ് രക്തം, കുടൽ ആമാശയം ആന്തരാവയവങ്ങൾ ഹോർമോൺഗ്രന്ഥികൾ ആമാശയത്തിലെയും കുടലിലെയും അവശിഷ്ടങ്ങൾ തുടങ്ങി ഒന്നു പാഴായി പോകാനെ മനുഷ്യോപയോഗ യോഗ്യമാക്കാവുന്നതാണ്. പട്ടിക 2 കാണുക.

ആധുനിക കശാപ്പുശാലകൾ ഈ പഞ്ചായത്തിൽ ഉണ്ടാക്കിയാൽ മാത്രമേ ഇക്കാര്യം സാധിയ്ക്കുകയുള്ളൂ. മൃഗത്തെ അറക്കുന്നതിനു മുമ്പും ശേഷവും വെറ്ററനറി ഡോക്ടർമാർ പരിശോധിക്കണം. അറവുശാലയോടനുബന്ധിച്ചുള്ള മാംസ സംസ്ക്കരണ കേന്ദ്രത്തിൽ മാംസം തരംതിരിക്കൽ പാക്കിംങ്ങ് ശീതീകരണം എന്നിവ നടത്തുന്നു. പാക്ക് ചെയ്ത മാംസം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലും മറ്റു പ്രദേശങ്ങളിലുമുള്ള മാംസസ്റ്റാളുകൾ മുഖേന ഗുണഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുന്നു. മാംസം ഉപയോഗിച്ച് അച്ചാറുകൾ, സോസേജ്, കട്ലറ്റ് എന്നിവ ഉണ്ടാക്കാവുന്നതും മാംസ സംസ്ക്കരണ വിപണരംഗം വ്യാപകമാകുന്നതോടെ തൊഴിൽ സാദ്ധ്യതകളും വർദ്ധിക്കുന്നതാണ്. കൂടാതെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് ഉതകുന്നതുമാണ്. മാംസത്തിനായി കാളക്കുട്ടികളുടെയും പോത്തുകുട്ടികളുടെയും പരിപാലനം ആടു വളർത്തൽ പന്നിവളർത്തൽ ഇറച്ചിമുയൽ വളർത്തൽ എന്നിവ വ്യക്തികൾക്കും സഹകരണ മേഖലയിലും തുടങ്ങാവുന്നതും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതുമാണ്. പഞ്ചായത്ത് തലത്തിൽ മാംസോല്പാദകസഹകരണസംഘം രൂപീകരിക്കേണ്ടതാണ്. മാംസത്തിനായി മൃഗങ്ങളെ വളർത്തുന്നതിൽ ഏറ്റവും കൂടുതൽ ആദായകരമായി കാണുന്നത് പന്നിവളർത്തലാണ്. ഹോട്ടലു

കാർ, ഹോസ്റ്റലുകാർ അറവുശാലകാർ, മത്സ്യ മാർക്കറ്റ്, പച്ചക്കറി മാർക്കറ്റ് കോഴിവളർത്തൽ കേന്ദ്രങ്ങൾ ഓയിൽ മില്ലുകൾ, റൈസ്മല്ലുകൾ ക്ഷീരസംസ്കരണ കേന്ദ്രങ്ങൾ എന്നിവയിൽ നിന്നുള്ള പന്നികൾക്കുള്ള തീറ്റയ്ക്ക് ഉപയുക്തമായ വസ്തുക്കൾ ശേഖരിച്ച് സംസ്ക്കരിച്ച് പന്നി തീറ്റ തയ്യാറാക്കിയാൽ ആദായം വർദ്ധിപ്പിക്കാൻ സാധിക്കും. ഏകദേശം 100 കി. തൂക്കമെത്തുന്നതിനുമുമ്പ് പന്നിയെ ഇറച്ചി ആവശ്യത്തിന് പ്രയോജനപ്പെടുത്തണം. വൈദ്യുതിക്ഷാമം രൂക്ഷമായ നമ്മുടെ നാട്ടിൽ ഗോമ്പർഗ്യാസ് പ്ലാന്റുകൾ വളരെയേറെ പ്രയോജനകരമാണ്. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ സിംഹഭാഗവും ഗോബർഗ്യാസ് പ്ലാന്റു കൊണ്ട് പരിഹരിക്കാൻ കഴിയും ഗോബൽ ഗ്യാസ് പ്ലാന്റ് സന്ദേശം മുഴുവൻ ജനങ്ങളിലും എത്തിക്കുക. ഗോബർഗ്യാസ് പ്ലാന്റിനുള്ള സബ്സിഡി വർദ്ധിപ്പിക്കുക.

ഉല്പാദന മേഖല

a പാലുൽപ്പാദനം
b ഇറച്ചിക്കോഴി വളർത്തൽ
c മുട്ടക്കോഴി വളർത്തൽ
d മാംസാവശ്യത്തിനായി മൂരി പോത്തു പരിപാലനം
e പന്നിവളർത്തൽ
f ആടുവളർത്തൽ
g ഇറിച്ചി മുയൽ വളർത്തൽ

നമ്മുടെ പഞ്ചായത്തിൽ 70% സങ്കരയിനം പശുക്കളാണുള്ളത്. മെച്ചപ്പെട്ട ജനുസ് കണ്ടെത്തി അവയെ മാത്രം സംരക്ഷിക്കുകയും കൃത്രിമബീജധാനം നൽകി പ്രസവശേഷം മെച്ചപ്പെട്ട ഉല്പാദനം തരുന്നതിനെ മാത്രം സംരക്ഷിക്കുകയും ചെയ്യുന്ന രീതി അവലംബിക്കുക. കന്നുകാലി പരിപാലന പദ്ധതി പ്രകാരം 4 മാസം മുതൽ 32 മാസം വരെ പ്രായമമുള്ള എല്ലാ സങ്കരയിനം പശുക്കുട്ടികൾക്കും 50% സബ്സിഡി നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ നൽകുക. പശുക്കളുടെ ആദ്യ പ്രസവം 32 മാസത്തിനുള്ളിലാക്കുകയും പ്രസവങ്ങൾ തമ്മിലുള്ള ഇടവേള 15 മാസമായി കുറയ്ക്കുയും ചെയ്യുക. 1960 കളിൽ പ്രതിദിനം 10000 ലിറ്ററിലധികം പാൽ ഉല്പാദിപ്പിച്ചിരുന്ന ഈ പഞ്ചായത്തിൽ 1987 കാലമായപ്പോഴേക്ക് ആയത് 5000 ലിറ്ററായി കുറയുകയും 1996 ആയപ്പോഴേക്കും 1000 ലിറ്ററായി കുറയുകയും ചെയ്തിരിക്കുന്നതായി കാണുന്നു.

ഇറച്ചിക്കോഴി വളർത്താൻ, മുട്ടക്കോഴി വളർത്താൻ പന്നിവളർത്തൽ എന്നിവ സ്വകാര്യമേഖലയിലും സഹകരണമേഖലയിലും ആരംഭിക്കുക.

പ്രശ്നങ്ങൾ

1. കാലിത്തീറ്റ, കോഴിത്തീറ്റ ആടുതീറ്റ എന്നിവയുടെ അനിയന്ത്രിതമായ വില വർദ്ധനവും ഗുണമേന്മക്കുറവും
2. തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.
3. പാലിന് കാലാനുസൃതമായ വില ഉല്പദാകന് ലഭിയ്ക്കായ്ക.
4. കന്നുകുട്ടി പരിപാലന പദ്ധതി എല്ലാ ക്ഷീരോല്പാദക സഹകരണസംഘങ്ങളിലും ഇല്ല.
5. കന്നുകാലി വളർത്തൽ, കോഴിവളർത്തൽ, പന്നിവളർത്തൽ എന്നിവയും ധനകാര്യ സ്ഥാനപങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭിക്കാനുള്ള കാലതാമസം
6. പാൽ ഉല്പന്നയൂണിറ്റുകൾ, ഇറച്ചികൊണ്ടുള്ള ഉല്പന്നങ്ങളുടെ യൂനിറ്റുകൾ എന്നിവയുടെ കുറവ്, ധനസാഹായത്തിന്റ കുറവ്.
7. അത്യുൽപാദന ശേഷിയുള്ള മുട്ടക്കോഴികുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്.
8. വൃത്തിഹീനങ്ങളായ കശാപ്പുശാലകളും, രോഗം പിടിപെട്ട മൃഗങ്ങളുടെ മാംസം വില്പന നടത്തുന്നതും
9. ഗോബർഗ്യാസ് പ്ലാന്റുകളുടെ കുറവ്.

സാധ്യതകൾ

1. കാലിത്തീറ്റ കോഴിത്തീറ്റ എന്നിവക്ക് 50% സബ്സിഡി നൽകുക. കാലിത്തീറ്റ കോഴിത്തീറ്റ നിർമ്മാണയൂണിറ്റുകൾ ചെറുകിട വ്യവസായമായി ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തൽ തുടങ്ങുക.

2. തീറ്റപ്പുൽ കൃഷിയ്ക്ക് വിത്തും വളവും സൗജന്യമായി നൽകുക. പുൽകൃഷി വ്യാപകമായാൽ സൈലേജണ്ടാക്കാൻ തുടങ്ങാവുന്നതാണ്.

യൂറിയ ഉപയോഗിച്ച് സമ്പുഷ്ടമാക്കിയ വൈക്കോൽ പശുക്കൾക്ക് കൊടുത്ത് തീറ്റച്ചിലവ് കുറയ്ക്കുക.

3. പാലിന് ന്യായമായ വില ഉല്പാദകന് ലഭ്യമാക്കുക.

4. കാലിവളർത്തൽ, പന്നിവളർത്തൽ കോഴിവളർത്തൽ എന്നിവക്ക് സബ്സിഡിയോടു കൂടിയ സാമ്പത്തിക സഹായം അനുവദിയ്ക്കുക.

5 പാൽ ഉൽപ്പന്ന യൂണിറ്റുകൾ ഇറച്ചി ഉൽപ്പന്ന യൂണിറ്റുകൾ ഇവ സഹകരണമേഖലയിൽ തുടങ്ങുക. ആവശ്യമായ സാമ്പത്തിക സഹായം അനുവദിയ്ക്കുക.

6. അത്യുൽപ്പാദന ശേഷിയുള്ള മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ ഫാമുകളിലും എഗ്ഗർ നഴ്സറികളിലും ഉല്പാദിപ്പിക്കുകയും സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യുക.

7. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു അറവുശാല കോടഞ്ചേരിയിൽ സ്ഥാപിക്കുക. വൃത്തിഹീനങ്ങളായ സാഹചര്യങ്ങളിൽ നടക്കുന്ന അറവുശാലകൾ നിർത്തലാക്കുക, അറവിനു മുമ്പും ശേഷവും മൃഗങ്ങളെ വെറ്റനറി ഡോക്ടർ പരിശോധിയ്ക്കുക.

8. കോഴി, മുയൽ, ആട്, എന്നിവ സഹകരണാടിസ്ഥാനത്തിൽ വളർത്തുന്നതിന് സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

9. ഗോമ്പർ ഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കുക.

10. നമ്മുടെ നാട്ടിൽ ലഭ്യമായിട്ടുള്ള പാരമ്പര്യേതരര കാലിതീറ്റ ശ്രോതസ്സുകൾ കണ്ടെത്തി അവയുടെ ഉല്പാദനവും ഉപയോഗവും കൂട്ടുവാനുള്ള സാങ്കേതിക വിദ്യ വളർത്തിയെടുക്കുക.

11. കയർ മേഖലയിലെ ചകിരി ചോറ് ഉപയോഗിച്ച് കാലിതീറ്റയിൽ ഫില്ലർ ആയി ഉപയോഗിക്കുന്നതിനെക്കുറിച്ച് ഗവേഷണം നടത്തുക.

12 കന്നുകുട്ടി പരിപാലന പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ലാത്ത കണ്ണോത്ത് മൈക്കാവ് ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ പദ്ധതി അനുവദിക്കുകയും നടപ്പിലാക്കിയ സംഘങ്ങളിൽ കൂടുതലായി കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുക.

2 സേവന മേഖല

a മൃഗാശുപത്രികൾ
b കൃത്രിമ ബീജധാന കേന്ദ്രങ്ങൾ
c ലബോറട്ടറികൾ
d പേ വിഷ നിയന്ത്രണം.

മലബാർ മേഖലാ ക്ഷീരോല്പാദക യൂണിറ്റിന്റെ കീഴിൽ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കൃത്രിമ ബീജധാനകേന്ദ്രങ്ങൾ

പട്ടിക 4

ക്രമനമ്പർ	കേന്ദ്രത്തിന്റെ പേര്
1	കണ്ണോത്ത്
2	മുരിക്കും ചാൽ

മൃഗസംരക്ഷണ മേഖലയിൽ നൂതന സാങ്കേതികവിദ്യയുടെ കൈമാറ്റം നടക്കുന്ന കേന്ദ്രങ്ങളാണ് വെറ്റിനറി ആശുപത്രികൾ. ലബോറട്ടറി സൗകര്യങ്ങൾ ഓപ്പറേഷൻ തിയ്യേറ്റർ, കർഷകർക്ക് പരിശീലനം നൽകുന്നതിനുള്ള ചെറിയ ലക്ചർ ക്ലാസ് ഫോൺ വാഹന സൗകര്യം വാക്സിനുകൾ മരുന്നുകൾ ഇവ സൂക്ഷിക്കാനുള്ള റഫ്രിജറേറ്ററുകൾ എന്നിവ ഒരു മൃഗാശുപത്രിയ്ക്ക് അത്യാവശ്യമാണ്.

പേവിഷബാധയെന്ന മഹാവിപത്തിനെതിരെ 91-92 കാലത്ത് മുതൽ ബോധവൽക്കരണ സെമിനാറുകളും പ്രതിരോധ കുത്തിവെപ്പ് ക്യാമ്പുകളും നടത്തിത്തുടങ്ങി 91-92 കാലത്ത് അന്നത്തെ വെറ്റിനറി സർജൻ ഡോ: എം. രമേശന്റെ നേതൃത്വത്തിൽ 3569 വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നടത്തുകയും ലൈസൻസ് നൽകുകയും ചെയ്തു. തുടർന്നുള്ള കാലങ്ങളിലും പേ വിഷബാധക്കെതിരെ പ്രതിരോധകുത്തിവെപ്പുകൾ സജീവമായി നടത്തി വരുന്നു. 95-96 ൽ നടത്തിയ കുത്തിവെപ്പുകളുടെ വിവരം പട്ടിക 5ൽ

പ്രശ്നങ്ങൾ

1. മൃഗചികിത്സാ സൗകര്യങ്ങളുടെയും കൃത്രിമബീജധാരണത്തിനുള്ള സൗകര്യങ്ങളുടെയും അപര്യാപ്തത
2. പേ വിഷബാധ
3. കാലിരോഗങ്ങൾ, കോഴി രോഗങ്ങങ്ങൾ പ്രതിരോധ നടപടികൾ എന്നിവയെപ്പറ്റിയുള്ള അറിവില്ലായ്മ.

സാധ്യതകൾ

1. കോടഞ്ചേരി വെറ്റിനറി ഹോസ്പിറ്റൽ വിപുലീകരിച്ച് ഒരു പോളി ക്ലീനിക്ക് ആക്കുകയും, രണ്ട് ഡോക്ടർമാരെയും ആവശ്യത്തിന് ഇതര സ്റ്റാഫിനെയും നിയമിക്കുക.
2. വാഹന, ഫോൺസൗകര്യങ്ങളും ലബോറട്ടറി സൗകര്യവും ഏർപ്പെടുത്തുക.
3. മരുന്നുകൾ വാക്സിനുകൾ എന്നിവ സൗജന്യമായി നൽകുക.
4. നെല്ലിപ്പൊയിലിൽ ഒരു മൃഗാസ്പത്രി സ്ഥാപിക്കുക.

മൈക്കാവിൽ നിന്നും 2 കി.മീ. അകലെ സ്ഥിതി ചെയ്യുന്ന കൂടത്തായ് മൃഗാസ്പത്രി വൈക്കാവിലേക്ക് മാറ്റി സ്ഥാപിക്കുന്നത് ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും. ഇതിന് പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുകയാണെങ്കിൽ ഇപ്പോൾ നെല്ലിപ്പൊയിലിൽ പ്രവർത്തിച്ചു വരുന്ന ICDP കൃത്രിമ ബീജധാന യൂണിറ്റ് കൂടത്തായ് മൃഗാസ്പത്രിയിലേക്കും കൂടത്തായ് മൃഗാസ്പത്രി കൂടുതൽ ജനങ്ങൾക്ക് പ്രയോജനകരവുമായ രീതിയിൽ നെല്ലിപ്പയിലേക്കും മാറ്റി സ്ഥാപിക്കുക. തന്മൂലം

സർക്കാറിന് പുതുതായി ഉണ്ടാകുന്ന 3 ലക്ഷം രൂപയോളം വരുന്ന ചിലവ് ലാഭിയ്ക്കാവുന്നതാണ്.

5. 750 പ്രജനന ശേഷിയുള്ള പശുക്കൾക്ക് ഒരു കൃത്രിമ ബീജധാന കേന്ദ്രം എന്നതാണ് ഗവൺമെന്റ് നയം അത് മലയോര മേഖലയായ ഈ പ്രദേശത്തിന്റെ പ്രത്യേക സ്ഥിതി പരിഗണിച്ച് 500 ന് ഒരു കേന്ദ്രം എന്നാക്കി മാറ്റുക.

6. കാലത്തീറ്റ കോഴിത്തീറ്റ മരുന്ന്, വാക്സിൻ എന്നിവയുടെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിന് അനലറ്റിക്കൽ ലബോറട്ടറികൾ സ്ഥാപിക്കുക.

7. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട ജന്തു ജന്യരോഗങ്ങൾ (ഉദാ: പേ വിഷബാധ ബ്രൂസെലോസിസ്, എന്ന വന്ധ്യതാ രോഗം എലിപ്പനി എന്നിവ) നിവാരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുക.

8. പശുക്കളിലെ വന്ധ്യതാ പരിഹരിക്കുന്നതിന് ബിരുദാന്തര ബിരുദവുമുള്ള ഡോക്ടർമാരെ ഉപയോഗപ്പെടുത്തി വാർഡ് തലത്തിൽ 3 മാസത്തിലൊരിക്കൽ ക്യാമ്പുകൾ നടത്തുക.

9. കാലി വളർത്തൽ കോഴി വളർത്തൽ രോഗങ്ങൾ, പ്രതിരോധ നടപടികൾ എന്നവയെക്കുറിച്ച് വിദഗ്ദ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് 6 മാസത്തിലൊരിക്കൽ വാർഡു തോറും ബോധവൽക്കരണ ക്യാമ്പുകളും കുത്തിവെപ്പ് ക്യാമ്പുകളും നടത്തുക. കന്നുകാലികൾക്ക്, സൗജന്യ ഇൻഷൂറൻസ് പദ്ധതി നടപ്പാക്കുക.

വളർത്തു നായ്ക്കൾക്ക് പേ വിഷത്തിനെതിരെ സൗജന്യ കുത്തിവെപ്പ് നടത്തുകയും ലൈസൻസ് നൽകുകയും ചെയ്യുക. തെരുവവ് നായ്ക്കളെ പിടിച്ച് നശിപ്പിക്കുക. പേവിഷബാധക്കെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തുക.

മത്സ്യബന്ധനം

നമ്മുടെ ഭക്ഷണപദാർത്ഥങ്ങളിൽ വെച്ച് ഏറ്റവും രുചിയേറിയ ഒന്നാണ് മത്സ്യം. ധാരാളം മാംസ്യാംശങ്ങളടങ്ങിയിട്ടുള്ളതും പെട്ടന്ന് ദഹിക്കുന്നതുമായ മത്സ്യം നമ്മുടെ ആഹാരത്തിന്റെ ഗുണനിലവാരം ഉയർത്തുന്നു. മാംസ്യത്തിനു പുറമേ ഫോസ്ഫറസ് അയഡിൻ കാത്സ്യം എന്നീ പോഷകഘടകങ്ങളും അടങ്ങിയിരിക്കുന്നു. കേരളീയരുടെ ആഹാരത്തിൽ മാത്രമല്ല സമ്പദ് ഘടനയിലും മത്സ്യത്തിന്റെ സ്ഥാനം മുൻപന്തിയിലാണ്. 1991 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം ഒരു കേരളീയന്റെ ശരാശരി മത്സ്യ ഉപഭോഗം 19.87 കി.ഗ്രാം ആയിരുന്നു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മത്സ്യോല്പാദനത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. മത്സ്യോല്പാദന ശേഷിയുള്ള ജല സമ്പത്തിന്റെ കാര്യത്തിൽ കേരളം 5ാം സ്ഥാനത്താണെങ്കിലും ഉൾനാടൻ മത്സ്യോല്പാദനത്തിൽ നാം ഇപ്പോഴും 10ാം സ്ഥാനത്തുതന്നെയാണ്. കാര്യമായ പരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മത്സ്യോല്പാദനത്തിൽ മറ്റ് സ്റ്റേറ്റുകളെ അപേക്ഷിച്ച് മുൻ നിരക്കാരായ കേരളീയർ മറ്റ് ഉപഭോഗത്തിനാവശ്യമായ മത്സ്യം ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നില്ല. അയൽ സംസ്ഥാനമായ കർണ്ണാടകത്തിൽനിന്നും തമിഴ്നാട്ടിൽ നിന്നും മത്സ്യം ഇറക്കുമതി ചെയ്യുകയാണ്. കോടഞ്ചേരി പഞ്ചായത്തിൽ വ്യവസായികാടിസ്ഥാനത്തിൽ മീൻ വളർത്തുന്നില്ല. ഹോബിയായി നാമമാത്രമായി ചില കർഷകർ ശുദ്ധജല മത്സ്യ കൃഷി നടത്തിവരുന്നുണ്ട്.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഭക്ഷ്യാവശ്യത്തിനുള്ള മത്സ്യത്തിന്റെ വിലയായ ഒരു വർഷത്തിൽ 14143750 ക പുറത്തേക്ക് പോകുന്നതായി സർവ്വേയിൽ കാണുന്നു. കാർഷിക മേഖലയായ കോടഞ്ചേരി പഞ്ചായത്തിൽ ശുദ്ധജല സമ്പത്ത് ഉപയോഗിച്ച് ശുദ്ധജല മത്സ്യകൃഷി നടത്തുന്നതിന് സാധ്യതകകൾ ധാരാളമാണ്.

വയലുകളിൽ കുളങ്ങൾ നിർമ്മിച്ചും ആദായകരമായ ഈ കൃഷി നടത്താവുന്നതാണ്. കല്ല് പൊട്ടിച്ച് ഒഴിവാക്കിയ ജലം കെട്ടക്കിടക്കുന്ന പാറക്വാറികൾ പരഷ്കരിച്ച് മത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ശാസ്ത്രീയമായ മത്സ്യകൃഷിയ്ക്ക് പ്രേരിപ്പിക്കുന്ന ഘടകങ്ങൾ

1. വളരെ വേഗം വളരുന്ന മത്സ്യങ്ങൾ
2. വളർത്തുന്ന മത്സ്യങ്ങൾ പരസ്പരം ആക്രമിക്കുന്നില്ല.
3. പ്രകൃത്യാലഭിക്കുന്ന ഭക്ഷണത്തനു പുറമേ കൃത്രിമാഹാരവും നൽകാം
4. ശത്രുക്കളിൽ നിന്നും സംരക്ഷണം നൽകാൻ സാധിക്കും.
5. തൊഴിലില്ലായ്മയ്ക്ക് പരിഹാരം
6. കൂടുതൽ ആദായം

ശാസ്ത്രീയ മത്സ്യകൃഷിക്കുവേണ്ട പ്രധാന ഘടകങ്ങൾ

1. ശുദ്ധജല തടാകം (കുളം)
2. വേഗം വളരുന്ന മത്സ്യ വിത്ത്.
3. വെള്ളം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം
4. സാങ്കേതിക പരിജ്ഞാനം.

ശുദ്ധ ജലങ്ങളിൽ വളർത്തുന്ന പ്രധാന മത്സ്യ

ഇനങ്ങൾ

1 കട്ല
2 രോഹു
3. മൃഗാൽ
4 സൈപ്രിനസ്
5. ഗ്രാസ് കാർപ്പ്

മത്സ്യ കൃഷികാലങ്ങൾ

ഏപ്രിൽ, മെയ് - കുളം സജ്ജീകരിക്കൽ
ജൂൺ, ജൂലായ്, ആഗസ്റ്റ്, സപ്തംബർ ഓക്ടോബർ മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കലും ക്രമമായി ഭക്ഷണം നൽകലും
നവംബർ വളർച്ച പരിശോധിക്കൽ
ഡിസംബർ, ജനുവരി, ഫെബ്രുവരി-ഭക്ഷണം വർദ്ധിപ്പിക്കൽ
മാർച്ച് - വിളവെടുപ്പ്

കോടഞ്ചേരി പഞ്ചായത്തിൽ ഉപയോഗമില്ലാതെ കിടക്കുന്ന കുളങ്ങൾ പരിഷ്കരിച്ച് സൗകര്യപ്രദമായ സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിച്ചും ഉപയോഗശൂന്യമായി കിടക്കുന്ന പാറ ക്വാറികൾ പരിഷ്കരിച്ചു ശുദ്ധ ജല മത്സ്യകൃഷി തുടങ്ങാവുന്നതാണ്.

ഈ പഞ്ചായത്തിലെ ജനങ്ങൾ ആവശ്യമായ മത്സ്യം ഇവിടെതന്നെ ഉല്പാദിപ്പിക്കാനും കഴിയും.

പരിഹാര മാർഗങ്ങൾ

1. മത്സ്യകൃഷിയുടെ സാധ്യതകൾ ജനങ്ങളിൽ എത്തിക്കുന്നതിന് സെമിനാറുകൾ നടത്തുക.
2. സൗജന്യമായി മത്സ്യവിത്തുകൾ കർഷകർക്ക് നൽകുക.
3. മത്സ്യങ്ങൾക്ക് രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.
4. കർഷകർ ഉല്പാദിപ്പിക്കുന്ന മത്സ്യം ശേഖരിച്ച് വില്പന നടത്തുന്നതിന് പ്രാദേശികമായി സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
5. മത്സ്യകൃഷിക്കാവശ്യമായ ധനസഹായം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും അനുവദിക്കുക.
6. മത്സ്യ തീറ്റ സബ്സിഡി നിരക്കിൽ നൽകുക.
7. പുഴകളിലും തോടുകളിലും വിഷം കലർത്തി മത്സ്യം പിടിക്കുന്നത് കർശനമായി നിരോധിക്കുക.
8. പുഴകളിൽ തോട്ട പൊട്ടിച്ച് മത്സ്യം പിടിക്കുന്നത് നിരോധിക്കുക.



മൃഗസംരക്ഷണം, മത്സ്യബന്ധനം

പട്ടിക 2

1987

നമ്പർ	മൃഗങ്ങളുടെയും പക്ഷികളുടെയും വിവരം	എണ്ണം
1	സങ്കരയിനം പശുക്കൾ	2716
2	നാടൻ പശുക്കൾ	884
3	എരുമ	323
4	ആട്	2415
5	പന്നി	725
6	വളർത്തുനായ	4010
7	കോഴി	

1996

നമ്പർ	മൃഗങ്ങളുടെയും പക്ഷികളുടെയും വിവരം	എണ്ണം
1	സങ്കരയിനം പശുക്കൾ	
2	നാടൻ പശുക്കൾ	3010
3	എരുമ	
4	ആട്	2380
5	പന്നി	775
6	വളർത്തുനായ	3450
7	കോഴി	കണക്കുകൾ ലഭ്യമല്ല
8	മുയൽ	150

പട്ടിക 3

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	തസ്തികകൾ	മറ്റു വിവരങ്ങൾ
1	വെറ്റനറി ഹോസ്പിറ്റൽ കോടശ്ശേരി	Sr. വെറ്റിനറി സർജൻ	അവധിയിൽ കൂടത്തായ് വെറ്റിനറി സർജ് ചാർജ്
		L. S. I	ട്രെയ്നിങ്ങിൽ
		അറ്റന്റർ	
		P T സീപ്പർ	ഒഴിവ്
2	വെറ്റിനറി ഡിസ്പെൻസറി കൂടത്തായ്	വെറ്റിനറി സർജൻ	–
		L. S. I	ട്രെയിനുംഗ്
		അറ്റന്റർ	–
		P T സീപ്പർ	–
3	ICDP കൃത്രിമ ബീജധാന കേന്ദ്രം		
	നെല്ലിപ്പൊയിൽ	L. S. I	

പട്ടിക 5

ക്രമനമ്പർ	കുത്തിവെയ്പ്പ്	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റു മൃഗങ്ങൾ
1	പ്രതിരോധ കുത്തിവെപ്പ് (കുടിയേറ്റത്തിനുശേഷം)	–	–	–	1530	15	–
2	കുത്തിവെപ്പ്	4	–	5	10	–	–



വിദ്യാഭ്യാസം

രണ്ടാംലോകമഹായുദ്ധത്തിന്റെ പശ്ചാത്തലം. പാശ്ചാത്യമേല്ക്കോയ്മക്കെതിരായി ദേശീയപ്രസ്ഥാനങ്ങൾ കരുത്താർജിക്കുന്ന കാലം. പകുമായ അറിവും ജീവിതസാഹചര്യങ്ങളുംകൊണ്ട് സമ്പന്നമായ തിരുവിതാംകൂറിൽ അനുഭവപ്പെട്ട ഭക്ഷധാന്യങ്ങളുടെ ദൗർലഭ്യവും സാമ്പത്തികമായ ഞെരുക്കവും കുടുംബങ്ങളുടെ അംഗസംഖ്യയിൽവന്ന വർധനവും രാഷ്ട്രീയ-സാമൂഹ്യരംഗത്തെ നേരിയ അസ്വസ്ഥതകളും മലബാറിലേക്കുള്ള കുടിയേറ്റങ്ങൾക്ക് കളമൊരുക്കുകയായിരുന്നു. മദ്യവർജനം നിലവിലിരുന്ന മലബാറിലേക്ക് കുടിയേറുന്നതിൽ സ്ത്രീകൾ കാട്ടിയ താല്പര്യവും പ്രധാനമായിരന്നു. വിദ്യാഭ്യാസസൗകര്യങ്ങളടക്കം മെച്ചമായ ചുറ്റുപാടുകളെ ഉപേക്ഷിച്ച് അധ്വാനശേഷിയും അനുഭവസമ്പത്തും ഒപ്പം സാഹസികതയും പകർന്ന ശക്തിയുമായി അരനൂറ്റാണ്ടിനുമുമ്പ് കോടഞ്ചേരിയിൽ കുടിയേറിയ കുടുംബങ്ങൾക്കും പിൻമുറക്കാർക്കും വിദ്യാഭ്യാസരംഗത്തെ നേട്ടങ്ങളുടെ പാതയിൽ അഭിമാനിക്കാവുന്ന നാഴികക്കല്ലുകൾ നിരവധിയാണ്.

കാട്ടുമൃഗങ്ങളോട് മല്ലടിച്ചും പ്രകൃതിക്ഷോഭങ്ങളെ അതിജീവിച്ചും മലമ്പനിയിൽനിന്ന് കഷ്ടിച്ച് രക്ഷപ്പെട്ടവർ നിലനിൽപിനുള്ള പോരാട്ടത്തിലായിരുന്നു. അതിനിടയിൽ വിവിധ പ്രായക്കാരായെ 10 കുട്ടികളെ ചേർത്ത് 1946-ൽ പ്രവർത്തനം ആരംഭിച്ച ഏകാധ്യാപകവിദ്യാലയത്തിൽ തുടങ്ങിയ കോടഞ്ചേരിയിലെ വിദ്യാഭ്യാസസൗകര്യങ്ങൾ ഇന്ന് വളർന്ന് പടർന്നിരിക്കുന്നത് 60-ലേറെ സ്ഥാപനങ്ങളിലൂടെയാണ്. എന്നാൽ, പശ്ചിമഘട്ടമലനിരകൾ ഒരുക്കുന്ന ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും വിസ്തീർണത്തിന്റെ വൈപുല്യവും നിമിത്തം സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മുറവിളി ഇനിയും ഇവിടെ അവശേഷിക്കുകയാണ്.

കോഴിക്കോട് രൂപതയിലെ മിഷനറിമാരായ വൈദികരുടെ സ്വാധീനവും പ്രാഥമികവിദ്യാഭ്യാസമെങ്കിലും നേടിയ കുടിയേറ്റക്കാരുടെ താല്പര്യവും ഒപ്പം സഹകരണവും ഒത്തുചേർന്നപ്പോൾ കോടഞ്ചേരിയുടെ വിദ്യാഭ്യാസരംഗത്തിന് ശക്തമായ വേരുകൾ ലഭ്യമായി എന്നുപറയാം. നിലനിൽപിനുവേണ്ടിയുള്ള തത്രപ്പാടിൽ ദേശീയപ്രസ്ഥാനങ്ങളുമായി ബന്ധപ്പെടാൻ കുടിയേറ്റക്കാർക്ക് കഴിയാതെപോയത് സ്വാഭാവികംതന്നെ. തിരുവിതാംകൂറിൽത്തന്നെ നടന്ന കുടിയേറ്റങ്ങളുടെ പ്രതീക്ഷ നൽകുന്ന അനുഭവങ്ങളും ചരിത്രബോധവുംകൊണ്ടാകാം നിലവിലിരുന്ന രാഷ്ട്രീയസ്ഥിതിഗതികളോട് പ്രതികരിക്കാതെ നിലനിൽപിനായുള്ള അധ്വാനത്തിന് മുൻതലമുറക്കാർ മുൻതൂക്കം നൽകിയത്.

സാമ്പത്തികമേഖലയിൽ കൈവരിക്കാനായ വളർച്ചാനിരക്ക് സ്ഥാപനങ്ങളുടെ എണ്ണത്തിനപ്പുറം വിദ്യാഭ്യാസരംഗത്ത് കൈവരിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? ദാരിദ്ര്യത്തിൽനിന്നുള്ള പൂർവികരുടെ മോചനത്തിന്റെ പാത എത്രമാത്രം ദുർഘടമായിരുന്നുവെന്നത് പുത്തൻ തലമുറകൾ വിസമരിക്കുന്നത് ഈ വൈരുധ്യത്തിന് ഒരു കാരണമായി കരുതാമോ? അതിലുപരി സാമ്പത്തികശേഷിയുടേയും സാംസ്കാരികത്തകർച്ചയുടേയും ഉല്പന്നമായ മദ്യത്തിന്റെയും മയക്കുമരുന്നുകളുടേയും സ്വാധീനവും ജീവിതചര്യയുടെ ഭാഗമായി നിർദോഷമെന്ന് കരുതപ്പെട്ട അനുഭവങ്ങളും മാതൃകകളും ഗതിനിയന്ത്രണത്തിൽ നിർണായകമായൊരു പങ്ക് വഹിച്ചില്ലേ?

വിദ്യാഭ്യസരംഗത്തെ പ്രത്യേകിച്ചും കായികരംഗത്തെ തിളക്കമാർന്ന നേട്ടങ്ങളുടെ പട്ടിക കോടഞ്ചേരിക്ക് അഭിമാനകരംതന്നെ. ദേശീയ അന്തർദേശീയ തലങ്ങളിലും ജില്ലാസംസ്ഥാനതലങ്ങളിലും ശ്രദ്ധേയരായ കായികതാരങ്ങൾ സാങ്കേതികവിദ

ഗ്ധർ അധ്യാപകർ ഡോക്ടർമാർ നേഴ്സുമാർ തുടങ്ങി കോടഞ്ചേരിക്കാരായ നിരവധിപേർ നാടിന്റെ നാനാഭാഗങ്ങളിലായി സേവനം അനുഷ്ഠിക്കുന്നുണ്ട്. സേവനമേഖലകളിലും സാമൂഹ്യ സാംസ്കാരികരംഗത്തും കാർഷികരംഗത്തും തൊഴിൽ മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ചവരാണ് ഈ നാട്ടുകാർ. അവരുടെ ശേഷിക്കും ആഗ്രഹത്തിനുമൊപ്പം അടുത്തും അകലെയുമായി ഇളംതലമുറകൾക്ക് ലഭ്യമാക്കുന്ന വിദ്യാഭ്യാസസൗകര്യങ്ങളുടെ കാര്യത്തിൽ ഏറ്റവും ശ്രദ്ധാലുക്കളാണ്. പക്ഷേ, ലഭ്യമകുന്ന നേട്ടങ്ങളുടെ കാര്യത്തിൽ ബഹുഭൂരിപക്ഷവും അസംതൃപ്തരും ചിലരെങ്കിലും അജ്ഞരുമാണ്. ഈ സാഹചര്യത്തിലാണ് ചരിത്രപരവും വസ്തുതാപരവുമായി നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയെ സമീപിക്കുകയും വിലയിരുത്തുകയും സാധ്യതകൾ പരിഗണിച്ച് ആസൂത്രിതമായി നീങ്ങുകയും ചെയ്യേണ്ടത്.

വിദ്യാഭ്യാസംഇന്നലെ, ഇന്ന്. നാളെയോ?

"ഈ വല്ലിയിൽനിന്ന് ചെമ്മെ പൂക്കൾ
പോകുന്നിതാ പറന്നമ്മേ"

1946-ൽ കോടഞ്ചേരിയിലെ കത്തോലിക്കാ പള്ളിയും വികാരിയച്ചന്റെ താമസസ്ഥലവും ഒപ്പം പണിപ്പുരയുമായിരുന്ന വിദ്യാലയത്തിലെ പ്രഥമാധ്യാപകനായ തൊമ്മിക്കുഞ്ഞുസാറിന്റെ ഈരടികൾ കുടിയേറ്റക്കാരുടെ വിദ്യാഭ്യാസചരിത്രത്തിന്റെ അടിത്തറയാണ്. കോടഞ്ചേരിയിലെ ആദ്യകുടിയേറ്റക്കാരായ എരുമേലി-കൊരട്ടിക്കാരൻ ചെമ്പകത്തുങ്കൽ മത്തായിച്ചേട്ടന്റെ മരുമകൻ ഇല്ലിക്കൽ അവറാച്ചനൊപ്പം 1945-ൽ പൂളവള്ളിയിൽ കുടിയേറിയ കൊരട്ടിക്കാരൻ തോപ്പിൽ തോമസ്സാണ് ഈ ഏകാധ്യാപകൻ. അന്നത്തെ വികാരി അഭിവന്ദ്യനായ സെക്വീറാ അച്ചന്റെ മേൽനോട്ടവും കുന്നത്ത് ദേവസ്യാച്ചേട്ടനടക്കം കൈക്കാരന്മാരുടെ നേതൃത്വവും ഇതിന് ലഭിച്ചു. ഇതിനുമുമ്പ് ചൂരപ്പൊയ്കയിൽ മത്തച്ചൻ മാസ്റ്ററും ഒരപ്പുഴിയിൽ അബ്രഹാം ആശാനും കുട്ടികളെ പഠിപ്പിച്ചിരുന്നു. ഇതേകാലത്തുതന്നെ കണ്ണോത്തും ആശാൻ കുട്ടികളെ പഠിപ്പിച്ചിരുന്നു. തിരുവിതാംകൂറിൽനിന്ന് 3-4 ക്ലാസ്സുവരെ പഠിച്ചവരടക്കം പത്തു കുട്ടികൾക്ക് എട്ടണ ഫീസും അധ്യാപകന് 15 രൂപ ശമ്പളവും ഏർപ്പെടുത്തിയിരുന്നു. പിന്നീട് കുട്ടികള് വർധിച്ചതോടെ ശമ്പളം 30 രൂപയാക്കുകയും കൂട്ടത്തിൽ പള്ളിക്കാര്യത്തിൽനിന്ന് ഭക്ഷണത്തിനായി അരി നൽകുകയും ചെയ്തിരുന്നു. ഫാ: ജോസഫ് ഞാറക്കാട്ട്, അമ്പാട്ട് ജോർജ് ചേട്ടൻ, കുന്നത്ത് മത്തായിസാർ, ഫാ: ജോസഫ് കുന്നത്ത്, മണ്ണാർകുന്നേൽ മത്തായിച്ചേട്ടൻ, തോമാച്ചേട്ടൻ, മറിയക്കുട്ടിടീച്ചർ, വടക്കേ കുഞ്ഞപ്പച്ചൻ തുടങ്ങി പ്രഥമവിദ്യാർത്ഥികളിൽപ്പെട്ട കേളൻകുന്നേൽ ശ്രീ കെ.ജെ വർക്കി വാട്ടർ അതോറിറ്റിയിൽ ചീഫ് എഞ്ചിനീയറായി റിട്ടയർ ചെയ്തിരിക്കുന്നു.

വെളംകോട് എൽ.പി. സ്കൂൾ എന്ന പേരിൽ നീറനാനിക്കൽ ശ്രീ എൻ.ജെ. വർക്കിയുടെ മാനേജ്മെന്റിൽ ശ്രീ എസ്. ശേഖരൻനായർ ഹെഡ് മാസ്റ്ററായി 1949-ൽ ആരംഭിച്ച സ്ഥാപനമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ അംഗീകൃതവിദ്യാലയം. അന്ന് ഒന്നുമുതൽ മൂന്നുവരെ ക്ലാസ്സുകൾക്കാണ് അംഗീകാരം ലഭിച്ചത്. അംഗീകാരം ലഭിക്കുന്നതിനുമുമ്പ് 1948-ൽതന്നെ ഞള്ളിമാക്കൽ ജെ. അബ്രഹാംമാസ്റ്റർ ഈ സ്കൂളിലെ പ്രഥമാധ്യാപകനായിരുന്നു. 5മുതൽ 18 വയസ്സുവരെ പ്രായമുള്ള അമ്പതിനടുത്ത് കുട്ടികളെ അവിടെ പഠിപ്പിച്ചിരുന്നു. ഒന്നുമുതൽ അഞ്ചുവരെ ക്ലാസ്സുകൾക്ക് കോടഞ്ചേരി സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിന് അംഗീകാരം ലഭിക്കുന്നത് 1950-ലാണ്. ബഹുമാനപ്പെട്ട ഫാബിയൂസ് അച്ചൻ മാനേജരും ശ്രീമതി പി.വി. അന്ന ഹെഡ്മിസ്ട്രസ്സുമായിരുന്നു. 1954-ൽ കുടിയേറ്റമേഖലയിലെ ആദ്യത്തെ ഹൈസ്കൂൾ എന്ന പദവിയിൽ പുതിയ സ്ഥാപനമായി കോടഞ്ചേരി സെന്റ് ജോസഫ്സ് ഹൈസ്കൂൾ അംഗീകാരം നേടി. ബഹുമാനപ്പെട്ട ദസുത്തേവൂസ് അച്ചൻ ഈ രംഗത്ത് നന്ദിപൂർവം സ്മരിക്കപ്പെടേണ്ട പള്ളിവികാരിയും സ്കൂൾ മാനേജരുമായിരുന്നു. 1954 ജൂലായ് 5-ന് ആരംഭിച്ച ഹൈസ്കൂൾ ഹെഡ്മാസറ്റർ ജോസഫ് മാസ്റ്റർ, പി.പി. ആന്റണി മാസ്റ്റർ, പി.എൻ. ശങ്കരൻനമ്പൂതിരിമാസ്റ്റർ എന്നിവരിൽ നമ്പൂതിരിമാസ്റ്റർ ഇവിടെ റിട്ടയർ ചെയ്ത ആദ്യത്തെ അധ്യാപകൻ എന്ന നിലയിലും തൊമ്മിക്കുഞ്ഞുസാറടക്കം നിരവധിപേരെ ഹിന്ദി അധ്യാപകരായി പരിശീലിപ്പിച്ച ഗുരു എന്ന നിലയിലും ശ്രദ്ധേയനാണ്. ആദ്യ SSLC ബാച്ചിലെ ശ്രീ. എൻ.വി. ജോർജ് കേരള ഇലക്ട്രിസിറ്റി വകുപ്പിൽനിന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായി റിട്ടയർ ചെയ്തുകഴിഞ്ഞു.

ജെ. അബ്രഹാം മാസ്റ്റർ അധ്യാപകർക്കുള്ള സംസ്ഥാന-ദേശീയ അവാർഡുകളും കെ.വി. ജോർജ് മാസ്റ്റർ, പി.ജെ. ജോസഫ് മാസ്റ്റർ എന്നിവർ സംസ്ഥാന അവാർഡുകളും നേടിയിട്ടുണ്ട്. കായികരംഗത്തും സ്കൗട്ട്സ് & ഗൈഡ്സ് രംഗത്തുമാണ് കോടഞ്ചേരിയിലെ വിദ്യാർത്ഥികൾ ദേശീയഅന്തർദേശീയ അംഗീകാരങ്ങൾ നേടിയത്. ഇന്ത്യൻവോളിബോൾ ക്യാപ്റ്റനായിരുന്ന അർജുന അവാർഡ് ജേതാവ് സാലി ജോസഫ്, ഇന്ത്യൻ

ജൂനിയർ ഫുട്ബോൾ ടീം ക്യാപ്റ്റൻ തുടർന്ന് ഇന്ത്യൻ ഫുട്ബോൾ ടീം അംഗം എന്നീ നിലകളിൽ പ്രശസ്തനായ മാത്യുവർഗീസ്, ദേശീയതലത്തിൽ ശ്രദ്ധേയരായ ബോളിബോൾ താരം സുനമ്മ, ഹാൻഡ്ബോൾ താരം ഷീബ മാത്യു, അത്ലറ്റ്സ് താരം പി.ജെ. അഗസ്റ്റസ്, എം.എ. മോളി എന്നിവർ പിൻതലമുറകൾക്ക് മാതൃകകളായി. കൂടാതെ ഹാൻഡ്ബോളിലും അത്ലറ്റിക്സിലും ദേശീയതാരങ്ങളുടെ ഒരു വൻനിരതന്നെ കോടഞ്ചേരിയുടെ അഭിമാനമായി നിലനിൽക്കുന്നു. സ്കൗട്ട്സ് & ഗൈഡ്സുകൾക്കുള്ള രാഷ്ട്രപതിയുടെ അവാർഡു നേടുന്ന വിദ്യാർത്ഥികളുടെ നീണ്ട പട്ടിക കോടഞ്ചേരിയുടെ യശസ്സിന് മാറ്റുകൂട്ടുന്നു. കേരളത്തിനകത്തും പുറത്തും കായികാധ്യാപകരായി ജോലി നോക്കുന്ന 90-ലധികം പേർ കോടഞ്ചേരിയിൽ ശിക്ഷണം ലഭിച്ചവരാണ്. കായികാധ്യാപകപരിശീലനം നേടി തൊഴിലിനായി കാത്തിരിക്കുന്നവരും സ്പോർട്സിലു ഗെയിംസിലും വ്യക്തിപരമായി പ്രാഗത്ഭ്യം തെളിയിച്ചവരും ഇളംതലമുറകൾക്ക് സ്വമേധയാ പരിശീലനം നൽകുന്ന കായികസംസ്കാരം ഇവിടെ നിലനിൽക്കുന്നു. അന്യസംസ്ഥാനങ്ങളിലും മറ്റിടങ്ങളിലുമായി അകലങ്ങളിൽ പഠനം നടത്തുന്നവർ നിരവധിയാണ്. വൈദഗ്ധ്യം ആവശ്യമുള്ള തൊഴിൽ മേഖലകളിലും സാങ്കേതികമേഖലകളിലും പരിശീലനമോ ഉപരിപഠനമോ നടത്തുന്നവർ താരതമ്യേന കുറവാണെന്ന് കാണാം. സഹകരണാടിസ്ഥാനത്തിലുള്ള ശാസ്ത്രീയകൃഷിരീതിയിലും സ്ഥല-ജല-മാനേജ്മെന്റിലും വൈദഗ്ധ്യം നേടുന്നവർ സാധ്യത വച്ചുനോക്കുമ്പോൾ തികച്ചും അപര്യാപ്തമാണെന്ന് കാണാം. വട്ടച്ചിറ, പാത്തിപ്പാറ, കോലുകുത്ത്, തെയ്യപ്പാറ തുടങ്ങിയ ആദിവാസി കോളനികളിൽ വളരുന്ന കുട്ടികളെ വിദ്യാർത്ഥികളായി നിലനിർത്തുന്നതിനും അവരുടെ സാമൂഹ്യസ്ഥിതി അല്പമെങ്കിലും ഉയർത്തുന്നതിനും കഴിയാതെ പോകുന്നു എന്നത് വിദ്യാഭ്യാസരംഗത്ത് ഇവിടെ നിലവിലുള്ള പ്രശ്നങ്ങളിൽ പ്രഥമപരിഗണന അർഹിക്കുന്നതുതന്നെ.

സംസ്ഥാനതലത്തിൽത്തന്നെ ശ്രദ്ധേയമായ വിജയനിലവാരം പുലർത്തിയിരുന്ന കോടഞ്ചേരി സെന്റ് ജോസഫ്സ് ഹൈസ്കൂളിന്റെയും അതിന്റെ ഫീഡിങ് മേഖലകളിൽ പിൽക്കാലത്ത് ആരംഭിച്ച നിരവധി ഹൈസ്കൂളുകളുടേയും SSLC റിസൾട്ടിൽ ഇന്നുകാണുന്ന കുറവ് ഒരു വശത്തും അതിന് വഴിമരുന്നിടുന്ന പ്രീപ്രൈമറി തലം തുടങ്ങി പത്താംക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളുടെ പഠനനിലവാരവും ഒപ്പം സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങളും മറുവശത്തുമായി ഒരേ നാണയത്തിന്റെ ഇരുവശങ്ങളെന്ന നിലയിൽ ഇന്നത്തെ വിദ്യാഭ്യാസത്തെ വിലയിരുത്തേണ്ടിയിരിക്കുന്നു. ജീവിതവും പഠനവും തമ്മിലുള്ള ബന്ധവും ഇവിടെ പരിഗണിക്കപ്പെടുന്നു.

4 HS വിഭാഗങ്ങളും 5 UP വിഭാഗങ്ങളും 8 LP വിഭാഗങ്ങളും ഉൾപ്പെടെ 17 വിഭാഗങ്ങളുള്ള 13 സ്കൂളുകളിൽ 1996-97 അധ്യയനവർഷം 2435 ആൺകുട്ടികളും 2495 പെൺകുട്ടികളുമടക്കം 4936 വിദ്യർത്ഥികൾ പഠനം നടത്തുന്നു. പട്ടിക 1, 2 എന്നിവ കാണുക. 185 അധ്യാപകരിൽ 3 ഒഴിവുകൾ നികത്തപ്പെടാതെ ബാക്കി നിൽക്കുന്നു.

LP, UP, HS വിഭാഗങ്ങൾ തിരിച്ച് ഓരോ സ്കൂളിലും പഠിക്കുന്ന കുട്ടികളുടെ വിശദാംശങ്ങൾ പട്ടിക 3-ൽ കൊടുത്തിരിക്കുന്നു.

ഒന്നാംക്ലാസ്സിൽ 485 കുട്ടികളും പത്താംക്ലാസ്സിൽ 454 കുട്ടികളും പഠിക്കുന്നു. ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നത് എട്ടാംക്ലാസ്സിലാണ്. 597 പേർ. വിവിധക്ലാസ്സുകളിലായി 430 കുട്ടികൾ SC/ST വിഭാഗത്തിലുണ്ട്. 408 പേർ തോറ്റ് പഠിക്കുന്നവരാണ്. 124 പേർ കൊഴിഞ്ഞുപോയിരിക്കുന്നു. പട്ടിക 4 കാണുക.

സർക്കാർ ശമ്പളം പറ്റുന്ന 185 അധ്യാപകരിൽ 23 പേർ (12.7%) സർക്കാർ സ്കൂളുകളിൽ പഠിപ്പിക്കുന്നു. ആകെയുള്ള 4934 വിദ്യാർത്ഥികളിൽ 583 പേർ (12%) രണ്ട് സർക്കാർ സ്കൂളുകളിലും ബാക്കിയുള്ളവർ പ്രൈവറ്റ് സ്കൂളുകളിലുമാണ് പഠിക്കുന്നത്. (പട്ടിക 5 കാണുക)

വേളംകോട്ട് സെന്റ് ജോർജ് ഹൈസ്കൂളിൽ 5, 6, 7, 8 ക്ലാസ്സുകളിലും കോടഞ്ചേരി സെന്റ് ജോസഫ്സ് എച്ച്എസിൽ 5, 6 ക്ലാസ്സുകളിലും ഓരോ ഇംഗ്ലീഷ്മീഡിയം ഡിവിഷനുകൾ പ്രവർത്തിക്കുന്നു. പ്രീ പ്രൈമറി തലം തുടങ്ങി ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഞ്ചായത്തിന് പുറത്തുപോയി പഠിക്കുന്ന കുട്ടികൾ 100-ൽ അധികം വരും.

ഒട്ടും മോശമല്ലാത്ത ഭൗതികസാഹചര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും നമ്മുടെ കുട്ടികൾക്ക് ലഭ്യമാണെന്ന് കാണാം. (പട്ടിക 6, 7 കാണുക)

ശരാശരി 12.82 ച.കി.മീ. ന് ഒരു LP സ്കൂൾ, 20.52 ച.കി.മീ.ന് ഒരു UPS 25.65 ച.കി.മീ.ന് ഒരു HS എന്ന നിലയിൽ സ്കൂളുകൾ ലഭ്യമാണ്. ജീരകപ്പാറ വനമേഖലയിലെ അനധികൃത കുടിയേറ്റങ്ങളേയും പരിഗണിച്ചാൽ ശരാശരി വിസ്തീർണം ഇതിലേറെയാകും എന്നത് സ്വാഭാവികമാണ്. (പട്ടിക 8 കാണുക.)

പഞ്ചായത്തിലെ SSLC വിജയശതമാനം

1991-92 62% ആയിരുന്നത് 1995- 96-ൽ 56% എന്ന നിലയിലും പരീക്ഷ എഴുതിയ കുട്ടികൾ 1991-92-ൽ 465 ആയിരുന്നത് 1995-96-ൽ 423 എന്ന നിലയിലും ശ്രദ്ധേയമാണ്. (പട്ടിക 9) കഴിഞ്ഞ 5 വർഷത്തെ കണക്കുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയാൽ 1997 മാർച്ചിൽ SSLC പരീക്ഷ എഴുതാവുന്ന 454 കുട്ടികളിൽ 173 പേർ തോൽക്കാനിടയുണ്ട്. (62% വിജയം)

മോഡറേഷൻ നൽകി പ്രഖ്യാപിക്കുന്ന SSLC വിജയശതമാനത്തേയും പൊതുവിൽ ഇന്ന നിലവിലുള്ള മൂല്യനിർണയസമ്പ്രദായത്തേയും മാത്രമാശ്രയിച്ച് കുട്ടികളുടേയോ സ്കൂളിന്റെയോ നിലവാരം വിലയിരുത്താനാകില്ലെന്ന് ഇന്നത്തെ സമൂഹത്തിന് ബോധ്യമുണ്ടെന്ന് തോന്നുന്നു. എന്നാൽ നിലവിലുള്ള സമ്പ്രദായത്തിൽതന്നെ വെള്ളം ചേർക്കാൻ സാധ്യതയില്ലാത്ത ഒന്നാം പാദവാർഷിക പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കുട്ടികളെ വിലയിരുത്തുന്നത് അഭികാമ്യമായിരിക്കും. പട്ടിക 10-ൽ 3 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളെ മാർക്കിന്റെ അടിസ്ഥാനത്തിൽ 30 ശതമാനത്തിനുതാഴെ, 30 മുതൽ 40 ശതമാനംവരെ, 40 മുതൽ 50 ശതമാനംവരെ, 50 മുതൽ 60 ശതമാനംവരെ, 60 ശതമാനത്തിനുമേൽ എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. ക്രിയാത്മകമായ പഠനത്തിനും സ്വയം വിമർശനപരമായ സമീപനത്തിനും ഉചിതമായ ഗതിനിയന്ത്രണത്തിനും ലഭ്യമായ ഏകഅടിസ്ഥാനമായി ഇവയെ പരിഗണിക്കേണ്ടിയിരിക്കുന്നു. പ്രാദേശികമായ താല്പര്യങ്ങൾക്കും സാധ്യതകൾക്കുമൊപ്പം, ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച് ഡിപ്പാർട്ടുമെന്റിന്റെയും ഗ്രാമപഞ്ചായത്തുകളുടേയും സഹകരണത്തോടെ നടപ്പാക്കിത്തുടങ്ങിയ സ്കൂൾ കോംപ്ലക്സ് പരിപാടികൾ മനസ്സിലാക്കി ശാസ്ത്രീയമായി പരിഷ്കരിച്ച് ഫലം കൊയ്യാൻ നമുക്ക് എത്രത്തോളം സാധിക്കും?

സ്കൂൾ കോംപ്ലക്സുകൾ

ജില്ലാ പഞ്ചായത്തിന്റെ.നിർദേശാനുസരണം പഞ്ചായത്തുതലത്തിൽ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന്റെ ആദ്യപടിയായി LP, UP തലങ്ങളിലെ മുഴുവൻ അധ്യാപകരേയും ഉൾപ്പെടുത്തി 3-7-96-ന് കോടഞ്ചേരിയിൽ വെച്ച് രൂപീകരിച്ച സ്കൂൾ കോംപ്ലക്സിൽ 92 അധ്യാപകർ പങ്കെടുത്തു. ആ യോഗത്തിൽ പഞ്ചായത്തുപ്രസിഡണ്ട് ചെയർമാനായി പഞ്ചായത്തുവിദ്യാഭ്യാസസമിതി രൂപീകരിക്കുകയും 8 അംഗങ്ങൾ ചേർന്ന ഒരു അക്കാഡമിക് സമിതിയെ തെരഞ്ഞെടുക്കുകയും ചെയ്തു. LP അധ്യാപകർക്കായി 13-8-96-ന് ഒരു ഏകദിനപരിശീലനപരിപാടി കോടഞ്ചേരി സെന്റ് ജോസഫ്സ് LP സ്കൂളിൽ വച്ചുനടത്തി. അതിൽ 24 അധ്യാപകർ പങ്കെടുത്തു. പഞ്ചായത്തിലെ സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ യോഗം 28-9-96-ന് നടന്നു. LP സ്കൂളിൽ ഗണിതം, പരിസരപഠനം എന്നിവ കൈകാര്യം ചെയ്യുന്ന 2 അധ്യാപകർവീതം 5-10-96-ന് ബാലുശ്ശേരിയിൽ നടന്ന പരിശീലനക്ലാസ്സിൽ പങ്കെടുത്തു. തുടർന്ന് പഞ്ചായത്തിലെ മുഴുവൻ അധ്യാപകർക്കുമായി 16-10-96ന് കോടഞ്ചേരി LPയിൽ വെച്ചു നൽകിയ ഏകദിനപരിശീലനത്തിൽ 37 അധ്യാപകർ പങ്കെടുത്തു. എല്ലാ മാസത്തിലേയും അവസാനത്തെ വ്യാഴാഴ്ച അധ്യാപകരുടെ യോഗം ചേർന്ന് പഠനനിലവാരവും പ്രശ്നപരിഹാരങ്ങളുടെ ചർച്ചചെയ്തുവരുന്നു.

പ്രീപ്രൈമറിതലം

പഞ്ചായത്തിൽ 17 അംഗനവാടികൾ നിലവിലുണ്ട്. കന്യാസ്ത്രീമഠങ്ങളോടനുബന്ധിച്ച് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 11 നേഴ്സറി വിദ്യാലയങ്ങളിൽ 8 എണ്ണം മലയാളം മീഡിയത്തിലും 3 എണ്ണം ഇംഗ്ലീഷ് മീഡിയത്തിലുമാണ്. കൂടാതെ കന്യാസ്ത്രീകളുടെ മേൽനോട്ടത്തിൽ നൂറാംതോട്ടിലും വലിയ കൊല്ലിയിലും അൺ എയ്ഡഡ് എൽ.പി. സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പരുത്തിപ്പാറ ആദിവാസികോളനിയിൽ പ്രത്യേകശ്രദ്ധയോടെ നടക്കുന്ന ഒരു ഏകാധ്യാപകവിദ്യാലയമുണ്ട്. 3 മുതൽ 5 വരെ പ്രായപരിധിയിൽപ്പെട്ട 30 ആദിവാസികുട്ടികൾക്കായി (ആൺ/പെൺ 15 വീതം) മെച്ചമായ സൗകര്യങ്ങളോടെ ചെമ്പുകടവിൽ ഒരു കിന്റർ ഗാർട്ടൻ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇവിടെ ഒരു അധ്യാപികയും ഒരു ആയയും ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ജോലി ചെയ്യുന്നു.

സമാന്തരവിദ്യാഭ്യാസം/തൊഴിൽ പരിശീലനം

സമാന്തരമേഖലയിൽ മൂന്ന് പാരലൽകോളേജുകൾ കോടഞ്ചേരിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ SSLC, PDC, DC എന്നീ വിഭാഗങ്ങളിലായി 27 അധ്യാപകരും 304 വിദ്യാർത്ഥികളുമുണ്ട്. കൂടാതെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി പ്രവർത്തിക്കുന്ന ട്യൂഷൻ സെന്ററുകൾ നിരവധിയുണ്ട്. ടൈപ്പ്റൈറ്റിങ് പരിശീലനകേന്ദ്രങ്ങൾ 3, തയ്യൽ പരിശീലനകേന്ദ്രങ്ങൾ 4, ചിത്രരചനാപരിശീലനകേന്ദ്രം 1, സംഗീതം, സംഗീതോപകരണപരിശീലനകേന്ദ്രം 1, ഡ്രൈവിങ് സ്കൂൾ 1 എന്നീ ക്രമത്തിൽ പ്രവർത്തനക്ഷമമായ സ്ഥാപനങ്ങളുണ്ട്. ഇവിടെയുള്ള കമ്പ്യൂട്ടർ പഠനകേന്ദ്രത്തിൽ 84 കുട്ടികൾ പരിശീലനം നേടുന്നുണ്ട്.

സാക്ഷരതാപ്രവർത്തനം

ഒന്നാംഘട്ടം വിജയകരമായിരുന്നു. ആദിവാ

സിമേഖലകൾക്കായി പ്രത്യേക പ്രൊജക്ട് നിലവിലുണ്ടായിരുന്നു. രണ്ടാംഘട്ട പ്രവർത്തനം വേണ്ടത്ര ഫലം ചെയ്തില്ല. മുറമ്പാത്തി പബ്ലിക് ലൈബ്രറി, കോടഞ്ചേരി സാംസകാരികനിലയം എന്നിവ പഞ്ചായത്തിലെ രണ്ട് ജനവിദ്യാകേന്ദ്രങ്ങളായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

ഗവ: കോളേജ്

കുടിയേറ്റ മേഖലയിൽ ഒരു കോളേജിനുവേണ്ടിയുള്ള ശ്രമം ഫാ: അലക്സാണ്ടർ മണക്കാട്ടുമറ്റത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും സർക്കാർ മേഖലയിൽ ലഭ്യമാകാൻ വേണ്ടിയിരുന്ന എല്ലാ ഭൗതികസാഹചര്യങ്ങളും ഒരുക്കി മുഴുമനസ്സോടെ കൈയും നീട്ടി ഏറ്റുവാങ്ങാൻ ബഹുശതം ആളുകൾ ഒന്നിച്ചണിനിരക്കുകയും ചെയ്തതോടെ 1980 തിരുവോണനാളിൽ കോടഞ്ചേരിക്കാരുടെ സ്വപ്നം യാഥാർത്ഥ്യമാവുകയും ചെയ്തു. ലക്ഷ്യപ്രാപ്തിക്കായി 18.5 ഏക്ര സ്ഥലം രണ്ടുവർഷക്കാലം പ്രവർത്തിക്കാൻ വാടകക്കെട്ടിടം ബഞ്ച്, ഡസ്ക്, സ്ക്രീൻ തുടങ്ങിയ ഉപകരണങ്ങൾ തുടർന്ന് താല്കാലികകെട്ടിടങ്ങൾ, ലാബ് കെട്ടിടം, രണ്ട് സെമി. പെർമനന്റ് ഷെഡ്ഡുകൾ, റോഡിനുള്ള സ്ഥലം, പിന്നെ റോഡ് തുടങ്ങിയവ ലഭ്യമാക്കാൻ ഒരു ജനതയുടെ കൃത്യനിർവഹണം എത്രമാത്രം കാര്യക്ഷമമായിരിക്കണമെന്നതിന് കോടഞ്ചേരി ഗവ: കോളേജിന്റെ വളർച്ചയുടെ ചരിത്രം നല്ല മാതൃകതന്നെയാണ്. ഇന്ന് PDC 1st, 2nd 3rd 4th ഗ്രൂപ്പുകളിലെ ഒന്നും രണ്ടും വർഷക്കാർ ബി.എ. (ധനതത്വശാസ്ത്രം) ബി.എസ്.സി. (ജന്തുശാശ്ത്രം) എന്നീ ഡിഗ്രി കോഴ്സുകളിലെ 1,2, 3 വർഷക്കാർ ഉൾപ്പെടെ 892 കുട്ടികൾ ഇവിടെ പഠനം നടത്തുന്നു. നിലവിലുള്ള 28 അധ്യാപകരിൽ 25 പുരുഷന്മാരും മൂന്ന് സ്ത്രീകളുമുണ്ട്. ഇവരിൽ 7 പേർ താല്കാലികനിയമനം ലഭിച്ചവരാണ്. അധ്യാപകരിടെ 7 ഒഴിവുകൾ നികത്തപ്പെടാതെ നിൽക്കുന്നു. ഇതേ കാലത്ത് ആരംഭിച്ച ഏതൊരു കോളേജിനേക്കാളും നേട്ടങ്ങളുടെ പട്ടിക ഏറെയുണ്ടെങ്കിലും പ്രശ്നങ്ങൾ നിരവധിയാണ്. അധ്യാപകരുടെ നിയമനം, നിയമനം ലഭിച്ചവർക്ക് പ്രേരണ നൽകുംവിധം താമസസൗകര്യങ്ങൾ, കുട്ടികളുടെ യാത്രാപ്രശ്നങ്ങൾ, പുതിയപുതിയ കോഴ്സുകളുടേയും ഉള്ളവയ്ക്കുതന്നെ വേണ്ട സൗകര്യങ്ങളുടെ അഭവവും എന്നിവ പൊതുപ്രശ്നങ്ങളാണ്. അകലങ്ങളിലുള്ള മറ്റ കോളേജുകളിൽ പോയി പഠിക്കാൻ നാട്ടുകാരായ വിദ്യാർത്ഥികൾ പ്രേരിപ്പിക്കപ്പെടുന്നതിന് ഒരു കാരണം പുതിയ കോഴ്സുകളുടെ അഭാവമാണ്. കോടഞ്ചേരിയുടെ വിദ്യാഭ്യാസചരിത്രവും ശ്രദ്ധേയമായ നേട്ടങ്ങളും പകർന്ന ആവേശം ഉൾക്കൊള്ളുന്നതിന് സ്വയം വിമർശനത്തോടെ ക്രിയാത്മകമായി നിലവിലുള്ള സാഹചര്യങ്ങളെ വിലയിരുത്തുന്നതിനും സാമൂഹ്യസാമ്പത്തികരംഗത്തെ വളർച്ചക്കൊപ്പം വിദ്യാഭ്യാസരംഗത്ത് ഒരു കുതിച്ചുചാട്ടം സാധ്യമകുന്നതിനും കൂട്ടായ്മയുടെ കരുത്തും ഊർജവും നമുക്ക് ഉപയോഗിക്കാം.

ഗ്രാമസഭകളുടെ തീരുമാനങ്ങളുടെ വെളിച്ചത്തിൽ പരിഹരിക്കേണ്ട പ്രശ്നങ്ങൾ

1. കോടഞ്ചേരി ഗവ: കോളേജിൽ കമ്പ്യൂട്ടർ ഡിഗ്രി കോഴ്സുകളും കണക്ക് വിഷയത്തിൽ ബിരുദകോഴ്സും ആരംഭിക്കണം. കൂടാതെ കെമിസ്ട്രി, ഫിസിക്സ്, മലയാളം, കോമേഴ്സ് എന്നീ വിഷയങ്ങളിൽ ബിരുദകോഴ്സുകളും ആരംഭിക്കണം.സുവോളജിയിൽ എം.എസ്.സി. കോഴ്സ് ആരംഭിക്കണം.
2. ഹൈസ്കൂളുകളിൽ +2 കോഴ്സുകൾ ആരംഭിക്കണം.
3. ചെമ്പുകടവ് UP സ്കൂൾ അപ്ഗ്രേഡ് ചെയ്യണം.
4. ആദിവാസിക്കുട്ടികളെ ക്ലാസ്സിലെത്തിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും നടപടിവേണം.
5. അംഗീകൃതസ്കൂളുകളുടെ സമീപത്തുള്ള അനധികൃത വിദ്യാലയങ്ങൾ നിർത്തൽ ചെയ്യണം.
6. നൂറാംതോട് എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണം
7. സാക്ഷരതാ തുടർവിദ്യാഭ്യാസം കാര്യക്ഷമമാക്കണം.
8. B.Ed. T.T.C. കോഴ്സുകൾ ആരംഭിക്കണം.
9. SSLC, PDC പരീക്ഷാപേപ്പറുകൾ മൂല്യനിർണയത്തിനുശേഷം മടക്കിക്കൊടുക്കണം.
10. ഗവ: കോളേജിന്റെ പഴയ കെട്ടിടം പോളിടെക്നിക്കാക്കി മാറ്റണം
11. അധ്യാപകരുടെ താമസസൗകര്യം, യാത്രാസൗകര്യം എന്നിവ മെച്ചപ്പെടുത്തണം.
12. മൈക്കാവിൽ LP സ്കൂൾ ആരംഭിക്കണം.
13. വലിയകൊല്ലിയിൽ ഒരു LP സ്കൂൾ അനുവദിക്കുക.
14. മുണ്ടൂർ, ചിപ്പിലിത്തോട് എന്നിവിടങ്ങളിൽ LP സ്കൂൾ അനുവദിക്കുക.
15. 78-ൽ ഒരു LP സ്കൂൾ ആരംഭിക്കണം.
16. ഗവ: കോളേജിന്റെ പഴയ കെട്ടിടം സംരക്ഷിക്കണം. കോളേജ് ഭൂമി മതിലുകെട്ടി അടവാക്കണം.
17. മുറമ്പാത്തി LP സ്കൂൾ അപ്ഗ്രേഡ് ചെയ്യണം.

1996–97 അധ്യാപകർ വിദ്യാർത്ഥികൾ

പട്ടിക 1

	സ്കൂളിന്റെ പേര്	വിഭാഗം	വിദ്യാർത്ഥികൾ			അദ്ധ്യാപകർ	ഒഴിവുകൾ
			ആൺ	പെൺ	ആകെ	ഇപ്പോഴുള്ളത്	
1	ഗവ: L P മുറമ്പാത്തി	L P	40	45	85	4	1
2	സെന്റ് ജോസഫ്സ് LPS കുടത്തായ്	L P	50	68	118	5	ഇല്ല
3	സെന്റ് തോമസ് L PS നെല്ലിപ്പൊയിൽ	L P	149	157	306	9	ഇല്ല
4	MMLPS നൂറാംതോട്	L P	175	183	358	11	ഇല്ല
5	St. ജോർജ്സ് LPS തെയ്യപ്പാറ	L P	58	61	119	5	ഇല്ല
6	St. ജോസഫ്സ് LPS കോടഞ്ചേരി	L P	236	243	479	13	ഇല്ല
7	ഗവ: UPS ചെമ്പുകടവ്	LP UP	271	227	498	19	1
8	St. തോമസ് UPA, തെയ്യപ്പാറ	UP	51	57	108	5	ഇല്ല
9	വിമല UP'S മഞ്ഞുവയൽ	UP	155	139	194	11	ഇല്ല
10	St. ജോർജസ് HS വേളംകോട്	LP UP HS	415	429	844	34	ഇല്ല
11	സെന്റ് ജോസഫ്സ് HS, കോടഞ്ചേരി	UP, HS	411	417	828	32	ഇല്ല
12	സെന്റ് ആന്റണീസ് HS,കണ്ണോത്ത്	HS	199	217	416	19	ഇല്ല
13	സെന്റ് ജോൺസ് HS, നെല്ലിപ്പൊയിൽ	HS	229	252	481	18	1
	ആകെ		2439	2495	4934	185	3

പട്ടികകൾ അവലംബം : സെക്കന്ററി ഡേറ്റ

പട്ടിക 2

	ആകെ വിദ്യാർത്ഥികൾ			SC/ST		
വിഭാഗം	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
L P	972	1005	1977	98	98	196
U P	682	633	1315	64	55	119
H S	785	857	1642	66	49	115
ആകെ	2439	2495	4934	228	202	430

വിദ്യാർത്ഥികളെ സംബന്ധിച്ച വിശദവിവരം
പട്ടിക 3

							തോറ്റുപഠിച്ചവർ						പഠനം നിർത്തിയവ				
	ആകെ കുട്ടികൾ			SC/ST			SC/ST			മറ്റുള്ളവർ			SC/ST			മറ്റുള്ള	
സ്കൂളിന്റെ പേര്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	M	F
SJLPS കോടഞ്ചേരി	236	243	479	31	22	53	–	–	–	22	11	33	–	–	–	–	–
SGHS വേളങ്കോട്	125	131	256	8	4	12	–	–	–	2	0	2	–	–	–	–	–
SJLPS നെല്ലിപ്പൊയിൽ	149	157	306	12	13	25	4	5	9	7	4	11	22	17	39	14	9
GUPS ചെമ്പുകടവ്	139	117	256	11	10	21	3	2	5	?	?	?	2	1	3	9	4
SGLPS തെയ്യപ്പാറ	58	61	119	8	8	16	1	0	1	2	2	4	2	3	5	4	6
AMLPS നൂറാംതോട്	175	183	358	17	28	45	–	–	–	14	7	21	–	–	–	–	–
SJLPS കൂടത്തായ്	50	68	118	8	9	17	–	1	1	2	3	5	–	–	–	–	–
GLPS മുറമ്പാത്തി	40	45	85	3	4	7	–	–	–	3	1	4	–	–	–	–	–
LP വിഭാഗം ആകെ	972	1005	1977	98	98	196	8	8	16	52	28	80	26	21	47	27	19
SJHS കോടഞ്ചേരി	204	188	392	19	14	33	4	3	7	36	23	59	0	1	1	3	3
വിമല UPS വേളങ്കോട്	140	139	279	15	12	27	3	0	3	5	6	11	–	–	–	–	–
GUPS മഞ്ഞുവയൽ	155	139	294	12	11	23	2	1	3	20	11	31	?	?	?	?	?
GUPS ചെമ്പുകടവ്	132	110	242	12	12	24	4	3	7	?	?	?	1	0	1	2	
STUPS തെയ്യപ്പാറ	51	57	108	6	6	12	2	0	2	7	3	10	–	–	–	–	–
UP വിഭാഗം ആകെ	682	633	1315	64	55	119	15	7	22	68	43	111	1	1	2	5	4
SJHS കോടഞ്ചേരി	207	229	436	14	17	31	8	3	11	28	14	42	2	0	2	2	2
SGHS വേളംകോട്	150	159	309	15	6	21	2	2	4	13	10	23	–	–	–	0	
SJHS നെല്ലിപ്പൊയിൽ	229	252	481	22	16	38	3	1	4	37	27	64	0	1	1	23	10
SAHS കണ്ണോത്ത്	199	217	416	15	10	25	3	0	3	19	16	35	2	0	2	7	

വിദ്യാർത്ഥികൾ ക്ലാസ്സടിസ്ഥാനത്തിൽ
പട്ടിക 4

പഠിക്കുന്ന ക്ലാസ്സ്	ആകെ വിദ്യാർത്ഥികൾ			SC/ST വിദ്യാർത്ഥികൾ			SC/ST തോറ്റു പഠിക്കുന്നവർ			തോറ്റുപഠിക്കുന്ന മറ്റുള്ളവർ			SC/ST പഠനം നിർത്തിയവർ			പഠനം നിർത്തിയ മറ്റുള്ളവർ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	229	256	485	30	28	58	-	-	-	-	-	-	2	1	3	9	7	16
II	251	279	530	26	28	54	2	1	3	15	15	30	5	2	7	4	5	9
III	240	205	445	18	17	35	2	3	5	18	7	25	-	-	NIL	3	1	4
IV	252	265	517	24	25	49	4	4	8	25	7	32	9	9	18	5	1	3
V	212	205	417	16	20	36	5	1	6	5	1	6	-	-	NIL	2	1	3
Vi	229	210	439	20	16	36	5	3	8	28	17	45	1	-	1	-	3	3
VII	241	218	459	28	19	47	5	3	8	35	25	60	-	1	1	3	-	3
VIII	303	294	597	26	17	43	7	1	8	47	31	78	3	-	3	16	7	23
IX	270	321	591	23	21	44	6	4	10	43	33	76	-	1	1	12	6	18
X	212	242	454	17	11	28	-	-	NIL	-	-	NIL	-	-	NIL	4	1	5
ആകെ	2439	2495	4934	228	202	430	36	20	56	216	136	352	20	14	34	58	32	90

പട്ടിക 5
അധ്യാപകർ, വിദ്യാർത്ഥികൾ - സർക്കാർ സ്കൂളുകളിൽ

അധ്യാപകർ		വിദ്യാർത്ഥികൾ	
ആകെ	ഗവ;തലം	ആകെ	ഗവ;തലം
185	23(12.7%)	4934	583 (12)

പട്ടിക 6
സ്കൂളുകളുടെ ഭൗതികസൗകര്യങ്ങൾ

		GLPS മുറവത്തി	SJLPS കുത്തോത്	STLPS നെല്ലിപ്പുയിൽ	AMLPS നാറാംതോട്	GUPS ചെമ്പുകടവ്	വിമല UPS മഞ്ഞുവയൽ	SAHS കണ്ണോത്ത്	SJHS നെല്ലിപ്പുയിൽ	SJLPS കോടമ്പെരി	SGLPS തെയ്യപ്പാറ	STUPS തെയ്യപ്പാറ	SGHS വെള്ളംകോട്	SJHS കോടമ്പെരി	ആകെ
	ആകെ ഡിവിഷനുകൾ	4	4	9	9	14	8	10	10	13	4	3	24	20	132
കെട്ടിടങ്ങൾ	സ്ഥിരം	1	1	–	9	1	1	1	1	2	2	1	8	3	31
	അർദ്ധസ്ഥിരം	–	–	2	–	3	–	–	–	3	–	–	1	2	11
	താല്കാലികം	–	–	–	–	–	–	–	–	–	–	–	–	–	–
മുറികൾ	സ്ഥിരം	5	2	–	10	6	11	14	14	4	2	5	33	23	129
	അർദ്ധസ്ഥിരം	–	–	13	–	8	–	–	1	–	–	–	2	14	41
	താല്കാലികം	–	–	–	–	–	–	–	–	–	–	–	–	–	–
	ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	–	1	–	1	3	–	2	2	–	1	1	–	–	11
	ഇനി ആവശ്യമുള്ള കെട്ടിടം ഭൂമി ഉണ്ട് / ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	–	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	–
	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	1	ഇല്ല	1	1	2	1	2	2	1	2	2	3	1	19
	മൂത്രപ്പുര ഒരുസമയത്ത് എത്രകുട്ടികൾക്ക് ഉപയോഗിക്കാം	10	–	10	2	8	5	20	4	–	5	10	11	15	–
	ഇനി ആവശ്യമുള്ളവ എണ്ണം	1	2	2	5	4	2	1	1	1	1	2	–	–	22
	കക്കൂസിന്റെ എണ്ണം	1	1	2	3	1	ഇല്ല	3	2	3	ഇല്ല	1	2	13	30
	ഉപയോഗശൂന്യമായ കക്കൂസ്	–	–	–	1	–	–	–	–	–	–	–	–	–	–
	കുടിവെള്ളം ഉണ്ട്/ഇല്ല, കിണർ/പൈപ്പ്	കിണർ	കിണർ	ഉണ്ട്	കിണർ	കിണർ	ഉണ്ട്	പൈപ്പ്	കിണർ	പൈപ്പ്	കിണർ	പൈപ്പ്	കിണർ	കിണർ,	
	വൈദ്യുതീകരണം	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	
	പാചകമുറി	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	
	സ്റ്റാഫ്റും	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	1	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	
	ഫർണീച്ചർ ആവശ്യത്തിന്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	
	ഡസ്ക്	10	–	2	5	25	15	10	10	–	12	5	–	–	94
ആവശ്യമുള്ളതിന്റെ എണ്ണം	ബഞ്ച്	20	–	5	20	30	15	10	12	–	14	–	–	–	126
	മേശ	3	–	3	5	6	3	–	2	–	2	–	–	–	24
	കസേര	5	–	5	10	8	5	10	5	–	5	–	–	–	53
	ഓഫീസ് ഫർണീച്ചർ എണ്ണം	അലമാരി	അലമാരി	അലമാരി	6	9	3	2	6	–		2	2	–	40

പട്ടിക 7
അക്കാദമിക് സൗകര്യങ്ങൾ

	GLPS മുറമ്പാത്തി	SJLPS കുടത്തായ്	STLPS നെല്ലിപ്പുഴയിൽ	AMLPS നൂറാംതോട്	SGLPS തെയ്യപ്പാറ	SJLPS കോടഞ്ചേരി	GUPS ചെമ്പുകടവ്	വിമല UPS തെയ്യപ്പാറ	STUPS തെയ്യപ്പാറ	SGHS വെള്ളംകോട്	SJHS കോടഞ്ചേരി	SAHS കണ്ണോത്ത്	SJHS നെല്ലിപ്പുഴയിൽ
ലൈബ്രറി	✗	✔	✗	✔	✔	✔	✗	✔	✔	✔	✔	✔	✔
ലാബോറട്ടറി	✗	✗	✗	✗	✔	✔	✔	✔	✔	✔	✔	✔	✔
മാപ്പ്, ചാർട്ട്, ഗ്ലോബ് എന്നിവ വേണ്ടത്ര	✗	✔	✗	✗	✗	✔	✗	✔	✗	✔	✓	✗	✔
റേഡിയോ	✗	✔	✗	✗	✔	✗	✗	✗	✗	✔	✗	✔	✗
ടേപ്പ് റിക്കോർഡറുകൾ	✗	✔	✗	✗	✔	✔	✗	✗	✗	✗	✔	✗	✗
ടിവി	✗	✗	✗	✗	✗	✗	✗	✗	✗	✗	✗	✗	✗
വിസിആർ, വിസിപി	✗	✗	✗	✗	✗	✗	✗	✗	✗	✗	✗	✗	✗
സിനിമാ പ്രൊജക്ടർ	✗	✗	✗	✗	✗	✗	✗	✗	✗	✗	✗	✗	✗
സ്ലൈഡ് പ്രൊജക്ടർ	✗	✗	✗	✗	✗	✗	✗	✗	✗	✔	✗	✗	✗
ഓവർഹെഡ് പ്രൊജക്ടർ	✗	✗	✗	✗	✗	✗	✗	✗	✗	✔	✗	✗	✗
കമ്പ്യൂട്ടർ	✗	✗	✗	✗	✗	✗	✗	✗	✗	✗	✗	✗	✗
ബ്ലാക്ക്ബോർഡ് ആവശ്യമുള്ളത്	4	4	9	9	–	–	2	4	–	25	16	10	2
ബ്ലാക്ക്ബോർഡ് നിലവിലുള്ളത്	4	4	9	9	5	16	12	8	5	28	16	10	10
95–96–ൽ ലഭിച്ച അധ്യയനദിനങ്ങൾ	194	195	193	185	195	194	193	192	196	195	194	192	194
പ്രത്യേക പൊതുഅവധിമൂലം നഷ്ടമായ അധ്യയനദിനങ്ങൾ	1.5	2	2	6	0	6	3	–	4	3	6	8	–
സമരംമൂലം നഷ്ടപ്പെട്ട ദിനങ്ങൾ	–	–	–	–	–	–	4	–	–	–	–	–	–
മാതൃസംഗമം സജീവം/സജീവമല്ല	✓	✔	✔	✔	✔	✔	✔	✔	✔	✔	✔	✗	✔
ക്ലാസ്റൂം പിടിഎ പ്രവർത്തിക്കുന്നു/ഇല്ല	✓	✗	✔	✔	✔	✔	✔	✔	✔	✔	✔	✔	✔

പട്ടിക 8
സ്കൂളുകളുടെ ലഭ്യത

സ്കൂൾ വിഭാഗം	സ്കൂളുകളുടെ എണ്ണം	ച.കി.മീ/സ്കൂൾ
എൽപി	8	12.82
യുപി	5	20.52
എച്ച്.എസ്	4	25.65

പട്ടിക 9
എസ്.എസ്.എൽ.സി. പരീക്ഷാഫലം – കഴിഞ്ഞ 5 വർഷങ്ങളിൽ

സ്കൂൾ	1991–92			1992–93			1993–94			1994–95			1995–96		
	പങ്കെടുത്തവർ ആകെ	വിജയിച്ചവർ	വിജയശതമാനം	പങ്കെടുത്തവർ ആകെ	വിജയിച്ചവർ	വിജയശതമാനം	പങ്കെടുത്തവർ ആകെ	വിജയിച്ചവർ	വിജയശതമാനം	പങ്കെടുത്തവർ ആകെ	വിജയിച്ചവർ	വിജയശതമാനം	പങ്കെടുത്തവർ ആകെ	വിജയിച്ചവർ	വിജയശതമാനം
SJHS കോടഞ്ചേരി	138	81	59%	136	61	45%	141	90	64%	107	62	58%	109	64	59%
SGHS വേളംകോട്	69	52	75	82	59	72	85	53	62	74	61	82	79	57	72
SJHS നെല്ലിപ്പൊയിൽ	120	74	62	144	95	66	149	69	46	124	74	60	132	69	52
SAHS കണ്ണോത്ത്	138	80	58	111	64	58	120	65	54	123	62	50	103	47	46
ആകെ	465	287	62	473	279	59	495	277	56	428	259	61	423	237	56


പട്ടിക 11
കോടഞ്ചേരി ഗവ: കോളേജ്

കോഴ്സുകൾ	കുട്ടികൾ			കുട്ടികൾ SC/ST			അധ്യാപകർ			ഒഴിവ്
	M	F	T	M	F	T	M	F	T	
പ്രീഡിഗ്രി	326	347	673	50	84	134	25	3	28	7
ഡിഗ്രി	90	129	219	4	10	14	അനധ്യാപകർ			
ആകെ	416	476	892	54	94	148	22	6	28	2


അധ്യാപകരിൽ 7 പേർ താല്കാലികം

പട്ടിക 10


1996-97-ലെ ഓണപ്പരീക്ഷയുടെ ഫലത്തെ അടിസ്ഥാനമാക്കി നടത്തിയ വിശകലനം




3-ാം ക്ലാസ്സ് വിദ്യാർത്ഥികൾ 445




4-ാം ക്ലാസ്സ് വിദ്യാർത്ഥികൾ 517




5-ാം ക്ലാസ്സ് വിദ്യാർത്ഥികൾ 417




6-ാം ക്ലാസ്സ് വിദ്യാർത്ഥികൾ 439




7-ാം ക്ലാസ്സ് വിദ്യാർത്ഥികൾ 459



8-ാം ക്ലാസ്സ് വിദ്യാർത്ഥികൾ 597



9-ാം ക്ലാസ്സ് വിദ്യാർത്ഥികൾ 591



10-ാം ക്ലാസ്സ് വിദ്യാർത്ഥികൾ 454



കുടിവെള്ളം, ആരോഗ്യം, പരിസരശുചിത്വം

സാമ്പത്തികമായി താരതമ്യം ചെയ്യാതെ ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കേരളം ലോകത്തിലെ വികസിതരാജ്യങ്ങളുടെ ഒപ്പംതന്നെ നിൽക്കുന്നുണ്ട്. ഒരിന്ത്യാക്കാരന്റെ ശരാശരി ആയുസ്സ് 60 ആയിരിക്കേ കേരളീയന്റെ ആയുസ്സ് പുരുഷൻ 69-ഉം സ്ത്രീ 72 വയസ്സും ആണ്. ശിശുമരണനിരക്ക് ഇന്ത്യയിൽ 1000-ന് 74 ആയിരിക്കേ കേരളത്തിൽ 13.6 മാത്രമാണ്. മാതൃമരണനിരക്ക് 4% ആണെങ്കിൽ കേരളത്തിൽ 0.8% ആണ്. 'ശുദ്ധജലം, ശുദ്ധവായു, ശുചിത്വമുള്ള പാർപ്പിടം' ഇവ ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്. ആരോഗ്യരംഗത്ത് കേരളം ചെലവിടുന്നത് വരുമാനത്തിന്റെ 17% മാത്രമാണ്.

കോഴിക്കോട് ജില്ലയുടെ കിഴക്കുഭാഗത്ത് പശ്ചിമഘട്ടത്തിന്റെ ഭാഗമായ കോടഞ്ചേരി പഞ്ചായത്ത് മലയോരകുടിയേറ്റ മേഖലയാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചുകൊണ്ടിരുന്ന പ്രദേശങ്ങളിൽ ഒന്നായിരുന്നു ഇവിടം. 1980 കാലഘട്ടം വരെയും കുടിവെള്ളത്തിന് യാതൊരു ക്ഷാമവും ഉണ്ടായിട്ടില്ലാത്ത പ്രദേശമായിരുന്നിത്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ സ്ഥിതി ചെയ്തിരുന്ന ജീരകപ്പാറ വനം ഘട്ടംഘട്ടമായി മുറിച്ചുമാറ്റപ്പെട്ടതോടെ ജലസ്രോതസ്സുകൾ വറ്റി വരളുകയും അങ്ങിങ്ങ് ഉരുൾ പൊട്ടലും മലയിടിച്ചിലും ഉണ്ടാവുക സാധാരണയാവുകയും ചെയ്തു. കോഴിക്കോട് താലൂക്കിനാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കാൻ പര്യാപ്തമായിരുന്ന നിയുക്ത ചെമ്പുകടവു മിനി ജലവൈദ്യുതപദ്ധതിപോലും ജലസമ്പത്തിന്റെ കുറവുമൂലം പുനരാലോചിക്കേണ്ട സ്ഥിതിയിലാണ്. പ്രകൃതിദത്തമായ ജലസ്രോതസ്സുകൾ (നീരുറവകൾ) ഉണ്ടായിരുന്നതുമൂലം കുടിവെള്ളത്തിന് സ്ഥായിയായ മാർഗം അന്വേഷിക്കേണ്ടിയിരുന്നില്ല. എന്നാൽ ഇന്ന് ഈ പഞ്ചായത്തിലെ മുഴുവൻ വാർഡുകളും ശുദ്ധജലദൗർലഭ്യത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിലെ ഏകദേശം 80% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. 6679 കുടുംബങ്ങളുള്ള ഈ പഞ്ചായത്തിൽ 960 കിണറുകൾ ഉള്ളതിൽ 140 എണ്ണം വെള്ളമില്ലാത്തവയാണ്. പഞ്ചായത്തിന്റെ ഏകദേശം 60% പ്രദേശങ്ങൾ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നു. (അവലംബം: സെസ്സ് റിപ്പോർട്ട്)

ലോകബാങ്ക് സഹായത്തോടെ വാട്ടർ അതോറിറ്റി നടപ്പാക്കിയ പൊട്ടംകോട് പദ്ധതിയും ആദിവാസികൾക്കുവേണ്ടി നടപ്പാക്കിയ വട്ടച്ചിറ, കോലിക്കുന്നു പദ്ധതികളും (K.W.A. & K.G.P) മാത്രമാണ് പഞ്ചായത്തിലെ ശുദ്ധജലവിതരണപദ്ധതികൾ. ഇതിൽ കോലിക്കുന്ന് പദ്ധതി പാടെയും വട്ടച്ചിറ പദ്ധതി ഭാഗികമായും മുടങ്ങിയിരിക്കുകയാണ്.

പദ്ധതിപ്രകാരം ഇരുവഞ്ഞിപ്പുഴയിൽ പത്തായപ്പാറയിൽ കിണർ നിർമിച്ചുപൊട്ടംകോടു മലയിൽ (സമുദ്രനിരപ്പിൽ നിന്ന് 1915 അടി ഉയരത്തിൽ) ടാങ്ക് നിർമിച്ച് 102 കണക്ഷൻ നൽകാൻ തീരുമാനിക്കുകയും 40 കണക്ഷൻ നൽകുകയും 66 എണ്ണം കൊടുത്തുകൊണ്ടിരിക്കുകയും കൂടുതൽ കൊടുക്കാൻ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. നൂറാംതോട് സ്കൂൾ കുന്നിലുള്ള നീരുറവയിൽ കുന്ദമംഗലം ബ്ലോക്ക് ടാങ്ക് നിർമിച്ച് നൂറാംതോട് സ്കൂളിലേക്കും 20 വീടുകളിലേക്കും ശുദ്ധജലവി

തരണം നടത്തിയിരുന്നു. എന്നാൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന നൂറാംതോട് സ്കൂളിൽ ജലമെത്തിക്കാനുള്ള നടപടികൾ പഞ്ചായത്ത് അധികൃതർ നടത്തിയിട്ടില്ല.

കോടഞ്ചേരി പഞ്ചായത്തിൽ കോടഞ്ചേരി ടൗൺ, വേളംകോട് ടൗൺ, നെല്ലിപ്പൊയിൽ ഹൈസ്കൂൾപടി, നെല്ലിപ്പൊയിൽ എൽ.പി. സ്കൂൾപടി, പേഴുംകണ്ടി ഹരിജൻ കോളനി, നൂറാംതോട് അങ്ങാടി, കോടഞ്ചേരി മൃഗാശുപത്രിക്ക് പിൻവശം എന്നിങ്ങനെ 7 പഞ്ചായത്തുപൊതുകിണർ ആണുള്ളത്. ഇതിൽ കോടഞ്ചേരി മൃഗാശുപത്രിക്ക് പിൻവശമുള്ള കിണർ വെള്ളമില്ലാത്തതാണ്. ഈ പഞ്ചായത്തിൽ കുഴൽക്കിണർ ഒന്നുപോലും നിലവിലില്ല. പഞ്ചായത്തും ബ്ലോക്കും സംയുക്തമായി ചൂരമുണ്ടയിൽ നിർമിച്ച പൊതുകുളത്തിൽ നിന്നും 500-ൽ അധികം വീട്ടുകാർക്ക് ശുദ്ധജലം വിതരണം നടത്താന് സാധിക്കും.

പഞ്ചായത്തിൽ സാമ്പിൾ സർവേ നടത്തിയതിൽ 321 പേർക്ക് ജലജന്യരോഗങ്ങൾ ഉണ്ടായിട്ടുണ്ട്. ആദിവാസി, ഹരിജൻ മേഖലകളിലാണ് കൂടുതലും കണ്ടുവരുന്നത്.

കുടിവെള്ളപ്രശ്നപ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1.	വാർഡിന്റെ മിക്കപ്രദേശങ്ങളിലും ശുദ്ധജലക്ഷാമം	മാമ്പറ്റപ്പാറ, മുറമ്പാത്തി അങ്ങാടി, വെള്ളാങ്കൽ ഏലിയാസ് പടി, കാഞ്ഞിരപ്പാറ അംഗൻവാടി, മാൻകുളത്തിൽ രാജുപടി, പുല്ലൂരാംപാറ വാട്ടർടാങ്കിനടുത്ത് റോഡിൽ ടാപ്പുസ്ഥാപിക്കുക. തോട്ടുമുഴി, മുറമ്പാത്തിറോഡിൽ ഒരു പൊതുടാപ്പ് സ്ഥാപിക്കുക. പരുവൻതൊടുകയിൽ മുറമ്പാത്തി കാഞ്ഞിരംപാറ റോഡിലും പൊതുടാപ്പ് സ്ഥാപിക്കുക. പുത്തൻ പുരപടിമുതൽ നാഗത്താൻ പടിവരെ, പാടത്തുകാട്ടിൽ തമ്പിമുക്ക് മുതൽ പുളിമൂട്ടിക്കടവുപാലംവരെ (പാടത്തുകാട്ടിൽ തമ്പിമുക്കും പുത്തൻ കണ്ടത്തിൽ പാടിപ്പടിക്കലുള്ള മെയിൻ ലൈൻ ബന്ധിപ്പിക്കുക) കാരക്കാട് പടിമുതൽ തോട്ടുംമുഴിവരെ, മുള്ളുപാ കോട്ടക്കുടുക്ക് വലിയകൊല്ലിവരേയും സർവീസ് ലൈൻ നീട്ടുക. ഒന്നാം വാർഡിൽ നിലവിലുള്ളതും സ്ഥാപിക്കാനുള്ളതുമായ പൊതുടാപ്പുകൾ, ഗാർഹികകണക്ഷൻ ഉപഭോക്താക്കൾക്ക് കൃത്യമായി ശുദ്ധജലം ലഭിക്കാനുള്ള നടപടികൾ കർശ്ശനമായി സ്വീകരിക്കുക.
2.	വാർഡിൽ വലിയകൊല്ലി പൊട്ടൻ കോട്, കുരങ്ങൻ പാറ, കോട്ടക്കുടുക്ക്, മുള്ളുപാറ, പല്ലാട്ടുപടിമുക്ക് മഞ്ഞുവയൽ റോഡ് പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം.	വലിയകൊല്ലി കുരങ്ങൻപാറ ഭാഗം, കോട്ടക്കുടുക്ക് നിരഞ്ഞപ്പേൽ ഭാഗം, കോട്ടക്കുടുക്ക്, പൊട്ടൻകോട് കുരിശിന്റെ താഴെ, നിരപ്പ്, ഹരിജൻ വീടുകൾ ഇരുപുളിൽ കവലയിൽ നിന്ന് കിഴക്കുംകര രാജുപടിയിൽ, മുള്ളുപാറ റോഡിൽ, പനന്താനത്ത് സണ്ണിയുടെ വീട്ടുതാഴെ, മഞ്ഞുവയൽ റോഡിൽ ഐരാറ്റുപടി, മാധവപ്പണിക്കരുടെ വീട്ടുപടിക്കടുത്ത്, പുലിക്കയം ലക്ഷംവീടുകോളനി, മുരിക്കിൻചാൽ കുരിശിങ്കൽ, പുല്ലാട്ടുപടിമുക്ക്, മുള്ളുപാറ വാസുപ്പടിവരെയും പൈപ്പ്ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുകയും പൊട്ടൻകോട് പൊതുകുളവും കോട്ടക്കുടുക്ക് നിരപ്പേൽ കുഴൽകിണറും

പൊട്ടൻകോട് നിരപ്പേൽ പൊതുകിണറും ഏർപ്പെടുത്തുക.

പല്ലാട്ടുപടി, ഇല്ലിപ്പറമ്പു റോഡിൽ പൈപ്പ്ലൈൻ നീട്ടുക, നെല്ലിപ്പൊയിൽ പുല്ലൂരാംപാറ റോഡിൽ കടമ്പനാട്ടുപടിയിൽ വെള്ളമെത്തിക്കുക, നാരങ്ങാത്തോട്-മഞ്ഞുവയൽ റോഡിൽ നില്വിലുള്ള ടാപ്പിൽ വെള്ളം സ്ഥിരമായി എത്താനുള്ള സംവിധാനം ഏർപ്പെടുത്തുക.

3. ചാമക്കാലാക്കവല, ഇരുപൂളം കവല, മീൻമുട്ടിക്കവല, പുന്നക്കുറ്റിമല, മീൻമുട്ടി പടിഞ്ഞാറ്റുംകര എന്നിവിടങ്ങളിൽ കടുത്ത ശുദ്ധജലക്ഷാമം.

3. ചാമക്കാലാ കവലയിൽ ഒരു കുളം കുഴിച്ച് ഹോസിട്ടാൽ ഏകദേശം 70 വീട്ടുകാർക്ക് പ്രയോജനപ്പെടും. ഇരുപൂളും കവലയിൽനിന്നും പൂവത്തിൻചോട് കവലവരെ ഹൗസ് കണക്ഷൻ നൽകുക. പാച്ചിക്കൽ പടിയിൽ നിന്നും നിലവിലുള്ള പൈപ്പ്ലൈൻ 300 മീറ്റർ നീട്ടി പുന്നക്കുറ്റിമലയിൽ ഒരു പൊതുടാപ്പ് ഇടുക. ഇതിന് പൈപ്പ് സൗജന്യമായി ലഭിച്ചാൽ പണി ജനകീയ പങ്കാളിത്തത്തോടെ ചെയ്തുതീർക്കും. കൊല്ലംപറമ്പ് വരെയുള്ള പൈപ്പ്ലൈൻ പുളിക്കൽ പാലത്തുങ്കൽ വരെ നീട്ടുക. മീൻമുട്ടി പടിഞ്ഞാറേക്കര ഒരു പൊതുകുളം സ്ഥാപിക്കുക.

4. കണ്ടപ്പൻചാൽ, കാലൻപാറ, മുണ്ടൂർ, ചെറുകുന്ന്, കാട്ടിപ്പൊയിൽ എന്നീ പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം

4. കണ്ടപ്പൻചാലിൽ കേരളവാട്ടർ അതോറിറ്റി സ്ഥാപിച്ച കുളം നന്നാക്കി കണ്ടപ്പൻചാൽ, കാലൻപാറ, മുണ്ടൂർ പ്രദേശങ്ങളിൽ ശുദ്ധജലവിതരണം സാധ്യമാക്കുക. നാരങ്ങാത്തോട്, ചെറുകുന്ന്, കുണ്ടൻതോട്, കാട്ടിപ്പൊയിൽ എന്നീ പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കുക. മുണ്ടൂർ മുകൾഭാഗത്ത് ഒരു കുളംകുഴിച്ചും നിലവിലുള്ള ടാപ്പിന്റെ അറ്റകുറ്റപ്പണികൾ നടത്തി ശുദ്ധജലവിതരണം ക്രമമായി നടത്തുക.

5. ജീരകപ്പാറ പ്രദേശത്ത് ശുദ്ധജലക്ഷാമം

5. ജീരകപ്പാറ 78-നുമുകളിൽ ജനങ്ങൾ സമാഹരിച്ചുവാങ്ങിയ 2 സെന്റ് സ്ഥലത്തു കുളംകുഴിച്ച് ജീരകപ്പാറ, ചക്കിപ്പാറ ഭാഗത്ത് വെള്ളമെത്തിക്കുക.

6. മരുനിലാവ്, ചിപ്പിലിത്തോട്, കൂന്തളം തേര്, വട്ടച്ചിറ, മുട്ടിത്തോട്, കരിമ്പ്, പോത്തുണ്ടി, പട്ടരാട്, നൂറാംതോട് പ്രദേശങ്ങളിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന രൂക്ഷമായ ശുദ്ധജലക്ഷാമം

6. മരുനിലാവ് പ്രദേശത്ത് റിസർവ് ഫോറസ്റ്റിനുസമീപമുള്ള നീർച്ചാലിൽ ബണ്ടുകെട്ടിയാൽ ചിപ്പിലിത്തോട്, കൂന്തളം തേര്, മരുനിലാവ്, മിച്ചഭൂമി, ആദിവാസി കോളനി എന്നീ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാം. തുഷാരഗിരിപ്പുഴയിൽനിന്ന് (ചാലിപ്പുഴ) വട്ടച്ചിറ ആദിവാസി കോളനിവഴി പൈപ്പ്ലൈനിട്ടാൽ ജലത്തിന്റെ സ്വാഭാവിക ഒഴുക്കുകൊണ്ടുതന്നെ ആറാംവാർഡിലെ ആകാശവാണിക്കുന്നിൽ ടാങ്ക് നിർമിച്ച് ശുദ്ധജലവിതരണം നടത്താം. ഈ പദ്ധതിമൂലം ഏഴാംവാർഡിലെ ഉയർന്ന പ്രദേശമായ സ്കൂൾ കുന്നിലും ടാങ്ക്

നിർമിച്ച് വാർഡുമുഴുവൻ ശുദ്ധജലവിതരണം നടത്താം. വട്ടച്ചിറകോളനിയിലും മണിക്കൊമ്പേൽ തോമസ് എന്ന വ്യക്തിയുടെ സ്ഥലത്തും ഓരോ കുളങ്ങൾ നിർമിച്ചാൽ സ്വാഭാവികഒഴുക്കുജലം തന്നെ വട്ടച്ചിറ, മുട്ടിത്തോട്, കരിമ്പിൽ, നൂറാംതോട് പ്രദേശങ്ങളിൽ നിലവിലുള്ള ശുദ്ധജലപ്രയാസം ഇല്ലാതാക്കുന്നതാണ്. ഉയർന്ന പ്രദേശങ്ങളിലെ നീരുറവകൾ പരിഷ്കരിച്ചാൽ ഹോസുവഴി കുറഞ്ഞ ചെലവിൽ ശുദ്ധജലക്ഷാമം പരിഹരിക്കാം.

7. ചെമ്പുകടവ്, വെണ്ടേക്കുംപൊയിൽ, കോഴിക്കോടൻ ചാൽ, നൂറാംതോട്, ഉറിവയർ, പേവുംകണ്ടി, പാലക്കൽ, ചെമ്പിലി പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം. പുനരാരംഭിക്കാത്ത കോലിക്കുന്ന്, സ്കൂൾകുന്ന് പദ്ധതികൾ.

7. തുഷാരഗിരിയിൽ (വട്ടച്ചിറക്കു സമീപം ചാലിപ്പുഴയിൽ) നിന്നും പൈപ്പുവഴി ജലത്തിന്റെ സ്വാഭാവികഒഴുക്കുകൊണ്ടുതന്നെ ഏഴാംവാർഡിലെ സ്കൂൾകുന്നിനുമുകളിൽ ടാങ്കുനിർമിച്ച് വാർഡിൽ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന ചെമ്പുകടവ്, കോഴിക്കോടൻ ചാൽ, വെണ്ടേക്കുംപൊയിൽ, തേക്കുംതോട്ടം, നൂറാംതോട് സ്കൂൾ, പാലക്കൽ, പട്ടരാട്ട്, ചെമ്പിലി പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കാം. കുന്ദമംഗലം ബ്ലോക്കിന്റെ സഹായത്തോടെ സ്കൂൾകുന്നിൽ നിർമിച്ച ടാങ്കിൽനിന്നും നൂറാംതോട് സ്കൂളിലേക്ക് വെള്ളമെത്തിക്കുക. (ഇത് നിലവിൽ ഉണ്ടായിരുന്നതാണ്.) കോലിക്കുന്നിൽ ആദിവാസി കോളനിയിൽ സ്ഥാപിച്ച മോട്ടോർ റിപ്പയർ ചെയ്ത് ശുദ്ധജലവിതരണം പുനരാരംഭിക്കുക. ചെമ്പുകടവ് ആദിവാസികോളനിയിൽ പൊതുകിണർ സ്ഥാപിക്കുക. കളപ്പുറം ലൈൻ പോവുകണ്ടി, ഉറിവയൽ കോലിക്കുന്ന് പ്രദേശങ്ങളിലേക്ക് നീട്ടി ഈ പ്രദേശങ്ങളിലും ശുദ്ധജലക്ഷാമം പരിഹരിക്കുക.

8. തൊഴിലാളിക്കുന്ന്, വേഞ്ചേരിക്കുന്ന്, മഞ്ചപ്പാറ പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം. ചെമ്പിലിവയലിലെ ചതുപ്പുപ്രദേശത്തുണ്ടാകുന്ന പ്രശ്നങ്ങൾ

8. തൊഴിലാളിക്കുന്നിലുള്ള (ചൂരമുണ്ട) പഞ്ചായത്തുവക കുളത്തിൽനിന്ന് പള്ളിമലയിൽ ടാങ്കുനിർമിച്ച് വെള്ളം പമ്പുചെയ്താൽ 150 വീട്ടുകാർക്ക് പ്രയോജനപ്പെടും. വേഞ്ചേരിക്കുന്നിലെ ഉപയോഗശൂന്യമായ രണ്ടു ടാപ്പുകൾ നന്നാക്കുകയും പത്തു ടാപ്പുകൾ കൂടി പുതുതായി സ്ഥാപിക്കുകയും ചെയ്താൽ പ്രദേശത്തെ 150 കുടുംബങ്ങൾക്ക് പ്രയോജനപ്പെടും. മിച്ചഭൂമിപ്രദേശമായ ചെമ്പിലി വയലിൽ താമസിക്കുന്ന കുടുംബങ്ങളുടെ കിണറുകൾക്ക് ആൾമറ കെട്ടാൻ സഹായിച്ചാൽ മഴവെള്ളം കുത്തിയിറങ്ങുന്നത് തടഞ്ഞ് കുടിവെള്ളയോഗ്യമാക്കി മാറ്റാം. മഞ്ചപ്പാറ, കല്ലറക്കപ്പടി മുതൽ പേരേക്കുടിത്താഴെവരെയും പൈപ്പുലൈൻ നീട്ടി ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കുക.

9. ഗവ: ആശുപത്രി, ഉദയനഗർ, തൊണ്ടിപ്പടി, സൊസൈറ്റിപ്പടി, ഉരപ്പുങ്കൽ, പാറമല പ്രദേശത്തെ

9. ഗവ: ആശുപത്രി, ഉദയനഗർ, തൊണ്ടിപ്പടി, പുലിക്കയം (സൊസൈറ്റിപ്പടി), ഉരപ്പുങ്കൽ, പാറമല

ശുദ്ധജലക്ഷാമം.

10. നിരന്നപാറ കോളനി മുതൽ ഗവ: കോളേജ് വരെയും, കാരക്കാട്ടുതാഴെ കോളനി മുതൽ നിരന്നപാറ റോഡു വരെയുള്ള ശുദ്ധജല ക്ഷാമം .

11. കരിമ്പാലക്കുന്ന്, കുരിശിങ്കൽ, തേവർമല, തെയ്യപ്പാറ, തോട്ടമല, കണ്ണോത്ത് ടൗൺ, കോളനിപ്രദേശങ്ങൾ എന്നിവിടങ്ങളിലെ ശുദ്ധജല ദൗർലഭ്യം.

12. ചുണ്ടുക്കുന്ന്, മാനാംകുന്ന്, ശാന്തിനഗർ, വെണ്ണിയോറ ഷാപ്പുപടി, കരിമ്പാലക്കുന്ന്, കാഞ്ഞിരാട്, എന്നിവിടങ്ങളിലെ ശുദ്ധജല ദൗർലഭ്യം.

13. പൂളപ്പാറ, കല്ലംതറമേട്, ശാന്തിനഗർ,

എന്നീ പ്രദേശങ്ങളിൽ പൊതുടാപ്പ് സ്ഥാപിക്കുക.

10. പഞ്ചായത്ത് രൂക്ഷമായ ശുദ്ധജലക്ഷാമം നേരിടുന്ന നിരന്നപ്പാറ

കോളനി, കീരിത്തോട്, നിരന്നപ്പാറ വരിക്കോട്ടൂർ, നിരന്നപാറ ലക്ഷംവീട് കോളനി, ഗവ: കോളേജ് പ്രദേശം എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക. പൈപ്പ്ലൈനിന്റെ (നിലവിലുള്ള) ലൈനിന്റെ അറ്റകുറ്റപ്പണികൾ നടത്തുക. കൂടാതെ കാരക്കാട്ടുതാഴെ കോളനി, പ്രാവിഡക്കുന്നേൽ താഴെ, നെല്ലിക്കുന്നേൽ കോളനി, കള്ളിക്കാട്ടുപടി, നിരന്നപാറയുടെ മുകൾഭാഗം, മാമൻകോളനി, രാഘവൻകോളനി, പൂളവള്ളി നിരന്നപാറ റോഡുപ്രദേശങ്ങളിൽ പൊതുടാപ്പ് സ്ഥാപിക്കുക. ഇതിനുള്ള കായികസഹായം ജനങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്.

11. കരിമ്പാലക്കുന്ന്, കുരിശിങ്കൽ, തേവർമല എന്നീ സ്ഥലങ്ങളിൽ പൊതുകിണറിന് സ്ഥലം വ്യക്തികൾ നൽകാൻ തയാറാണ്. ഈ പ്രദേശത്തുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് കിണർ കുഴിച്ച് ശുദ്ധജലവിതരണം ആരംഭിക്കണം. തെയ്യപ്പാറ, കരിമ്പാലക്കുന്ന്, തോട്ടമല ഈ പ്രദേശങ്ങളിൽ കിണറുകളും കുഴൽക്കിണറുകളും സ്ഥാപിക്കുക. പൈപ്പ്ലൈൻ നിലവിലുണ്ടായിട്ടും കണ്ണോത്ത് പള്ളിമല, പഴയ കുരിശിന്റെ (കണ്ണോത്ത്) വലതുഭാഗം കൂടാതെ മറ്റു പല പ്രദേശങ്ങളിലും ശുദ്ധജലം ലഭ്യമല്ല. ആവശ്യമായ നടപടികൾ ഉടൻ ആരംഭിക്കുക. പൂവണ്ടക്കോളനി, അമ്മായിക്കാട് കോളനി, തെയ്യപ്പാറ ഭജനമഠത്തിനുസമീപം, മേക്കോഞ്ഞി കോളനി, കുരിശുമല ഭാഗത്തും പൊതുടാപ്പ് സ്ഥാപിച്ച് ശുദ്ധജലവിതരണം ഉറപ്പാക്കുക. മേക്കോഞ്ഞി കോളനിയിലെ നിലവിലുള്ള കിണർ വൃത്തിയാക്കി ആഴംകൂട്ടി ശുദ്ധജലം ലഭ്യമാക്കുക. തേവർ മലയിൽ പാറക്കന്റെ സ്ഥലത്തുള്ള വറ്റാത്ത നീരുറവ വിപുലീകരിച്ചാൽ വാർഡിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും. നീർച്ചാലുകളുടെ ലഭ്യത കുറഞ്ഞ സാമ്പത്തികച്ചെലവോടെ സ്ഥാപിക്കാൻ കഴിയുമെന്ന് മാത്രമല്ല, യാന്ത്രികസഹായം ആവശ്യമില്ലാത്തതുമാകുന്നു.

12 ചുണ്ടക്കുന്ന്-മാനാംകുന്ന് വഴി മൈക്കാവ്-ശാന്തിനഗർ, വെണ്ണിയോറ മല, ഷാപ്പുപടി, കരിമ്പാലക്കുന്ന്, എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക. കാഞ്ഞിരാട് ഭാഗത്ത് കുഴൽക്കിണർ സ്ഥാപിക്കുകയോ നിലവിലുള്ള കിണറുകൾക്ക് ആഴംകൂട്ടാനുള്ള സഹായം നൽകുകയോ ചെയ്യുക.

13. പൂളപ്പാറ, കല്ലംതറമേട്, വേളംകോട്,

പള്ളിമുക്ക്, കേളകം വേളംകോട് പ്രദേശങ്ങളിലെ ശുദ്ധജല ദൗർലഭ്യം

ശാന്തിനഗർ റോഡിൽ ആണ്ടുകാലായിൽ വീടിനു താഴെ, ശാന്തിനഗർ കവല, പള്ളിമുക്ക്, ആനിച്ചുവട്, കേളകം, കുറ്റൂർ കവല, വേളംകോട് അങ്ങാടി, പനച്ചിപ്പറ്റ റോഡിൽ, നെല്ലിക്കുന്നേൽ മത്തായിപ്പടി, ആർ.പി.എസ്സിനടുത്ത്, കൊല്ലൻ ദാമോദരന്റെ പടി എന്നിവിടങ്ങളിൽ പൊതുടാപ്പിടുക.

കല്ലംതറ മേട്, കുറുമണ്ണ്, പൂളവള്ളി റോഡിൽ വേളംകൊട്-പനച്ചിപ്പറ്റ- മുറമ്പാത്തി-പൂളപ്പാറ റോഡിലും, വേളംകോട്-പൊട്ടംപാറ റോഡിലും പൈനിട്ട് പൊതുടാപ്പ് സ്ഥാപിക്കുക. കിണർ കുഴിക്കുന്നതിന് ധനസഹായവും സബ്സിഡിയും വെള്ളം ഇല്ലാതായാൽ നഷ്ടപരിഹാരവും നൽകുക.

കുടിവെള്ളക്ഷാമബാധിതപ്രദേശങ്ങളും പരിഹാരമാർഗങ്ങളും

ഒന്നാം വാർഡിൽ വ്യാപകമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി നിലവിലുള്ള പൈനിന്റെ ദൈർഘ്യം വർധിപ്പിക്കുകയും പൊതുടാപ്പുകളും സ്വകാര്യടാപ്പുകളും അനുവദിക്കുകയും ശുദ്ധജല വിതരണവും അറ്റകുറ്റപണികളും കൃത്യമായും യഥാസമയവും നടത്തുകയും ചെയ്യുക.

രണ്ടാം വാർഡിൽ പൊട്ടൻകോട് പ്രദേശത്തുള്ള ശുദ്ധജലദൗർലഭ്യം പരിഹരിക്കുന്നതിന് പൊട്ടൻകോട് നിരപ്പിൽ പഞ്ചായത്തുവക പൊതുകുളം നിർമിക്കുക. കോട്ടക്കുടുക്ക് നിരപ്പിൽ കിണർ കുഴിക്കാൻ സാധാരണഗതിയിൽ വിഷമമായതിനാൽ കുഴൽക്കിണർ സ്ഥാപിച്ച് ശുദ്ധജലവിതരണം നടത്താൻ കഴിയും. വലിയകൊല്ലി, പൊട്ടൻകോട്, കുരങ്ങൻപാറ, കോട്ടക്കുടുക്ക്, മുള്ളുപാറ, പല്ലാട്ടുപടിമുക്ക്, മഞ്ഞുവയൽ, പുലിക്കയം, മുരിക്കിൻചാൽ എന്നീ പ്രദേശങ്ങളിലേക്ക് പൊതുടാപ്പുകൾ സ്ഥാപിക്കുകയും ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് പൈപ്പുലൈൻ നീട്ടി ടാപ്പുകൾ അനുവദിക്കുകയും ശുദ്ധജലവിതരണം കുറ്റമറ്റതാക്കുകയും ചെയ്താൽ രണ്ടാംവാർഡിൽ നിലവിലുള്ള ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്.

മൂന്നാംവാർഡിൽ കടുത്ത ശുദ്ധജലക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളായ ചാമക്കാല കവല, ഇരുംപൂളും കവല, മീമുട്ടിക്കവല, പുന്നക്കുറ്റിക്കവല, മീമുട്ടി പടിഞ്ഞാറ്റുംകര എന്നിവിടങ്ങളിലേക്ക് പൈപ്പുലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക. ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുക. മീമുട്ടി പടിഞ്ഞാറേക്കര ഒരു പൊതുകുളം സ്ഥാപിച്ച് അവിടുത്തെ ശുദ്ധജലക്ഷാമം പരിഹരിക്കാം.

നാലാംവാർഡിൽ കണ്ടപ്പൻചാൽ, കാലൻപാറ, മുണ്ടൂർ, ചെറുകുന്ന്, കാട്ടിപ്പൊയിൽ എന്നിവിടങ്ങളിൽ രൂക്ഷമായ ശുദ്ധജലദൗർലഭ്യം ഉള്ള പ്രദേശങ്ങളാണ്, കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ച കണ്ടപ്പൻചാലിലെ കുളം നന്നാക്കിയാൽ ഈ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്. മുണ്ടൂർ മുകൾഭാഗത്ത് കുളം കുഴിച്ചും, നിലവിലുള്ള ടാപ്പിന്റെ അറ്റകുറ്റപ്പണികൾ നടത്തിയും നാരങ്ങാത്തോട്, ചെറുകുന്ന്, കുണ്ടൻതോട്, കാട്ടിക്കുഴി എന്നീ പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കാവുന്നതാണ്.

വാർഡ് അഞ്ചിലെ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ് ജീരകപ്പാറ. 78-നു മുകളിൽ ജനങ്ങൾ സമാഹരിച്ച് വാങ്ങിയ രണ്ടുസെന്റ് സ്ഥലത്ത് കുളം കുഴിച്ചാൽ ജീരകപ്പാറ, ചക്കിപ്പാറ പ്രദേശങ്ങളിൽ വെള്ളമെത്തിച്ച് പ്രശ്നം പരിഹരിക്കാവുന്നതാണ്.

വാർഡ് 6-ലെ രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കാൻ മരുതിലാവ് പ്രദേശത്ത് നീർച്ചാലിൽ ബണ്ടുകെട്ടി ചിപ്പിലിത്തോട്, കൂന്തളംതേര്, മരുതിലാവ്, മിച്ചഭൂമി, ആദിവാസികോളനി, പോത്തുണ്ടി എന്നീ പ്രദേശങ്ങളിലേക്ക് കുറഞ്ഞ സാമ്പത്തികച്ചെലവിൽ പൈപ്പുവഴി ജലവിതരണം നടത്താം. വട്ടച്ചിറ കോളനിക്കടുത്ത് ചാലിപ്പുഴയിൽനിന്നും പൈപ്പുലൈനിട്ടാൽ ജലത്തിന്റെ സ്വാഭാവിക ഒഴുക്കുകൊണ്ടുതന്നെ ആകാശവാണിക്കുന്നിലും സ്കൂൾ കുന്നിലും ടാങ്കുകൾ കെട്ടി ജലം ശേഖരിക്കുകയും 6, 7 വാർഡുകളിൽ ശേഷിക്കുന്ന മുഴുവൻ ഭാഗങ്ങളിലും ചുരുങ്ങിയ നിർമാണച്ചെലവിൽ ജലവിതരണം നടത്താവുന്നതാണ്. ഇതിന് ജനപങ്കാളിത്തം ഉറപ്പാക്കാവുന്നതാണ്.

വാർഡ് 7-ൽ ആറാംവാർഡിൽ സൂചിപ്പിച്ച വട്ടച്ചിറ കോളനിക്കടുത്ത് ചാലിപ്പുഴയിൽ സ്ഥാപി

ക്കാവുന്ന പദ്ധതിയുടെ ഗുണം ഉപയോഗപ്പെടുത്തിയാൽ വാർഡിൽ മുഴുവൻ ശുദ്ധജലവിതരണം നടത്താവുന്നതാണ്. വട്ടച്ചിറ കോളനിയിലും മണിക്കൊമ്പേൽ തോമസ്സ് എന്ന വ്യക്തിയുടെ സ്ഥലത്തും ഓരോ കുളം നിർമിച്ചാൽ ആറും ഏഴും വാർഡുകളിലെ മിക്കസ്ഥലങ്ങളിലും വേനൽക്കാലത്തുപോലും ധാരാളമായി ശുദ്ധജലവിതരണം നടത്താവുന്നതാണ്. സ്കൂൾക്കുന്നിലുള്ള ടാങ്കിൽനിന്നുള്ള ജലവിതരണം നൂറാംതോട് സ്കൂളിലേക്ക് കൂടി പുനസ്ഥാപിച്ചാൽ സ്കൂളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. കോലിക്കുന്ന് ആദിവാസികോളനിയിലെ മോട്ടോർ റിപ്പയർ ചെയ്യുകയും വട്ടച്ചിറ ആദിവാസികോളനിയിലെ പൈപ്പുശൃംഖലയുടെ അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുക. കളപ്പുറം പൈപ്പുലൈൻ, ഉറിവയൽ, കോലിക്കുന്ന് ഭാഗത്തേക്ക് നീട്ടുകയും ചെമ്പുകടവ് ആദിവാസികോളനിയിൽ ഒരു പൊതുകിണർ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

വാർഡ് 8-ൽ ചൂരമുണ്ടയിൽ തൊഴിലാളിക്കുന്നിലുള്ള പഞ്ചായത്ത് വക കുളത്തിൽനിന്ന് പള്ളിമലയിൽ ടാങ്ക് നിർമിച്ച് വെള്ളം പമ്പുചെയ്താൽ 150 വീട്ടുകാർക്ക് പ്രയോജനപ്പെടും. വേഞ്ചേരികുന്നിലെ ടാപ്പുകളുടെ അറ്റുകുറ്റപ്പണി നടത്തുയും ആവശ്യമുള്ള സ്ഥലങ്ങളിൽ ടാപ്പുകൾ അനുവദിക്കുകയും ചെയ്യണം. മഴവെള്ളം ഒലിച്ചിറങ്ങുന്ന ചെമ്പിലി പ്രദേശത്തെ കിണറുകൾക്ക് ആൾമറ കെട്ടാൻ സാമ്പത്തികസഹായം അനുവദിക്കുക. മഞ്ഞപ്പാറ കല്ലറക്കപ്പടി മുതൽ പേരേക്കുടി താഴെവരെ പൈപ്പുലൈൻ നീട്ടുകയും ചെയ്യണം.

വാർഡ് 9-ൽ ഏറ്റവും കൂടുതൽ ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് ഗവ: ആശുപത്രിപ്പടി, ഉദയനഗർ, തൊണ്ടിപ്പടി. പുലിക്കയം സൊസൈറ്റിപ്പടി, ഉരപ്പുംകൽ, പാറമല ഇവിടങ്ങളിൽ നിലവിലുള്ള പൈപ്പുലൈനിൽ ആവശ്യമുള്ളത്ര പൈപ്പുകൾ (പൊതു,സ്വകാര്യ) സ്ഥാപിക്കുക.

വാർഡ് 10-ൽ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന നിരന്നപാറകോളനി, കീരിത്തോട്, നിരന്നപാറ വരിക്കോട്ടൂർ, നിരന്നപാറ ലക്ഷംവീട് കളനി, ഗവ: കേളേജ് പരസരം, കാരക്കാട്ടുതാഴകോളനി, പ്രാവിട കുന്നേൽത്താഴം നെല്ലിക്കുന്നേൽ കോളനി, കള്ളിക്കാട്ടുപടി, നിരന്ന പാറയുടെ മുകൾഭാഗം മാമൻ കോളനി, രാഘവൻ കളനി, പൂളവള്ളി-നിരന്നപാറ റോഡ് എന്നിവിടങ്ങളിൽ പൊതുടാപ്പ് സ്ഥാപിക്കുക. ഇതിനെല്ലാം ജനങ്ങളുടെ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

വാർഡ് 11ൽ കരിമ്പാറക്കുന്ന്, കുരിശിങ്കൽ, തേവർമല എന്നീ സ്ഥലങ്ങളിൽ പൊതുകിണറിനു സ്ഥലം നല്കാൻ വ്യക്തികൾ തയ്യാറായ സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്ത് കിണറുകൾ കുഴിക്കാൻ തയാറായാൽ ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്. തെയ്യപ്പാറ, കരിമ്പാലക്കുന്ന്, തോട്ടമല പ്രദേശങ്ങളിൽ കുഴൽക്കിണറുകളും കിണറുകളും സ്ഥാപിക്കുക. വാർഡിലുള്ള ഉപയോഗയോഗ്യമല്ലാത്ത കിണറുകൾ ആഴംകൂട്ടി ജലം ലഭ്യമാക്കുക. ടാപ്പുകളുടെ അറ്റകുറ്റപ്പണികളും വെള്ളമെത്താത്ത ടാപ്പുകൾ മാറ്റിസ്ഥാപിക്കുകയും ചെയ്യുക. പൂവണ്ട കോളനി, അമ്മായിക്കാട് കോളനി, തെയ്യപ്പാറ ഭജനമഠത്തിനുസമീപം, മേക്കുഞ്ഞി കോളനി, കുരിശുമലഭാഗങ്ങളിലും ടാപ്പുകൾ സ്ഥാപിക്കുക. തേവർ മലയിൽ പാറക്കന്റെ സ്ഥലത്തുള്ള വറ്റാത്ത നീരുറവ ഉപയോഗിച്ച് ജലവിതരണപദ്ധതികൾ ആസൂത്രണം ചെയ്യുക.

വാർഡ് 12-ൽ ചുണ്ടക്കുന്ന-മാനാംകുഴി വഴി മൈക്കാവ് റോഡ്, ശാന്തിനഗർ-വെണ്ണിയോറമല-ഷാപ്പുപടി-കരിമ്പാലക്കുന്ന് എന്നിവിടങ്ങളിൽ പൊതുടാപ്പ് സ്ഥാപിക്കുക. കാഞ്ഞിരാട് ഭാഗത്ത് കുഴൽക്കിണർ സ്ഥാപിക്കുകയോ, നിലവിലുള്ള കിണറുകളിൽ ജലലഭ്യത ഉറപ്പാക്കാൻ സാമ്പത്തികസഹായം നൽകുകയോ ചെയ്യണം.

വാർഡ് 13-ൽ പൂളപ്പാറ, കലന്തറ മേട്, വേളങ്കോട്, ആണ്ടുകാലായിൽ താഴം, ശാന്തിനഗർ കവല, പള്ളിമുക്ക്, ആനിച്ചുവട്, കേളകം, കുറ്റൂർ കവല, വേളങ്കോട് അങ്ങാടി, നെല്ലിക്കുന്നേൽ താഴം, ആർ.പി.എസിനടുത്ത്, കൊല്ലൻപടി, എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ ഇടുക. കല്ലന്തറ മേട്-കുറുമണ്ണ്-പൂളവള്ളി റോഡിലും വേളങ്കോട്- പനച്ചിപ്പറ്റ-മുറമ്പാത്തി-പൂളപ്പാറ റോഡിലും വേളങ്കോട്-പെട്ടംപാറ റോഡിലും ലൈനിട്ട് ടാപ്പുകൾ സ്ഥാപിക്കുക. കിണറുകൾ കുഴിക്കുന്നതിനുള്ള ധനസഹായവും വെള്ളമില്ലാതായാൽ നഷ്ടപരിഹാരം നൽകുകയും ചെയ്യുക.

ചെറുകിടശുദ്ധജലപദ്ധതികൾ (പഞ്ചായത്തുതലം)

ചെറുകിടപദ്ധതികളെക്കുറിച്ച് വ്യക്തമായ നിർദേശങ്ങൾ നൽകിയത് 4, 5, 6, 7, 11 വാർഡുകളിൽ നിന്നാണ്. ഇതിൽ 6, 7 വാർഡുകളിലെ പദ്ധതി വളരെ ചെലവ് കുറഞ്ഞതും എന്നാൽ ഏറ്റവും കൂടുൽ കുടുംബങ്ങൾ (1250-ലധികം) ക്ക് പ്രയോജനം ലഭിക്കുകയും ചെയ്യും. ഈ പ്രദേശം പശ്ചിമഘട്ടത്തിന്റെ ഭാഗമായതിനാൽതന്നെ ചരിവ് പ്രയോജനപ്പെടുത്തി ഊർജം, യന്ത്രസാമഗ്രികൾ, (വൈദ്യുതി, മോട്ടോർ) ഇവയുടെ സഹായമില്ലാതെ

തന്നെ നടപ്പിലാക്കാൻ സാധിക്കുമെന്നത് വലിയ നേട്ടംതന്നെയാണ്.

6ഉം 7ഉം വാർഡുകളിലും, പതിനൊന്നാം വാർഡിലും ഈ പ്രവർത്തനത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടുണ്ട്. മറ്റ് വാർഡുകളിലും സാമ്പത്തിക സഹായം ലഭിച്ചാൽ പദ്ധതികൾ ജനപങ്കാളിത്തത്തോടെ പൂർത്തീകരിക്കാൻ സാധിക്കും.

ഇടത്തരം പദ്ധതികൾ (പഞ്ചായത്ത് തലം)

ഇടത്തരം പദ്ധതികളെക്കുറിച്ച് എല്ലാ വാർഡിൽ നിന്നും ആവശ്യം വന്നിട്ടുണ്ടെങ്കിലും 2.3.4.5.6.7.8.11.13 എന്നീ വാർഡുകളിൽ നിന്നാണ് വ്യക്തമായ നിർദ്ദേശങ്ങൾ വന്നിട്ടുള്ളത്

രണ്ടാം വാർഡിൽ പൊട്ടംകോട് പൊതുകുളവും, പൊട്ടംകോടു നിരപ്പേൽ കുഴൽകിണറും കുഴിച്ച് ഈ പ്രദേശത്ത് ജലലഭ്യത ഉറപ്പിക്കാം.

മൂന്നാം വാർഡിൽ പടിഞ്ഞാറെക്കരപ്പടിയിൽ ഒരു പൊതു കുളം സ്ഥാപിക്കുക. നാലാം വാർഡിൽ മുണ്ടൂർ മുകൾഭാഗത്ത് ഒരു കുളം ആവശ്യമാണ്. അഞ്ചാം വാർഡിൽ 78നു മുകളിൽ ഒരു കുളമാവശ്യപ്പെട്ടിട്ടുണ്ട്. ആറാം വാർഡിൽ തുഷാരഗിരിപദ്ധതിക്ക് പുറമെ വട്ടച്ചിറകോളനി, മണിക്കൊമ്പേൽ തോമസ് എന്നിവരുടെ സ്ഥലത്തും ഓരോ കുളം ആവശ്യപ്പെട്ടിട്ടുണ്ട്. മരുനിലാവ് നീർച്ചാലിൽ ബണ്ട് കെട്ടാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഏഴിൽ തുഷാരഗിരി പദ്ധതി എട്ടാം വാർഡിൽ തൊഴഴിലാളിക്കുന്നിൽ ടാങ്കു നിർമാണം ആവശ്യപ്പെട്ടിട്ടുണ്ട്. 11-ാം വാർഡിൽ പാറക്കന്റെ സ്ഥലത്ത് (തേവർമല) ഒരു നീരുറവ വിപുലീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. 13-ാം വാർഡിൽ ടാപ്പുജലം എത്തിക്കാൻ സാധിക്കാത്തിടത്ത് കിണറും മറ്റു സൗകര്യങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രദേശങ്ങളിലെല്ലാം ശുദ്ധജല സ്രോതസ്സുകൾ ലഭ്യമായതിനാൽ അവ വിപുലീകരിച്ച് സ്ഥായിയായ പദ്ധതികൾ ആരംഭിച്ചാൽ ഏറ്റവും ചെലവു കുറഞ്ഞതും വേഗത്തിൽ പൂർത്തിയാക്കാൻ സാധിക്കുന്നതുമാണ്.

പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

ഈ പഞ്ചായത്തിന്റെ മധ്യത്തിലൂടെ ചാലിപ്പുഴയും ഇരുവശങ്ങളിലൂടെ ഇരുവഞ്ഞിപ്പുഴയും തെയ്യപ്പാറപ്പുഴയും മറ്റനേകം തോടുകളും അനവധി നീർച്ചാലുകളും ഒഴുകുന്നുണ്ട്. എന്നാൽ മഴക്കാലത്ത് വെള്ളം മുഴുവൻ അറബിക്കടലിൽ എത്തിച്ചേരുകയാണ്. ഇവ നിയന്ത്രിക്കാൻ 1. ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികളും വരമ്പുകളും താഴ്ന്ന പ്രദേശങ്ങളിൽ തടയണകളും കെട്ടി മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക. 2 നിലവിലുള്ള പൊട്ടക്കിണറുകൾ മഴവെള്ള സംഭരണത്തിന് ഉപയോഗിക്കുക. 3. വനനശീകരണത്തെ കർശനമായി നേരിടുക. 4. ബോധവൽക്കരണപ്രവർത്തനങ്ങൾ നടപ്പാക്കുക. 5. പഞ്ചായത്തു ജലസ്രോതസ്സുകൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ട ഏജൻസികളുമായി ആലോചിച്ച് വേണ്ടനടപടികൾ കൈക്കൊള്ളുക. 6. സ്വകാര്യവ്യക്തികൾ കടുത്ത വേനൽക്കാലങ്ങളിൽ മോട്ടോർ ഉപയോഗിച്ച് പുഴകളിൽ നിന്ന് ജലം പമ്പുചെയ്യുന്നത് കർശനമായി തടയുക. 7. മത്സ്യം പിടിക്കാൻ പുഴകളിലും തോടുകളും നഞ്ച് തുടങ്ങിയ വിഷവസ്തുക്കൾ ഉപയോഗിക്കുന്നത്, ഓല ചീയിക്കുന്നതും കർശനമായി നിരോധിക്കുക. 8. നെൽപ്പാടങ്ങൾ തോട്ടങ്ങളായി മാറ്റുന്നരീതി തെറ്റാണെന്നറിഞ്ഞിട്ടും നടപ്പിലാക്കുന്നവർക്കെതിരെ കർശന നടപടി കൈക്കൊള്ളുക.

ആരോഗ്യം

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ, ആരോഗ്യമുള്ളതും അറിവുള്ളതുമായ ഒരു ജനസമൂഹമാണ് രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. ഈ സമ്പത്ത് നിലനിർത്തേണ്ടത് ഏതൊരു രാജ്യത്തിന്റെയും ആവശ്യമാണ്. വികസ്വരരാജ്യമായ ഇന്ത്യയിൽ ആരോഗ്യവിദ്യാഭ്യാസാ മേഖലകളിൽ കേരളം വികസിതരാജ്യങ്ങൾക്കൊപ്പമാണ്. കോടഞ്ചേരി പഞ്ചായത്തും ഇക്കാര്യത്തിൽ ഒട്ടും പിന്നിലല്ല. എന്നിരുന്നാലും ആരോഗ്യരംഗത്ത് കൂടുതൽ മെച്ചമായ പ്രവർത്തനങ്ങൾ പഞ്ചായത്തിനാവശ്യമുണ്ട്.

102 ച.കി.മീ. വിസ്തീർണമുള്ള ഈ പഞ്ചായത്ത് പശ്ചിമഘട്ടത്തിന്റെയൊരു ഭാഗമാണ്. ഗതാഗതം, വാർത്താവിനിമയ മാർഗങ്ങൾ വളരെക്കുറഞ്ഞ ഈ പ്രദേശത്ത് വിദഗ്ധ ചികിത്സകൾക്കായി 50.കി.മീ. യാത്ര ചെയ്യേണ്ടിവരുന്നു.

1968 വരെ ഇവിടുത്തെ കുടിയേറ്റകർഷകർ പാരമ്പര്യവൈദ്യ കുടുംബങ്ങളേയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. ചികിത്സാസൗകര്യങ്ങൾ ഒന്നുംതന്നെ ഈ പ്രദേശത്ത് ഉണ്ടായിരുന്നില്ല. അന്ധവിശ്വാസജടിലമായ ചികിത്സാസമ്പ്രദായങ്ങൾ പാലിച്ചുപോകുന്ന ഒരു വിഭാഗം ഇപ്പോഴും ഈ പഞ്ചായത്തിൽ ജീവിക്കുന്നുണ്ട്. 1968-ൽ കോടഞ്ചേരി പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഓടുമേഞ്ഞ സ്വന്തം കെട്ടിടത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിതമായി. ഈ ഹെൽത്ത് സെന്റർ വിപുലീകരിച്ച് കിടത്തി ചികിത്സിക്കാനുള്ള

ഒരാശുപത്രിയായി ഉയർത്തണം. കണ്ണോത്ത് 1966-ൽ സ്ഥാപിച്ച ആയുർവേദ ഡിസ്പെൻസറിയും, 1982-ൽ നെല്ലിപ്പൊയിലിൽ സ്ഥാപിച്ച ഹോമിയോ ഡിസ്പെൻസറിയും 1989-ൽ വട്ടച്ചിറ ആദിവാസി കോളനിയിൽ സ്ഥാപിച്ച ഹോമിയോ ഡിസ്പെൻസറിയും പേരിൽ മാത്രം ഒതുങ്ങിനിൽക്കുന്ന 11 സബ്സെന്ററുകളും കൂടാതെ കോടഞ്ചേരി ടൗണിൽ ഒരു സ്വകാര്യ ആശുപത്രിയും നെല്ലിപ്പൊയിലിൽ പാരമ്പര്യവിഷചികിത്സാകേന്ദ്രവും മൈക്കാവിൽ വയനാട്ടിൽനിന്ന് വന്ന് ചികിത്സിക്കുന്ന ഒരു പാരമ്പര്യചികിത്സകനും കോടഞ്ചേരിയിൽ പ്രകൃതി ചികിൽസ നടത്തുന്ന ഒരു കുടുംബവും മഞ്ഞപ്പിത്തത്തിനു ചികിൽസിക്കുന്ന ഒരു പാരമ്പര്യ ചികിൽസകനും മാത്രമാണിന്നുള്ളത്.

ഇത്രയും സൗകര്യങ്ങൾ മാത്രമുള്ള ഈ വിസ്തൃത പഞ്ചായത്തിലെ ജനങ്ങൾ അകലങ്ങളിലുള്ള ആശുപത്രികളെ ശരണം പ്രാപിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ആദിവാസികളും, ദാരിദ്രരേഖക്ക് താഴെയുള്ളവരും നിലവിലുള്ള സൗകര്യം മാത്രം സ്വീകരിക്കാൻ നിർബന്ധിതരാകുന്നു. പഞ്ചായത്തിന്റെ പൊതു ആരോഗ്യസ്ഥിതി നാൾക്കുനാൾ വഷളായിക്കൊണ്ടിരിക്കുകയാണ്. 1995-96 വർഷത്തിൽ 1050-ൽ കൂടുതൽ ജലജന്യരോഗങ്ങളും 8959 വായുജന്യരോഗങ്ങളും പ്രാണിജന്യരോഗങ്ങൾ 24-ഉം 1746 മറ്റു രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു.

ഈ പഞ്ചായത്തിൽ കുഷ്ഠരോഗം ഒന്നുമാത്രമേ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളൂ. വട്ടച്ചിറ, പാത്തിപ്പാറ, കോലിക്കുന്ന്, ചെമ്പുകടവ്, ആദിവാസികോളനികളിൽ വ്യപകമായി അരിവാൾ രോഗവും ദാരിദ്ര്യജന്യരോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ആശങ്കാജനകമാണ്. ഈ പഞ്ചായത്തിൽ 5 വയസ്സിനും 16 വയസ്സിനുമിടയിൽ 96 മന്ദബുദ്ധികളുണ്ട്. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഇവിടെ ഛർദ്ദി, അതിസാരം, ചിക്കൻപോക്സ്, മുണ്ടിനീര്, ചൊറി, ചിരങ്ങ്, മഞ്ഞപ്പിത്തം മുതലായവ കൂടുതലായി കാണപ്പെടുന്നു. ബലക്ഷയം ബാധിച്ച കുട്ടികളുടെ എണ്ണവും കൂടുതലാണ്. ഗ്രാമസഭകളിൽനിന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്രാരോഗ്യപരിപാടി നടപ്പിലാക്കുക വഴി രോഗരഹിതവും ആരോഗ്യപൂർണവുമായ ഒരു മാതൃകാപഞ്ചായത്ത് എന്നതാണ് നമ്മുടെ ലക്ഷ്യം.

സ്ഥാപനങ്ങളും സേവനങ്ങളും

പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ
ആയുർവേദാശുപത്രി
ഐ.പി.പി. ഉപകേന്ദ്രങ്ങൾ

ഇവയിലെല്ലാംകൂടി 39 ജീവനക്കാരാണുള്ളത്. (പട്ടിക രണ്ട് കാണുക)

11 ഉപകേന്ദ്രങ്ങളുടേയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഉപകേന്ദ്രങ്ങളിൽ രണ്ടു കേന്ദ്രങ്ങൾ ഒഴികെ ഒന്നിലും ജീവനക്കാർ സ്ഥിരതാമസമല്ല. ഹെൽത്ത് വിസിറ്റർമാരുടെ സേവനം കാര്യക്ഷമമാകുന്നില്ല. പാരാമെഡിക്കൽസ്റ്റാഫിന്റെ അപര്യാപ്തത ഈ രംഗത്തെ പ്രതികൂലമായി ബാധിക്കുന്നു. പൊതുആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗിക്കുന്നതിൽ പൊതുജനങ്ങളുടെ വിമുഖത എടുത്തുപറയേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിൽ ഒരൊറ്റ ആരോഗ്യകേന്ദ്രത്തിലും ആവശ്യമുള്ളത്ര മരുന്നോ ജീവനക്കാരോ ഇല്ല. ആരോഗ്യസംരക്ഷണകാര്യത്തിൽ മരുന്നുകളെപ്പോലെ തന്നെ ബോധവൽക്കരണപ്രവർത്തനങ്ങൾക്കും പ്രാധാന്യമുണ്ട്.

നിലവിലുള്ള ഫീൽഡുവർക്കർമാർ അവരുടെ സേവനം വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തിയാൽ നിലവിലുള്ള 80% രോഗങ്ങൾക്കും (സാധാരണ) തടയിടാൻ കഴിയും. ഇതിനാൽ പഞ്ചായത്തിലൊരു 100 കിടക്കകളോടുകൂടിയ സമ്പന്നമായ ഗവ: ആശുപത്രിയും കൂടാതെ 13 ഉപകേന്ദ്രങ്ങളിലും താമസിച്ചുകൊണ്ടുള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കണം.

കക്കൂസ് : ഒരു മനുഷ്യന്റെ അടിസ്ഥാനാവശ്യം ഭക്ഷണം, വസ്ത്രം, പാർപ്പിടം ഇവയാണല്ലോ. ഇതിൽ പാർപ്പിടം എന്നാൽ ആരോഗ്യകരമായ ജീവിതത്തിന് പര്യാപ്തമായ പാർപ്പിടമാണാവശ്യം. കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ് ശുചിത്വം. ഇതിൽ പരിസരശുചിത്വം പാലിക്കാൻ ഒരു കക്കൂസ് അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിൽ 26% വീടുകൾക്ക് നിലവിൽ കക്കൂസുകളില്ല. ഇവയിൽ ഏറിയ പങ്കും കോളനി പ്രദേശങ്ങളിലാണ്. വൃത്തിയുള്ള കക്കൂസിന്റെ അഭാവംമൂലം കൊക്കപ്പുഴു, നാടൻവിര, കൃമി ഇവമൂലമുണ്ടാകുന്ന രോഗങ്ങൾ കുട്ടികളിൽ ധാരാളമായി കണ്ടുവരുന്നു.

ഗ്രാമസഭകളുടെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ താഴെ പറയുന്നവയാണ്. ഇവയുടെ പരിഹാരമാർഗവും ലളിതമായി ചേർത്തിരിക്കുന്നു.

1. സാമ്പത്തികപരാധീനത. സർക്കാർ അർധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തികസമാഹാരണം നടത്താവുന്നതാണ്.

2. സ്ഥലപരിമിതി കോളനികളിലും ജനങ്ങൾ

തിങ്ങിപ്പാർക്കുന്ന മറ്റു സ്ഥലങ്ങളിലും പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമിച്ച് ഇത് പരിഹരിക്കാവുന്നതാണ്.

3. ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ ആരോഗ്യബോധവൽക്കരണയൂനിറ്റിന്റെ പ്രവർത്തനം വിപുലമാക്കുക. ആരോഗ്യപ്രവർത്തകരെ ഉദ്യോഗസ്ഥരെ ബന്ധപ്പെടുത്തി അയൽക്കൂട്ടങ്ങളിൽ ചർച്ചാക്ലാസ്സുകൾ, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ (സ്ലൈഡ് & വീഡിയോ)

4. പ്രായമായവർക്ക് സ്ഥിരമായി ഒരു ശീലം. മലയോരപ്രദേശമായ കോടഞ്ചേരിയിൽ ശീലിച്ചുപോയ ഒരു രീതിയായതിനാൽ പ്രായമായവർ പെട്ടെന്നുൾക്കൊള്ളില്ല. എന്നാൽ സാക്ഷരതാപ്രവർത്തനത്തിന്റെയും മറ്റു ജനസമ്പർക്ക പരിപാടികൊണ്ടും സ്ഥിരമായ ഉപദേശങ്ങൾ, നിർദേശങ്ങൾ ശീലം മാറ്റാൻ പ്രേരിപ്പിക്കും.

പരിസരശുചിത്വം

കോഴിക്കോട് ജില്ലയുടെ കിഴക്കേയറ്റത്തുള്ള ഈ പഞ്ചായത്തിൽ വ്യവസായവൽക്കരണം അത്ര ബാധിച്ചിട്ടില്ല. എന്നാൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിൽനിന്നും പരിസരശുചീകരണത്തിന്റെ അഭാവത്തെക്കുറിച്ച് പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ കർഷകർ യാതൊരു മാനദണ്ഡങ്ങളുമില്ലാതെ അതിശക്തമായ കീടനാശിനികൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ അമിതമായ രാസവളപ്രയോഗവും പരിസരത്തെ നന്നായി ബാധിക്കുന്നുണ്ട്. പല പ്രദേശങ്ങളിലും മത്സ്യമാംസാദികൾ ചട്ടങ്ങൾക്ക് വിധേയമല്ലാത്ത രീതിയിൽ വിൽക്കപ്പെടുന്നതും അവശിഷ്ടം യാതൊരു നിയന്ത്രണവുമില്ലാതെയും ആലോചനയില്ലാതെയും വഴിയോരങ്ങളിൽ തള്ളുന്നു.

കക്കൂസിന്റെ അഭാവം നീരുറവികളെ കക്കൂസാക്കി മാറ്റാൻ ജനങ്ങളെ നിർബന്ധിതരാക്കുന്നു. കന്നുകാലികളും വാഹനങ്ങളും യഥേഷ്ടം ഇവിടങ്ങളിൽ കുളിപ്പിക്കപ്പെടുകയും കഴുകപ്പെടുകയും ചെയ്യുന്നു. ഹോട്ടലുകളിലേയും സർവോപരി വീടുകളിലേയും അവശിഷ്ടങ്ങളും മറ്റും തള്ളാനുള്ള സ്ഥലമായി തോടുകൾ (നീരൊഴുക്കുള്ളത്) മാറ്റപ്പെടുന്നു. ഒന്നിനും യാതൊരു പ്രശ്നവും ഇക്കാര്യത്തിൽ ആർക്കും തോന്നുന്നില്ലാത്തതുപോലെ. 'സാക്ഷരകേരളം സുന്ദരകേരളം' എന്നു നാം മനസ്സിലാക്കിയതുപോലെ 'വൃത്തിയുള്ള പഞ്ചായത്ത് ആരോഗ്യമുള്ള പഞ്ചായത്ത്' എന്നുനാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഗ്രാമസഭകളിൽ ഈ വിഷയത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെ പറയും പ്രകാരം ക്രമപ്പെടുത്താവുന്നതാണ്.

ഒന്നാംവാർഡിൽ മുറമ്പാത്തി, തോട്ടുമൂഴി, വലിയകൊല്ലി അങ്ങാടി മലിനവിമുക്തമാക്കാൻ പൊതുകമ്പോസ്റ്റ് കുഴികൾ സ്ഥാപിക്കുക. കൂടാതെ ബോധവൽക്കരണം, സാമ്പത്തികസഹായാദികൾ നൽകി വീടുതോറും കമ്പോസ്റ്റുകുഴികൾ സ്ഥാപിക്കാൻ നടപടികൾ കൈക്കൊള്ളുക. വർഷത്തിലൊരിക്കലെങ്കിലും എല്ലാ ഗാർഹിക, പൊതുകിണറുകളും വൃത്തിയാക്കി രോഗാണുവിമുക്തമാക്കാൻ നടപടി സ്വീകരിക്കുക. ഇതിലേക്കായി മഹിളാസംഘടനകൾ, ആരോഗ്യപ്രവർത്തകർ, തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഇവർ നേതൃത്വം നൽകണം.

രണ്ടാംവാർഡിൽ നെല്ലിപ്പൊയിലിൽ ചപ്പുചവറുകൾ നീക്കാനും അവ സംസ്കരിക്കാനും സ്ഥലം കണ്ടെത്തുകയും മലിനജലം ഒഴിവാക്കാൻ ചാൽ കീറി നടപടികൾ സ്വീകരിക്കുകയും ചെയ്യണം. വലിയകൊല്ലി, നെല്ലിപ്പൊയിൽ അങ്ങാടികളിൽ സൗകര്യപ്രദമായ കക്കൂസും മൂത്രപ്പുരയും നിർമിക്കാൻ സത്വരനടപടികൾ സ്വീകരിക്കുക. ആരോഗ്യപരിപാലനത്തിനായി മൂന്നുമാസത്തിലൊരിക്കൽ സമ്പന്നമായ മെഡിക്കൽക്യാമ്പ് നടത്തുക. മലമ്പനിനിവാരണ മാർഗങ്ങൾ സ്വീകരിച്ച് കർശനമായി നടപ്പാക്കുക. വലിയകൊല്ലി അങ്ങാടിയിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

മൂന്നാംവാർഡിൽ ചെമ്പുകടവ് അങ്ങാടിയിൽ ഒരു പുതിയ കക്കൂസ് സ്ഥാപിക്കുകയും ജനങ്ങൾക്കാവശ്യമായ പൊതുസ്ഥലങ്ങളിൽ കക്കൂസ് നിർമിക്കുകയും ചെയ്യുക.

നാലാംവാർഡിൽ 70% ജനങ്ങൾക്കും കക്കൂസില്ല. സാമ്പത്തികബുദ്ധിമുട്ടാണ് കാരണം. സബ്സിഡിയോടുകൂടിയ ലോൺ അനുവദിച്ചാൽ എല്ലാവർക്കും കക്കൂസ് നിർമിക്കാൻ സാധിക്കും, കൊതുകുനിർമാർജനനടപടികൾ യഥാസമയം സ്വീകരിക്കുക.

അഞ്ചാംവാർഡിൽ മിക്കവാറും കക്കൂസില്ലാത്ത വീടുകളാണ്. തുറന്ന സ്ഥലങ്ങളും പുഴയോരങ്ങളും കക്കൂസായി ഉപയോഗിക്കുന്നതിനാൽ പരിസരമലിനീകരണത്തിന് കാരണമാകുന്നു. ഇതിനാൽ ബോധവൽക്കരണത്തിലൂടെയും സാമ്പത്തികസഹായം നൽകിയും ഇവിടങ്ങളിലെല്ലാ വീടുകളിലും കക്കൂസ് നിർമിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

ആറാംവാർഡിൽ കക്കൂസില്ലാത്ത മുഴുവൻ വീട്ടുകാർക്കും മുൻഗണനാക്രമത്തിൽ കക്കൂസുകൾ

നിർമിച്ചുകൊടുക്കാൻ സംവിധാനം ഉടൻ ആവിഷ്കരിക്കുക. ചിപ്പിലിത്തോട് കോളനി നിവാസികൾക്ക് ഉടൻ കക്കൂസ് അനുവദിക്കുക.

ഏഴാം വാർഡിൽ ചെമ്പുകടവിൽ ആദിവാസി കോളനിയിൽ കക്കൂസില്ലാത്തതിനാൽ ചാലിപ്പുഴയുടെ തീരപ്രദേശങ്ങളാണ് ഇവർ മലമൂത്രവിസർജനത്തിനുപയോഗിക്കുന്നത്. ആയതിനാൽ ഇവർക്ക് വീടുകൾതോറും കക്കൂസ് അഥവാ സംയുക്തമായി കക്കൂസ് ഉണ്ടാക്കാനുള്ള നടപടികൾ ഉടൻ സ്വീകരിക്കുക. കൂടാതെ കക്കൂസില്ലാത്ത എല്ലാ വീടുകളിലും കക്കൂസ് നിർമിക്കാൻ സാമ്പത്തികസഹായം അനുവദിക്കുക. ചെമ്പുകടവ്, നൂറാംതോട് അങ്ങാടികളിൽ പൊതുസ്ഥലത്ത് മത്സ്യ, ഇറച്ചി കച്ചവടം നടത്തുന്നത് കർശനമായി നിരോധിക്കുകയും ഇവയ്ക്ക് പഞ്ചായത്ത് സംവിധാനം (അറവുശാല, മീൻമാർക്കറ്റ്) ഏർപ്പെടുത്തുക. കൂടാതെ ഈ അങ്ങാടികളിൽ കുപ്പത്തൊട്ടി സ്ഥാപിക്കുകയും അങ്ങാടി വൃത്തിയാക്കാൻ ആളുകളെ നിയമിക്കുകയും ചെയ്യുക. കോളനികളിൽ ബോധവൽക്കരണത്തിലൂടെ ശുചിത്വം നടപ്പിലാക്കാനുള്ള കർശനനടപടികൾ സ്വീകരിക്കുകയും ചെയ്യുക. ഈ പ്രദേശം സമ്പൂർണമദ്യവിമുക്തമാക്കാൻ ബോധവൽക്കരണക്യാമ്പ് സംഘടിപ്പിക്കുക.

എട്ടാം വാർഡിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീട്ടുകാർക്ക് കക്കൂസ് നിർമിക്കാനുള്ള സാമ്പത്തികസഹായം അനുവദിക്കുക. കണ്ണോത്ത് അങ്ങാടിയിൽ ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് സ്ഥിരമായ സംവിധാനം ഉണ്ടാക്കുകയും, പൊതുകക്കൂസ് സ്ഥാപിക്കുകയും ചെയ്യണം. ചെമ്പിലി പ്രദേശത്തെ 35 സെന്റ് ശ്മശാനം പട്ടി, കുറുക്കൻ മുതലായവ പ്രവേശിച്ച് മലിനമാക്കുന്നത് തടയാൻ മതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്. പാലക്കൽ മിച്ചഭൂമിയിലെ പട്ടികജാതിക്കാരടക്കമുള്ള നിവാസികൾ കുഴിക്കക്കൂസാണ് ഉപയോഗിക്കുന്നത്. വർഷക്കാലത്തിവ കരകവിഞ്ഞ് പരിസരം മലിനമാകുന്നത് തടയാൻ ഈ പ്രദേശത്ത് നല്ല കക്കൂസുകൾ സ്ഥാപിക്കാനുള്ള നടപടികൾ അധികൃതർ യുക്തംപോലെ സ്വീകരിക്കുക.

ഒമ്പതാംവാർഡിൽ കോടഞ്ചേരി അങ്ങാടിയുടെ ഹൃദയഭാഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മത്സ്യമാംസമാർക്കറ്റ് സൗകര്യപ്രദമായ മറ്റ് സ്ഥലത്തേക്ക് മാറ്റുക. കോടഞ്ചേരി പ്രൈമറി സ്കൂളിൽ ആവശ്യമായ മൂത്രപ്പുരയും കക്കൂസും ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുക. ദുർബലവിഭാഗങ്ങൾക്ക് കക്കൂസുണ്ടാക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കുക. അഴുക്കുചാൽ സ്ലാബിട്ട് മൂടി പ്രവർത്തനക്ഷമമാക്കുക. ചപ്പുചവറുകൾ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റാൻ നടപടികൾ സ്വീകരിക്കുകയും മേൽ വികസനത്തിൽ ശുചീകരണസൗകര്യങ്ങൾ ഉറപ്പാക്കിയേ നടപടി കൈക്കൊള്ളാവൂ.

10-ാം വാർഡിൽ പൊതുശ്മശാനം സ്ഥാപിക്കുകയും കോളേജ് പ്രദേശത്തുള്ള കോളനി നിവാസികൾ കോളേജ് ക്യാമ്പസ്സാണ് മലമൂത്രവിസർജനത്തിനുപയോഗിക്കുന്നത്. ഇവർക്ക് കക്കൂസുകൾ നിർമിക്കാനുള്ള നടപടികൾ കൈക്കൊണ്ട് ഈ അവസ്ഥ അവസാനിപ്പിക്കണം. കോടഞ്ചേരി അങ്ങാടിയിലെ ചപ്പുചവറുകൾ നീക്കം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുക. കോടഞ്ചേരി അങ്ങാടിയിലെ അഴുക്കുചാൽ മാസത്തിലൊരിക്കലെങ്കിലും വൃത്തിയാക്കാൻ നടപടി സ്വീകരിക്കുക. ഈ പ്രദേശം പുകവലിനിരോധനമേഖലയായി പ്രഖ്യാപിക്കുക.

11-ാം വാർഡിൽ കുരിശിങ്കൽ ഭാഗത്തും മൂന്ന് കോളനിയടക്കം കരിമ്പാലക്കുന്നിൽ 580-ലധികം വീടുകൾക്ക് കക്കൂസില്ല. ഇതിൽ 50-ഓളം വീട്ടുകാർ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരും പട്ടികജാതി പട്ടികവർഗത്തിൽപ്പെടുന്ന അറുപതോളം വീട്ടുകാർക്കും ലഭ്യമാകുന്ന സഹായം നൽകി കക്കൂസുണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

തെയ്യപ്പാറ, കരിമ്പാലക്കുന്ന് ഭാഗത്തെ അറവുശാലകൾ മൂലമുള്ള മലിനീകരണം കർശനമായും തടയണം. തെയ്യപ്പാറ കരിമ്പാലക്കുന്ന് ഭാഗത്തുള്ള ഒമ്പതോളം കരിക്കൽക്വാറികളിൽ കെട്ടിക്കിടക്കുന്ന മലിനജലം ഒഴിവാക്കാനുള്ള സത്വരനടപടി സ്വീകരിക്കണം.

12-ാം വാർഡിൽ 20% വീടുകളിൽ സാമ്പത്തികക്ലേശം കാരണമായി നിലവിൽ കക്കൂസില്ല. ആവശ്യമായ നടപടികൾ കൈക്കൊള്ളണം. മൈക്കാവങ്ങാടിയിൽ ചപ്പുചവറുകൾ നീക്കം ചെയ്യാനുള്ള നടപടികൾ പഞ്ചായത്ത് ഏർപ്പെടുത്തണം. മൈക്കാവങ്ങാടിയിലൊരു പൊതുമൂത്രപ്പുര സ്ഥാപിക്കണം. ബോധവൽക്കരണസെമിനാറുകൾ സംഘടിപ്പിക്കണം. അഴുക്കുചാൽ കാര്യക്ഷമമാക്കി കൊതുകുനിവാരണപദ്ധതികൾ നടപ്പാക്കണം.

13-ാം വാർഡിൽ ഒരു പൊതുശ്മശാനം ഉണ്ടാക്കണം. വേളങ്കോട്ടും ശാന്തിനഗറിലും പൊതുകക്കൂസുകളും മൂത്രപ്പുരകളും സ്ഥാപിക്കുക. വേളങ്കോടങ്ങാടി വൃത്തിയാക്കാനുള്ള നടപടികൾ കൈക്കൊള്ളുക. നഞ്ചുകലക്കുന്നതും തോട്ട പൊട്ടിക്കുന്നതും ജീർണിച്ച മാംസാവശിഷ്ടങ്ങൾ പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നതും കർശനമായി തടയുക. ലക്ഷംവീടുകളിൽ കക്കൂസ് നിർമിക്കാനുള്ള നടപടികൾ സ്വീകരിക്കുക.


ഓരോ വാർഡുകളിൽനിന്നും ലഭിച്ച വസ്തു


തകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുമുഴുവൻ ആരോഗ്യ-കുടിവെള്ള-ശുചീകരണപ്രശ്നങ്ങൾ നിറഞ്ഞതായി കാണുന്നു. ഇതിൽ ആരോഗ്യം കുടിവെള്ളം മുതലായ പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണാൻ ശ്രമിക്കുമ്പോൾ ഈ പ്രശ്നങ്ങളുടെ ഉറവിടമായ മലിനീകരണപ്രശ്നങ്ങളില്ലാതാക്കാനല്ലേ മുൻഗണന നൽകേണ്ടത്.

പരിസരശുചീകരണം സംബന്ധിച്ച പ്രശ്നങ്ങളിൽ ഏറിയപങ്കും ബോധവൽക്കരണത്തിലൂടെ പരിഹരിക്കാൻ കഴിയുന്നതാണ്. കക്കൂസുകളില്ലാത്ത വീടുകളിൽ അർഹരായവർക്ക് സഹായം ഉചയ്തും അല്ലാത്തിടങ്ങളിൽ ബോധവൽക്കരണത്തിലൂടെയും പരിഹാരം തേടാവുന്നതാണ്. പഞ്ചായത്ത് അതിർത്തിയിലുള്ള മുഴുവൻ വിദ്യാലയങ്ങളിലും പി.ടി.എയുടെ സഹായത്തോടെ ഓരോ കമ്പോസ്റ്റുകുഴി നിർമിക്കുകയും കുട്ടികളിലൂടെ ബോധവൽക്കരണം വീടുകളിലെത്തിക്കുകയും ഓരോ വീടിനും ഒരോ കമ്പോസ്റ്റുകുഴി എന്ന ലക്ഷ്യം നേടുകയും ചെയ്യാനിത് സാധിക്കും. പഞ്ചായത്തതിർത്തിയിലുള്ള എല്ലാ അങ്ങാടികളിലും വ്യാപാരിവ്യവസായികളെക്കൊണ്ട് ഓരോ കമ്പോസ്റ്റ് കുഴികൾ നിർമിപ്പിച്ച് എല്ലാ പാഴ്വസ്തുക്കളും നിക്ഷേപിക്കാനുള്ള നടപടി സ്വീകരിക്കുകയും ഇവ ഉപയോഗപ്പെടുത്താൻ പൊതുവായ സംരംഭങ്ങളിലേർപ്പടുക. മത്സ്യമാംസവില്പനകേന്ദ്രങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ വേണ്ടതരത്തിൽ നിർമാർജനം നടത്താനുള്ള കർശനമായ നടപടി സ്വീകരിക്കുക. പഞ്ചായത്തിൽ വിലപനനടത്തുന്ന മത്സ്യവും മാംസവും പച്ചക്കറികളും പഴങ്ങളും ഹോട്ടലിലെ ഭക്ഷ്യവസ്തുക്കളും ഉപയോഗയോഗ്യമാണെന്ന് ആരോഗ്യവകുപ്പ് പരിശോധിച്ച് തിട്ടപ്പെടുത്തണം. ഇത്രയും കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കിയാൽ കോടഞ്ചേരി പഞ്ചായത്ത് 'ശുചിത്വമുള്ള പഞ്ചായത്ത്, ആരോഗ്യമുള്ള പഞ്ചായത്ത്' എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടും.

പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന മറ്റ് നിർദ്ദേശങ്ങൾ

പഞ്ചായത്ത് വാസികളുടെ പൊതു ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുവാനുള്ള പുകവലി, മുറുക്കൽ, മദ്യപാനം എന്നിവ പ്രചരണ ബോധവൽക്കരണ പ്രവത്തനങ്ങൾ വഴി നിയന്ത്രണവിദേയമാക്കുക. രക്തദാനം, നേത്രദാനം ഇവയുടെ മഹത്വം ബോധ്യപ്പെടുത്തി നിലവിലുള്ള ഭയാശങ്കകൾ ദുരീകരിക്കുക. ഹെൽത്ത് കാർഡ് സംവിധാനമേർപ്പെടുത്തി ചികിത്സ വേഗത്തിലും കുറ്റമറ്റതുമാക്കുക. കർശന നിയമങ്ങൾ വഴി വ്യക്തി ശുചിത്വവും സമൂഹസുചിത്വവും നടപ്പിൽ വരുത്തുക. വയോജനാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക. പാരമ്പര്യവൈദ്യമേഘല പ്രോത്സാഹിപ്പിച്ച് ഔഷധ സസ്യ സൊസൈറ്റികൾ രൂപീകരിക്കുക. ഈ പദ്ധതി ജനകീയ പങ്കാളിത്തത്തോടെ വിജയിപ്പിക്കാൻ ആവട്ടെ നമ്മുടെ ഇനിയുള്ള ശ്രമം.





വ്യവസായവും ടൂറിസവും

വ്യവസായ മേഖലയിൽ കോടഞ്ചേരി ഗ്രാമ പഞ്ചായത്തിൽ കാര്യമായ പ്രവർത്തനങ്ങളില്ല. 1944 മുതൽ മധ്യതിരുവിതാംകൂറിൽനിന്നും വളക്കൂറുള്ള മണ്ണും തേടിയെത്തിയ അധ്വാനശീലരായ കർഷകർ കാർഷിക മേഖലയിലാണ് ശ്രദ്ധിച്ചത്. അപരുടെ മുന്നറിവുകളും കേട്ടറിവുകളും കൃഷിയിൽ മാത്രമായിരുന്നു. കുടിയേറ്റം ആരംഭിച്ചിട്ട് അമ്പതവർഷത്തിലധികമായെങ്കിലും ഇന്നും ഗതാഗത യോഗ്യമായ റോഡുകൾ നാമമാത്രമാണ്. വൈദ്യുതിയും എല്ലാമേഖലയിലും എത്തിയിട്ടില്ലെന്ന് മാത്രമല്ല എത്തിയിടത്തുതന്നെ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്..

ചെറുകിടവ്യവസായ മേഖലയിൽ സ്വകാര്യ ഉടമയിൽ സോമില്ലുകൾ, റൈസ്മില്ലുകൾ, ധാന്യം പൊടിക്കുന്ന മില്ലുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. പൊതുമേഖലയിലോ സഹകരണമേഖലയിലോ കൂടുതൽ പേർക്ക് തൊഴിൽ ലഭ്യമാകുന്ന വിധത്തിലുള്ള വ്യവസായസംരംഭങ്ങൾ ഒന്നും തന്നെയില്ല. ഈ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ പട്ടിക ഒന്നിലും പരമ്പരാഗത കുടിൽ വ്യവസായങ്ങൾ പട്ടിക രണ്ടിലും ചേർക്കുന്നു.

പ്രശ്നങ്ങൾ

പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറൻ ചെരുവിൽ സമുദ്രനിരപ്പിൽ നിന്നും സുമാർ 1950 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിന്റെ കിഴക്ക് ഇരവഞ്ഞിപ്പുഴയും, ഒതക്ക് ഭാഗം ഇരവഞ്ഞിപ്പുഴ,ചാലിപ്പുഴകളുടെ സംഗമസ്ഥനവും, വടക്കു ഭാഗം വയനാടൻ മലകളും പടിഞ്ഞാറുഭാഗം ഇരുതുള്ളി പുഴയുമാണ്. പഞ്ചായത്തിന്റെ വിസ്തൃതി 102 ച.കി.മി. ആണ്. കാനേഷുമാരി പ്രകാരം 1991 ലെ ജനസംഖ്യ 32996 ഉം ഇപ്പോഴത്തെ (1996ൽ) ഏകദേശം 38000ഉം ആണ്.

വിദ്യാസമ്പന്നരായ ജനങ്ങളും അസംസ്കൃതവസ്തുക്കളുടെ ലഭ്യതയും ഉണ്ടായിട്ടും ചെറുകിച വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ജനങ്ങൾ മുന്നോട്ടുവരാത്തതിന്റെ കാരണങ്ങൾ താഴെ പറയുന്നവയാണെന്ന് മനസ്സിലാകുന്നു.

1. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത.

2. ഊർജ്ജരംഗത്തെ പ്രതിസന്ധികൾ (വോൾട്ടേജ് ക്ഷാമം,വൈദ്യുതി ലൈനുകളുടെ കുറവ് എന്നിവ)

3. സാങ്കേതിക പരിജ്ഞാനക്കുറവ്.

4. വ്യവസായസംരഭകർക്ക് ആവശ്യമായ ധനം സ്വരൂപിക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായകരമല്ലാത്ത നിലപാട്.

5. തൊഴിലുടമകളും തൊഴിലാളികളും തമ്മിലുണ്ടാകുന്ന പ്രശ്നം മൂലം ഉല്പാദനരംഗത്തുണ്ടാകുന്ന സ്തംഭനം

6. പരമ്പരാഗത കുടിൽ വ്യവസായരംഗത്തെ വേതനമാന്ദ്യം തൊഴിലാളികളെ മറ്റുതൊഴിലുകളിലേക്ക് ആകർഷിക്കുന്നു

7. വിപണനകേന്ദ്രങ്ങളുടെ അപര്യാപ്തത

8. വ്യവസായ സംരഭകർക്കുള്ള മാർഗ്ഗനിർദ്ദേളങ്ങളുടെ അഭാവവും,സാങ്കേതിക പരിശീലനത്തിനുള്ള സൗകര്യക്കുറവും

9. പരസ്യങ്ങളുടെ മാസ്മരവലയത്തിൽ ജന

ങ്ങൾ അകപ്പെടുന്നു.

സാധ്യതകൾ

ഒരു കാർഷിക മേഖലയായ ഈ പഞ്ചായത്ത് കൃഷിയായി ബന്ധപ്പെട്ട അസംസ്കൃത വസ്തുക്കളുടെ ലഭ്യത സുലഭമായതിനാൽ പട്ടിക 3ൽ പറയുന്ന ചെറുകിട വ്യവസായങ്ങൾ കുറഞ്ഞ മുതൽമുടക്കിലും കൂടുതൽ തൊഴിൽ സാധ്യതയോടുകൂടിയും ആരംഭിക്കാവുന്നതാണ്.

വ്യവസായ സംരഭകർക്ക് പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും വ്യവസായരംഗത്തേക്ക് ആകർഷിക്കുന്നതിനും ഉത്തേജനം നല്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾചെയ്തു കൊടുക്കുന്നതിനും അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനും പഞ്ചായത്ത് തലത്തിൽ സ്ഥിരമായി ഒരു വ്യവസായ പ്രമോഷൻ കൗൺസിൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഈ കൗൺസിലിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കണം.

1. ജന പ്രതിനിധികൾ
2. വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന വ്യക്തികൾ
3. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവർ
4. പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന എല്ലാ വകുപ്പുകളിലേയും പ്രധാന ഉദ്യോഗസ്ഥർ
5. പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിലെ പ്രതിനിധികൾ

വ്യവസായരംഗത്ത് കാര്യമായപ്രവർത്തനങ്ങൾ ഇല്ലാത്ത ആ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മേൽ വിഷയങ്ങളിൽ ഊന്നൽ കൊടുത്തുകൊണ്ട് പുതിയ ഒരു വ്യവസായസംസ്കാരത്തിന് രൂപം കൊടുക്കാൻ കഴിയുന്നതോടൊപ്പം തൊഴിലില്ലായ്മ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാനും കഴിയുന്നതാണ്.

ടൂറിസം

ലോകടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനം പിടിച്ച ഈ പഞ്ചായത്തിലെ തുഷാരഗിരി ടൂറിസ്റ്റ് കേന്ദ്രം സ്വദേശീയരുടേയും വിദേശീയരുടേയും ശ്രദ്ധാകേന്ദ്രമാണ്. പ്രകൃതി മനോഹരമായ ഈ പ്രദേശം പ്രകൃതി ദത്തമായ വെള്ളച്ചാട്ടങ്ങളാലും നിത്യഹരിത വനങ്ങളാലും സമ്പന്നമാണ്. പ്രകൃതി സൗന്ദര്യവും ഭൂമിശാസ്ത്രത്തിന്റെ പ്രത്യേകതകളുമാണ് ഈ മേഖലയെ ടൂറിസ്റ്റ് കേന്ദ്രമായി നിലനിർത്തുന്നത്. 1991 ജനുവരി 5ന് ആണ് തുഷാരഗിരിയെ ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ചത്. 1992 ജനുവരി 5 ന് തുഷാരഗിരി ഉൾപ്പെട്ട നിത്യഹരിത വനമേഖലയും കോടഞ്ചേരിയുടെ സന്തുലിതാവസ്ഥയും നിലനിർത്തുന്നതിനായുള്ള ബഹുജന മുന്നേറ്റത്തിന് തുടക്കംകുറിച്ചത്.

കാനനഭംഗിയും കാട്ടാറുകളുടെ സംഗീതവും ആസ്വദിക്കുന്നതിന് ഇവിടെയെത്തുന്ന് ടൂറിസ്റ്റുകൾക്ക് പ്രാഥമിക സൗകര്യങ്ങൾ പോലും ലഭ്യമല്ല. ഈ കേന്ദ്രത്തിലേക്കുള്ള റോഡ് വളരെ അടിയന്തിരമായും സഞ്ചാരയോഗ്യമാക്കേണ്ടതുണ്ട്. ടൂറിസ്റ്റുകൾക്കുള്ള താമസ സൗകര്യങ്ങൾ, ഹോട്ടൽ സൗകര്യങ്ങൾ, വാഹന സൗകര്യങ്ങൾ എന്നിവയും ലഭ്യമാക്കണം. ടൂറിസ്റ്റ് കേന്ദ്രത്തിനോടനുബന്ധിച്ച് ഒരു റെസ്റ്റ് ഹൗസ് നിർമ്മിക്കുകയും ഗൈഡുകളുടെ സേവനം ലഭ്യമാക്കുകയും വേണം. കൂടാതെ ചികിത്സാസൗകര്യങ്ങളും സുരക്ഷാസംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതായുണ്ട്.

വയനാട്ടിലെ പൂക്കോട് തടാകവുമായി ബന്ധിക്കപ്പെടുന്ന ചുരം റോഡിന് ബദലായി തുഷാരഗിരി-തളിപ്പുഴ റോഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിലും നിർമ്മാണം നടന്നിട്ടില്ല. ഈ റോഡിന്റെ നിർമ്മാണം പൂർത്തിയായാൽ ടൂറിസ്റ്റുകൾക്ക് വളരെയേറെ പ്രയോജനപ്രദമായിരിക്കും.

ടൂറിസം പ്രമോഷൻ കൗൺസിലിന്റെ സഹായസഹകരണത്തോടെ തുഷാരഗിരി കേന്ദ്രത്തിന്റെ വികസനത്തിനുതകുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും അങ്ങിനെ നമ്മുടെ ടൂറിസ്റ്റ് മേഖലയെ സംപുഷ്ടമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കുവാനും വിദേശടൂറിസ്റ്റുകളെയടക്കം ആകർഷിക്കുന്നവിധം നമ്മുടെ ടൂറിസം മേഖല വികസിപ്പിച്ച് ജനശ്രദ്ധ പിടിച്ചുപറ്റുന്ന ഒരു മേഖലയാക്കി തുഷാരഗിരിയെ മാറ്റേണ്ടതാണ്.



വ്യവസായം, ടൂറിസം

പട്ടിക 1

ക്രമനമ്പർ	വിഭാഗം	എണ്ണം	തൊഴിലാഴളികളുടെ എണ്ണം		
	സ്വകാര്യ മേഖല		പു.	സ്ത്രീ	ആകെ
1	സോമില്ല്	3	9	–	9
2	ഓയിൽ മില്ല്	3	3	–	3
3	റൈസ്മില്ല്	6	6	–	6
4	ഫ്ളോർ മില്ല്	3	3	–	3
5	വർക്ക് ഫ്ളോർ	4	8	–	8
6	പ്രിന്റിംഗ് പ്രസ്	1	1	1	2
7	തേങ്ങ ഉണക്കൽ അട്ടി	19	29	–	29
8	അടയ്ക്ക കടയിടൽ	14	28	7	35

പട്ടിക 2

ക്രമനമ്പർ	ഇനം	എണ്ണം	തൊഴിലാഴളികളുടെ എണ്ണം		
			പു.	സ്ത്രീ	ആകെ
1	പരമ്പ് കൂട്ട മുറം വട്ടി നിർമ്മാണം	12	29	17	46
2	മരപ്പണി, ഫർണ്ണീച്ചർ	15	27	–	27
3	ഇരുമ്പു പണി	10	11	–	11
4	സ്വർണ്ണപ്പണി	13	13	–	13
5	ഓട് ചെമ്പ് പണിശാല	1	1	–	1

വ്യവസായം

പട്ടിക 3

ക്രമനമ്പർ	വിഭാഗം	ഇനം	തൊഴിൽ സാധ്യത		
			പു.	സ്ത്രീ	ആകെ
1	ജനറൽ	ചകിരിനാര് ഉപയോഗിച്ച് ചവിട്ടി ബെഡ് തലയിണകുഷ്യൻ എന്നിവ നിർമ്മാണം	50	50	100
2	"	ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മാണം	100	100	200
3	"	തെങ്ങുതടി ഉപയോഗിച്ച് ഫർണ്ണിച്ചർ നിർമ്മാണം	50	–	50
4		തേങ്ങാ പൗഡർ ക്രീം നിർമ്മാണം	50	50	100
5		തേങ്ങാവെള്ളം ഉപയോഗിച്ച് ശീതളപാനീയം വിനാഗിരി	50	50	100
6		ചിപ്സ് നിർമ്മാണം	50	50	100
7		കൊപ്ര ഡ്രയർ	50	50	100
8		തേനീച്ച വളർത്തൽ	100	50	150
9		ഫർണ്ണീച്ചർ	100	–	100
10		കന്നുകാലതീറ്റ	100	50	150
11		സിമന്റുകട്ട, വാതിൽ	250	150	400
12		അടയ്ക്കാ കളയിടൽ	100	100	200
13		റബ്ബർബാന്റ്, ബലൂൺ ഗ്ലൗസ് നിർമ്മാണം	50	100	150
14		സുഗന്ധപാക്ക് നിർമ്മാണ യൂണിറ്റ്	25	25	50
15		റബ്ബർ കുരു സംസ്ക്കരണ യൂണിറ്റ്	25	25	50
16		കൊക്കൊ സംസ്ക്കരണ യൂണിറ്റ്	25	25	50
17		തീപ്പെട്ടി നിർമ്മാണ യൂണിറ്റ്	25	25	50
18		പപ്പടം നിർമ്മാണ യൂണിറ്റ്	25	25	50
19		ബേക്കറി യൂണിറ്റ്	25	25	50
20		റക്സിൻ ഉപയോഗിച്ച് ഹാന്റ് ബാഗ്, വാനിറ്റി ബാഗ് നിർമ്മാണ യൂണിറ്റ്	25	25	50
21		സോഡ നിർമ്മാണ യൂണിറ്റ്	25	–	25
22	വനിതയൂണിറ്റ്	ജാം അച്ചാർ മിഠായി നിർമ്മാണം	–	25	25
23		ഫാൻസി ഉല്പന്ന യൂണിറ്റ്	–	25	25
24		റെഡിമെയ്ഡ് വസ്ത്രയൂണിറ്റ്	–	300	300
25		കിടക്ക നിർമ്മാണം	–	100	100
26		കുട നോട്ട് ബുക്ക് പെൻസിൽ	–	100	100
27		സോപ്പ് നിർമ്മാണ യൂണിറ്റ്	–	100	100
28		കറി പൗഡർ യൂണിറ്റ്	–	100	100
29		മെഴുകുതിരി നിർമ്മാണം	–	50	50
സഹകരണമേഖലയിൽ (25 പേർ)					
30		റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം	–	100	100
31		കറിപൗഡർ ജാം, അച്ചാർ നിർമ്മാണയൂണിറ്റ്	–	100	100
32		ബിസ്ക്കറ്റ് മിഠായി	–	100	100
33		സോപ്പു നിർമ്മാണം	–	50	50
34		മെഴുകുതിരി നിർമ്മാണം	–	50	50
35		ഫാൻസി പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ	–	100	100
36		കൊപ്ര സംഭരിച്ച് അനുബന്ധ വ്യവ,സായം	100	50	150


വ്യവസായം പട്ടിക 3 തുടർച്ച

പരമ്പരാഗതമായ കൂടിൽ വ്യവസായങ്ങൾക്ക് വളരെയേറെ സാധ്യതയുള്ളതിനാൽ താഴെ പറയുന്നവ ആ വിഭാഗത്തിൽ പെടുത്തി പരിപോഷിപ്പിക്കേണ്ടതാണ്.

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾക്ക് പഞ്ചായത്തു തലത്തിൽ കൊട്ട വട്ടി, മുറം പരമ്പ് എന്നിവ നിർമ്മാണ യൂണിറ്റ്	100	100	200

ധാരാളം അസംസ്കൃത വസ്തുക്കൾ പ്രാദേശികമായി ലഭ്യമാക്കാൻ സാധ്യതയുള്ളതിനാൽ പൊതുമേഖല സഹകരണ മേഖലകളിലേതെങ്കിലും താഴെ പറയുന്ന വ്യവസായങ്ങൾക്ക് വളരെയധികം സാധ്യതയുണ്ട്.

ക്രമനമ്പർ	വിഭാഗം	ഇനം	തൊഴിൽ സാധ്യത		
1		ടയർനിർമ്മാണ യൂണിറ്റ്	100	100	200
2		വെളിച്ചെണ്ണ സംസ്ക്കരണ യൂണിറ്റ്	100	100	200
3		ക്രമ്പ് റബ്ബർ ഫാക്ടറി	150	100	250
4		പാൽ ഉല്പന്നയൂണിറ്റ്	100	100	200
5		റബ്ബർ തടി സംസ്ക്കരിച്ച് ഫർണീച്ചർ നിർമ്മാണ യൂണിറ്റ്	100	50	150



ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

1942-കളിലാണ് കോടഞ്ചേരിയിലേക്ക് തിരുവിതാംകൂറിന്റെ വിവിധമേഖലകളിൽനിന്നും കർഷകരുടെ കുടിയേറ്റമുണ്ടാകുന്നത്. ഈ സംഘടിതമായ കുടിയേറ്റശ്രമത്തിനുപിന്നിൽ പല കാരണങ്ങളും ചൂണ്ടിക്കാണിക്കാനുണ്ട്. തിരുവിതാംകൂറിലെ കർഷകർ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ 'നിവർത്തന പ്രസ്ഥാനം' പോലുള്ള സമരപരിപാടികളുമായി ബന്ധപ്പെടുകയും അതിന്റെ ഫലമായി അന്ന് തിരുവിതാംകൂറിന്റെ ദിവാനായിരുന്ന സർ. സി.പി. രാമസ്വാമി അയ്യരുടെ അപ്രീതിക്ക് വിഷയീഭവിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ ദിവാൻ ഭരണത്തിന്റെ തീവ്രത ഏറ്റവുംകൂടുതൽ അനുഭവിക്കേണ്ടിവന്നതും ഇവർക്കാണ്. കൂടാതെ രണ്ടാംലോകമഹായുദ്ധവും അതിന്റെ ഫലമായുണ്ടായ കൊടിയ ദാരിദ്ര്യവും കൂടിയായപ്പോൾ മലബാറിലെ വളക്കൂറുള്ള മണ്ണ് തേടിയുള്ള യാത്രയ്ക്കിവർ നിർബന്ധിതരായി.

എന്നാൽ ആദ്യകാലകുടിയേറ്റം പ്രകൃതിയുടേയും രോഗങ്ങളുടേയും തിരിച്ചടിയെത്തുടർന്ന് മന്ദീഭവിക്കുകയും പിന്നീട് 1944-നു ശേഷം വീണ്ടും സജീവമാവുകയുമുണ്ടായി. ഇന്ന് 100% കാർഷികമേഖലയായ ഈ കുടിയേറ്റ കേന്ദ്രത്തിന്റെ വികസനം ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തതകൊണ്ട് തീവ്രഗതി പ്രാപിച്ചില്ല എന്നതാണ് യാഥാർത്ഥ്യം.

കുടിയേറ്റത്തിന്റെ ആരംഭഘട്ടത്തിൽ കോടഞ്ചേരിയിലേയും സമീപപ്രദേശങ്ങളിലേയും ആളുകൾക്കവരുടെ അടിയന്തരമായ ഭക്ഷണപദാർത്ഥങ്ങളുടെയും മരുന്നിന്റെയുമൊക്കെ ആവശ്യത്തിന് ആശ്രയിക്കാനുണ്ടായിരുന്നത് കോഴിക്കോട്, മുക്കം, ഒരു പരിധിവരെ താമരശേരി അങ്ങാടികളേയായിരുന്നു. അതുപോലെതന്നെ മാതൃജില്ലകളായ കോട്ടയം, എറണാകുളം എന്നിവിടങ്ങളിലെത്തിച്ചേരുവാൻ ഏക ആശ്രയവും കോഴിക്കോട് റെയിൽവെ സ്റ്റേഷനായിരുന്നു. മരുന്നുകൾക്കും മറ്റാവശ്യങ്ങൾക്കുമായി പലപ്പോഴും കോഴിക്കോട് നഗരം വരെ നടന്നായിരുന്നു ഈ പ്രദേശത്തെ ആദ്യകാലകുടിയേറ്റക്കാർ പോയിരുന്നത്. കോഴിക്കോട് വയനാട് റൂട്ടിൽ സർവീസ് നടത്തിയിരുന്ന CWMS കമ്പനിയുടെ ബസ്സുകൾക്കായി മണിക്കൂറുകളോളം ഭാണ്ഡക്കെട്ടുകളും കൈക്കുഞ്ഞുങ്ങളുമായി കുടിയേറ്റക്കാർ കോഴിക്കോട് ബസ്സ് സ്റ്റാന്റിൽ കാത്തിരിക്കുന്നത് അക്കാലത്ത് നിത്യകാഴ്ചയായിരുന്നു. കോഴിക്കോട്നിന്ന് ബസ്സു ലഭിച്ചാൽത്തന്നെ താമരശ്ശേരിയിലോ കൈതപ്പൊയിലിലോ ബസ്സിറങ്ങി, ആന തടിവലിക്കാൻ ഉപയോഗിച്ചിരുന്ന ഏലുകളിലൂടെ മണിക്കൂറുകൾ സഞ്ചരിക്കേണ്ടിയിരുന്നു കോടഞ്ചേരിയിലെത്താൻ. കോടഞ്ചേരി പഞ്ചായത്തിലെ മൈക്കാവ്, വേളംകോട് ഭാഗങ്ങളിലുള്ളവർ മുക്കത്തുനിന്നും താമരശ്ശേരിയിൽനിന്നും കാൽനടയായി സഞ്ചരിച്ചാണ് എത്തിയിരുന്നത്.

1944 കാലത്തുതന്നെ ക്രിസ്ത്യൻ മിഷനറിമാരുടെ സജീവസാന്നിദ്ധ്യം ഈ മേഖലകളിലുണ്ടായി. വിദ്യാഭ്യാസത്തിലും വികസനത്തിലും ഊന്നിയ ഒരു മതപ്രേഷിതപ്രവർത്തനവുമായി രംഗത്തുവന്ന ഇവരുടെ നേതൃത്വത്തിൽ കുടിയേറ്റജനത കർമരംഗത്ത് വരികയും അതിന്റെ ഫലമായി ധാരാളം മൺപാതകൾ ഈ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിലവിൽ വരികയുണ്ടായി

അക്കാലത്തെ ഒരു പ്രധാനറോഡായി ഉപ യോഗത്തിലുണ്ടായിരുന്ന 'കോടഞ്ചേരി-കൈനടി എസ്റ്റേറ്റ്-കോടഞ്ചേരി റോഡ്' ഒഴിവാക്കിയാൽ

കോടഞ്ചേരി-കൈതപ്പൊയിൽ റോഡ്
കോടഞ്ചേരി-ഈങ്ങാപ്പുഴ റോഡ്
കോടഞ്ചേരി-ഓമശ്ശേരി റോഡ്
കോടഞ്ചേരി-മൈക്കാവ് റോഡ്

കോടഞ്ചേകി-പുല്ലൂരാമ്പാറ റോഡ് എന്നീ പ്രധാനറോഡുകളും ഒട്ടനവധി പ്രാദേശികപാത കളും കുടിയേറ്റജനതയുടേയും മിഷനറിമാരുടേയും കൂട്ടായ്മയിലൂടെ ഉണ്ടായതാണ്. സ്വകാര്യവ്യക്തി യുടെ അധീനതയിലായിരുന്നതിനാൽ കോടഞ്ചേരി-കൈനടി എസ്റ്റേറ്റ്- താമരശ്ശേരി റോഡിൽ ഈ പ്രവർത്തനം വളരെ കാര്യമായി ഉണ്ടായില്ല.

തുടർന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സർക്കാർ ഏജൻസികളും ഈ മേഖലയുടെ ഗതാ ഗതവികസനത്തിന് നിസ്സാരമല്ലാത്ത പങ്കുവഹിച്ചു. ചിലപ്രധാനറോഡുകൾ സർക്കാരിന്റെ വിവിധപദ്ധ തികളിൽ പെടുത്തി ടാർ ചെയ്യുകയും മറ്റുള്ളവയിൽ കുറേയൊക്കെ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് അത്യാവശ്യം ഗതാഗതസാധ്യമാക്കുകയും ചെയ്തി ട്ടുണ്ട്.

ഇന്ന് കോഴിക്കോട്ടുനിന്ന് താമരശ്ശേരി, ഓമ ശ്ശേരി, ഈങ്ങാപ്പുഴ വഴികളിൽ കോടഞ്ചേരിയി ലേക്ക് ബസ്സുകൾ ഓടുന്നുണ്ട്. പഞ്ചായത്തിന്റെ ആസ്ഥാനമായ കോടഞ്ചേരിയിലേക്ക് എത്തുകയെ ന്നത് മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് വളരെ എളുപ്പമാണ്. ഏകദേശം ഒന്നരമണിക്കൂർകൊണ്ട് കോഴിക്കോടുനിന്നും ബസ്സുമാർഗം കോടഞ്ചേരിയി ലെത്താൻ കഴിയും. ജലഗതാഗതം, റെയിൽ ഗതാ ഗതം കോടഞ്ചേരിയെ സംബന്ധിച്ചിടത്തോളം ചിന്ത നീയമല്ല.

താമരശ്ശേരിയിൽനിന്നും മിക്കവാറും 30 മിനു ട്ടിൽ ഒരു ബസ്സെങ്കിലും ഇപ്പോൾ കോടഞ്ചേരിയി ലെത്തുന്നുണ്ട്. നെല്ലിപ്പൊയിൽ, നാരങ്ങാത്തോട്, ചെമ്പുകടവ് തുടങ്ങിയ പ്രധാന അങ്ങാടികളിലേക്ക് വളരെ അപര്യാപ്തമാണെങ്കിലും വാഹനസൗകര്യ മുണ്ടെന്ന് പറയാം. എങ്കിലും ഈ പഞ്ചായത്തിലെ ഉൾപ്രദേശങ്ങൾ ഇന്നും യാത്രാപ്രശ്നങ്ങൾകൊണ്ട് വീർപ്പുമുട്ടുകയാണ്. നമ്മുടെ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള റോഡുകളുടെ വികസനത്തിനാ യുള്ള എണ്ണമറ്റ മുറവിളികൾ ഈ ദയനീയ യാഥാർത്ഥ്യത്തിന്റെ വിശദാംശങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. കോടഞ്ചേരി പഞ്ചായത്തിൽ നിലവി ലുള്ള റോഡുകളുടെ വിവരം പട്ടികയിൽ പെടുത്തി യിരിക്കുന്നു.

ഗതാഗത രംഗത്തെ സജീവ പ്രശ്നങ്ങൾ

1. പട്ടികയിലെ കണക്കുകൾ സൂചിപ്പിക്കു ന്നതു പോലെ നമ്മുടെ ഗ്രാമീണ റോഡുകൾ ഏറെയും വേണ്ടത്ര വീതിയില്ലാത്തവയാണ്. 57റോഡുകൾ തന്നെ 8മീ. ചുവടെ വീതിയുള്ളവ യാണ്.

2. മിക്കവാറും വാർഡുകളിലാവശ്യത്തിന് റോഡുകളില്ല.

3.പ്രധാനപ്പെട്ടവ ഉൾപ്പെടെ ഒരു റോഡിനും ഓടകളില്ല. അതുകൊണ്ട് തന്നെ റോഡുകളുടെ സുരക്ഷിതത്വം അപകടത്തിലാകുന്നു.

4. ബസ് സ്റ്റോപ്പുകളിൽ, എന്തിന് പ്രധാന അങ്ങാടികളിൽപോലും ബസ്സു കാത്തുനിൽക്കാൻ ഷെൽട്ടറുകളില്ല.

5. യഥാകാലങ്ങളിൽ റോഡുകൾക്ക് അനു യോജ്യമാകുന്ന തരത്തിലുള്ള അറ്റകുറ്റപണികൾ നടക്കുന്നില്ല.

പരിഹാരമാർഗങ്ങൾ

1. PWD ഏറ്റെടുത്ത തിരുവമ്പാടി-തമ്പല മണ്ണ-കോടഞ്ചേരി-ചുരമുണ്ട- കണ്ണോം-കൈതപ്പൊ യിൽ റോഡ്

2. മലപുറം-കോടഞ്ചേരി-നെല്ലിപ്പൊയിൽ-പുല്ലൂരാമ്പാറ-എലന്തുകടവ് റോഡ്

എന്നീ റോഡുകളുടെ പണിപൂർത്തിയാക്കാ നുള്ള സത്വരനടപടികൾ ആരംഭിക്കുക.

3. പ്രസ്തുത റോഡിൽ തമ്പലമണ്ണ, പുത്തൻകണ്ടത്തിൽ കടവ്, കൈതപ്പൊയിൽ, (വേഞ്ചേരി) തെയ്യപ്പാറ കടവ് എന്നിവിടങ്ങളിൽ പുഴക്ക് പാലങ്ങളും അടിയന്തരമായി പൂർത്തീകരി ക്കേണ്ടതാണ്.

4. ജനകീയാസൂത്രണപരിപാടിയുടെ ഭാഗ മായി തദ്ദേശവാസികൾ സന്നദ്ധപ്രവർത്തനത്തി ലൂടെ നിർമിച്ച -കളപ്പുറം -പാലക്കൽ റോഡ്,-കോട ഞ്ചേരി--ഈരൂട്--കരിമ്പാലക്കുന്ന് റോഡ് എന്നി വയെ മാതൃകയാക്കിക്കൊണ്ട് റോഡ്നിർമാണ ത്തിനും സംരക്ഷണത്തിനും ജനകീയസമിതികൾ നിലവിൽ വരണം.

5. എല്ലാ റോഡുകൾക്കും സന്നദ്ധപ്രവർത്ത നത്തിലൂടെ ആവശ്യമായ ഓടകൾ നിർമിക്കണം.

6. പഞ്ചായത്തടിസ്ഥാനത്തിൽ പുതിയ റോഡുകളുടെ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് തയാറാക്കുകയും ലഭ്യമാകുന്ന സാമ്പത്തികസ ഹായം പരമാവധി ഉപയോഗിച്ചുകൊണ്ട് സന്ന ദ്ധപ്രവർത്തനത്തിലൂടെ നിർമാണം പൂർത്തീകരി ക്കാനുള്ള പദ്ധതി തയാറാക്കുകയും ചെയ്യുക.

7. ജനങ്ങൾക്ക് ബസ്സുകാത്തുനിൽക്കാനുള്ള

ഷെൽട്ടറുകൾ എല്ലാ ബസ്സ് സ്റ്റോപ്പുകളിലും നിർമിക്കാനുള്ള പദ്ധതി തയാറാക്കുക.

8. പഞ്ചായത്തിന്റെ ആസ്ഥാനമായ കോടഞ്ചേരി അങ്ങാടിയിൽ ഒരു ബസ്സ് സ്റ്റാന്റ് നിർമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതോടൊപ്പം, ടാക്സിസ്റ്റാന്റ്, ഓട്ടോ സ്റ്റാന്റ് എന്നിവക്കും സൗകര്യമേർപ്പെടുത്തുക.

9. പട്ടിക 2-ൽ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുവക ടാർ റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തുക.

10. 3-ാം പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള 23 റോഡുകളും മെറ്റലിങ്, ടാറിങ് എന്നിവ പൂർത്തിയാക്കി ഗതാഗതയോഗ്യമക്കുക.

11. ഇരുവഞ്ഞിപ്പുഴക്ക് ചുള്ളിയാട്ട്കടവ്, പത്തായപ്പാറ, കിളിക്കല്ല്, ചാലിപ്പുഴക്ക് പുളിമൂട്ടിൽക്കടവ്, കൂമ്മണിക്കടവ്, തുരുത്തോൽക്കടവ് എന്നിവിടങ്ങളിൽ തൂക്കുപാലങ്ങൾ പുതുതായി നിർമിക്കണം.

പട്ടിക 1
പഞ്ചായത്തിലെ PWD റോഡുകൾ

നമ്പർ	റോഡിന്റെ പേര്	നീളം(കി.മീ.)	വീതി(മീ.)	സ്വഭാവം
1.	ഓമശ്ശേരി ഈങ്ങാപ്പുഴ റോഡ്	10	8	ടാറിട്ടത്
2.	തിരുവമ്പാടി-തമ്പലമണ്ണ-പുതുപ്പാടി റോഡ്	17	8	ഭാഗികമായി ടാർ ചെയ്തത്
3.	മലപുറം തെയ്യപ്പാറ-കോടഞ്ചേരി പുല്ലുരാംപാറ റോഡ്	14.500	8	മെറ്റൽ ചെയ്തത്
4.	കല്ലുന്തമെട്-കൂടത്തായ് റോഡ്	4	8	ടാറിട്ടത്
	ആകെ	45.500		

പട്ടിക 2
പഞ്ചായത്ത് ഉടമയിലുള്ള ടാർ ചെയ്ത റോഡുകൾ

നമ്പർ	റോഡിന്റെ പേര്	നീളം(കി.മീ.)	വീതി(മീ.)	സ്വഭാവം
1.	മുണ്ടൂർ കുരോട്ടുപാറ	0.930	8	ടാർ
2.	നാരങ്ങാത്തോട്-മുണ്ടൂർ	0.610	8	ടാർ
3.	നാരങ്ങാത്തോട്-നെല്ലിപ്പൊയിൽ	1.600	8	ടാർ
4.	തോട്ടുമുഴി കവല - പുല്ലുരാംപാറ	2.000	8	ടാർ
5.	കോടഞ്ചേരി - നിരന്നപാറ	2.100	8	ഭാഗികം
6.	പുലിക്കയം - വലിയകൊല്ലി	1.000	8	ഭാഗികം
7.	ചെമ്പുകടവ്-വട്ടച്ചുവട്	3.300	8	ടാർ
8.	പോത്തുണ്ടി-നൂറാംതോട്	0.700	8	ടാർ
9.	നൂറാംതോട്-മുട്ടിയിട്ടതോട്	1.400	8	ടാർ
10.	മുട്ടിയിട്ടതോട്-വട്ടച്ചിറ	1.600	8	ടാർ
11.	മൈക്കാവ്-ശാന്തിനഗർ	1.600	8	ടാർ
12.	ചെമ്പുകടവ്-അടിവാരം	0.200	8	ടാർ
13.	മീമുട്ടി-ചെമ്പുകടവ്	3.000	8	ടാർ
14.	കണ്ണോം-കൈപ്പുറം	0.200	8	ടാർ
15.	ചെമ്പുകടവ്-പള്ളിപ്പടി-ചക്കിപ്പാറ	2.000	8	ടാർ
	ആകെ	22.24	0	ടാർ

പട്ടിക 3
പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എട്ട് മീറ്റർ റോഡുകൾ

നമ്പർ	റോഡിന്റെ പേര്	നീളം(കി.മീ.)	വീതി(മീ.)	സ്വഭാവം
1.	ശാന്തിനഗർ-തിരുവമ്പാടി	1.700	8	ചരൽ
2.	വലിയകൊല്ലി -മുറമ്പാത്തി	1.500	8	മെറ്റൽ
3.	പൂളവള്ളി-പൂളവള്ളിക്കടവ്	1.000	8	മെറ്റൽ
4.	മുണ്ടൂർ-കണ്ടപ്പൻ ചാൽ	2.350	8	ചരൽ
5.	തെയ്യപ്പാറ-പേനപ്പാറ	0.900	8	ചരൽ
6.	നെല്ലിപ്പൊയിൽ-കുരങ്ങൻപാറ	2.200	8	ചരൽ
7.	മുരിക്കുംപാൽ-കുരങ്ങൻപാറ	0.800	8	ചരൽ
8.	മൈക്കാവ്-ചുണ്ടക്കുന്ന്	1.920	8	ചരൽ
9.	മാങ്കോട്ട്-കരിമ്പാലക്കുന്ന്	2.500	8	ചരൽ
10.	പുലിക്കയം-അടിമണ്ണ്	1.000	8	ചരൽ
11.	ചൂരമുണ്ട-ചെമ്പുകടവ്	0.800	8	ചരൽ
12.	നിരന്നപാറ-ഈരൂട്	2.400	8	ചരൽ
13.	പോത്തുണ്ടി-ചിപ്പിലിത്തോട്	3.500	8	ചരൽ
14.	കൂതാട്ടുപാറ-പുളിയിലിക്കാട്ട്താഴ	1.800	8	ചരൽ

15.	നെല്ലിപ്പൊയിൽ-പൂവത്തിൻചുവട്	1.000	8	ചരൽ
16.	നെല്ലിപ്പൊയിൽ-പാഞ്ഞിപ്പാറ	5.400	8	ചരൽ
17.	പള്ളിപ്പടി-നിലത്തുകടവ്	1.000	8	ചരൽ
18.	ചക്കിപ്പാറ-തുഷാരഗിരി	1.000	8	ചരൽ
19.	മരുതിലാവ്-കല്ലറമുക്ക്	1.000	8	ചരൽ
20.	പാലക്കൽ-പേഴുംകണ്ടി-കളപ്പുറം	1.500	8	ചരൽ
21.	പാലക്കൽ-ചെമ്പുകടവ്	1.200	8	ചരൽ
22.	അമ്പാട്ടുതാഴെ-പുലിക്കയം	1.500	8	ചരൽ
23.	ശാന്തിനഗർ-എസ്റ്റേറ്റ്	1.000	8	ചരൽ
		38.970		

പട്ടിക 4


പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 8 മീറ്ററിന് താഴെയുള്ള റോഡുകൾ

നമ്പർ	റോഡിന്റെ പേര്	നീളം(കി.മീ.)	വീതി(മീ.)	സ്വഭാവം
1.	മീമുട്ടി-അടിമണ്ണ്	1.610	6	ചരൽ
2.	വൈദ്യർപടി-കാഞ്ഞിരപാറ	1.910	6	ചരൽ
3.	ഞാറക്കാട്ടുതാഴെ-കാഞ്ഞിരപ്പാറ	6.400	6	ചരൽ
4.	പുലിക്കയം-മുരിക്കിൻചാൽ	0.820	6	ചരൽ
5.	മഞ്ഞുവയൽ-നാരങ്ങാത്തോട്	1.230	6	ചരൽ
6.	വാമറ്റംതാഴെ-പുലിക്കയം	0.650	6	ചരൽ
7.	മീമുട്ടി-പുന്നക്കുറ്റി	1.250	6	ചരൽ
8.	വേളംകോട്-വട്ടേക്കാട്ട് താഴെ	2.100	6	ചരൽ
9.	കൂരോട്ടുപാറ-നീലിപ്പാറ	1.750	6	ചരൽ
10.	അടിമണ്ണ്-പറപ്പറ്റ	1.610	6	ചരൽ
11.	വലിയകൊല്ലി-പൊട്ടൻകൊട്	1.600	6	ചരൽ
12.	തെയ്യപ്പാറ-കണ്ണോത്ത്	1.600	6	ചരൽ
13.	രജനിക്കോട്-ഈറൂട്	2.100	6	ചരൽ
14.	കണ്ണോത്ത്-പാറമല	1.200	6	ചരൽ
15.	മുണ്ടൂർ-മുന്നാനക്കുഴി	1.300	6	ചരൽ
16.	വേളംകോട്-നീലേശ്വരം	1.950	6	ചരൽ
17.	വലിയകൊല്ലി-മുള്ളുപാറ	2.100	6	ചരൽ
18.	മുരിക്കുംചാൽ-മഞ്ഞുവയൽ	1.650	6	ചരൽ
19.	പടുപുരം-തെയ്യപ്പാറ	1.680	6	ചരൽ
20.	ചെമ്പുകടവ്-വെണ്ടേക്കുംപൊയിൽ-മുട്ടിയിട്ടതോട്	1.600	6	ചരൽ
21.	ഒരപ്പുങ്കൽ-പുളിമൂട്ടിൽക്കടവ്	0.860	6	ചരൽ
22.	വേളംകോട്-പനച്ചിപ്പറ്റ	2.000	6	ചരൽ
23.	മൈക്കാവ്-വേനമ്പ്ര	3.000	6	ചരൽ
24.	ശാന്തിനഗർ-വേളംകോട്	1.000	6	ചരൽ
25.	വരകിൽപടി-തോട്ടുമുഴി	3.000	6	ചരൽ
26.	മുഞ്ഞേലിപ്പടി-പ്ലാത്തോട്ടംതാഴെ	1.200	6	ചരൽ
27.	കാഞ്ഞിരപ്പാറ-തോട്ടുമുഴി	1.500	6	ചരൽ
28.	കളപ്പുറം-ലക്ഷംവീട് കോളനി	1.000	6	ചരൽ
29.	പൂവത്തിൻചുവട്-പാഞ്ഞിപ്പാറ	1.000	6	ചരൽ
30.	പുലിക്കയം-പുലിക്കയംOLHS കോളനി	0.800	6	ചരൽ
31.	കല്ലറക്കൽതാഴെ-വേര്യക്കോട്ടിൻതാഴെ	0.700	6	ചരൽ
32.	കല്ലുന്നമേട്-മുറമ്പാത്തി	1.800	6	ചരൽ
33.	ചെമ്പുകടവ്-പറപ്പറ്റ	2.000	6	ചരൽ

34.	തോട്ടുമുഴി-ഇടിഞ്ഞപ്പാറ	1.500	6	ചരൽ
35.	നാരങ്ങാതോട്-മഞ്ഞുവയൽ	1.000	6	ചരൽ
36.	കളപ്പുറം-കള്ളാടിക്കാവ് റോഡ്	2.000	6	ചരൽ
37.	പാലക്കൽ-നൂറാംതോട് സ്കൂൾ	1.000	6	ചരൽ
38.	മുറമ്പാത്തി-മാമ്പറ്റപ്പാറ	1.500	6	ചരൽ
39.	കളത്തൂർപടി-മനയത്ത്കുടി	1.000	6	ചരൽ
40.	വലിയകൊല്ലി-കോട്ടക്കുടുക്ക്	1.500	6	ചരൽ
41.	കാരക്കാട്ടുകുടി-തോട്ടുമുഴി	1.000	6	ചരൽ
42.	മുരിക്കുംചാൽ-നൂറക്കാൽപടി	0.750	6	ചരൽ
43.	ചെമ്പുകടവ്-പുന്നക്കുറ്റി	1.250	6	ചരൽ
44.	പുന്നക്കുറ്റി-അടിമണ്ണ	1.500	6	ചരൽ
45.	അടിമണ്ണ്-ശ്മശാനംറോഡ്-പുന്നക്കുറ്റി	1.000	6	ചരൽ
46.	ജീരകപ്പാറ-78	2.500	6	ചരൽ
47.	വെള്ളക്കാക്കുടി-78	2.000	6	ചരൽ
48.	തുഷാരഗിരി-78	2.000	6	ചരൽ
49.	നൂറാംതോട്-കരിമ്പിൻറോഡ്	1.250	6	ചരൽ
50.	നൂറാംതോട്-ആകാശവാണികരിമ്പിൻറോഡ്	2.250	5	ചരൽ
51.	ചക്കിപ്പാറ-ഉടുമ്പൻപാറ	0.700	5	ചരൽ
52.	മില്ലുമുക്ക്-കോഴിക്കോടൻചാൽ	1.500	6	ചരൽ
53.	ശാന്തിനഗർ-നീലേശ്വരം	2.000	6	ചരൽ
54.	തെയ്യപ്പാറ-കുരിശുംപടി യു.പി.സ്കൂൾ	1.000	6	ചരൽ
57.	നെല്ലിപ്പൊയിൽ-പ്ലാച്ചിക്കൽവഴി-മീമുട്ടി	1.000	6	ചരൽ

പട്ടിക 5
പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

ക്രമനമ്പർ	റോഡിന്റെ പേര്
1	ചൂരപൊയ്ക-വെട്ടിക്കുഴിപ്പടി-വയൽനട
2	ചിറക്കചാൽ പടി-മേരിലാന്റ് പുലിക്കയം
3	പുലിക്കയം-അക്കര കോളനി
4	പല്ലാട്ട് താഴെ-നനകിക പള്ളി-പറപ്പറ്റ
5	ചൂരപൊയ്ക ആൻഡ്രൂസ് പടി-ചങ്ങനാനി പടി
6	കുരങ്ങൻ പാറ-പൊട്ടംകോട്ട്-പുള്ളുപാറ
7	പുലിക്കയം ഹില്ലാരിയോസ് പടി-കുരങ്ങൻ പാറ
8	പൊട്ടൻ കോട്-കോളനി
9	പുലിക്കയം- പാറപ്പറ്റ-തെക്കൻകുറിച്ചി ചെമ്പ്കടവ്
10	തുഷാരഗിരി-പൂക്കോട്ടുതടാകം
11	പാലക്കൽ-മഞ്ഞക്കടവ് പാലം
12	ചുണ്ടകുത്ത് ഹെൽത്ത് സെന്റർ-മൈക്കാവ് മാനാം കുത്ത്
13	കാഞ്ഞിരാട്-നടുകുത്ത് മല-ആനിക്കോട്
14	വേളംകോട്-കോരംകൈ പുഴ
15	ചെമ്പ് കടവ്-മുട്ടിയിട്ട തോട്-ചിപ്പിലിത്തോട് 29ാം മൈൽ
16	കുരങ്ങൻ പാറ-പൊട്ടംകോട്-വലിയകൊല്ലി
17	തുഷാരഗിരി-കാഞ്ഞിരത്തിങ്കൽ പടി
18	കോൺവെന്റ് പടി-പുന്നക്കുറ്റി



ഊർജ്ജം

നമ്മുടെ നാട്ടിലെ ഇന്ധനോപയോഗം പ്രധാനമായും നാല് മേഖലകളിലാണ്. ഗാർഹികം, കാർഷികം, വാണിജ്യം, വ്യവസായം.

ഹോട്ടലുകൾ, വാണിജ്യസ്ഥാപനങ്ങൾ, വ്യാവസായികേതരസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഊർജ്ജോപയോഗത്തേയാണ് വാണിജ്യം എന്ന മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പരമ്പരാഗതവ്യവസായങ്ങളും ആധുനിക വ്യവസായങ്ങളും ചേരുന്നതാണ് വ്യവസായമേഖല ഈ നാലു മേഖലകളിൽ കോടഞ്ചേരി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പരമപ്രധാനം ഗാർഹികോപയോഗമാണ്. കാർഷികമേഖലയിലും ഊർജോപഭോഗം പരിമിതതോതിലുണ്ടത്രേ. വ്യാവസായികമേഖലയിലെ ഊർജോപയോഗം നമുക്ക് അപ്രസക്തമാണ്. ഹോട്ടലുകളിലും കച്ചവടസ്ഥാപനങ്ങളിലും ഊർജം ഉപയോഗപ്പെടുത്തുന്നതിനാൽ വാണിജ്യമേഖലക്കും പ്രസക്തിയുണ്ട്.

വെളിച്ചം, താപം, യന്ത്രങ്ങൾ പ്രവർത്തിക്കുന്നതിന് ഇങ്ങനേയാണ് നാം ഊർജം ഉപയോഗിക്കുന്നത്. വീടുകളിൽ വെളിച്ചത്തിനും ഭക്ഷണം പാകം ചെയ്യുന്നതിനും, ഹോട്ടലുകളിൽ വെളിച്ചത്തിനും പാചകത്തിനും ചെറിയ പാചകയന്ത്രങ്ങൾ (ഗ്രൈന്റർ, മിക്സി, സ്റ്റൗ) പ്രവർത്തിപ്പിക്കുന്നതിനും വാണിജ്യസ്ഥാപനങ്ങളിൽ വെളിച്ചത്തിനും ഫാൻ, എയർകണ്ടീഷനുകൾ, ജനറേറ്ററുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഊർജം ഉല്പാദിപ്പിക്കുന്നതിനും ഇന്ധനം ഉപയോഗിക്കുന്നു.

കാർഷികമേഖലയിൽ ഊർജം ഉല്പാദനത്തിൽ മുഖ്യമായ പങ്കുവഹിക്കുന്നത് മനുഷ്യപ്രയത്നമാണ്.

പാചകം

തികച്ചും കാർഷികമേഖലയായ കോടഞ്ചേരി പഞ്ചായത്തിൽ ഏകദേശം 90% വീടുകളിലും പാചകത്തിന് വിറകുതന്നെയാണ് ഉപയോഗിക്കുന്നത്. തെങ്ങുല്പന്നങ്ങൾ, മരം, കാർഷികാവശിഷ്ടങ്ങൾ എന്നിവയാണ് വിറക് എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. 50% ത്തിലേറെ വീടുകൾ വൈദ്യുതീകരിച്ചവയാണെങ്കിലും വളരെ പരിമിതമായ കുടുംബങ്ങൾമാത്രമേ പാചകത്തിന് വൈദ്യുതി ഉപയോഗിക്കുന്നുള്ളൂ. പ്രതീക്ഷിതവും അപ്രതീക്ഷിതവുമായ പവർകട്ട്, വോൾട്ടേജ് കുറവ്, വർദ്ധിച്ച സാമ്പത്തികബാധ്യത ഇവ വൈദ്യുതി പാചകത്തിനുപയോഗിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്നു. പാചകത്തിന് പാചകവാതകം ഉപയോഗിക്കുന്നത് ഇപ്പോൾ സാധാരണക്കാരനു സാധ്യമാകുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. മുമ്പ് സമ്പന്നന്മാർ മാത്രം ഉപയോഗിച്ചിരുന്ന ഗ്യാസ് കണക്ഷനുകൾ ഇപ്പോൾ സാധാരണകർഷക ഭവനങ്ങളിലും ഉപയോഗിച്ചുവരുന്നു. പാചകത്തിന് പാചകവാതകം വൈദ്യുതി എന്നിവ ഉപയോഗിക്കുന്ന വീടുകളിലും വിറകടുപ്പുകൾ നിലവിലുണ്ട്. പലപ്പോഴും അത്യാവശ്യഘട്ടങ്ങളിൽ ഈ അടുപ്പുകളാണ് ഉപയോഗപ്പെടുക. ഗ്യാസ് സമയത്ത് ലഭിക്കാതിരിക്കുക, പവർകട്ട് എന്നിവകാരണം മാത്രമല്ല കപ്പ വാട്ടുന്നതിനും നെല്ല് പുഴുങ്ങുന്നതിനും വെള്ളം തിളപ്പിക്കുന്നതിനും ഗ്രാമീണകുടുംബങ്ങൾ വീടിനുപുറത്ത് സജ്ജീകരിക്കുന്ന അടുപ്പുകളിലും വിറകുതന്നെ ഉപയോഗിക്കുന്നു.

വെളിച്ചം

വെളിച്ചത്തിന് ഭൂരിപക്ഷം കുടുംബങ്ങളും ഉപയോഗിക്കുന്നത് വൈദ്യുതിതന്നെയാണ്. താമരശ്ശേരി, തിരുവമ്പാടി ഇലക്ട്രിക്കൽ സെക്ഷനുകളുടെ കീഴിൽ വരുന്ന ഈ പഞ്ചായത്തിലെ 50%-ത്തിലേറെ വീടുകളും വൈദ്യുതി വെളിച്ചത്തിനായുപയോഗിക്കുമ്പോഴും മണ്ണെണ്ണവിളക്കുകൾ എല്ലാ വീടുകളിലും കരുതുന്നു. അടിയന്തരഘട്ടങ്ങളിൽ ആശ്രയം മെഴുകുതിരികളും മണ്ണെണ്ണവിളക്കുകളുമാണ്. വൈദ്യുതീകരിക്കാത്ത വീടുകളിലെല്ലാം വെളിച്ചത്തിന് മണ്ണെണ്ണവിളക്കുകൾതന്നെ ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്നു. രാത്രി കാൽനടയാത്രക്കാർ മണ്ണെണ്ണപന്തങ്ങൾ വെളിച്ചത്തിനായി ഉപയോഗിക്കുന്നത് ഒരു ഇരുപത് വർഷംമുമ്പുവരെ സാധാരണമായിരുന്നു. ഇപ്പോൾ വ്യാപകമായി ടോർച്ചുപയോഗിക്കുന്നു. അത്യാവശ്യം മെഴുകുതിരികളും.

വാണിജ്യം

മിക്കവാറും കച്ചവടസ്ഥാപനങ്ങളും ഹോട്ടലുകളും വൈദ്യുതീകരിച്ചവയാണ്. വാണിജ്യസ്ഥാപനങ്ങളിൽ വെളിച്ചത്തിനും ഫാൻ പ്രവർത്തിപ്പിക്കുന്നതിനും വൈദ്യുതി ഉപയോഗിക്കുന്നു.

പവർക്കട്ടും വോൾട്ടേജ് കുറവും സാധാരണമായതിനാൽ വൻകിടവാണിജ്യസ്ഥാപനങ്ങളിൽ പ്രത്യേകിച്ചും ടെക്സ്റ്റൈൽ ഷോപ്പുകളിൽ ഇപ്പോൾ ചെറിയ ജനറേറ്ററുകൾ ഉപയോഗിക്കുന്നു. ഇതിന് ഡീസൽ ഉപയുക്തമാകുന്നു. ഹോട്ടലുകളിൽ പാചകത്തിന് ഗ്യാസ് ഉപയോഗിക്കുന്നത് പ്രധാന അങ്ങാടികളിൽ കഴിഞ്ഞ രണ്ടുവർഷങ്ങളായി സാധാരണമായിട്ടുണ്ട്. എങ്കിലും ഉൾപ്രദേശങ്ങളിൽ ഇന്നും വിറകുതന്നെ ഉപയോഗിക്കുന്നു. വെളിച്ചത്തിനും ഫാൻ, മിക്സി, ഫ്രിഡ്ജ്, ഗ്രൈൻറർ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതിതന്നെ ഉപയോഗിക്കുന്നു. എസിയാക്കിയ വാണിജ്യസ്ഥാപനങ്ങളോ ഹോട്ടലുകളോ കോടഞ്ചേരി പഞ്ചായത്തിലില്ല.

ലഭ്യത സ്രോതസ്സുകൾ

വിറക്

ഈ പഞ്ചായത്തിൽ പാചകത്തിനായി പ്രധാനമായും ഉപയോഗിക്കുന്ന വിറക് മിക്കവാറും കർഷകർ സ്വന്തം പുരയിടത്തിൽനിന്നുതന്നെ ശേഖരിക്കുന്നവയാണ്. വിറകുക്ഷാമം ഇനിയും രൂക്ഷമായിട്ടില്ലാത്തതിനാൽ അയൽകൃഷിയിടങ്ങളിൽ വിറക് ശേഖരിക്കുന്നതിന് വിഷമമില്ല. ചുരുക്കം വീടുകളിലും ഉൾപ്രദേശങ്ങളിലെ ഹോട്ടലുകളിലും വിറക് വിലയ്ക്കുവാങ്ങുന്ന സമ്പ്രദായമുണ്ട്. വിറക് വില്പന നടത്തുന്ന വിറക്പോട്ടകൾ ഈ പഞ്ചായത്തിൽ ഇല്ല എന്നുതന്നെ പറയാം.

മണ്ണെണ്ണ, ഡീസൽ, പെട്രോൾ

റേഷൻകടകളിൽനിന്നും ലഭിക്കുന്ന മണ്ണെണ്ണയാണ് മിക്കവാറും ജനങ്ങൾ ഉപയോഗിക്കുന്നത്. മണ്ണെണ്ണസ്റ്റൗ ഉപയോഗിക്കുന്ന വീടുകളിൽ ചുരുക്കം ചിലർക്കുമാത്രം മണ്ണെണ്ണക്കുള്ള സ്പെഷ്യൽ പെർമിറ്റുകളുണ്ട്. വരുമാനം കൂടുതലുള്ള കുടുംബങ്ങൾക്കുമാത്രമേ ഈ പെർമിറ്റുകൾ ലഭിക്കുകയുള്ളൂ എന്നതുകൊണ്ട് ഇത്തരം പെർമിറ്റുകൾ ഒരു റേഷൻകടയുടെ പരിധിയിൽ 100-ൽ കൂടുതൽ വരില്ല. താമരശ്ശേരിയിൽ പ്രവർത്തിക്കുന്ന മണ്ണെണ്ണ ഡിപ്പോയിൽനിന്നും ആളുകൾ മണ്ണെണ്ണ വാങ്ങി ആവശ്യം നിറവേറ്റുന്നു.

കാർഷികാവശ്യത്തിനും ഗാർഹികാവശ്യത്തിനും വേണ്ട പെട്രോൾ, ഡീസൽ എന്നീവ താമരശ്ശേരി, കൊടുവള്ളി, അഗസ്ത്യൻമുഴി എന്നിവിടങ്ങളിലെ ബങ്കുകളിൽനിന്ന് കന്നാസുകളിലാക്കി എത്തിക്കുകയാണ് പതിവ്. ജലസേചനത്തിനായി വൈദ്യുതി ഉപയോഗിക്കുന്നത് മിക്കവാറും സമ്പന്നകർഷകർ മാത്രമാണ്. തിരുവമ്പാടി വൈദ്യുതി സെക്ഷനിൽനിന്നും കോടഞ്ചേരി പഞ്ചായത്തിൽ നൽകിയിട്ടുള്ള കാർഷിക കണക്ഷനുകൾ വെറും 54 മാത്രമാണ് എന്നത് ഈ വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നു. ചുരുക്കം കർഷകർ പെട്രോൾ/മണ്ണെണ്ണ (P/K) ഡീസൽ പമ്പുസെറ്റുകളും ജലസേചനത്തിനുപയോഗിക്കുന്നു. ഇവർക്ക് കൃഷിവകുപ്പിന്റെയും ഗ്രാമവികസനവകുപ്പിന്റെയും ശുപാർശയാൽ സബ്സിഡി നിരക്കിൽ മണ്ണെണ്ണ ഡീസൽ പെർമിറ്റുകൾ ലഭിക്കുന്നു.

സാധ്യത

1. കാര്യക്ഷമത കൂടിയ വിറകടുപ്പുകൾ പ്രചരിപ്പിക്കുക. ഉദാ: അനർട്ട്, ശാസ്ത്രസാഹിത്യപരിഷത്ത് അടുപ്പുകൾ

2. കച്ചിപ്പെട്ടി, പ്രഷർകുക്കർ തുടങ്ങിയ ക്ഷമത കൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കൽ

3. വിറകുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യവനവൽക്കരണം നടത്തുക. അതുകൊണ്ട് നമ്മുടെ കാലാവസ്ഥയേയും പരിസ്ഥിതിയേയും സംരക്ഷിക്കാനും കഴിയും.

4. നമ്മുടെ വൈദ്യുതിയുടെ 30% കെടുകാര്യസ്ഥതകൊണ്ട് നഷ്ടമാകുന്നു എന്നതാണ് കണക്ക്. അതിനൊരു പരിധിവരെ പരിഹാരം കാണുന്നതിന് സന്നദ്ധപ്രവർത്തനത്തിലൂടെ

വൈദ്യുതി ലൈനുകൾ മുട്ടിനിൽക്കുന്ന വൃക്ഷശാഖകൾ മുറിച്ചുമാറ്റുന്നതിലൂടെ കഴിയും.

5. ഊർജലാഭമുള്ള വൈദ്യുതി ദീപങ്ങൾ പ്രചരിപ്പിക്കുക.

6. 'അനർട്ട്' സംവിധാനം ചെയ്തിട്ടുള്ള കാറ്റ്, സൗരോർജം എന്നിവകൊണ്ട് പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കുക. മേൽപ്പറഞ്ഞ പൊതുവായ പ്രവർത്തനങ്ങളൊക്കെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ഊർജാസൂത്രണപരിപാടിക്കു പുറമേ ഏറ്റവും പ്രഥമവും പ്രധാനവുമായി പരിഗണിക്കേണ്ടത് കോടഞ്ചേരി പഞ്ചായത്തിന്റേതു മാത്രമായ ചെമ്പുകടവ് ചെറുകിട വൈദ്യുതപദ്ധതിയാണ്.

ഒന്നാംഘട്ടത്തിൽ 2.25 മെഗാവാട്ടും രണ്ടാംഘട്ടത്തിൽ 9 മെഗാവാട്ടും ഉൾപ്പെട്ട 11.25 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാവുന്നതായിരുന്നു പദ്ധതിയാസൂത്രണം. ഈ പദ്ധതി നിലവിൽവന്നാൽ സമീപത്തെ ആറേഴ് പഞ്ചായത്തുകളിലെ 50,000 വീടുകൾക്ക് ആറുമാസത്തേക്ക് വൈദ്യുതി നൽകാൻ കഴിയുമായിരുന്നു. പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ സ്ഥലം ഏറ്റെടുക്കൽ, ഓഫീസ് സ്റ്റാഫ് എന്നീ ഇനത്തിലായി ഒരു കോടി രൂപയോളം ചെലവഴിച്ചുകഴിഞ്ഞു.

ശാസ്ത്രീയമായ വിലയിരുത്തലിൽ അല്പം പോലും പരിസ്ഥിതിപ്രശ്നം ഉണ്ടാകാത്ത ഒരു പദ്ധതിയാണിതെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ഒരു മരമോ കുടിലോ ഇതിനായി നശിപ്പിക്കേണ്ടി വരുന്നില്ല എന്നുമാത്രമല്ല ഒഴുകിവരുന്ന ജലത്തിന്റെ ശക്തി ഉപയോഗിച്ചുതന്നെ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്നുവെന്നത് ഈ പദ്ധതിയുടെ മാത്രം പ്രത്യേകതയാണ്. ദേശീയപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതി അടിയന്തരമായി യാഥാർത്ഥ്യമാക്കേണ്ടതുണ്ടത്രേ.

കോടഞ്ചേരി പഞ്ചായത്തിലെ ഗാർഹികഇന്ധന ഉപയോഗം, വ്യാവസായിക, കാർഷിക ഇന്ധന ഉപയോഗം, വൈദ്യുതീകരിച്ചതും അല്ലാത്തതുമായ വീടുകൾ, തെരുവുവിളക്കുകൾ, ട്രാൻസ്ഫോർമറുകൾ, അവയുടെ പ്രവർത്തനക്ഷമത, ഊർജവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, നിർദേശങ്ങൾ എന്നിവ വിവിധഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ ചുവടെ കൊടുക്കുന്നു.

- ചെമ്പുകടവ് മിനിഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ട് എത്രയുംവേഗം പൂർത്തീകരിക്കുക.
- അരിപ്പാറ വെള്ളച്ചാട്ടത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് മിനി വൈദ്യുതപദ്ധതി നടപ്പിലാക്കുക.
- പഞ്ചായത്തിലെ സാധ്യതയുള്ള മുഴുവൻ വീടുകളിലും ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.
- അനർട്ട്, പരിഷത്ത് എന്നീ സ്ഥാപനങ്ങളുടേയും സംഘടനകളുടേയും സഹായത്തോടെ ദക്ഷതയേറിയ അടുപ്പുകൾ കോടഞ്ചേരി പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സ്ഥാപിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- വൈദ്യുതിയെത്താത്ത തോട്ടുമുഴി, മാമ്പറ്റപ്പാറ, വലിയകൊല്ലി, പൊട്ടൻകാട്, കാത്തിരിപ്പാറ, ഇരുപൂളും കവലയിൽനിന്നും മഞ്ഞവയൽ വരെയുള്ള റൂട്ടിൽ താമസക്കാർക്ക്, കൊരങ്ങൻ പാറ കോളനിയിൽ ഇരുപത് വീട്ടുകാർക്ക്, രണ്ടാംവാർഡിലെ ഹരിജൻ കുടുംബങ്ങൾ, പാറപ്പറ്റ, പള്ളിപ്പടി, പാത്തിപ്പാറ, പുലിക്കയം പാറഭാഗം, കുണ്ടൻതോട്, കൂലോട്ട്പാറ, വൃത്താന്തക്കുഴി, കൂരോട്ട്പാറ പൂളിയിലക്കാട്, മുണ്ടൂർ, കണ്ടപ്പൻചാൽ. 5-ാം വാർഡിലെ വൈദ്യുതി ലഭിക്കാത്ത പോത്തുണ്ടി, കുന്തളംതേര്, ചിപ്പിലിത്തോട്, മരുനിലാവ്, എട്ടാംവാർഡിലെ മഞ്ചപ്പാറ, അമലാപുരി, കുന്നപ്പള്ളി ഭാഗം, വേഞ്ചേരി, പാലക്കൽ, തൊഴിലാളികുന്ന്, അമ്പലക്കണ്ടി, പള്ളിമല, കളപ്പുറം ലക്ഷംവീട്, 9-ാംവാർഡിൽപ്പെട്ട ചാലിയോരം, അന്ധകാരപാറ, ഉല്ലാസ്നഗർ, ഒരപ്പുങ്കൽ, 11-ാം വാർഡിലെ ഈരൂട്, അനിക്കോട്, കോക്കോടുമല, കരിമ്പാലക്കുന്ന്, ചോലകുന്ന്, തൊണ്ടൻമല, ചെമ്പുകടവ് ആദിവാസികോളനി, കോഴിക്കോടൻ ചാൽ, തോക്കുംതോടും, പള്ളിമല, പുണ്ടക്കോളനി, അമ്മായിക്കാട്, IHDP കോളനി, തെയ്യപ്പാറ കുരിശുങ്കൽ ഭാഗത്ത് പത്തു വീട്ടുകാർക്കും തേവർമലഭാഗത്ത് 15- ഓളം വീട്ടുകാർക്കും 12-ാം വാർഡിൽ ആനിക്കോട്, മാതാംകുന്ന് കോളനി, 13-ാം വാർഡിലെ വദ്യുതി എത്താത്ത മേഖലകൾ, എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കാനുള്ള നടപടികൾ എത്രയും വേഗം ആരംഭിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. കൂടാതെ പുന്നംകുറ്റിമല, പാച്ചിക്കൽപടി, നെല്ലിപ്പൊയിൽ ലൈനിൽ വൈദ്യുതി എത്തിക്കുക.
- കോടഞ്ചേരി പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റില്ലാത്ത മുഴുവൻ അങ്ങാടികളിലും ആയത് സ്ഥാപിച്ച് കിട്ടുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

- നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശക്തി വർദ്ധിപ്പിക്കുകയും വലിയകൊല്ലി, മാമ്പറ്റപ്പാറ, കളപ്പുറം, ചൂരമുണ്ട, വെളുമുണ്ട എന്നിവിടങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യുക.
- വലിയകൊല്ലി, പൊട്ടൻകാട്, കോട്ടക്കുടുക്ക് എന്നിവിടങ്ങളിലുള്ളവർക്കും വൈദ്യുതി ച്ചാർജ് വലിയകൊല്ലിയിൽ അടക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
- തൊടുമുഴിയിൽ 20 ഹെക്ടർ സ്ഥലം നനയ്ക്കുവാൻ വേണ്ടി നിർമിച്ചിട്ടുള്ള പമ്പ്ഹൗസിന് കണക്ഷൻ നൽകുക.
- കോടഞ്ചേരി പഞ്ചായത്തിലെ കാർഷികോപഭോക്താക്കൾക്ക് റേഷൻ മണ്ണെണ്ണയുടെ അളവുയർത്തുക.
- അനർട്ടിന്റെ സോളാർ അടുപ്പുകൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ലഭ്യമാക്കാനുള്ള സംവിധാനം ചെയ്യുക. സർക്കാർ ഉടമയിലുള്ള പാചകവാതകവിതരണം വ്യാപകമാവുകയും കണക്ഷൻ ചാർജ് കുറക്കുകയും ചെയ്യുക.
- പുതുപ്പാടി ട്രാൻസ്ഫോർമറിൽനിന്നും കളപ്പുറം കുരിശിലേക്ക് വൈദ്യുതിലൈൻ ദീർഘിപ്പിക്കണം.
- പഴക്കം ചെന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയും സിംഗിൾ ഫേസ് ലൈനുകൾ ത്രീഫേസ് ആക്കുകയും ചെയ്യുക.
- കോടഞ്ചേരിയിൽ വൈദ്യുതബോർഡിന്റെ ഒരു സെക്ഷൻ ഓഫീസ് അനുവദിക്കുക.
- കിളിക്കല്ല്, കണ്ടപ്പൻചാൽ, പതങ്കയം എന്നിവിടങ്ങളിൽ മിനി ഹൈഡ്രൽ പ്രോജക്ട് സ്ഥാപിക്കുക.

മാർക്കറ്റ്

ഒരു കാർഷിക മേഖലയായ കോടഞ്ചേരിയെ സംബന്ധിച്ചിടത്തോളം വിപണനം മുഖ്യമാണ്. ഈ പ്രദേശത്തെ ജനങ്ങൾ ഇന്നും തങ്ങളുടെ ഉൽപ്പന്നങ്ങളായ റബ്ബർ, കുരുമുളക്, ചുക്ക്, അടക്ക, തേങ്ങ എന്നിവ വിറ്റഴിക്കുന്നതിന് മുഖ്യമായും ആശ്രയിക്കുന്നത് കോഴിക്കോട് മാർക്കറ്റിനെയാണ്. എന്നാൽ ചെറുകിട, നാമമാത്ര കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പ്രാദേശികമായ പൊതു വിപണന സൗകര്യങ്ങൾ അനിവാര്യമാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സർക്കാർ തലത്തിൽ പൊതുമാർക്കറ്റുകൾ ആവശ്യമാണ്. കൂടാതെ ഇപ്പോൾ ജില്ലാ ആസ്ഥാനങ്ങളിൽ സംഘടിപ്പിക്കുന്ന മാതിരി വിപണനമേളകൾ വർഷത്തിലൊരിക്കൽ പഞ്ചായത്തു തലത്തിലും ഉണ്ടാവേണ്ടതാണ്. കൃഷിക്കാരിൽ നിന്നും കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിന് വാർഡുതലത്തിൽ സഹകരണാടിസ്ഥാനത്തിൽ കച്ചവട സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ


1. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സഹകരണാടിസ്ഥാനത്തിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കണം.

2. പരമ്പരാഗത ഗൃഹോപകരണങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവയുടെ വിപണനത്തിന് പഞ്ചായത്തുതലത്തിൽ ആഴ്ച്ചന്തകൾ ആരംങ്ങിക്കണം. തന്മൂലം പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നതോടൊപ്പം ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രഥമായിരിക്കും.

3. ഇപ്പോൾ ജില്ലാതലത്തിൽ മാത്രം നടത്തിവരുന്ന വിപണന മേളകൾ പഞ്ചായത്തുതലത്തിൽ നടത്തണം. തന്മൂലം ഈ സംരംഭം നാടിന്റെ ഒരുൽസവമായി മാറ്റാൻ കഴിയുന്നതോടൊപ്പം സാഹോദര്യം ഊട്ടി ഉറപ്പിക്കാനും കഴിയും.

4. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പൊതുമാർക്കറ്റ് ആരംഭിക്കണം.

കാർഷിക മേഖലയുടെ സമഗ്രവികസനത്തിന്റെ അടിസ്ഥാനഘടകമായ വിപണനസൗകര്യം ഉറപ്പുവരുത്തേണ്ടുന്നതിനുപോൽബലകമായ കാര്യങ്ങൾ അടിയന്തിരമായി നടപ്പിലാക്കി നമ്മുടെ കാർഷിക കാർഷികേതര മേഖലകളെ സംപുഷ്ടമാക്കുന്നതിനും ഒരു വിപണന സംസ്കാരം വളർത്തിയെടുക്കാനുമാകട്ടെ നമ്മുടെ പ്രവർത്തനങ്ങൾ.



ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം

1949-ൽ കുടിയേറ്റ കാലത്ത് മുളം കൂട്ടങ്ങൾക്ക് മുകളിൽ മാടങ്ങൾ വെച്ചു കെട്ടി താമസം തുടങ്ങിയ കുടിയേറ്റ ജനത കുടിയേറ്റത്തിന്റെ 50 വർഷം പിന്നിട്ടപ്പോഴേക്കും എല്ലാവിധ ആധുനിക സജ്ജീകരണങ്ങളും സൗകര്യങ്ങളും ഉള്ള ഭവനങ്ങളുടെ ഉടമകളായി കഴിഞ്ഞു. ഒരു വിഭാഗം ജനങ്ങൾ രമ്യഹർമ്യങ്ങളിൽ താമസിക്കുമ്പോൾ താമസയോഗ്യമായ ഭവനങ്ങളില്ലാത്ത നിരവധി കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. താമസയോഗ്യമായ മുഴുവൻ കുടുംബങ്ങൾക്കും പഞ്ചായത്തും വിവിധഭവനിർമാണ ഏജൻസികളും സേവനസന്നദ്ധരായ വിവിധ സാമൂഹ്യസാംസ്കാരിക സംഘടനകളുടേയും സഹായത്തോടുകൂടി താമസയോഗ്യമായ അടിസ്ഥാനസൗകര്യങ്ങളുള്ള വീടുകൾ നിർമിച്ച് നൽകുക എന്നതാണ് പഞ്ചായത്തിന്റെ ലക്ഷ്യം.

പഞ്ചായത്തിലെ ഭവനനിർമാണ പ്രശ്നങ്ങളെ ഏഴായി തരംതിരിക്കാം.

1. പട്ടികജാതി കോളനികളിലെ ഭവനനിർമ്മാണവും നിലവിലുള്ള വീടുകളുടെ പരിഷ്കരണവും.
2. പട്ടികവർഗ്ഗകോളനികളിൽ പുതിയ വീടുകളുടെ നിർമാണവും നിലവിലുള്ള വീടുകളുടെ അറ്റകുറ്റപണികളും.
3. ലക്ഷംവീട് കോളനികളിലെ വീടുകളുടെ പുനർനിർമാണം.
4. കോളനികളിലല്ലാത്ത പട്ടികജാതി-വർഗ കുടുംബങ്ങൾക്കും ഭവനനിർമാണം
5. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കായുള്ള ഭവനനിർമാണം.
6. മറ്റ് ദുർബലവിഭാഗങ്ങൾക്കുള്ള ഭവനനിർമാണം
7. വീടും സ്ഥലവുമില്ലാത്തവരുടെ പുനരധിവാസം.

പ്രശ്നങ്ങൾ

1. പട്ടികജാതി-പട്ടികവർഗ കോളനികളും അധികവും ഉയർന്ന പ്രദേശങ്ങളിലാണ്. റോഡു സൗകര്യവും വളരെ കുറവ്. ആയതിനാൽ ഭവനനിർമാണസാധനസാമഗ്രികൾ സ്ഥലത്തെത്തിക്കാൻ വളരെ ബുദ്ധിമുട്ടും ചെലവേറിയതുമാണ്. കൂടാതെ കെട്ടിടനിർമാണസാമഗ്രികളുടെ അനിയന്ത്രിതമായ വിലക്കയറ്റം വർദ്ധിച്ച കൂലിനിരക്കുകളും എന്നിവ മൂലം വിവിധസർക്കാർ ഏജൻസികളിൽനിന്ന് ലഭിക്കുന്ന സാമ്പത്തികസഹായംകൊണ്ട് ഭവനനിർമാണം പൂർത്തീകരിക്കാൻ കഴിയുന്നില്ല.

2. പട്ടിക 2ൽ പറയുന്ന ലക്ഷംവീട് കോളനികൾ 1972-73ൽ മൺകട്ടയുപയോഗിച്ച് പണിതതാണ്. ഇരട്ടവീടുകളായ ഇവ കാലപ്പഴക്കത്താൽ പലതും ജീർണിച്ച് വീണുതുടങ്ങിയിരിക്കുന്നു. പഞ്ചായത്തിലെ രണ്ടുകോളനികളിലായി 32 കുടുംബങ്ങൾ അപകടകരമായ നിലയിലുള്ള ഈ വീടുകളിൽ താമസിക്കുന്നു. ഈ വീടുകൾ അടിയന്തരമായും പൊളിച്ച് അടിസ്ഥാനസൗകര്യങ്ങളുള്ള ഒറ്റ വീടുകളായി നിർമിക്കണം.

3. പട്ടിക മൂന്നിൽ പറയുന്ന മൂന്ന് കോളനികളിലായി 63 കുടുംബങ്ങൾ പാർക്കുന്നു. ബ്ലോക്കിന്റെ സഹായത്തോടെയും സ്വന്തമായും മൺകട്ടകൾ ഉപയോഗിച്ച് നിർമിച്ച ഈ വീടുകളിൽ അധികവും ജീർണിച്ച് നിലംപൊത്താറായിരിക്കുന്നു. ആയതിനാൽ അടിയന്തരമായും പ്രസ്തുത കോളനികളിലെ വീടുകൾ പുനർനിർമാണം നടത്തണം.

4. പട്ടിക നാലിൽ പറയുന്ന പട്ടികജാതി

കോളനികളിൽ വിവിധ സർക്കാർ ഏജൻസികൾ നിർമ്മിച്ചു നല്കിയ പല വീടുകളും കാലപഴക്കത്താൽ ജീർണ്ണിച്ചവയാണ്. പ്രസ്തുതവീടുകൾ പുതുക്കിപ്പണിതു നൽകേണ്ടതാണ്. കൂടാതെ കോളനികളിൽ പുതുതായി ഉണ്ടായിരിക്കുന്ന കുടുംബങ്ങൾക്ക് താമസയോഗ്യമായ ഭവനങ്ങൾ നിർമിച്ച് നൽകണം.

5. പട്ടിക അഞ്ചിൽ പറയുന്ന പട്ടികവർഗകോളനികളിലെ പകുതിയിലധികം വീടുകളും കാലപ്പഴക്കത്താൽ ജീർണിച്ച് താമസയോഗ്യമല്ലാതായി തീർന്നിരിക്കുന്നവയാണ്. ഈ വീടുകൾ പുതുക്കിപ്പണിയുകയും മറ്റു വീടുകൾക്ക് കാലാകാലങ്ങളിൽ റിപ്പയറിങിന് തുക അനുവദിക്കുകയും വേണം.

6. പട്ടിക ആറിൽ പറയുന്ന നിർദ്ധനരായ കുടുംബങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ വീടുകൾ നിർമിച്ചുനൽകണം.

7. പട്ടിക 7ൽ പറയുന്ന ദാരിദ്ര്യരേഖക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും പലിശരഹിതഭവനനിർമാണവായ്പ അനുവദിക്കണം.

8. പട്ടിക 8-ൽ പറയുന്ന മുഴുവൻ കുടുംബങ്ങൾക്കും നാമമാത്രപലിശയിൽ ഭവനനിർമാണവായ്പകൾ അനുവദിക്കണം.

9. പട്ടിക 9-ൽ പറയുന്ന സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത കുടുംബങ്ങൾക്ക് വീടും സ്ഥലവും നൽകണം.

10. പട്ടിക 10-ൽ പറയുന്ന കുടുംബങ്ങൾക്കായി താഴ്ന്ന പലിശനിരക്കിൽ താമസയോഗ്യമായ ഭവനങ്ങൾ നിർമിക്കുന്നതിന് വായ്പ ലഭ്യമാകുന്നതിന് നടപടികൾ പഞ്ചായത്ത് മുഖേന നടപ്പാക്കണം.

പരിഹാരമാർഗങ്ങൾ

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ 498 പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾക്ക് പുതുതായും നിലവിലുള്ള വീടുകളിൽ 120 എണ്ണത്തോളം പുനർനിർമിക്കാനും 120-ഓളം വീടുകൾ അടിയന്തരമായും പരിഷ്കരണപ്രവൃത്തി അനിവാര്യമായും നടക്കേണ്ടവയാണെന്ന് കാണുന്നു.

9-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്ക് പ്രതിവർഷം 125 വീടുവീതം പുതുതായി നിർമിച്ച് നൽകുകയും പ്രതിവർഷം 30 വീടുകൾ വീതം പരിഷ്കരണം നടത്തുകയും വേണം.

ലക്ഷംവീടുകളും ലക്ഷംവീടിന്റെ നിർമാണത്തിനായെടുത്ത സ്ഥലത്തെ നാലുസെന്റ് കോളനികളിലേയും വീടുകൾ ലക്ഷംവീടുകാർക്ക് മുൻഗണനാക്രമം നൽകി പൊളിച്ചുപുതുക്കി ഒറ്റവീടുകളായി പണിയണം.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പഞ്ചായത്തിലെ 994 കുടുംബങ്ങൾക്കും സൗജന്യമായി ഭവനനിർമാണം നടത്തിക്കൊടുക്കണം. പദ്ധതിവർഷത്തിൽ 200 വീതം പദ്ധതിക്കാലത്ത് 1000 വീടുകളും നിർമിച്ച് നൽകാൻ കഴിയും. ഇതിന് സാമൂഹ്യസാംസ്കാരികസംഘടനകളുടെ സേവനവും സഹായവും ലഭ്യമാക്കേണ്ടതാണ്.

മറ്റു ദുർബലവിഭാഗങ്ങൾക്കായി പലിശരഹിതഭവനനിർമാണലോണുകൾ പഞ്ചായത്ത്സഹകരണത്തോടെ നൽകുക.

മുൻകാലങ്ങളിൽ സർക്കാർ സഹായത്തോടെയും അല്ലാതെയും നിർമിച്ചതും കുടുംബത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് അപര്യാപ്തവുമായി തീർന്നിരിക്കുന്ന ഭവനങ്ങളോട് കൂട്ടിച്ചേർത്ത ആവശ്യമായ മുറികൾ പണിയുന്നതിന് നാമമാത്രപലിശയ്ക്ക് ഭവനപുനരുദ്ധാരണലോണുകൾ അനുവദിക്കുക.

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ കർഷകത്തൊഴിലാളികളുടേയും നാമമാത്ര കർഷകരുടേയും ഇടയിൽ സ്വന്തമായി വീടുവച്ച് താമസിക്കുന്നതിന് സ്ഥലമോ സ്വന്തമായി പാർപ്പിടമോ ഇല്ലാത്ത 253 കുടുംബങ്ങൾ ഉള്ളതായി സർവേയിൽ കണ്ടെത്തിയിരിക്കുന്നു.

പദ്ധതിക്കാലത്ത് ഓരോ വർഷവും 5 ഏക്രസ്ഥലം വീതമെടുത്ത് സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് വീടും സ്ഥലവും നൽകണം. കൂടാതെ മിച്ചഭൂമിയായി സർക്കാർ പിടിച്ചെടുത്തതും ഇനിയും പതിച്ചുകൊടുത്തിട്ടില്ലാത്തതുമായ ഈ പഞ്ചായത്തിലെ ഭൂമി ഭൂരഹിതകർഷകത്തൊഴിലാളികൾക്കായി അടിയന്തരമായി നൽകേണ്ടതാണ്.

കെട്ടിടനിർമാണസാധനസാമഗ്രികളുടെ അമിതമായ വിലവർദ്ധനവിൽനിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിന് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വാർഡുതോറും സഹകരണസ്റ്റോറുകൾ തുടങ്ങേണ്ടതാണ്.

കെട്ടിടനിർമാണത്തിന് സഹായസഹകരണങ്ങൾ കാലാമസം കൂടാതെ ലഭിക്കുന്നതിന് കേരളാസ്റ്റേറ്റ് ഹൗസിങ് ബോർഡ് ഓഫീസ് കോടഞ്ചേരിയിൽ തുടങ്ങുക. ചെലവുകുറഞ്ഞ ഭവനനിർമാണം പ്രോത്സാഹിപ്പിക്കുക.

ഭവനനിർമാണരംഗത്ത് ചെലവുകുറഞ്ഞ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിന് പഞ്ചായത്തുതലത്തിൽ ശില്പശാലകൾ നടത്തുക.

സാങ്കേതികവൈദഗ്ധ്യമുള്ള തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിന് പരിശീലകൃാമ്പുകൾ നടത്തുക.

നിർമിതി കേന്ദ്രത്തിന്റെ ഒരു ശാഖ കോടഞ്ചേരിയിൽ ആരംഭിക്കണം.

കോടഞ്ചേരിയിൽ ഒരു ഭവനനിർമാണസഹകരണസംഘം ആരംഭിക്കണം.

ഹൗസിങ്ബോർഡിന്റെയും സൊസൈറ്റികളുടെയും അമിതപലിശ, സങ്കീർണമായ ജാമ്യവ്യവസ്ഥകൾ എന്നിവയിൽ അടിയന്തരമായും മാറ്റങ്ങൾ വരുത്തണം.

ഭവന നിർമ്മാണം , സാമൂഹ്യക്ഷേമം
പട്ടിക 1

വാർഡ് നമ്പർ	ആകെ വീടുകൾ	ആർ.സി.സി ഓട്, ഫീറ്റ് വീടുകൾ താഴെ	SC/ST വിഭാഗങ്ങൾ	കുടിൽ ദാരിദ്ര്യ രേഖയ്ക്ക്	മറ്റുദുർബല	ആകെ
1	716	591	21	76	28	125
2	513	425	21	48	19	88
3	502	398	27	50	27	104
4	494	340	21	90	43	154
5	428	219	41	105	63	209
6	502	227	84	93	98	275
7	228	263	87	90	88	265
8	544	384	54	67	39	160
9	496	411	19	44	22	85
10	436	373	17	42	18	77
11	789	577	48	126	38	212
12	708	556	39	84	29	152
13	585	464	19	29	23	121
ആകെ	7241	5234	498	994	535	1927

പട്ടിക 2

കോളനിയുടെ പേര്	കുടുംബാങ്ങളുടെ എണ്ണം
1. കണ്ണോത്ത് ലക്ഷം വീട് കോളനി 10 ഇരട്ട വീടുകൾ	20
2. വേളങ്കോട് ലക്ഷം വീട് കോളനി 6 ഇരട്ട വീടുകൾ	12
ആകെ 16	32

പട്ടിക 3

കോളനിയുടെ പേര്	കുടുംബാങ്ങളുടെ എണ്ണം
1. പുലിക്കയം ഇക്കരക്കോളനി	23
2. പുലിക്കയം അക്കരകോളനി	20
3. നിരന്നപാറ കോളനി	20

പട്ടിക 4

കോളനിയുടെ പേര്	വീടുകളുടെ എണ്ണം	ജനസംഖ്യ
1. അമ്പലക്കണ്ടി കോളനി	12	56
2. അമ്മായിക്കാട് കോളനി	10	39
3. മീമുട്ടിക്കുന്ന്	18	82
4 പേഴം കണ്ടി കോളനി	11	48
5. പുലിക്കയം ഇക്കര	10	47
6 പുലിക്കയം അക്കര	11	82
7 നിരന്നപാറ	11	55

പട്ടിക 5

	കോളനിയുടെ പേര്	വീടുകളുടെ എണ്ണം
1	ചെമ്പിരി	5
2	ചിപ്പിലതോട്	5
3	പുവുണ്ട	10
4	പാത്തിപ്പാറ	23
5	ചെമ്പുകടവ്	13
6	മേക്കോഞ്ഞി	10
7	വെണ്ടേക്കും പായിൽ	3
8	കോഴിക്കോടൻ ചാൽ	2
9	തേക്കും തോട്ടം	4
10	വട്ടച്ചിറ	47
11	നൂറാം തോട്	2
12	കോലിക്കുന്ന്	11
13	പുവത്തിൻ ചോട്	12
14	കരിമ്പിന	3

അവലംബം ജില്ലാ ഓഫീസ് രേഖകൾ

പട്ടിക 6

വാർഡ്	കുടുംബങ്ങളുടെ എണ്ണം
1	21
2	21
3	27
4	21
5	41
6	84
7	87
8	54

വാർഡ്	കുടുംബങ്ങളുടെ എണ്ണം
9	19
10	17
11	48
12	39
13	19
ആകെ	498

പട്ടിക 7

വാർഡ്	കുടുംബങ്ങളുടെ എണ്ണം
1	76
2	48
3	50
4	90
5	105
6	93
7	90
8	67

വാർഡ്	കുടുംബങ്ങളുടെ എണ്ണം
9	44
10	42
11	126
12	84
13	79
ആകെ	994

പട്ടിക 8

വാർഡ്	കുടുംബങ്ങളുടെ എണ്ണം
1	28
2	19
3	27
4	43
5	63
6	98
7	88
8	39

വാർഡ്	കുടുംബങ്ങളുടെ എണ്ണം
9	22
10	18
11	38
12	29
13	23
ആകെ	535

പട്ടിക 9

സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം 253

പട്ടിക 10

വാർഡ്	കുടുംബങ്ങളുടെ എണ്ണം
1	17
2	13
3	16
4	39
5	61
6	79
7	84
8	33

വാർഡ്	കുടുംബങ്ങളുടെ എണ്ണം
9	26
10	14
11	69
12	54
13	23
ആകെ	528



സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമ മേഖലിയൽ ദാര്യദ്ര്യരേഖക്ക് താഴെയുള്ളവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള ദാരിദ്ര്യനിർമ്മാജ്ജന പ്രവർത്തനങ്ങളും സംഘടിതരും അസംഘടിതരുമായ തൊഴിലാളികൾക്കും പട്ടികജാതി പട്ടികവർഗ്ഗക്കുമുള്ള ക്ഷേമ പദ്ധതികളാണ് നിലവിലുള്ളത്.

ഈ ക്ഷേമപദ്ധതികളുടെ ഗുണഫലങ്ങൾപൂർണ്ണമായും അർഹതപെട്ട ദരിദ്രജനതക്ക് കൃത്യസമയത്ത് കിട്ടാറില്ല. തന്മൂലം ദാരിദ്രനിർമ്മാജ്ജന പദ്ധതികൾ കൊണ്ടുള്ള ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കാറുമില്ല.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത, പദ്ധതികളെപ്പറ്റി ഗുണഭോക്താക്കൾക്കുള്ള അറിവില്ലായ്മ, പദ്ധതികൾ നടപ്പാക്കുമ്പോഴുള്ള നൂലാമാലകൾ, ഉദ്യോഗസ്ഥതലങ്ങളിലെ ബോധവൽകരണക്കുറവ്, എന്നിവ ഇതിന് കാരണമായി കാണുന്നു.

ഒരു കുടിയേറ്റമേഖലയായ ഈ പഞ്ചായത്തിൽ 2955 കുടുംബങ്ങൾ ഇപ്പോഴും ദാരിദ്രരേഖക്ക് താഴെയാണെന്ന് കാണുന്നു. ഇതിൽ 242 കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ട കുടുംബങ്ങളാണ്.

ചെറുകിട കർഷകരും കർഷകതൊഴിലാളികളും തിങ്ങിപാർക്കുന്ന ഈ പഞ്ചായത്തിൽ 648 കർഷകതൊഴിലാളികൾക്ക് മാത്രമേ പെൻഷനുകൾ ലഭ്യമാകുന്നുള്ളു. ഇതുപോലെതന്നെ വിധവാ പെൻഷൻ വികാലംഗ പെൻഷൻ, കാൻസർ പെൻഷൻ, കുഷ്ഠരോഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ അർഹതപ്പെട്ടവർക്ക് മുഴുവൻ ലഭിക്കുന്നില്ല. നിലവിൽ പെൻഷൻ ലഭിക്കുന്ന വിവരം പട്ടിക (1) കാണുക.

ക്രമനമ്പർ	പെൻഷന്റെ പേര്	പുരുഷൻ	സ്ത്രീ	ആകെ
1.	കർഷകതൊഴിലാളി പെൻഷൻ	286	362	648
2.	വിധവാ പെൻഷൻ	-	83	83
3.	വികാലംഗ പെൻഷൻ	52	26	78
4.	കാൻസർ പെൻഷൻ	03	-	03
5.	കുഷ്ഠരോഗ പെൻഷൻ	02	-	02
6.	വാർദ്ധക്യകാല പെൻഷൻ	23	18	41
	ആകെ	366	489	855

കർഷകത്തൊഴിലാളികളായി 2743 തൊഴിലാളികൾ മാത്രമെ രജിസ്റ്റർ ചെയ്തിട്ടുള്ളു. കെട്ടിട നിർമ്മാണ തൊഴിലാളികളായി 76 പേരും കയറ്റിറക്ക് തൊഴിലാളികളായി 386 പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കർഷകത്തൊഴിലാളികളും നിർമ്മാണത്തൊഴിലാളികളും ധാരാളം പേർ ഇനിയും രജിസ്റ്റർ ചെയ്യുവാനുണ്ട്.

കോഴിക്കോട് ജില്ലയിൽ ഏറ്റവും അധികം പട്ടികവർഗ്ഗ കുടുംബങ്ങൾ അധിവസിക്കുന്ന കോഞ്ചേരി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗകാരുടെ ക്ഷേമകാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ട ഓഫീസ്കാർ, ഉദ്യോഗസ്ഥർ തുടങ്ങിയ കോഴിക്കോട് താമരശ്ശേരി എന്നിവടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. ഇതിനാൽ പട്ടികജാതിയിൽപെട്ടവർക്കോ എളുപ്പത്തിൽ ഓഫീസുകളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുമായി എളുപ്പത്തിൽ ബന്ധപ്പെടുന്നതിന് കഴിയാറില്ല. തന്മൂലം പ്രത്യേകിച്ച് രോഗങ്ങൾ, മരണം മറ്റു സഹായങ്ങൾ എന്നിവയ്ക്ക് ദ്യതഗതിയിലുള്ള നിവരണമാർഗ്ഗങ്ങൾ ലഭ്യമാകുന്നില്ല.

ദാരിദ്ര രേഖക്ക് താഴെയുള്ളവരെ സംബന്ധിക്കുന്ന വിവരം

പട്ടിക 2 കാണുക

IRDP സർവ്വേപ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങലെ സംബന്ധിക്കുന് പട്ടിക ചുവടെ ചേർക്കുന്നു.

പരിഹാരമാർഗ്ഗങ്ങൾ

ദാരിദ്രരേഖക്ക് താഴെയുള്ള 2955 കുടുംബങ്ങ

ളെയും ദാരിദ്രരേഖക്ക് മുകളിൽ കൊണ്ടുവരുന്നതിന് പ്രസ്തുത കുടുംബങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കണം ഉദ: തേനീച്ച വളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ, പശുവളർത്തൽ ടൈലറിംഗ് യൂണിറ്റ്, ഫർണാച്ചർ നിർമ്മാണം തുടങ്ങിയവ

ഏറ്റവും താഴെത്തട്ടിൽ ജീവിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ ക്ഷേമകാര്യങ്ങൾക്കായി സ്ഥാപിച്ചിരിക്കുന്ന ട്രൈബൽ ഡെവലപ്പമെന്റ് ഓഫീസ്, ട്രൈബൽ എക്സറ്റൻഷൻ ഓഫീസ് എന്നിവ കോടഞ്ചേരി പഞ്ചായത്തിലെ വട്ടച്ചിറ പട്ടികവർഗ്ഗകോളനിയിലൊ മറ്റേതെങ്കിലും പട്ടികവർഗ്ഗകോളനിയിലൊ മാറ്റി സ്ഥാപിക്കുക.

ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം തൊഴിൽ പരിശീലന പദ്ധതി.

ഈ പഞ്ചായത്തിൽ പരിശീലനം ലഭിച്ചവരെ സംബന്ധിച്ച വിവരം പട്ടിക 3 ൽ ചേർക്കുന്നു.

DWCRA പദ്ധതി

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി ചേർന്നു പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണ് DWCRA പദ്ധതി.

കോടഞ്ചേരി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന DWCRA തൊഴിൽ സംരംഭങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 4ൽ ചുവടെ ചേർക്കുന്നു.

CSS for SF / MF പരിപാടി അനുസരിച്ച് കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഉണ്ടാക്കിയ ആസ്തികളുടെ വിവരം പട്ടിക 5ൽ കൊടുക്കുന്നു.

ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതി (RAP) കോടഞ്ചേരി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച വിവരങ്ങൾക്ക് പട്ടിക 6 കാണുക.

കോടഞ്ചേരി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന അംഗനവാടികളെ സംബന്ധിച്ച വിവരങ്ങൾക്ക് പട്ടിക 7 കാണുക

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരഭങ്ങളുടെ വിവരം പട്ടിക 4 ൽ കൊടുത്തിരിക്കുന്നു.

CSS for SF / MF പരിപാടി അനുസരിച്ച് ഉണ്ടാക്കിയ ആസ്തികളുടെ വിവരം പട്ടിക 5 ൽ കൊടുത്തിരിക്കുന്നു.

ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP) – പട്ടിക 6

പ്രശ്നങ്ങൾ പരിഹാരമാർഗ്ഗങ്ങൾ

ഈ പഞ്ചായത്തിലെ 5 അംഗനവാടികൾക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. അംഗനവാടികൾക്ക് സ്ഥലം എടുത്ത് കെട്ടിടം നിർമ്മിച്ചു നൽകണം.

കോടഞ്ചേരി പഞ്ചായത്തിൽ അർഹതപ്പെട്ട 543 കർഷകത്തൊഴിലാളികൾക്ക് കൂടി പെൻഷൻ ലഭിക്കാനുണ്ട് ആയത് ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കണം. വികാലംഗപെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയ അർഹതപ്പെട്ട മുഴുവൻ പേർക്കും ലഭ്യമാക്കണം.

ചെറുകിട വ്യവസായസംരഭങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവ വഴി ദാരിദ്രരേഖക്ക് താഴെയുള്ള 2995 കുടുംബങ്ങളുടെയും കുടുംബനിലവാരം ഉയർത്തണം.

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ 14 പട്ടികവർഗ്ഗ കോളനികളുണ്ട്. ഈ കോളനികളിലായ് 775 ഗിരിജനങ്ങൾ പാർക്കുന്നുണ്ട്. ഇവരുടെ സാമൂഹ്യസാംസ്കാരിക സ്ഥിതി ഉയർത്തിയാൽ മാത്രമേ സാമ്പത്തിക പുരോഗതിയും ഉണ്ടാക്കാൻ കഴിയുകയുള്ളു. ഇതിന് ഈ പഞ്ചായത്തിലെ സേവനസന്നദ്ധരായ സാംസ്കാരിക സംഘടനകളോ, മതസംഘടകളോ ഈ കോളനികൾ ദത്തെടുത്ത് അർപ്പണബോധത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമെ സാമൂഹത്തിന്റെ ചൂഷണങ്ങളിൽനിന്ന് മുക്തിനേടി അവരുടെ ജീവിത സാഹചര്യങ്ങൾ ക്രമപ്പെടുത്തി ജീവിത നിലവാരം ഉയർത്താൻ കഴിയുകയുള്ളു.

സാമൂഹ്യക്ഷേമം

പട്ടിക 1

പെൻഷന്റെ പേര്	പുരുഷൻ	സ്ത്രീ	ആകെ
1 കർഷകത്തൊഴിലാളി പെൻഷൻ	286	362	648
2 വിധവാ പെൻഷൻ	–	83	83
3 വികലാംഗ പെൻഷൻ	52	36	78
4 കാൻസർ പെൻഷൻ	03	–	3
5 കുഷ്ഠരോഗ പെൻഷൻ	02	–	2
6 വാർദ്ധക്യകാല പെൻഷൻ	23	18	41
ആകെ	366	489	855

പട്ടിക 2പട്ടിക 1

വാർഡ്	സർവ്വെപ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ
1	237	15	52	11	45	192
2	191	19	70	30	60	131
3	268	13	50	8	40	228
4	208	16	47	12	39	169
5	213	12	45	14	36	177
6	301	39	20	19	3	298
7	320	33	18	19	3	317
8	351	9	23	7	4	347
9	153	16	17	10	3	150
10	140	15	19	13	3	137
11	395	38	24	21	4	391
12	267	15	17	12	4	263
13	157	2	13	1	2	155
ആകെ	3201	242	415	177	246	2995

ട്രൈസം തൊഴിൽ നേടിയവരുടെ വിവരം

പട്ടിക 3

വാർഡ്	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ	സ്വയം തൊഴിൽ എണ്ണം	ഇതര തൊഴിലുകളിൽ കണ്ടെത്തിയവരുടെ എണ്ണം	അവശേഷിക്കുന്നവർ ഏർപ്പെടിരിക്കുന്നവർ
1	വെൽഡിംഗ്	3	3	NIL	NIL
2	കമ്പോസിംഗ് & പ്രിന്റിഗ്	2	2	NIL	NIL
3	ടൈലറിങ്ങ്	1	1	NIL	NIL
4	പ്ലെനർ വർക്സ്	2	2	NIL	NIL
5	NIL	NIL	NIL	NIL	NIL
6	NIL	NIL	NIL	NIL	NIL
6	NIL	NIL	NIL	NIL	NIL
7	NIL	NIL	NIL	NIL	NIL
8	NIL	NIL	NIL	NIL	NIL
9	NIL	NIL	NIL	NIL	NIL
10	NIL	NIL	NIL	NIL	NIL
11	NIL	NIL	NIL	NIL	NIL
12	ലെതർ വർക്സ്	11	10	1	NIL
13	NIL	NIL	NIL	NIL	NIL
	Total	19	18	1	NIL

പട്ടിക 4

വാർഡ്	തൊഴിൽ സംരഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമത സംബന്ധിക്കുന്ന കുറിപ്പ്
1	കറിപൗഡർ യൂണിറ്റ്	91-92	5	തൃപ്തികരം
2	NIL	NIL	NIL	NIL
3	NIL	NIL	NIL	NIL
4	NIL	NIL	NIL	NIL
5	NIL	NIL	NIL	NIL
6	NIL	NIL	NIL	NIL
7	NIL	NIL	NIL	NIL
8	NIL	NIL	NIL	NIL
9	NIL	NIL	NIL	NIL
10	NIL	NIL	NIL	NIL
11	NIL	NIL	NIL	NIL
12	ലെതർ വർക്സ്	92-93	10	നല്ലനിലയിൽ പ്രവർത്തിക്കുന്നു
13	NIL	NIL	NIL	NIL
	TOTAL		15	

വാർഡ് ആസ്തികളുടെ വിവരം

പട്ടിക 5

നമ്പർ	പരിപാടി നടപ്പിലാക്കിയ കാലയളവിൽ പൂർത്തിയാക്കിയ ആസ്തികൾ													
		1	2	3	4	5	6	7	8	9	10	11	12	13	ആകെ
1	കിണറുകൾ	–	–	–	–	–		1	4	3	3	2	1	1	15
2	കുളങ്ങൾ	–	–	–	–	–		1	1	1	1	3	–	–	7
3	വാട്ടർ ടാങ്കുകൾ	–	–	–	–	–		–	2	2	1	3	1	1	10
4	പമ്പ്ഹൗസുകൾ	–	–	–	–	–	1	–	1	2	1	1	1	1	8
5	പമ്പ്സെറ്റുകൾ	14	13	12	8	–	3	3	26	11	11	15	8	9	133
6	ജലസേചനം നടത്തിയ ഭൂമിയുടെ അളവ്	35	39	30	25	–	8	7	47	22	24	28	11	12.6	286.6

പട്ടിക 6

വാർഡ്	ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ഗ്രാമീണഎണ്ണം കൈതൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ അർഹതയുള്ളവരുടെ എണ്ണം	ഇനി സഹായത്തിന് എണ്ണം	കുറിപ്പ്
1	2	NIL	2	-
2	NIL	NIL	NIL	-
3	NIL	NIL	NIL	-
4	2	NIL	2	-
5	NIL	NIL	NIL	-
6	6	5	1	നല്ലനിലയിൽപ്രവർത്തിക്കുന്നു
7	4	4	NIL	do
8	7	6	1	do
9	12	6	6	do
10	8	4	4	do
11	5	1	4	do
12	9	5	4	do
13	7	1	6	do
ആകെ	62	32	30	

പട്ടിക 7

അംഗനവാടിയുടെ പേര്	കുട്ടികളുടെ എണ്ണം	കെട്ടിടം സംബന്ധിച്ച വിവരം			സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലത്തവ
		സ്വന്തം	വാടക	തലകാലിക ഷെഡ്	
കരിമ്പാലകുന്ന്	34	✔	–	–	–
ഈരൂട്	31		–	✔	✔
കാഞ്ഞിരാട്	41	✔	–	–	–
വേളങ്ങോട് എസ്റ്റേറ്റ് പടി	27	✔	–	–	–
നിരന്ന പാറ	21		–	✔	✔
തെയ്യപ്പാറ	29	✔	–	–	–
പുലിക്കയം	23		–	–	✔
വലിയ കൊല്ലി	26	✔	–	–	–
തോട്ടും മുഴി	31	✔	–	–	–
വട്ടച്ചൂവട്	27	✔	–	–	–
ചെമ്പുകടവ്	23	✔	–	–	–
പാത്തിപ്പാറ	19	✔	–	–	–
നൂറാംതോട്	27	✔	–	–	–
പാരയ്ക്കൽ	33		–	✔	–
മുണ്ടൂർ	23		–	✔	–
മുറമ്പാത്തി	27		–	✔	✔
വട്ടച്ചിറ	31	✔	–	–	✔
ആകെ	473		–		

പട്ടിക 8
പൊതുവിതരണസമ്പ്രദായം

വാർഡ്	റേഷൻഷോപ്പ് എണ്ണം	കാർഡുകളുടെ എണ്ണം	മണ്ണെണ്ണ പെർമിറ്റുകളുടെ എണ്ണം	വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ				
				അരി (കി)	ഗോതമ്പ്(കി)	മൈദ	പഞ്ചസാര(കി)	മണ്ണെണ്ണ ലി.
1	1	314	11	526	49	–	124	24540
2	1	296	13	509	44	–	121	23190
3	2	594	24	1007	84	–	239	41670
4	1	276	9	494	41	–	126	21192
5	–	–	–	–	–	–	–	–
6	1	384	7	604	46	–	127	27540
7	–	–	–	–	–	–	–	–
8	1	307	9	507	46	–	131	19690
9	–	–	–	–	–	–	–	–
10	1	306	17	519	49	–	129	21890
11	3	906	31	1498	159	–	396	74770
12	1	309	16	506	47	–	131	26380
13	1	314	13	511	48	–	130	21870



സംസ്കാരം

അഭിമാനകരമായി തഴച്ചു വളർന്ന ഒരു പാരമ്പര്യത്തിന്റെ ചരിത്രമേഖലയാണ് കോടഞ്ചേരി. പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഈ കുടിയേറ്റമണ്ണിന് ദേശീയപ്രസ്ഥനത്തിന്റെ സഹനസമര ചരിത്രവുമായി വലിയ ബന്ധമില്ല. കാരണം അതി സാഹസികവും ജീവിതത്തിനു തന്നെ വെല്ലുവിളിയായിരുന്ന നിലനിൽപ്പിന്റെ പ്രശ്നം തന്നെയായിത്തീർന്ന കുടിയേറ്റചരിത്രാരംഭം 1947കൾക്ക് മുൻപ് ആയിരുന്നുവല്ലോ.

കോടഞ്ചേരിയുടെ സാംസ്കാരിക പൈതൃകം തെക്കൻ തിരുവിതാംകൂറിലെ ഉൾനാടൻ ഗ്രാമങ്ങളുടെ തുടർച്ചയാണെന്ന് പറയാം. കുടിയേറ്റത്തിന്റെ ആദ്യകാലത്തെ യാതനാപൂർണ്ണമായ ജീവിതപ്രശ്നങ്ങൾക്കിടയിലും ആത്മാവിലിലഞ്ഞ സംസ്കൃതി പ്രകടമാക്കിയത് ജനജീവിതത്തിന്റെ ഒത്തുചേരലായി മാറിയ പള്ളിപ്പെരുനാളിലായിരുന്നു. പ്രസ്തുത തിരുനാൾ വേളകൾ മോടിപിടിപ്പിക്കാൻ രൂപം കൊടുത്ത ബാന്റ് മേളക്കാരായിരുന്നു കോടഞ്ചേരിയിലെ ആദ്യ കലാസംഘം. സ്വന്തമായി പണം മുടക്കി ഉപകരണങ്ങൾ വാങ്ങി മേളക്കാരെ പരിശീലിപ്പിച്ച സാംസ്കാരിക രംഗത്തെ കാരണവരായിരുന്നു ശ്രീ വടക്കേൽ കൊച്ചേട്ടൻ, ക്ലാർനറ്റ് വായനയിൽ പ്രശസ്തനായിരുന്ന ശ്രീ തൊമ്മിക്കുഞ്ഞു സാർ, ബാന്റ് മേളക്കാരനായിരുന്ന നമ്പുടാകത്ത് വർക്കി, വടക്കേൽ കുഞ്ഞ് തുടങ്ങിയവരുടെ ഒത്തുചേരൽ കലാസ്വാദകരുടെ ഓർമ്മകളിൽ തെളിഞ്ഞു നിൽക്കുന്നു.

ഇന്ന് നാം തലയുയർത്തി നിൽക്കുന്ന് ഉയരങ്ങളിൽ നിന്ന് പിൻതിരിഞ്ഞ് നോക്കുമ്പോൾ സംസ്കാരത്തിന്റെ സ്രോതസ്സുകളായി പരിണമിച്ചതിൽ ഏറെ പ്രാധാന്യം വിദ്യാഭ്യാസത്തിനു തന്നെ. തൊഴിൽ സാധ്യതയോടൊപ്പം തന്നെ സംസ്കാത്തേയും നയിച്ച പ്രശസ്തങ്ങളായ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളും നഴ്സറിമുതൽ ഡിഗ്രി തലം വരെയുള്ള നിരവധി അനൗപചാരിക വിദ്യാലയങ്ങളും കോടഞ്ചേരി ഗ്രാമപഞ്ചായത്തിലുണ്ട്.

വായനശാലകൾ

വൈജ്ഞാനിക മേഖലയിലെ ഉണർവ്വിന് കളമൊരുക്കിയ ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് വായനശാലകൾ. വളരെ മുൻപ് തന്നെ കോടഞ്ചേരിയിൽ ആരംഭിച്ച പഞ്ചായത്തു ലൈബ്രറി, നല്ല നിലയിൽ മൈക്കാവിൽ പ്രവർത്തിക്കുന്ന ജനതാ ലൈബ്രറി, നെല്ലിപ്പൊയിലിന്റെ ഹൃദയസംഗീതമായ വിജയാ ലൈബ്രറി, കണ്ണോത്ത് പബ്ലിക്ക് ലൈബ്രറി, ജയകേരള വായനശാല വലിയകൊല്ലി, കോടഞ്ചേരി മിഷൻലീഗ് ലൈബ്രറി, മുറംപാത്തി പഞ്ചായത്ത് വായനശാല, ചിപ്പിലിത്തോട് കൈരളി വായനശാല, വേളംകോട് ജനതാ ലൈബ്രറി, ഉദയാ വായനശാല തെയ്യപ്പാറ, ടാഗോർ വായനശാല പൂളപ്പാറ, ശാന്തിനഗർ സൗഹൃദ വായനശാല, കോടഞ്ചേരി സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ലൈബ്രറി, പുതുതായി ചൂരമുണ്ടയിൽ ആരംഭിച്ച വിദ്യാരംഭം വായനശാല എന്നിവ കോടഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ഗ്രന്ഥാലയങ്ങളും റീഡിങ്ങ് റൂമുകളുമാണ്.

ധാരാളം ഗ്രന്ഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയെ ഉപയോഗപ്പെടുത്തുന്ന രീതി ഫലപ്രദമാകുന്നില്ല. ദൃശ്യ മാധ്യമങ്ങൾ ഇതിനെരു കാരണമല്ലേ? പഞ്ചായത്ത് ഫണ്ടിന്റെ ചെറിയൊരു

ശതമാനം ഗ്രന്ഥാലയങ്ങൾക്ക് പത്രം വാങ്ങുവാൻ നൽകുന്നുണ്ടെങ്കെലും ആവശ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ അവ അപര്യാപ്തങ്ങളാണെന്നു കാണാം.

ക്ലബുകൾ

മൈക്കാവിൽ 1951 ജൂൺ 5ന് ആരംഭിച്ച യുവ ദീപ്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് ഇപ്പോൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കായിക കലാസാംസ്കാരിക രംഗങ്ങളിൽ ഉയർന്ന നിലവാത്തിൽ പ്രവർത്തിക്കുന്ന ക്ലബിന് വനിതാ ക്ലബ്, ചിൽഡ്രൻസ് ക്ലബ് എന്നിവയും ഉപസംഘടനകളായുണ്ട്. ഇൻഡോർ ഔട്ട്ഡോർ ഗെയിമുകളും സംഗീത പഠന ക്ലാസും സെമിനാറുകൾ, സിമ്പോസിയങ്ങൾ പഠനക്ലാസ്സുകൾ എന്നിവയും ക്ലബ് നടത്തുന്നു. മൈക്കാവിലെ ജനജീവിതത്തിന്റെ സാംസ്കാരികമണ്ഡലങ്ങളിൽ നിറഞ്ഞു നിൽക്കുന്ന യുവദീപ്തി.

കായികരംഗം

കേരളത്തിന്റ കായിക ഭൂപടത്തിൽ കോടഞ്ചേരിക്ക് നിർണ്ണായക സ്ഥാനമുണ്ട്. കോരളത്തിലും മറ്റു സംസ്ഥാനങ്ങളിലുമായി കായികാധ്യാപകരായി ജോലിനോക്കുന്ന വനിതകളടക്കമുള്ളവർ 90 ൽ അധികമുണ്ട്. മറ്റൊരു ഗ്രാമ പഞ്ചായത്തിനും അവകാശപ്പെടാനില്ലാത്ത ഈ സുവർണ്ണ നേട്ടം കോടഞ്ചേരി ഗ്രാമപഞ്ചായത്തിനുള്ളതാണ്.

അന്താരാഷ്ട്ര മത്സരങ്ങളിൽ ഇന്ത്യൻ വോളിബോൾ ടീമിനെ നയിച്ച അർജുന അവാർഡ് ജോതാവ് സാലി ജോസഫ്, ഇന്ത്യൻ യൂത്ത് ഫുട്ബോൾ ക്യപ്റ്റനും പിന്നീട് ദേശീയ ടീമിലെ പ്രശസ്ത കളിക്കാരനുമായിരുന്ന മാത്യൂ വർഗ്ഗീസ്, സർവ്വകലാശാല ടീമിലംഗമായിരുന്ന ബിനോയ് ജെയിംസ്, ഹാന്റ് ബോൾ താരം ഷീബ മാത്യൂ, പ്രശസ്ത വോളിബോൾ താരം സുനമ്മ, അത്ലറ്റിക്സിൽ തിളക്കമാർന്ന വിജയം കൈവരിച്ച പി.ജെ അഗസ്റ്റസ്, എം എ മോളി, സോളിയാമ്മ, സീന ജോൺ തുടങ്ങി നിരവധി കായികതാരങ്ങൾ കോടഞ്ചേരിയുടെ അഭിമാനഭാജനങ്ങളാണ്.

സമ്പന്നമായ ഈ കായിക താര തലമുറയെ ഈ രംഗത്തേക്ക് ആകർഷിച്ച അഭിവന്ദ്യരായ കെ.എം.മത്തായി സാർ, എം റോസമ്മ ടീച്ചർ എന്നീ കായികാധ്യാപകരെ അഭിമാനത്തോടും ആദരവോടുമാണ് പുതിയ തലമുറ നോക്കിക്കാണുന്നത്.

സ്റ്റേഡിയം

പണി പൂർത്തിയാവാത്തതെങ്കിലും കുടിയേറ്റ മേഖലയിലെ ഏതൊരു പ്രദേശത്തേക്കാളും കോടഞ്ചേരിയെ ആകർഷകമാക്കിയ മുഖ്യ ഘടകമാണ് കോടഞ്ചേരിയുടെ ഹൃദയവിശാലതക്ക് തുല്യമായ വിശാലമായ സ്റ്റേഡിയം. കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിച്ച രണ്ടര ലക്ഷം രൂപയുടെ ഗ്രാന്റ് മാത്രമാണ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് ലഭിച്ച ബാഹ്യധനം. മൺമറഞ്ഞ നമ്മുടെ കാരണവന്മാരിൽ പുലയം പറമ്പിൽകൊച്ചുപാപ്പൻ ചേട്ടൻ ഉൾപ്പടെ നിരവധി പേർ സഹകരിച്ച് ശ്രമദ്നമായി രൂപപ്പെടുത്തിയ സ്റ്റേഡിയം പണിപൂർത്തിയാവുമ്പോൾ 400 മീ. ട്രാക്ക് ഉൾപ്പെടെ എല്ലാ സജ്ജീകരണങ്ങളും ഉള്ള കോഴിക്കോട് ജില്ലയിലെ ഏക ഗ്രാമീണ സ്റ്റേഡിയമായി മാറും.

കായിക രംഗത്തേക്കുള്ള പുത്തൻ തലമുറയുടെ കുതിപ്പിന് ആക്കം കൂട്ടേണ്ടതുണ്ട്. പകൽ സമയത്തെ കഠിനാധ്വാനത്തിന് ശേഷം സായാഹ്നങ്ങളിലെ വിശ്രമസമയങ്ങളിൽ കായിക താരങ്ങളെ പ്രോൽസാഹിപ്പിച്ചുകൊണ്ട് മൈതാനത്തിന്റെ ഓരങ്ങളിൽ തികഞ്ഞ 'സ്പോർട്സ് മെൻസ്പിരിട്ടിൽ' ആഹ്ളാദത്തിമിർപ്പോടെ ഇരിക്കുന്ന കർഷകകാരണവന്മാരേയും കളിച്ചുതിമിർക്കുന്ന ഇളം തലമുറയേയും നമുക്ക് നഷ്ടമാവുകയാണോ?

സിനിമ

കോടഞ്ചേരി ഗ്രാമ പഞ്ചായത്തിൽ ഒര് സിനിമാശാല മാത്രേ പ്രവർത്തിക്കുന്നുള്ളൂ. എങ്കിലും സിനിമാരംഗത്ത് ഏറെ ശോഭിച്ച ചിലരെങ്കിലും നമുക്കുണ്ട്. അടുത്ത കാലത്ത് ജനപ്രീതി നേടിയ നിരവധി ചിത്രങ്ങൾ നിർമ്മിച്ച് അവാർഡ് നേടിയ സ്വർഗ്ഗചിത്ര അപ്പച്ചൻ കോടഞ്ചേരി ഹൈസ്കൂളിലെ പൂർവ വിദ്യാർത്ഥിയാണ്. മലയാള സാഹിത്യത്തെ ഭാഷയെ സമ്പന്നമാക്കിയ ജ്ഞാനപീഠം പുസ്കാര ജോതാവ് എം ടി വാസുദേവൻ നായർ സംവിധാനം ചെയ്ത കടവ് എന്ന സിനിമയിലെ അനശ്വര കഥാപാത്രത്തെ അവതരിപ്പിച്ച ബാലനടൻ സന്തോഷ് ആന്റണി നാടിന്റെ കണ്ണിലുണ്ണിയായി. കോടഞ്ചേരി ഹൈസ്കൂളിലെ മുൻ വിദ്യർത്ഥി സന്തോഷ് ആന്റണി ബാലനടനുള്ള സംസ്ഥാന അവാർഡ് നേടി. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ച ശ്രീ ജോസ് വർഗ്ഗീസ് ഒരു പ്രഗത്ഭനായ നടൻ എന്ന നിലയിൽ സിനിമയിലും നാടകങ്ങളിലും ശോഭിച്ചു. തിരക്കഥാരംഗത്ത് നിലയുറപ്പിച്ചു വരുന്ന ശ്രീ റോബിൻ തിരുമല സിനിമാരംഗത്തെ വാഗ്ദാനമാണ്.

രാഷ്ട്രീയം

കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളു

ടേയും അനുയായികൾ ഉള്ള ഒരു ഗ്രാമമാണ് കോടഞ്ചേരി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്, സി.പി.എം, ജനതാദൾ, കോൺഗ്രസ്സ് എസ്സ്, കേരളാ കോൺഗ്രസ്സ് എം, കേരളാകോൺഗ്രസ്സ് ജെ, കേരളാകോൺഗ്രസ്സ് ജേക്കബ് വിഭാഗം , കേരളാ കോൺഗ്രസ്സ് ബി, മുസ്ലിം ലീഗ്, നാഷണൽ ലീഗ്, ബി.ജെ.പി, സി.പി.ഐ, സി.എം.പി തുടങ്ങിയ രാഷ്ട്രീയ പാർട്ടികൾ ഇവിടെ പ്രവർത്തിക്കുന്നു. പൊതുവായ കാര്യങ്ങളിൽ ഏക ലക്ഷ്യ സമീപനം എന്ന വിശാല കാഴ്ചപ്പാട് പുലർത്തുന്ന സഹിഷ്ണുതാപരമായ പ്രവർത്തന ശൈലിയാണ് എല്ലാ രാഷ്ട്രീയകക്ഷികളും പുലർത്തിപ്പോരുന്നത്.

കോടഞ്ചേരിയിലെ കുടിയേറ്റത്തിനും ഏറെ മുൻപ് വയനാട്ടിൽ നിന്നും കോടഞ്ചേരി തിരുവമ്പാടി വഴിയുണ്ടായ ടിപ്പുവിന്റെ പടയോട്ടത്തിൽ നശിപ്പിക്കപ്പെട്ടതാകാം;കണ്ണോത്തുള്ള അമ്പലക്കുന്ന്, പാലക്കൽ ഭാഗത്തുള്ള അമ്പലക്കണ്ടി എന്നീ അമ്പലങ്ങലുടെ അവശിഷ്ടങ്ങൾ പുരാവസ്തു ഗവേഷണം അർഹിക്കുന്നു. ആരാധനാ കേന്ദ്രങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും ആയിരുന്ന പ്രസ്തുത സ്ഥലങ്ങൾക്കോപ്പം പൗരാണിക സംസ്കാരത്തിന്റെ നിദർശനമായ നീലേശ്വരം എസ്റ്റേറ്റിൽ ഇന്നുള്ള അമ്പലവും പഴയകാല സംസ്കാരത്തെ സൂചിപ്പിക്കുന്നു. ജീരകപ്പാറയിലുള്ള ആദിവാസി അമ്പലവും ഒരു സാംസ്കാരികത്തനിമയുടെ ഉദാഹരണമാണ്. ആദിവാസി കലാരൂപങ്ങളും അനുഷാഠാനകലകളും കോടഞ്ചേരിയിലെ ആദിവാസി കേന്ദ്രങ്ങളിൽ നിലനിന്നിരുന്നു.

കഥാപ്രസംഗത്തിന് ഏറെ പ്രസക്തിയും ആസ്വാദകരും ഉണ്ടായിരുന്ന കുടിയേറ്റത്തിന്റെ ആരംഭകാലത്ത് മലബാറിലെ പലഭാഗങ്ങളിലും കഥാപ്രസംഗം നടത്തി ജനശ്രദ്ധ ആകർഷിച്ച കാഥികനായിരുന്നു ശ്രീ ജെ അബ്രഹാം മാസ്റ്റർ. പിന്നീട് ശ്രീ ജോസ് വർഗ്ഗീസും ശ്രീ തോമസ് വണ്ടനാക്കരയും ഈ രംഗത്ത് ശോഭിച്ചവരാണ്.

കോടഞ്ചേരി സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്ന ഫാ.ജേക്കബ് ആലുങ്കൽ ആണ് ആദ്യമായി കോടഞ്ചേരിയിൽ റേഡിയോ കൊണ്ടുവന്നത്. വൈകുന്നേരങ്ങളിൽ വാർത്ത കേൾക്കുന്ന ഒരു ജനക്കൂട്ടം തന്നെ അന്ന് ഹൈസ്കൂൾ വരാന്തയിൽ ഒത്തുകൂടിയിരുന്നു.

ഒറ്റ ദിവസം കൊണ്ട് എല്ലാവരും ഒത്തു ചേർന്ന് നിർമ്മിച്ച കല്ലന്തറമേട് കൂടത്തായി റോഡ് ജനസംസ്കാരത്തിന്റെ ഒത്തുചേരലായി മാറിയ ആദ്യ കാല ചരിത്രമാണെങ്കിൽ ആധുനിക കൂട്ടായ്മയുടെ ചിത്രം തെളിയിക്കുന്ന സംഭവമായിരുന്നു ജീരകപ്പാറ വനസംരക്ഷണ സമര ചരിത്രം. സ്വന്തം നിലനിൽപ്പിന് വേണ്ടി ഉയർത്തെഴുന്നേറ്റ ഒരു ജനതതിയുടെ ഏറ്റവും ഉയർന്ന സാംസ്കാരിക ബോധംഅംഗീകരിച്ചുകൊണ്ട് കോടഞ്ചേരിയിലെത്തിയവരാണ് ഇന്ത്യയിലെ സാംസ്കാരിക നായകന്മാരായിരുന്നു 'നർമ്മദയുടെ പുത്രി' മേധാപട്കർ കേരളത്തിന്റെ സാംസ്കാരിക നായകന്മാരായ സുകുമാർ അഴീക്കോട്, സുഗതകുമാരി തുടങ്ങിയവർ. പരിസ്ഥിതി സംരക്ഷണത്തിൽ സ്വമേധയാ ഇറങ്ങിപ്പുറപ്പെട്ട കോടഞ്ചേരിയിലെ ജനസമൂഹത്തിന്റെ സാംസ്കാരികാവബോധത്തിലുന്നിയ ഇച്ഛാശക്തി വരും തലമുറകൾക്കും ശക്തി പകരും.

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും പുതുതായി വായനശാലകൾ ആരംഭിക്കണം. നിലവിലുള്ളവയിക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങളും, പുസ്തകങ്ങളും ലഭ്യമാക്കണം.

2. നെല്ലിപ്പൊയിൽ, ചെമ്പ് കടവ്, പാലക്കൽ, നൂറാംതോട്, ചിപ്പിലിത്തോട്, വേളംകോട്, മൈക്കാവ്, നിരന്നപാറ, തോട്ടുംമുഴി, മുണ്ടൂർ, തുഷാരഗിരി, തെയ്യപ്പാറ, കണ്ണോത്ത് എന്നീ സ്ഥലങ്ങളിൽ സാംസ്കാരിക നിലയങ്ങൾ ആരംഭിക്കണം.

3. നിലവിലുള്ള കോടഞ്ചേരി സാംസ്കാരികനിലയം മുഴുവൻ സമയവും പ്രവർത്തനസജ്ജമാക്കണം. ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കുകയും, മുഴുവൻ സമയവും പ്രവർത്തിക്കുകയും വേണം.

4. കോടഞ്ചേരി സ്റ്റേഡിയം പണി പൂർത്തിയാക്കുക.

5. ചെമ്പ്കടവ് ഗവ:യു.പി. സ്കൂളിനോട് അനുബന്ധിച്ചുള്ള കളിസ്ഥലം പണിയുക.

6. പോതുജനങ്ങൾക്ക് പഠനവിനോദയാത്രകൾ സംഘടിപ്പിക്കുകയും ആശയ്കൈമാറ്റത്തിന് ഉതകുന്ന ചർച്ചാക്ലാസ്സുകളും സാംസ്കാരിക സമ്മേളനങ്ങളും സംഘടിപ്പിക്കുക.



വനിതാക്ഷേമം

ഏതൊരുരാജ്യത്തിന്റെയും പുരോഗതി വിലയിരുത്തുമ്പോൾ അതിൽ പ്രധാനമായി പരിഗണിക്കുന്ന ഘടകം വനിതകളുടെ സമൂഹത്തിലെ പദവിയും പുരോഗതിയുമാണ്. ഒരു കുടിയേറ്റമേഖലയായ കോടഞ്ചേരിയുടെ വികസനചരിത്രം സ്ത്രീകളുടെ ചരിത്രംകൂടിയാണ്. 1940-കളിൽ തിരുവിതാംകൂറിൽനിന്നും ജീവിതമാർഗംതേടി ഇവിടുത്തെ മലമടക്കുകളിൽ കുടിയേറിയ കുടിയേറ്റ കർഷകരോടൊപ്പം അവർക്ക് താങ്ങും തുണയുമായി സ്ത്രീകളുമുണ്ടായിരുന്നു. പ്രതികൂലകാലാവസ്ഥയോടും കാട്ടുമൃഗങ്ങളോടും മലമ്പനിയോടും മല്ലടിച്ച് ഏറുമാടങ്ങളിൽ താമസിച്ച് പുരുഷന്മാരോടൊപ്പം സ്ത്രീകളും ഈ മേഖലയെ സമ്പന്നമാക്കുന്നതിൽ പങ്കുവഹിച്ചിട്ടുണ്ട്. മലബാർമേഖലയുടെ കുടിയേറ്റകേന്ദ്രങ്ങളുടെ മുൻനിരയിൽ കോടഞ്ചേരിയെ എത്തിച്ചതിനുപിന്നിൽ ഒട്ടേറെ സ്ത്രീകളുടെ ത്യാഗത്തിന്റെ കഥയാണുള്ളത്. 1991-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 32,996-ൽ 16,333 സ്ത്രീകളാണ്. ഇത് പുരുഷന്മാരേക്കാൾ 330 പേർ കുറവാണ്. പേർ കുറവാണ്. സംസ്ഥാനത്ത് മൊത്തത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതലുള്ളപ്പോൾ ഇവിടുത്തെ സ്ഥിതി വ്യത്യസ്തമാണെന്ന് കാണാം. വിദ്യാഭ്യാസസാംസ്കാരികമണ്ഡലങ്ങളിൽ ഉന്നതനിലവാരം പുലർത്തിയിരുന്ന തിരുവിതാംകൂർ മേഖലയിൽനിന്നും കുടിയേറി താമസിച്ചവരാണ് ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും അതുകൊണ്ടുതന്നെ വിദ്യാഭ്യാസരംഗത്ത് പുരുഷന്മാരോടൊപ്പംതന്നെ സ്ത്രീകളും ഇവിടെ മുൻപന്തിയിലാണ്. ഈ പ്രദേശത്തിന്റെ സാമ്പത്തികവളർച്ചക്കൊപ്പം സ്ത്രീകളുടെ മേഖലയിൽ പുരോഗതി ഉണ്ടായിട്ടില്ല എന്നു കാണാവുന്നതാണ്. ഉന്നതവിദ്യാഭ്യാസം നേടിയിട്ടുള്ള സ്ത്രീകൾവരെ വീടുകളുടെ നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കഴിയുകയാണ് ചെയ്യുന്നത്. സമൂഹത്തിൽ സ്ത്രീകളെപ്പറ്റിയുള്ള കാഴ്ചപ്പാടിൽ വലിയ മാറ്റമൊന്നും വന്നതായി നമുക്ക് പറയാൻ സാധിക്കില്ല. സമൂഹത്തിലെ ഒരു വിഭാഗം സ്ത്രീകൾ സമ്പത്തിന്റെ എല്ലാ വിധ സൗകര്യങ്ങളും അനുഭവിച്ച് ആഡംബരപ്രിയരായി ജീവിക്കുമ്പോൾ മറ്റേ വിഭാഗം സാമൂഹ്യമായും സാമ്പത്തികമായും വളരെയധികം പിന്നാണിയിൽ നിൽക്കുന്നതായി നമുക്ക് കാണാം. സ്ത്രീകളുടെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സംഘടിതമായ ശ്രമങ്ങളോ മുന്നേറ്റങ്ങളോ നമ്മുടെ പഞ്ചായത്തിൽ ഇല്ലായെന്നുതന്നെ പറയാം. മഹിളാസംഘടനകളുടേയും സമാജങ്ങളുടേയും പ്രവർത്തനം തീരെ തൃപ്തികരമല്ല. പലപ്പോഴും ഇത്തരം സംരംഭങ്ങളുമായി മുന്നോട്ടുവരാൻ തയാറെടുക്കുന്ന സ്ത്രീകളെ അധിക്ഷേപിക്കുന്നതിൽ സ്ത്രീകൾതന്നെയാണ് മുമ്പന്തിയിൽ എന്നു കാണാം. ഇത്തരം പ്രവണതമൂലമാണ് പലപ്പോഴും സ്ത്രീകൾ പൊതുരംഗത്ത് ഇറങ്ങ് പ്രവർത്തിക്കാൻ തയാറാകാത്തത്.

കാർഷികമേഖലയിൽ ബന്ധപ്പെട്ട് ജോലി ചെയ്യുന്നവരാണ് ഈ പഞ്ചായത്തിൽ കൂടുതൽ. പഞ്ചായത്തിലെ ലക്ഷംവീട് കോളനികൾ നാലു സെന്റ് കോളനികൾ എസ്റ്റേറ്റ് മേഖലകൾ എന്നിവിടങ്ങളിലെ സ്ത്രീകൾ കർഷകത്തൊഴിലാളികളാണ്. രണ്ടായിരത്തോളംപേർ കർഷകത്തൊഴിലാളികളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കെട്ടിടനിർമാണം

വ്യാപകമായതോടുകൂടി ഒട്ടേറെ സ്ത്രീകൾ നിർമാണത്തൊഴിലാളികളായി മാറിയിട്ടുണ്ട്. സ്ത്രീകളുടെ കാർഷികമേഖലയിൽ നിലവിലുള്ള കുലിനിരക്ക് പൊതുവേ തൃപ്തികരമാണ്. നെൽകൃഷി പഞ്ചായത്തിൽനിന്നും ഏതാണ്ട് ഇല്ലാതായതോടുകൂടി ഞാറ്റുപാട്ടിന്റെ ഈരടികളും കോടഞ്ചേരിക്ക് അന്യമായി. ഈ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് തൊഴിലില്ലായ്മയുടെ പ്രശ്നം നിലവിലില്ലായെങ്കിലും നിലവിലുള്ള സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയിൽനിന്നും കരകയറ്റുന്നതിന് സാഹചര്യങ്ങൾ പര്യാപ്തമല്ല.

പഞ്ചായത്തിൽ വിദ്യാസമ്പന്നരായ സ്ത്രീകൾ കൂടുതലായി ജോലിചെയ്യുന്നത് സേവനമേഖലകളിലാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽ കൂടുതലും വനിതകളാണ്. ആതുരശുശ്രൂഷാരംഗവുമായി ബന്ധപ്പെട്ട് ധാരാളം സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. ഈ പഞ്ചായത്തിലുള്ള ധാരാളം വനിതകൾ വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്നവരായിട്ടുണ്ട്. കോടഞ്ചേരി പഞ്ചായത്തിൽ അന്താരഷ്ട്രതലത്തിൽവരെ പ്രശസ്തിയുണ്ടാക്കിയ ഒട്ടേറെ വനിതാകായികതാരങ്ങൾ ഇവിടെനിന്നും വളർന്നുവന്നിട്ടുണ്ട്. സ്കൂൾ കായികമേളയിൽ കോഴിക്കോട് ജില്ലയിൽ കോടഞ്ചേരി പഞ്ചായത്ത് വർഷങ്ങളായി പെൺകുട്ടികളുടെ വിഭാഗത്തിൽ ആധിപത്യം പുലർത്തുന്നു. കായികരംഗത്തുനിന്നും വളർന്നുവന്ന് ഉന്നതപദവികളിലെത്തിയ ഒട്ടേറെ വനിതകളിവിടെയുണ്ട്. അർജുന അവാർഡു നേടിയ സാലിജോസഫ്, സൂനമ്മ, എം.എ. മോളി തുടങ്ങിയവർ ഇവരിൽ ചിലരാണ്.

കോടഞ്ചേരി പഞ്ചായത്തിൽ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള സ്ത്രീകൾ ഇവിടുത്തെ ആദിവാസികോളനികളിൽ താമസിക്കുന്ന സ്ത്രീകളാണ്. നാട്ടുപണിയർ, കാട്ടുപണിയർ, കാടവർ എന്നീ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ നിരക്ഷരരും സാമൂഹികമായി ഏറ്റവും പിന്നിൽ നിൽക്കുന്നവരുമാണ്. നൂറ്റാണ്ടുകളായി എല്ലാവിധ ചൂഷണങ്ങൾക്കും ഇത്തരം വനിതകൾ വിധേയരാക്കപ്പെടുന്നു. ഇവരുടെ ഉന്നമനത്തിന് സർക്കാർ തലത്തിൽ ചെലവഴിക്കപ്പെട്ട കോടിക്കണക്കിന് രൂപ ഉദ്യോഗസ്ഥന്മാരും ഇടത്തട്ടുകാരും തട്ടിയെടുക്കുകയാണുണ്ടായത്. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുള്ള പരിശ്രമം ഇനിയും പൂർണമായി വിജയിച്ചിട്ടില്ല. സാക്ഷരതാപ്രവർത്തനത്തിന്റെ ഭാഗമായി ഒട്ടേറെ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുകയും നിരക്ഷരരായ ഒട്ടേറെപ്പേരെ സാക്ഷരരാക്കുകയും ചെയ്തുവെങ്കിലും തുടർവിദ്യാഭ്യാസത്തിന്റെ അഭാവത്താൽ അവരെല്ലാവരും വീണ്ടും നിരക്ഷരരായി മാറിയിരിക്കുകയാണ്. മദ്യം മറ്റ് ലഹരിവസ്തുക്കൾ എന്നിവയ്ക്കടിമകളാണ് മിക്ക ആദിവാസിസ്ത്രീകളും. പോഷകാഹാരക്കുറവുമൂലം ഗർഭിണികൾ മരണമടയുകയും കുട്ടികൾ മാറാരോഗികളായി തീരുകയും ചെയ്തിട്ടുണ്ട്. ആദിവാസിവനിതകൾക്കിടയിൽ അവിവാഹിതകളായ അമ്മമാരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇവരുടെ സാമൂഹ്യസാമ്പത്തികവളർച്ചക്ക് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തേണ്ടതാണ്.

പൊതുരംഗത്ത് കോടഞ്ചേരി പഞ്ചായത്തിൽ ആദ്യമായി തദ്ദേശഭരണരംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചത് ആദ്യത്തെ പഞ്ചായത്ത് ഭരണസമിതിയിൽ വനിതാ നോമിനേറ്റഡ് അംഗമായിരുന്ന ശ്രീമതി ഏലിയാമ്മ വർഗീസ് തെക്കനാട്ട് എന്നവരായിരുന്നു. വനിതാസംവരണസീറ്റിൽ ആദ്യമായി പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത് ശ്രീമതി മറിയാമ്മ ചാക്കോയായിരുന്നു. കോഴിക്കോട് ജില്ലയിൽ വിസ്തൃതിയിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ വനിതകളുടെ മേഖലയിൽ കൂട്ടായ പ്രവർത്തനത്തിന്റെ അഭാവമുണ്ട്. നിലവിലുള്ള ഇരുപത് മഹിളാസമാജങ്ങളിൽ മിക്കവയും പ്രവർത്തിക്കുന്നില്ല. മഹിളാസമാജങ്ങളുടെ ഈ പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്ക് ആദ്യകാലത്ത് നേതൃത്വം വഹിച്ചത് സി.വി. മേരി ടീച്ചർ ആക്കപ്പടിക്കൽ ആയിരുന്നു. ഇപ്പോൾ പ്രധാനമായും ക്രൈസ്തവദേവാലയങ്ങളോടനുബന്ധമായി വളരെ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചുവരുന്ന സംഘടനകളാണ് സ്ത്രീകളുടെ മേഖലയിൽ പ്രവർത്തിക്കുന്നത്. കോടഞ്ചേരി മേഖലയിൽ സ്ത്രീകളുടെ ഇടയിൽ സമരവീര്യമുണർത്തിയ പ്രസ്ഥാനമായിരുന്നു ജീരകപ്പാറയിലെ വനനശീകരണത്തിനെതിരെ നടത്തിയ പോരാട്ടം. ഈ സമരത്തിൽ നൂറുകണക്കിന് സ്ത്രീകൾ പങ്കെടുക്കുകയും വനംകൊള്ളക്കാരെ തടഞ്ഞുനിർത്തുന്നതിൽ നിർണായകപങ്കുവഹിക്കുകയും ചെയ്തു. 'ശ്രേയസ്' പോലുള്ള സംഘടനകൾ ഇക്കാര്യത്തിൽ മുഖ്യമായ പങ്കുവഹിച്ചിട്ടുണ്ട്. ഈ സമരത്തിൽ സ്ത്രീകളെ അണിനിരത്തുന്നതിൽ ആന്നത്തെ ചെമ്പുകടവ് പള്ളി വികാരിയായിരുന്ന ഫാ: മാത്യു തകടിയേൽ വഹിച്ച പങ്ക് പ്രത്യേകം സ്മരണീയമാണ്.

സ്ത്രീകളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായസംരംഭങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. തൊഴിൽ പരിശീലനം ലഭിച്ച ഒട്ടേറെ യുവതികൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും

അവരെ സംഘടിപ്പിച്ച് കൂട്ടായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആരും മുൻകൈ എടുക്കുന്നില്ല എന്നതാണ് പ്രധാനപ്രശ്നം. സ്ത്രീകൾക്ക് അനുയോജ്യമായ ഒട്ടേറെ ചെറുകിടവ്യവസായങ്ങൾ ഉണ്ടെങ്കിലും ഇതിനാവശ്യമായ മാർഗനിർദേശങ്ങളും നേതൃത്വപരിശീലനവും നൽകുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ മുന്നോട്ട് വരേണ്ടതാണ്. ഇതിന്റെ പ്രഥമികനടപടി എന്ന നിലയിൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും നിലവിലുള്ള മഹിളാസമാജങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടതാണ്. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങളിൽ മുഴുവൻ വനിതകളേയും പങ്കാളികളാക്കാൻ സാധിക്കണം. വികസനസെമിനാറിന്റെ ഭാഗമായി രൂപപ്പെടുന്ന കർമസമിതിക്ക് ഇക്കാര്യത്തിൽ നേതൃപരമായ പങ്കു വഹിക്കാൻ സാധിക്കും. വനിതകൾക്ക് തൊഴിലവസരം ലഭ്യമാകുന്ന ഒട്ടേറെ വ്യവസായസംരംഭങ്ങളുണ്ട്. പട്ടിക ശ്രദ്ധിക്കുക. പഞ്ചായത്തിലെ വനിതകളുടെ പൊതുനിലവാരം ഉയർത്തുന്നതിനും കുടുംബങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനും വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ വ്യവസായങ്ങൾ ആരംഭിക്കണം. ഇതിനായി പഞ്ചായത്ത് തലത്തിൽ മഹിളാസഹകരണസംഘങ്ങൾക്ക് രൂപം കൊടുക്കണം. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വനിതകളുടെ സാമ്പത്തികസാമൂഹ്യപുരോഗതിക്കായി പ്രത്യേകം പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ എല്ലാം വിജയിക്കണമെങ്കിൽ വനിതാക്ഷേമപ്രവർത്തനങ്ങളിൻമേലുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിൽ വ്യതിയാനം ഉണ്ടാകേണ്ടതുണ്ട്

വനിതാമേഖലയിലെ പ്രശ്നങ്ങൾ


- പൊതുരംഗത്ത് പ്രവർത്തിക്കാൻ സ്ത്രീകൾക്കുള്ള വിമുഖത
- മഹിളാസംഘടനകളുടെ പ്രവർത്തനത്തിലെ അപാകതകൾ
- പുത്തൻ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള അറിവില്ലായ്മ, സാമ്പത്തികമായ പരാധീനതകൾ
- വിവിധതൊഴിൽ മേഖലകളിൽ നേരിടുന്ന ചൂഷണം
- പട്ടികജാതി-പട്ടികവർഗ സ്ത്രീകൾക്കിടയിലെ നിരക്ഷരത ഉയർത്തുന്ന പ്രശ്നങ്ങൾ
- വായനയുടെ അഭാവം, ഗ്രന്ഥശാലകളിലെ പങ്കാളിത്തമില്ലായ്മ.
- മദ്യപാനം, സ്ത്രീധനം എന്നിവമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

പരിഹാരനിർദേശങ്ങൾ, സാധ്യതകൾ

- നമ്മുടെ പഞ്ചായത്ത് വളരെയധികം വിസ്തീർണമുള്ളതായതിനാൽ ഓരോ വാർഡിലേയും സ്ത്രീകളെ ബന്ധപ്പെടുത്തുന്ന നാല് മഹിളാസമാജങ്ങൾ വീതമെങ്കിലും രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കേണ്ടതാണ്. ഇതുവഴി ഓരോ വാർഡിലേയും മുഴുവൻ സ്ത്രീകളേയും മഹിളാസമാജത്തിന്റെ പ്രവർത്തനത്തിൽ പങ്കാളികളാക്കാൻ സാധിക്കണം.
- സ്ത്രീകളുടെ മേഖലയിൽ കൂട്ടായ സംരംഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് വ്യാപകമായി ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. വിവിധമേഖലകളിൽ തൊഴിൽവൈദഗ്ധ്യം നേടിയിട്ടുള്ള വനിതകൾക്കുവേണ്ടി പഞ്ചായത്ത്തലത്തിൽ പരിശീലനക്ലാസ്സുകൾ നടത്താവുന്നതാണ്.
- വിവിധസർക്കാർ ഏജൻസികൾ, ധനകാര്യസ്ഥാപനങ്ങൾ എന്നിവ വഴി ലഭ്യമാകുന്ന സഹായങ്ങളെ സംബന്ധിച്ച അറിവ് പകരുന്നതിനും ഇത്തരം സംരംഭങ്ങൾക്ക് നേതൃപരമായ പങ്കുവഹിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് സാധിക്കണം.
- പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു മഹിളാസഹകരണസംഘത്തിന് രൂപംനൽകി കാർഷികോല്പന്നങ്ങളേയും ക്ഷീരോല്പന്നങ്ങളേയും അടിസ്ഥാനമാക്കിയുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.
- പട്ടികവർഗകോളനികളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകമായി വനിതാസെൽ രൂപീകരിക്കുകയും തുടർവിദ്യാഭ്യാസപരിപാടികളും ആരോഗ്യസംരക്ഷണപരിപാടികളും സംഘടിപ്പിക്കുകയും ചെയ്യാവുന്നതാണ്.
- വ്യാജമദ്യനിർമാണത്തിനെതിരെ സംഘടിതമായ മുന്നേറ്റം ആവശ്യമാണ്. സ്ത്രീകളെ ഉൾപ്പെടുത്തിക്കൊണ്ട് ഈ മേഖലയിൽ പ്രവർത്തിക്കുന്നതിന് പ്രത്യേകസമിതികൾക്ക് രൂപം നൽകാവുന്നതാണ്.
- സ്ത്രീധനമെന്ന സാമൂഹ്യവിപത്തിനെതിരെ ഫലപ്രദമായ രീതിയിൽ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കണം. അനാവശ്യമായ ആഡംബരഭ്രമവും ധൂർത്തും ഒഴിവാക്കുന്നതിന് വനിതകൾക്കിടയിലുള്ള ബോധവൽക്കരണപരിപാടികൾ വഴി സാധിക്കും.

വനിതകൾക്കാരംഭിക്കാവുന്ന വ്യവസായസംരംഭങ്ങൾ

നമ്പർ	വ്യവസായയൂനിറ്റിന്റെ പേര്	പ്രത്യക്ഷമായി ലഭിക്കാവുന്ന തൊഴിൽ	പരോക്ഷമായി ലഭിക്കാവുന്ന തൊഴിൽ	ആകെ
1	അച്ചാർ കറി പൗഡർ	50	35	75
2	റെഡിമെയ്ഡ് വസ്ത്രനിർമാണം	50	25	75
3	മിഠായി, പലഹാരനിർമാണം	25	10	35
4	മെഴുകുതിരി നിർമാണം	15	10	25
5	കോഴിവളർത്തൽ	50	–	50
6	തയ്യൽ പരിശീലനകേന്ദ്രം	15	–	15
7	ടൈലറിങ് യൂനിറ്റ്	75	–	75
8	പച്ചക്കറികൃഷി	100	–	100
9	ആടുവളർത്തൽ	100	–	100
10	ഓട്ടോറിക്ഷ	10	–	10
11	ബേക്കറിയൂനിറ്റ്	25	–	25
12	സ്കൂൾബാഗ് ഹാന്റ് ബാഗ് നിർമാണം	50	–	50
13	കുടനിർമാണം	50	–	50
14	പുഷ്പകൃഷി	25	–	25
15	ചെരിപ്പുനിർമാണം	25	–	25
16	ഐസ്ക്രീം നിർമാണം	10	–	10



സഹകരണം

ഒരു പ്രദേശത്തെ സംബന്ധിച്ചിടത്തോളം അതിനെ പുരോഗതിയിലേക്കും നയിക്കും സ്വയം പര്യാപ്തതയിലേക്കും നയിക്കുന്ന പ്രധാനഘടകം സഹകരണപ്രസ്ഥാനങ്ങളാണ്. ഉല്പാദനവിപണനമേഖലകളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സഹകരണമേഖലയ്ക്കു കഴിയും.

മധ്യതിരുവിതാംകൂറിൽനിന്നും കുടിയേറിയ അധ്വാനശീലരായ കർഷകർ സാമ്പത്തികഞെരുക്കംമൂലം കുടിയേറ്റാകാലംമുതൽ കൂട്ടുകൃഷി, മാറ്റാൾപ്പണി എന്നിവ നടത്തി സഹകരണപ്രസ്ഥാനത്തിന്റെ ഗുണവശങ്ങൾ അനുഭവിച്ചിരുന്നവരാണ്. സാമ്പത്തികവിഷമവും വിളകൾ നശിപ്പിക്കുന്ന കാട്ടുമൃഗങ്ങളുടെ ശല്യവും മൂലം തന്നാണ്ട് കൃഷികളായ കപ്പ, വാഴ, തെരുവപ്പുല്ല് എന്നിവയിലാണ് കൂടുതൽ ശ്രദ്ധിച്ചത്. ഉല്പാദനരംഗത്ത് സഹകരണം ഉണ്ടായിരുന്നെങ്കിലും വിപണനരംഗത്ത് മധ്യവർത്തികളുടെ ചൂഷണം അനുഭവപ്പെട്ടിരുന്നു. 1944 കാലത്ത് കോടഞ്ചേരിയിലും പരിസരത്തും കുടിയേറ്റം ശക്തിപ്പെട്ടെങ്കിലും 1949 കാലത്താണ് ചാലിപ്പുഴയുടെ കിഴക്ക് ഭാഗത്ത് കുടിയേറ്റം ശക്തിപ്പെട്ടത്. കുടിയേറിയ സാധുകർഷകർക്ക് ഉപജീവനത്തിന് കൃഷിയുടെ ആദായം ലഭ്യമാകുന്നത് വരെ മറ്റെന്തെങ്കിലും ഉപതൊഴിൽ അനിവാര്യമായിരുന്നു. അങ്ങനെ കാലിവളർത്തൽ തുടങ്ങിയെങ്കിലും പാൽ വിറ്റഴിക്കുന്നതിന് പ്രാദേശികമായി വിപണനസൗകര്യം ഇല്ലായിരുന്നു. വിപണി 50 കി.മീ. അകലെയുള്ള കോഴിക്കോട് മാത്രമായിരുന്നു. ഉല്പാദകർക്ക് നേരിട്ട് കോഴിക്കോട് പാൽ കൊണ്ടുപോയി വിൽക്കുക എന്നത് ലാഭകരമല്ലാത്തതിനാൽ പാൽ ഉല്പാദകകർഷകൻ ഒന്നിച്ചുകൂടി പാൽ സംഭരിച്ച് തലച്ചുമടായി ചുമന്ന് കൈതപ്പൊയിലിൽ എത്തിച്ച് ബസ്സ് വഴി കോഴിക്കോട്ടെത്തിച്ച് വില്പന നടത്തുന്നതിന് തീരുമാനിക്കുകയും 1957 കാലം മുതൽ 1960 കാലം വരെ ഈ സ്ഥിതിയിൽ പാൽ വില്പന നടത്തുകയും ചെയ്തു.

ഈ സാഹചര്യത്തിലാണ് പരേതനായ ശ്രീ. പി.ജെ. ഹില്ലാരിയോസ് പൊന്നാമറ്റത്തിലിന്റെയും സഹപ്രവർത്തരുടെയും മനസ്സിൽ പാൽ ഉല്പാദകരുടെ സഹകരണസംഘം എന്ന ആശയം ഉയർന്നത്. തുടർന്ന് 8.2.59-ൽ ശ്രീ പി.ജെ. ഹില്ലാരിയോസ് പ്രസിഡണ്ടായി 65 മെമ്പർമാർ ഉൾപ്പെട്ട സഹകരണസംഘം രജിസ്റ്റർ ചെയ്യുകയും 9.1.60-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കോടഞ്ചേരി പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ രൂപം കൊണ്ട ആദ്യത്തെ സ്ഥാപനം ഇതായിരുന്നു. ആദ്യകാല ഉല്പാദനം 130 കുപ്പിക്കും 150 കുപ്പിക്കും ഇടയിലായിരുന്നു. കുപ്പിക്ക് 40 പൈസയായിരുന്നു ഉല്പാദകന് ലഭിച്ചിരുന്ന വില. 1960-ൽ പ്രവർത്തനം ആരംഭിച്ച ഈ സഹരണസംഘം തുടർച്ചയായി പത്തു വർഷവും കോഴിക്കോട് ജില്ലയിലെ മികച്ച പാൽ ഉല്പാദകസൊസൈറ്റിയായി മുൻനിരയിൽ നിന്നിരുന്നു. 6.4.60-ന് കൂടത്തായ് സഹകരണസംഘവും തുടർന്ന് പൂളവള്ളി, കണ്ണോത്ത്, നെല്ലിപ്പൊയിൽ ക്ഷീരോല്പാദക സഹകരണസംഘങ്ങളും നിലവിൽ വന്നു. പഞ്ചായത്തിൽ ഇപ്പോൾ 5 പാൽ ഉല്പാദകസഹകരണസംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. പാൽ ഉല്പാദകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഒരു പരിധിവരെ ഈ സംഘങ്ങൾ ഉപകരിച്ചിട്ടുണ്ട്.

കൂട്ടുകൃഷിഫാം

വട്ടച്ചിറയിൽ ആദിവാസികുടുംബങ്ങളുടെ ക്ഷേമത്തിനായി ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. കൂട്ടുകൃഷി പോഷിപ്പിക്കുക, പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ഉറപ്പുവരുത്തുക, അവരുടെ ജീവിതനിലവാരം ഉയർത്തുക, ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. ജില്ലാ കലക്ടർ ചെയർമാനായ ഒരു കമ്മിറ്റിയാണ് ഈ സൊസൈറ്റിയുടെ ഭരണമേൽനോട്ടം വഹിക്കുന്നത്. ആദിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ഈ സഹകരണസംഘത്തിന് കഴിഞ്ഞിട്ടുണ്ട്.

റബ്ബർ ഉല്പാദകസഹകരണസംഘം

കോടഞ്ചേരി പഞ്ചായത്തിൽ ഏറ്റവും വിസ്തൃതമേഖലയിൽ നടത്തി വരുന്ന കൃഷിയാണ് റബ്ബർ കൃഷി. വൻകിട എസ്റ്റേറ്റ് ഉടമകൾ മുതൽ നാമമാത്ര റബ്ബർ കർഷകർ വരെ ഈ പഞ്ചായത്തിലുണ്ട്. റബ്ബർ ഉല്പാദകർക്ക് ന്യായമായ നിരക്കിൽ വളം, ആസിഡ്, മറ്റ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് വേണ്ടി രൂപീകൃതമായ 10 റബ്ബർ ഉല്പാദകസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. 4-ഓളം സംഘങ്ങൾ നിർജ്ജീവാവസ്ഥയിലാണെങ്കിലും ബാക്കി സംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. ഉല്പാദകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ടി സംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

സഹകരണബാങ്ക്

കോടഞ്ചേരി പഞ്ചായത്തിലെ ഏക വായ്പാ സഹകരണസംഘമാണ് കോടഞ്ചേരി സർവീസ് സഹകരണബാങ്ക്. ശ്രീ. ജെ. ദേവസ്യ പൈകയിൽ പ്രസിഡണ്ടായി 1962-ൽ രൂപീകൃതമായ ഐക്യനാണയസംഘമാണ് രൂപാന്തരം പ്രാപിച്ച് ഇപ്പോഴത്തെ സർവീസ് സഹകരണബാങ്കായത്. ഐക്യനാണയസംഘത്തിന്റെ നേതൃത്വത്തിൽ കോടഞ്ചേരി പഞ്ചായത്തിലെ അടിവാരം, കണ്ണോത്ത്, നെല്ലിപ്പൊയിൽ, കോടഞ്ചേരിയിൽ രണ്ട്, എന്നിങ്ങനെ അഞ്ച് റേഷൻകടകൾ ഏറ്റെടുത്ത് നടത്തിയിരുന്നു. ഐക്യനാണയസംഘത്തിന്റെ പ്രവർത്തനങ്ങൾ കുടിയേറ്റ കർഷകർക്ക് വളരെ പ്രയോജനകരമായിരുന്നു. ശ്രീ. പി.ജെ. ഫിലിപ്പോസ്, ജെ. ദേവസ്യ പൈകയിൽ, വി.എ. ജോസഫ് അറക്കൽ, ഏഴാനിക്കാട്ട് കുര്യാക്കോസ്, എൻ.ജെ. ജോസഫ് നെല്ലിക്കുന്നേൽ എന്നിവരുടെ ശ്രമഫലമായി ഐക്യനാണയസംഘം 1963-ൽ സർവീസ് സഹകരണസൊസൈറ്റിയായി മാറി. 100-ൽ താഴെ മെമ്പർമാരാണ് അന്ന് സൊസൈറ്റിയിൽ ഉണ്ടായിരുന്നത്. മെമ്പർമാരായ ചെറുകിട കർഷകർക്ക് കാർഷികവായ്പ, കാർഷികോപകരണം, വളം, കീടനാശിനി, എന്നിവ വിതരണം നടത്തിയിരുന്നു. ഉല്പന്നങ്ങൾ (പ്രധാനമായും കുരുമുളക്) ഈടു വാങ്ങി ലോൺ നല്കിയിരുന്നു. നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ- ഓപ്. മാർക്കറ്റിങ് ആന്റ് സപ്ലൈസ് സൊസൈറ്റി കോഴിക്കോട് മുഖേന കൃഷിക്കാർ ആവശ്യപ്പെടുന്ന സമയത്ത് വിറ്റ് പണമിടപാട് തീർക്കും. മറ്റു മധ്യവർത്തികളില്ലാതിരുന്നത് കർഷകർക്ക് ആശ്വാസമായിരുന്നു. 1975 വരെ കോടഞ്ചേരിയിൽ സൊസൈറ്റിയുടെ കീഴിൽ ഒരു കൺസ്യൂമർ സ്റ്റോർ പ്രവർത്തിച്ചിരുന്നു. ഡെപ്പോസിറ്റുകൾ ഇല്ലാതിരുന്നതിനാൽ ജില്ലാ സഹകരണബാങ്കിൽനിന്നു ലഭിച്ചിരുന്ന സാമ്പത്തികസഹായം മാത്രമാണ് വായ്പയായി നൽകിയിരുന്നത്. ആൾ ജാമ്യത്തിൽ 500 രൂപയും വസ്തു ജാമ്യത്തിൽ 2000 രൂപയും മാത്രമേ അന്ന് ലോൺ നൽകാൻ കഴിഞ്ഞിരുന്നുള്ളു.

പഞ്ചായത്തിന്റെ കാലികമായ സാമ്പത്തിക പുരോഗതിയുടെ ഭാഗമായി കൃഷിക്കാരുടെ ആവശ്യങ്ങൾ വർദ്ധിച്ചു ബാങ്കിന്റെ മിഡിൽ സ്റ്റേജ് എന്നു പറയാവുന്ന 72-87 കാലത്ത് ബാങ്കിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും നിർബന്ധിതമായി. കർഷകരിൽനിന്നും ഡെപ്പോസിറ്റുകൾ സ്വീകരിച്ചും ജില്ലാ ബാങ്കിൽനിന്നും കൂടുതൽ വായ്പകൾ നേടിയും ആവശ്യങ്ങൾ പൂർത്തീകരിച്ചു. കർഷകർക്കുള്ള കാർഷിക വായ്പ പരിധി 500 രൂപ 1000 രൂപയായും 2000 രൂപ 10,000 രൂപയായും ഉയർത്താൻ കഴിഞ്ഞു. 1.1.87 മുതല് ബാങ്ക് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. തന്നാണ്ട് വിളകൾവിട്ട് കർഷകർ ദീർഘകാല കൃഷികളിലേക്ക് തിരിഞ്ഞപ്പോൾ ദീർഘകാലവായ്പാപദ്ധതികളും ബാങ്ക് നടപ്പിലാക്കി. ദീർഘകാലവായ്പകളുടെ സാമ്പത്തികസഹായം മുഴുവൻ നബാർഡിൽനിന്ന് ജില്ലാ ബാങ്ക് വഴി സ്വീകരിച്ച് ദീർഘകാല വായ്പകളായി റബ്ബർകൃഷി, കുരുമുളകുകൃഷി, കയ്യാലപദ്ധതി, തേനീച്ചവളർത്തൽ, റബ്ബർ റോളർ വാങ്ങൽ, ചെറുകിട ജലസേചനപദ്ധതി, കിണർ, കുളം, പമ്പ്സെറ്റ്, പമ്പ്ഹൗസ്, ക്ഷീരവികസനം (പശു, തൊഴുത്ത്) എന്നിവക്ക് നൽകിവരുന്നു. കാർഷികമേഖലയിൽ സാമ്പത്തികമായുണ്ടായ വളർച്ച ബാങ്കിന്റെ പുരോഗതിക്കും കാരണമായി. 1990-നുശേഷം ബാങ്ക് കൂടുതൽ പുരോഗതി കൈവരിച്ചു.

സാധാരണവായ്പ 1000 രൂപയിൽനിന്ന് 3000 രൂപയായും 10,000 രൂപയിൽനിന്നും 25,000 രൂപയായും വർദ്ധിപ്പിച്ച് നൽകി വരുന്നു. മറ്റ് ഏജൻസികളിൽനിന്നുള്ള സഹായത്തിനുപുറമേ നിക്ഷേപങ്ങൾ വഴിയും ലോൺ നൽകി വരുന്നു. കർഷകർക്ക് ന്യായമായ വിലയ്ക്ക് വളം, കീടനാശിനി ഇവ ലഭ്യമാക്കുന്നതിന് കോടഞ്ചേരിയിലും നെല്ലിപ്പൊയിലിലും വളം ഡിപ്പോകൾ നടത്തിവരുന്നു.

സഹകരണ ആയുർവേദ ഡിസ്പൻസറി

1995 മുതൽ കോടഞ്ചേരിയിൽ ഒരു സഹകരണ ആയുർവേദ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു. ആയുർവേദചികിത്സാരംഗത്ത് ഈ പ്രദേശത്തെ ജനങ്ങൾക്ക് വളരെയേറെ പ്രയോജനപ്രദമായിട്ടുണ്ട്.

പ്രശ്നങ്ങൾ

1. 102 ച.കി.മീ.യിലധികം വിസ്തൃതിയുള്ള കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളും കോടഞ്ചേരി സർവീസ് സഹകരണബാങ്കിന്റെ പരിധിയിലാണ്. വിദൂരമേഖലകളിൽ താമസിക്കുന്നവർക്ക് ദൈനംദിനാവശ്യങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെടുന്നതിന് കഴിയുന്നില്ല.

2. സമൂഹത്തിൽ വനിതകളുടെ ക്ഷേമകാര്യങ്ങൾക്കായി വനിതാസഹകരണസംഘങ്ങൾ ഇല്ല.

3. ധാരാളം ചെറുകിടവ്യവസായസംരംഭങ്ങൾക്ക് സാധ്യതകളുള്ള ഈ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ വ്യവസായസംരഭങ്ങളില്ല.

4. കാർഷികമേഖലയായ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ കർഷകരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിന് സഹകരണമേഖലയിൽ സംവിധാനങ്ങൾ ഇല്ല.

5. നിത്യോപയോഗസാധനങ്ങൾ സാധാരണക്കാർക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് സഹകരണസ്റ്റോറുകൾ ഇല്ല.

പരിഹാരമാർഗങ്ങൾ


1. നെല്ലിപ്പൊയിൽ ആസ്ഥാനമായി ഒരു സർവീസ് സഹകരണസംഘം രൂപീകരിക്കുക.

2. എല്ലാ വാർഡുകളിലും വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ചെറുകിടവ്യവസായസംരംഭങ്ങൾ നടത്തുക

3. പഞ്ചായത്തിലെ പ്രമുഖടൗണുകളിൽ കാർഷികഉല്പന്നങ്ങൾ വിലക്കെടുക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ സ്റ്റോറ്റുകൾ സ്ഥാപിക്കുക.

4. കർഷകർക്ക് ന്യായമായ വിലക്ക് വളവും കീടനാശിനികളും കാർഷികഉപകരണങ്ങളും ലഭ്യമാക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ എല്ലാ വാർഡുകളിലും വളം ഡിപ്പോകൾ സ്ഥാപിക്കുക.

5. നെല്ലിപ്പൊയിലിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കുക.





പട്ടികജാതി/പട്ടികവർഗവികസനം

കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികവർഗകുടുംബങ്ങൾ പാർക്കുന്ന പഞ്ചായത്താണ് കോടഞ്ചേരി. സമീപപഞ്ചായത്തുകളെ അപേക്ഷിച്ച് പട്ടികജാതി കുടുംബങ്ങളും കൂടുതലാണ്. നാമമാത്രമായ ഭൂമി കൈവശമുള്ള ഈ കുടുംബങ്ങളിൽ അധികവും മലയോരമേഖലയിലാണ് താമസിക്കുന്നത്. ആവശ്യമായ റോഡുസൗകര്യങ്ങളും അടിസ്ഥാനസൗകര്യങ്ങളോടുകൂടി പാർപ്പിടങ്ങളും പകുതിയിലധികം കുടുംബങ്ങൾക്കും ഇല്ല.

പഞ്ചായത്തിലെ പട്ടികവർഗകോളനികളെ സംബന്ധിക്കുന്ന വിവരങ്ങൾ.

പട്ടിക 1

നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം
1.	ചെമ്പിലി	5
2.	ചിപ്പിലിത്തോട്	5
3.	പൂവുണ്ട	10
4.	പാത്തിപ്പാറ	23
5.	ചെമ്പുകടവ്	13
6.	മേക്കോഞ്ഞി	10
7.	വെണ്ടേക്കുംപൊയിൽ	3
8.	കോഴിക്കോടൻ ചാൽ	2
9.	തേക്കുംതോട്ടം	4
10.	വട്ടച്ചിറ	47
11.	നൂറാംതോട്	2
12.	കോലിക്കുന്ന്	11
13.	പൂവത്തിൻചോട്	12
14.	കരിമ്പിൽ	2
	ആകെ	149

(അവലംബം : ജില്ലാ പ്ലാനിംഗ് ഓഫീസ് രേഖകൾ)

പട്ടികജാതി കോളനികളെ സംബന്ധിക്കുന്ന വിവരങ്ങൾ

പട്ടിക 2

നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗസംഖ്യ
1.	അമ്പലക്കണ്ടി കോളനി	13	56
2.	അമ്മായിക്കാട് IHDP	15	46
3.	മീമ്മുട്ടിക്കുന്ന്	28	142
4.	പേഴുംകണ്ടി	17	60
5.	പുലിക്കര ഇക്കരെ	10	47
6.	പുലിക്കര അക്കരെ	11	48
7.	നിരന്നപാറ	15	55
	ആകെ	91	382

പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 91 സെൻസ് റിപ്പോർട്ട് പ്രകാരം 1702. 96 -ൽ ആയത് 1869 ആയി വർദ്ധിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങ

അംഗസംഖ്യ 775 96-ൽ 894ഉം ആയി വർദ്ധിച്ചിട്ടുണ്ട്.

കോളനികളിലല്ലാത താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരണങ്ങൾ.

ക്രമനമ്പർ	വാർഡ്	ആകെ കുടുംബങ്ങൾ	താമസയോഗ്യമായ വീടില്ലാത്തവർ
1	1	26	21
2	2	29	21
3	3	39	27
4	4	31	21
5	5	73	41
6	6	103	84
7	7	109	87
8	8	69	54
9	9	27	19
10	10	24	1
11	11	83	48
12	12	54	39
13	13	26	19
ആകെ		697	498

പ്രശ്നങ്ങൾ

താമസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്ത മുഴുവൻ പട്ടികജാതി/വർഗ കുടുംബങ്ങൾക്കും 9-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ഒരു വർഷം 100 വീതം മുഴുവൻ കുടുംബങ്ങൾക്കും വീടുകൾ നിർമിച്ച് നൽകുക. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖേന നിർമാണം നടത്തിയിട്ടുള്ള കോളനി വീടുകൾ കാലപ്പഴക്കത്താൽ ജീർണിച്ച് താമസയോഗ്യമല്ലാതെയായിരിക്കുന്നു. പതിനഞ്ച്, ഇരുപത് വർഷങ്ങൾക്കുമുമ്പ് നിർമിച്ച വീടുകൾ കാലാകാലങ്ങളിൽ റിപ്പയർ ചെയ്യാത്തതിനാൽ നശിച്ചിരിക്കുന്നു. നിലവിലുള്ള വീടുകൾ റിപ്പയർ ചെയ്യുകയും ആവശ്യമായ വീടുകൾ പുനരുദ്ധാരണം നടത്തുകയും വേണം കോളനികളിൽ പുതുതായി രൂപംകൊണ്ട കുടുംബങ്ങൾക്ക് താമസയോഗ്യമായ വീടുകൾ ഇല്ല.

കോളനികളിൽ വൈദ്യുതി സൗകര്യം ഇല്ല. കോളനികളിൽ കുടിവെള്ളസൗകര്യം ഏർപ്പെടുത്തണം. കോളനികളിലെ സാംസ്കാരികനിലവാരം ഉയർത്തുന്നതിന് കോളനികളിൽ വായനശാലകൾ ഏർപ്പെടുത്തുക.

കോളനികളിലെ വിദ്യാഭ്യാസനിലവാരം വളരെ താഴെയാണ്.

കോളനികളിലെ ആരോഗ്യപരമായ ചുറ്റുപാട് വളരെ ശോചനീയമാണ്. കോളനികളിലേക്ക് റോഡുസൗകര്യങ്ങളില്ല.

പരിഹാരമാർഗങ്ങൾ

- പഞ്ചായത്തിലെ ഏഴ് അംഗീകൃതപട്ടികജാതി കേന്ദ്രങ്ങളിൽ ജീർണാവസ്ഥയിലുള്ള വീടുകൾ പുതുക്കിപ്പണിയണം.
- എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കുന്നതിനിള്ള നടപടി ഉണ്ടാകണം.
- ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന ഈ കോളനികളിൽ ശുദ്ധജലം ലഭിക്കുന്നതിന് കിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് വെള്ളം എത്തിച്ചുകൊടുക്കുക.
- കോളനിയിൽ കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് നിർമിച്ചു കൊടുക്കുക.
- പഞ്ചായത്തിലെ 14 അംഗീകൃത പട്ടികവർഗ കോളനികളിലേയും ഉപയോഗയോഗ്യമല്ലാത്ത വീടുകൾ പൊളിച്ചുമാറ്റി പുതിയ വീടുകൾ നിർമിച്ചുകൊടുക്കുക.
- എല്ലാ കുടുംബങ്ങൾക്കും കക്കൂസ് ലഭ്യമാക്കുക.
- ശുദ്ധജലം ക്ഷാമമുള്ള എല്ലാ കോളനികളിലും ആയത് പരിഹരിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണം.
- കോളനിറോഡുകൾ സഞ്ചാരയോഗ്യമാക്കുക.
- കോളനികളില്ലാതെ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന എല്ലാ പട്ടികജാതി, പട്ടികവർഗക്കാർക്കും വീട് സൗജന്യമായി നിർമിച്ചുനൽകണം
- പട്ടികജാതി പട്ടികവർഗവികസനത്തിനായി അനുവദിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് വിവരങ്ങൾ യഥാസമയം ഗുണഭോക്താക്കളെ അറിയിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തണം.
- സർക്കാർ ഈ മേഖലയിൽ നൽകുന്ന പണം ദുരുപയോഗപ്പെടുത്തുന്നത് തടയാൻ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുക.

പട്ടിക 1

ക്രമ നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം
1	ചെമ്പിലി	5
2	ചിപ്പിലിത്തോട്	5
3	പൂവുണ്ട	10
4	പാത്തിപ്പാറ	23
5	ചെമ്പ്കടവ്	13
6	മേക്കോഞ്ഞി	10
7	വെണ്ടേക്കും പൊയിൽ	3
8	കോഴിക്കോടൻ ചാൽ	2
9	തേക്കും തോട്ടം	4
10	വട്ടച്ചിറ	47
11	നൂറാംതോട്	2
12	കോലിക്കുന്ന്	11
13	പുവ്വത്തിൻചോട്	12
14	കരിമ്പിൽ	2
	ആകെ	149

(അവലംബം ജില്ലാ പ്ലാനുംഗ് ഓഫീസിലെ രേഖകൾ)

പട്ടിക 2

ക്രമ നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗസംഖ്യ
1	അമ്പലക്കണ്ടി കോളനി	13	56
2	അമ്മായിക്കോട് ഐ എച്ച് ഡി പി	15	46
3	മീമുട്ടിക്കുന്ന്	28	142
4	പേഴും കണ്ടി	17	60
5	പുലിക്കയം ഇക്കരെ	10	47
6	പുലിക്കയം അക്കരെ	11	48
7	നിരനിനപാറ	15	55
		91	382

പട്ടിക 3

ക്രമ നമ്പർ	വാർഡ്	ആകെ	താമസയോഗ്യമായ വീടില്ലാത്തവർ
1	1	26	21
2	2	29	21
3	3	39	27
4	4	31	21
5	5	73	41
6	6	103	84
7	7	109	87
8	8	69	54
9	9	27	19
10	10	24	1
11	11	83	48
12	12	54	39
13	13	26	19
	ആകെ	697	498



വിഭവസമാഹരണം

വരുമാനമാർഗങ്ങൾ പരിമിതമായ ഈ പഞ്ചായത്തിന്റെ തനതുവരുമാനം ദൈനംദിനപ്രവർത്തനം കഴിഞ്ഞാൽ ജനികായാവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല. അതുകൊണ്ടുതന്നെ വികസനപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ പഞ്ചായത്ത് ഏറെ വിഷമിക്കുന്നു. ഒരു ദേശസാൽകൃതബാങ്കും ഒരു ഗ്രാമീണബാങ്കും ഒരു സഹകരണബങ്കുമാണ് ഈ പഞ്ചായത്തിലെ മുഖ്യ ധനകാര്യസ്ഥാപനങ്ങൾ. ജനങ്ങളുടെടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ മേൽ സ്ഥാപനങ്ങൾ പര്യാപ്തമല്ല. അതുകൊണ്ടുതന്നെ അമിതപലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ് സാധാരണ ജനങ്ങൾ.

ഏതു പദ്ധതികളുടേയും വിജയകരമായ നടത്തിപ്പിന് ആധാരമായ മുഖ്യഘടകം പണത്തിന്റെ ലഭ്യതയാണ്. പഞ്ചായത്തിന്റെ മുഖ്യവരുമാനമാർഗ്ങ്ങൾ കെട്ടിടനികുതി, തൊഴിൽ നികുതി,ലൈസൻസ് ഫീ, വിനോദ നികുതി, സർക്കാർഗ്രാന്റുകളും വിഹിതങ്ങളുമാണ്. പഞ്ചായത്തിന്റെ തനതു വരുമാനങ്ങൾ വർദ്ധിപ്പിക്കേണ്ടതിലേക്ക് താഴെ പറയുന്ന സാധ്യതകളും നിർദേശങ്ങളും നടപ്പിലാക്കണം.

* വികസനപ്രവർത്തനങ്ങൾക്ക് ജനങ്ങളിൽ നിന്ന് സാധനസാമഗ്രികളായും മനുഷ്യപ്രയത്നരൂപത്തിലും സഹകരണം നേടാൻ കഴിയണം.
* ഗൾഫ് മേഖലകളിൽ നിന്നുള്ള വരുമാനം ഫലപ്രദമായി വികസനമേഖലകളിൽ മുതൽ മുടക്കാനുള്ള ശ്രമം നടത്തണം.
* കെട്ടിടനികുതിനിർണയം നടത്തുമ്പോൾ വാടകക്കെട്ടിടങ്ങൾക്ക് യഥാർത്ഥത്തിലുള്ള വാടക കണക്കാക്കി നികുതി ചുമത്തേണ്ടതാണ്.
* രജിസ്ട്രാർ ഓഫീസുകളിൽ നടക്കുന്ന ക്രയവിക്രയങ്ങൾക്ക് യഥാർത്ഥത്തിലുള്ള വില കാണിക്കുന്നുണ്ടോയെന്നു പഞ്ചായത്തുതലത്തിൽ ഉറപ്പുവരുത്തണം.
* സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ലൈസൻസ് ഫീ പുതുക്കി നിശ്ചയിക്കണം.
* കേരളാ പഞ്ചായത്ത് രാജ് നിയമത്തിൽ വിവക്ഷിച്ചിട്ടുള്ള പരസ്യനികുതി ഈ പഞ്ചായത്തിലും നടപ്പിലാക്കണം.
* പുഴ പുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നിവ വേർതിരിച്ചറഞ്ഞ് ചെറുകൃഷികൾക്കായി വർഷത്തിൽ 11 മാസക്കാലത്തേക്കായി ലീസിനു നൽകി അതിൽനിന്നും വരുമാനം സ്വരൂപിക്കാവുന്നതാണ്.
* ഷോപ്പിങ് കോംപ്ലക്സുകൾ, കമ്യൂണിറ്റിഹാൾ എന്നിവ നിർമിച്ച് വരുമാനം വർദ്ധിപ്പിക്കണം.
* പഞ്ചായത്തിലെ അംഗീകൃത ടാക്സി ഉടമകൾ തൊഴിൽനികുതി ചുമത്തണം.
* ഒരു ഹെക്ടറിൽകൂടുതൽ സ്ഥലമുള്ളവരിൽനിന്നും തൊഴിൽ നികുതി വസൂലാക്കണം.
* 10 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് അത്യാർഭാടമായി നിർമിക്കുന്ന കെട്ടിടങ്ങൾക്ക് നിർമാണച്ചെലവിന്റെ ഒരു ശതമാനം ആഡംബരനികുതി ചുമത്തണം.
* മുഴുവൻ കുടുംബങ്ങളെയും ദേശീയസമ്പാദ്യപദ്ധതിയിൻകീഴിൽ കൊണ്ടുവരുന്ന പക്ഷം അതിൽനിന്നും ലഭ്യമാകുന്ന വിഭവത്തിന്റെ

നല്ലൊരു പങ്ക് പഞ്ചായത്തിന് ലഭിക്കുന്നതാണ്.

* ഭൂനികുതി പൂർണമായും പഞ്ചായത്തിന്റെ അധീനതയിലാക്കണം.
* സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ ലഭിക്കേണ്ടുന്ന വിഹിതം യഥാസമയംതന്നെ ലഭ്യമാക്കണം.
* വർധിച്ച ഉത്തരവാദിത്വവും ഭാരിച്ച ജോലിയും കണക്കിലെടുത്ത് സെക്രട്ടറി തസ്തിക ഉയർത്തുകയും പഞ്ചായത്ത് രാജ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യാനുസരണം ജീവനക്കാരെ നിയമിക്കുകയും വേണം.

സർക്കാർ ഗ്രാന്റുകൾ വിതരണം ചെയ്യുന്നത് ശാസ്ത്രീയമായ കാഴ്ചപ്പാടുകളിലൂടെയല്ല. ജലസംഖ്യാടിസ്ഥാനത്തിൽ ഗ്രാന്റുകൾ വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാവുകയും നീതിപൂർവമായ വിതരണം ഉറപ്പുവരുത്തുകയും ചെയ്യണം. നിലവിൽ ഗ്രാന്റുകൾ ലഭിക്കുന്നതിന് ഭരണാധികാരികളെ സ്വാധീനിക്കേണ്ട അവസ്ഥയുണ്ട്. അതിന് അടിയന്തരമായും മാറ്റം ഉണ്ടാണം.

പഞ്ചായത്തിലെ മുഴുവൻ കച്ചവടസ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ലോൺ ആവശ്യമായി വരുമ്പോഴോ മറ്റ് ആനുകൂല്യങ്ങൾക്ക് വേണ്ടിയോ മാത്രമാണ് ഇപ്പോൾ ലൈസൻസ് എടുക്കുന്നത്.

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ നികുതി പിരിവിൽ പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ തുകയും സമാഹരിക്കാൻ കഴിയും.

ചെലവുകൾ

പഞ്ചായത്തിന്റെ വരുമാനത്തിൽ 40% പൊതുമരാമത്ത് പണികൾക്കും 39% ഭരണച്ചെലവുകൾക്കും 21% മറ്റ് സാമൂഹ്യക്ഷേമകാര്യങ്ങൾക്കുമായാണ് ചെലവഴിച്ചിട്ടുള്ളത്. ഇതിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ചെലവഴിച്ചത് പ്രധാനമായും പഞ്ചായത്ത് റോഡുകളുടെ റിപ്പയർ പ്രവൃത്തികൾക്കാണ്. 5,000 രൂപ വീതം ചെലവഴിച്ചുകൊണ്ടുള്ള പ്രവൃത്തികൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും നടന്നിട്ടുണ്ട്. മേൽസംഖ്യതന്നെ വളരെ അപര്യാപ്തമായതുകൊണ്ട് റോഡുകളിൽ സ്ഥായിയായ ഒരു നിർമാണപ്രവൃത്തികളും നടത്താൻ കഴിയാതെ വരികയും റോഡിൽ മണ്ണിടുന്നതെല്ലാം നശിച്ചുപോവുകയും ചെലവഴിച്ച സംവ്യഥാവിലാവുകയും ചെയ്യുന്നു. മൺറോഡുകളുടെ സംരക്ഷണം ജനകീയമായി നിറവേറ്റുകയും സാതികജോലികൾ മാത്രം വൈദഗ്ദ്ധ്യം ഉപയോഗനടത്തുകയും ചെയ്താൽ ഇന്നുണ്ടാകുന്ന ചോതടയാൻ കഴിയും. പഞ്ചായത്തിന് നിലവിൽ ചെയ്യാവുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക എസ്റ്റിമേറ്റ് സംഖ്യ 25,000 രൂപയായി ഉയർത്തേതാണ്.

പഞ്ചായത്തിന്റെ തനതുവരുമാനത്തിൽ നല്ലൊരു ശതമാനം എസ്റ്റാബ്ലിഷ്മെന്റെ ചെകൾക്കായി വിനിയോഗിക്കുകയാണ്. ഉദ്യോഗസ്ന്മാരുടെ ശമ്പളം, അലവൻസുകൾ, ഭരണസമിതി അംഗങ്ങളുടെ ഹോണറേറിയം, സിറ്റിംഗ്ഫീ എന്നിയിനങ്ങളിൽ ഭീമമായ സംഖ്യ ചെലവഴിക്കപ്പെടുയാണ്. ഇങ്ങനെ ചെലവഴിക്കുന്ന സംഖ്യകുടി വികസനകാര്യങ്ങളിൽ വിനിയോഗിക്കാൻ പറ്റുന്ന രീത്തിലുള്ള ക്രമീകരണങ്ങൾ അത്യാവശ്യമാണ്. ഇതിനായി സർക്കാർ ഉദ്യോഗസ്ഥന്മാരുടെയും ജനപതിനിധികളുടേയും എസ്റ്റാബ്ലിഷ്മെന്റ് ചാർജു സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്നും വഹിണ്ടതാണ്.

നിലവിലുള്ള ഭൂനികുതി ശാസ്ത്രീയമായി പരിഷ്കരിച്ച് ഭൂനികുതി പൂർണമായും പഞ്ചായത്തുകൾക്ക് ലഭിക്കുംവിധം നികുതി നിർണയവും പിരിവും ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കണം. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി വില്ലേജുകളിൽനിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ ഗ്രാമപഞ്ചായത്തുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മനുഷ്യവിഭവം

ഒരു കുടിയേറ്റമേഖലയായ കോടഞ്ചേരി പഞ്ചായത്തിലെ നിലവിലുള്ള എല്ലാ റോഡുകളും ജനങ്ങളുടെ അധ്വാനത്തിന്റെ ഫലമാണ്. അതുകൊണ്ടുതന്നെ ഈ പഞ്ചായത്തിന്റെ മുഖ്യവിഭവം മനുഷ്യവിഭവംതന്നെ. നവം: 1-ന്റെ പുനരർപ്പണത്തിൽ സുമാർ 1.5 കി.മീ. ദൂരംവരുന്ന മൺറോഡ് 8 മീ. വീതിയിൽ പുതുതായി നിർമിച്ചിരിക്കുകയാണ്. കളപ്പുറം-പാലക്കൽ-ചാമുണ്ടി റോഡിന്റെ പ്രവൃത്തിക്ക് 500-ലധികം ജനങ്ങളാണ് സംഭാവനച്ചത്. കൂടാതെ ഈ പഞ്ചായത്തിലെതന്നെ കോഞ്ചേരി-നിരന്നപാറ-ഈരൂട്-കരിമ്പാലക്കുന്ന് റോഡും ജനങ്ങളുടെ അധ്വാനംകൊണ്ട് മാത്രമാണ് ഈയിടെ പൂർത്തിയാക്കിയതാണ്.

ജാതി-മത-വർഗ-വർണ-കക്ഷിചിന്തകൾക

വിഭവസമാഹരണം

പട്ടിക 1

ഇനം	വർഗം		വ്യത്യാസം	ശതമാനം
	1991-92	1995-96		
കെട്ടിടനികുതി	1,86,508.00	2,32,968.80	46460.00	25.00
തൊഴിൽ നികുതി	93,367.00	95,600.00	2233.00	2.40
ലൈസൻസ് ഫീ	15,750.00	18,492.00	2742.00	17.40
വിനോദ നികുതി	36,170.00	41,073.00	4903.00	13.55
മറ്റു വരവുകൾ	457095.00	496919.00	39824.00	8.7
സർക്കാർ ഗ്രാന്റുകൾ വിഹിതങ്ങൾ	118015.00	540212..00	422197.00	358.00
അൺടൈഡ്				
ജനറൽ	147300.00	201680.00	54380.00	27.00
എസ്.സി.പി	51960.00	107870.00	55910.00	108.00
ടി.എസ്.പി.	52700.00	83270.00	30570.00	58.00
ജെ. ആർ. വൈ	258149.00	432100.00	173951.00	67.4
ആകെ	1417015.00	2249216.00	832201.00	59.00
ചെലവ്				
എസ്റ്റാബ്ലിഷ്മെന്റ്	321938.00	429122.00	107184	33.3

ഉപസംഹാരം

ജനപങ്കാളിത്തത്തിന്റെ അഭാവം മൂലം കഴിഞ്ഞ പഞ്ചവത്സര പദ്ധതികളെല്ലാം തന്നെ സർക്കാർ ഉദ്ദേശിച്ച തരത്തിലുള്ള ഫലപ്രാപ്തിയെത്തിയിട്ടുണ്ടോയെന്ന് സംശയമാണ്. റോഡും, പാലവും, വെള്ളവും, വെളിച്ചവും മാത്രമാണ് വികസനത്തിൽപ്പെടുന്നതെന്ന ചിന്ത ജനഹൃദയങ്ങളിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നു. കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ മാത്രമേ വികസനമെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയൂ.

വികസനമേഖലകളിൽ വിവിധ വകുപ്പുകളുടെ സഹായകരമല്ലാത്ത നിലപാട് മാറ്റി അഴിമതി രഹിതവും,ജനപങ്കാളിത്തത്തോടും കൂടി വികസന മേഖല ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ മാത്രമേ വികസനം യാഥാർത്ഥ്യമാവുകയുള്ളൂ.

വികസനത്തിന്റെ മുഖ്യഘടകം ആവശ്യമായ ഫണ്ടിന്റെ ലഭ്യതയാണ്. ഫണ്ട് സമാഹരണത്തിന് പുതിയപുതിയ മേഖലകൾ കണ്ടെത്തേണ്ടതായിട്ടുണ്ട്. നികുതിയേതരമാർഗ്ഗങ്ങളിലൂടെയുള്ള സമാഹരണത്തിനായിരിക്കണം മുൻതൂക്കം നല്കേണ്ടതുകൂടാതെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മറ്റു സർക്കാർ, സർക്കാരേതിര സ്ഥാപനങ്ങളിൽ നിന്നും വികസനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കാൻ പഞ്ചായത്ത് ശ്രമിക്കേണ്ടതായിട്ടുണ്ട്.

പ്രകൃതി വിഭവങ്ങൾ, മനുഷ്യവിഭവങ്ങൾ എന്നിവ ഒരൊറ്റ ചരടിൽ കോർത്തിണക്കി കൊണ്ട് പഞ്ചായത്തിന്റെ ചരിത്രപരമായ സാഹചര്യങ്ങൾ വിശകലനം ചെയ്തു. ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികൾ രൂപപ്പെടുത്താൻ നമുക്ക് കഴിയണം. വികസനസെമിനാറിനോടനുബന്ധിച്ചു ഗ്രൂപ്പ് ചർച്ചകളിലൂടെ ഉരിത്തിരിയുന്ന നിർദ്ദേശങ്ങളെ സ്കീമുകളായും, പദ്ധതികളായും മാറ്റുന്നതിനു നമ്മുടെ വിദഗ്ധസമിതിക്ക് കഴിയും.

സർക്കാരിതര ഏജൻസികളിൽ നിന്നും പരമാവധി ഫണ്ട് സമാഹരിക്കുന്നതിന് അവരുടെ നിബന്ധനകൾ മനസ്സിലാക്കി അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സ്ഥിരമായി ഒരു വിദഗ്ധ സമിതിക്ക് രൂപം നൽകി പ്രവർത്തിക്കേണ്ടതായിട്ടുണ്ട്.

ഒൻപതാം പദ്ധതിയിൽ പഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന 40% പദ്ധതി വിഹിതം മൂലം മുൻകാലത്തേക്കാൾ ക്രിയാത്മകമായും, വികസനപരവുമായ വൻനേട്ടങ്ങൾക്ക് കാരണമാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇതോടൊപ്പം 60% ജനവിഭവശേഷിയും കൂടി ഉൾപ്പെടുത്തുമ്പോൾ വികസന മേഘലയിൽ ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടാകുമെന്നകാര്യത്തിൽ സംശയമില്ല.

ആസൂത്രണം താഴെതട്ടിൽ നിന്നും ആരംഭിക്കുന്നതുമൂലം ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയുന്നതോടൊപ്പം അശാസ്ത്രീയമായ മുൻകാഴ്ചപ്പാടുകൾക്ക് മാറ്റം വരുത്താനും,തന്മൂലം തദ്ദേശീയ ജനാഭിലാഷങ്ങൾക്ക് ഒരുപരിധിവരെ പരിഹാരം കാണാൻ കഴിയുന്നതാണ്. നമ്മുടെ പ്രദേശത്തെ വികസന സ്രോതസ്സുകളെ പരമാവധി ചൂഷണം ചെയ്തത് ജനോപകാരപ്രദമാക്കി തദ്വാര വികസനം അർത്ഥവത്തമാക്കാവുന്നതാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനറിപ്പോർട്ട് അർത്ഥ സമ്പുഷ്ടമാക്കി കുറ്റമറ്റതാക്കി, പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധതയോടുകൂടി ജാതിമത വർഗ്ഗ രാഷ്ട്രീയ ബന്ധത്തിനതീതമായി വികസനമെന്ന ഒരൊറ്റ പ്രത്യയശാസ്ത്രത്തിന്റെ കൊടിക്കീഴിൽ നാമൊന്നായി അണിനിരന്ന് ഒരു വികസന സംസ്ക്കാരത്തിന് രൂപം നൽകുന്നതിന് വിശേഷാൽ ഗ്രാമസഭകളിലൂടെ മുഴങ്ങിക്കേട്ട ജനവികാരങ്ങൾക്ക് ശാശ്വത പരിഹാരം ഉറപ്പുവരുത്തുന്നതിനും തദ്വാര നമ്മുടെ പ്രദേശത്തിന്റെയും നാടിന്റെയും സംസ്ഥാനത്തിന്റെയും വികസനം യാഥാർത്ഥ്യമാക്കുന്നതിനും നമുക്ക് കഴിയണം.

ഒരു നല്ല നാളെ സ്വപ്നം കണ്ടുകൊണ്ട് നമ്മുടെ പ്രതീക്ഷകൾ പൂവണിയുന്ന കാലം വിദൂരമല്ലായെന്ന പ്രത്യാശയോടെ ഈ വികസന റിപ്പോർട്ട് കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടുകൂടി വിശദമായ ചർച്ചകൾക്കായി. ഇന്നത്തെ വികസന സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു.

നമ്മുടെ സ്വപ്നമായിരുന്ന അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാകാൻ പോകുന്ന ഈ അവസരത്തിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾക്കനുസൃതമായി പഞ്ചായത്ത് ഭരണസമിതിക്കുയരാൻ കഴിയുമെന്ന ആത്മവിശ്വാസത്തോടെ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ വിജയകരമായ നടത്തിപ്പിലേക്ക് സഹായിച്ച എല്ലാ മാന്യവ്യക്തികളേയും നന്ദിപൂർവം സ്മരിക്കട്ടെ.

ഈ വികസനറിപ്പോർട്ട് തയാറാക്കുന്നതിന് അഹോരാത്രം യത്നിച്ച എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, ജില്ലാതല പരിശീലകർ, പഞ്ചായത്തുതല പരിശീലകർ, വികസനറിപ്പോർട്ടിലേക്ക് ആവശ്യമായ വിലയേറിയ വിവരങ്ങൾ നൽകിയ സർവശ്രീ തൊമ്മിക്കുഞ്ഞുസാർ, അബ്രഹാം മാസ്റ്റർ, പിണക്കാട്ട് കുഞ്ഞുസാർ, മുണ്ടത്താനത്താനത്ത് കുഞ്ഞിരാമൻ പണിക്കൻ, പേടിക്കാട്ട് കുന്നേൽ ജോൺ, പേഴത്തിങ്കൽ ദേവസ്യ, കോനിക്കുന്നേൽ തോമസ്സ്, പി.എൻ.എസ്സ്. നമ്പൂതിരിസാർ, വർക്കിസാർ, ഉന്നത്തിങ്കൽ കുഞ്ഞുഞ്ഞ് എന്നിവർ, റിപ്പോർട്ടിനാവശ്യമായ ഒട്ടേറെ വിവരങ്ങൾ നല്കിയ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ, സർവോപരി ഗ്രാമസഭകളിൽ പങ്കെടുത്ത് അതാത് പ്രദേശങ്ങളിലെ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരനിർദ്ദേശങ്ങളും സമർപ്പിച്ച പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും പ്രത്യേകം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഈ വികസനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന കർമ്മ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള പൂർണ ഉത്തരവാദിത്തം ഈ പഞ്ചായത്തിലെ ജനങ്ങളിൽ നിക്ഷിപ്തമാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ പ്രാദേശികമായ വിഭവങ്ങളും മനുഷ്യാധ്വാനവും സമാഹരിച്ച് നമ്മുടെ നാടിന്റെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനുള്ള പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളും ജാതി-മത-വർണ-വർഗ്ഗ- രാഷ്ട്രീയ ഭേദമില്ലാതെ ഞങ്ങളോടൊപ്പം ഉണ്ടാകുമെന്ന ഉത്തമ വിശ്വാസത്തോടെ,

കോടഞ്ചേരി ഗ്രാമപഞ്ചായത്ത്
ഭരണസമിതി.



അധികാരം ജനങ്ങളിലേക്ക്

☆

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

☆

ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക
പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക്

☆

ആസൂത്രണം താഴെതട്ടിൽനിന്നും

☆

ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമരംഗത്തേക്ക്

☆

ജനപ്രതിനിധികളും വിദഗ്ധരും ഉദ്യോഗസ്ഥരും
വികസനപ്രക്രിയയിൽ ഒന്നായി അണിചേരുന്നു.

☆

Printed at MANGALAM offset press Kallai ,Calicut,Ph. 300063